
കാഴ്ചകൾ



എ. അയ്യപ്പൻ

1 Book.

3774




കാഷ്മീർ പ്രിൻസസ്.

3774

AMINA BOOK STALL,
TRICHUR-1.

3774



എ. എസ്. കാണ്ണിക്കു്.

കൊടുങ്ങല്ലൂർ പോപ്പുലർ പ്രസ്സിൽ അച്ചടിച്ചതു'.

കാഷ്മീർ പ്രിൻസസ്.

★

എ. എസ്. കാർണ്ണിക്ക്.

★



വിവർത്തനം:—
പി. നാരായണമേനോൻ.

★

പ്രസിദ്ധീകരണം:—
കേരളാ ബുക്ക് ഹൌസ്,
കൊട്ടാരക്കര.

വില— 2ക. 50 ന.പ.

'KASHMIR PRINCESS'

(History of the destroyed Plane-Kashmir Princess)

by

A. S. Karnik.

Translated by

P. NARAYANA MENON,

Published by

KERALA BOOK HOUSE,

CRANGANORE,

(Kerala State)

1st Impression 1500 Copies,

June 1959.


Price Rs. 2-50nP,

AMINA BOOK STALL,
TRICHUR-14




ശ്രീ. കാണ്ണിക്ഷ്.

ഹൊഫെൻകോ.



ജെ. ജെ. പിമെന്റ.






കടലിൽനിന്നും തപ്പിയെടുത്ത "കാഷ്മീർ പ്രിൻസസ്സി"ന്റെ വലതുഭാഗത്തെ ചിറക്.

ക്യാപ്റ്റൻ ജത്താർ.



മി. ഷി ചി യാങ്ങ്.




★

മിസ്. ഗ്ലോറിയാബെറി.

★



മി. കെ. എഫ്. ഡിക്കഞ്ഞ.
ഫ്ളൈറ്റ് എഞ്ചിനീയർ.





ഷെൻചീൻട്ടു.




ഹുഹങ്ങ്.




ചങ്ങ്പ്യൂ യുൻ. സി. ഡിസൂസ. ലി ചൊവ്ച്ചി.






ദി "കാഷ്മീർ പ്രിൻസസ്സ്."



"വലതുഭാഗത്തെ ചക്രക്കഴി."
(ഇവിടെയാണ് ബോംബ് വെച്ചത്)



സമയബോംബിന്റെ ക്ലോക്ക് വക്കിങ്ങ്
കാണിക്കുന്ന ഭാഗം.



മി. ട്രൂഹങ്ങ്.




മി. ലൈപിങ്ങ്.





വിമാനം തകർന്നുവീണ സ്ഥലത്തുനിന്നും പിടിച്ച ഒരു "സ്നാപ്പ്."



"കാഷ്മീർ പ്രിൻസസി"ന്റെ ഒരു എഞ്ചിൻ.
(ഇതു തകർന്നുവീഴുന്നതുവരെ പ്രവർത്തിച്ചിരുന്നു.)

അവതാരിക.

—:*:—

1955 ഏപ്രിൽ 11-ാംനു- സായാഹ്നം "കാഷ്മീർ പ്രിൻസസ്" എന്നുപേരുള്ള വിമാനം സറവക്കിനുസമീപം തെക്കൻ ചൈനാസമുദ്രത്തിൽ തകർന്നുവീഴുകയും ഹോങ്ങ്കോങ്ങിൽനിന്നും ജക്കത്തക്കുള്ള ശ്രീ ചെയ്വ്വസായിയെന്നുദ്ദേശിക്കുന്ന ഒരു സാധാരണയാത്ര ദുഃഖാഗപര്യവസായിയായി കലാശിക്കയും ചെയ്തു. വിമാനയാത്രക്കാരെല്ലാവരും തന്നെയും ധീരനായ കപ്പിത്താൻ ജത്താകം എയർഹോസ്റ്റസ്സ് ഗ്ലോറിയാബെറിയും അവസാനസമയംവരെ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ ബദ്ധശ്രദ്ധരായിത്തന്നെ നിന്നു വീരസ്വർഗ്ഗം പ്രാപിച്ചു എഞ്ചിനിൽ തീപിടിച്ചതുമൂലമാണ് വിമാനനാശം ഉണ്ടായതെന്നായിരുന്നു ആദ്യം കിട്ടിയ വർത്തമാനം. എന്നാൽ ആ വിമാനനാശം അന്തരാഷ്ട്രീയമായ വഞ്ചനയുടേയും കൊലപാതകത്തിന്റെയും ഒരു പ്രത്യക്ഷ ഉദാഹരണമായിട്ടാണ് പിന്നീട് തെളിഞ്ഞതു്. ആ വിമാനാപകടം, അതുകൊണ്ടു ബോദ്ധ്യപ്പെട്ടകഴിഞ്ഞതെങ്കിലും ശിക്ഷിക്കപ്പെടാത്ത ഒരു അന്തരാഷ്ട്രീയപാതകമായി ഇന്നു തെളിഞ്ഞുനില്ക്കുന്നു ഈ ഘോരകൃത്യത്തിനു പ്രേരിപ്പിച്ചവരും, വിമാനത്തിൽ ബോംബു് വച്ചവനും ഒരുപോലെ ഇതിൽ കുറക്കാരാണ് 'ലോകരെത്തന്നെ' ഇതുപോലെതന്നെ പണ്ടും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന അന്തരാഷ്ട്രീയ കലഹങ്ങളേയും ഒരു ലോകമഹായുദ്ധത്തെത്തന്നെയും ഉണ്ടാക്കിയേക്കാവുന്ന കാരണങ്ങളുടേയും ഒരു സൂക്ഷ്മരോഗമായിതന്നെ ഈവക സംഭവങ്ങളെ വീക്ഷിക്കേണ്ടിയിരിക്കുന്നു.

തുടർന്നുവരുന്ന ഏടുകളം വിമാനത്തിൽനിന്നും രക്ഷപ്രാപിച്ച ഒരു വ്യക്തിയുടെ മൊഴിയാണ്.

വിമാനജോലിക്കാരായ ക്യാപ്റ്റൻ ടീക്കിത്തും, കൂട്ടനിയന്ത്രണക്കാരായ പതാക്കു്, കൃഷ്ണിക്കു് എന്നിവരുമാണ് രക്ഷപ്രാ

പിക്കാൻ കഴിഞ്ഞ മൂന്നോമൂന്നു വ്യക്തികളാം. ഈ കഥ വ്യക്തവും യഥാർത്ഥ ചിത്രീകരണങ്ങളിൽ ഹൃദ്യവുമാണ്. നിയന്ത്രണാധീനങ്ങളല്ലാത്ത അമാനുഷികമായ പരിതസ്ഥിതികളിൽ മനുഷ്യന്റെ ധീരതയും സഹനശക്തിയും എത്രത്തോളം അവനെ രക്ഷിക്കാൻ കഴിയുമെന്നു് പ്രത്യക്ഷപ്പെടുത്തുന്ന ഒരു ചിത്രീകരണമാണിതു്. കാണ്ടിക്കു്—താനൊരു ധീരനാണെന്നു സ്വയം അഭിമാനിക്കുന്നില്ല. അദ്ദേഹം ഒരു വെറും എഞ്ചിനീയറായിത്തന്നെ അറിയപ്പെടുവാൻ ആഗ്രഹിക്കുന്ന ആളാണ്. ധീരതയോടുകൂടി തന്റെ കടമ നിർവ്വഹിച്ചെന്നു മാത്രമല്ലാതെ ഇപ്രകാരമൊരു വിഷമഘട്ടത്തെ അദ്ദേഹം ഇഷ്ടപ്പെട്ടതേയല്ല.

വിമാനയാത്ര സാധാരണ ചെയ്യുന്ന ഒരാൾക്കു് ഇടയ്ക്കിടെ ഹോസ്റ്റസു് ജീവരക്ഷക്കുള്ള അരപ്പട്ട സംബന്ധിച്ചു് പ്രസംഗിക്കുമ്പോഴും അതു് കെട്ടുന്നതെങ്ങിനെയെന്നു കാണിക്കുമ്പോഴും ആ പ്രസംഗം അത്ര കാര്യമായി തോന്നാറില്ല. എന്നാൽ ഈ കഥാകൃത്തിന്റേയും കൂട്ടുകാരുടേയും ജീവനെ രക്ഷിക്കാൻ പര്യാപ്തമായതു് ആ ജീവരക്ഷാബെൽട്ടുകൊണ്ടു മാത്രമാണു്. ഈ കഥ വായിക്കുന്നവർ അതിന്റെ നാനാവശങ്ങളേയും മനസ്സിലാക്കി രസിക്കുമെന്നു തന്നെ ഞാൻ ആശിക്കുന്നു.

അന്തരാഷ്ട്രീയ ഉത്തരവാദിത്വബോധത്തെ ഉണർത്തുന്നതിനും രാഷ്ട്രീയകൊലപാതകങ്ങളേയും അക്രമത്തിനെതിരെ ലോകജനത കഠിനമായി പ്രതിഷേധശബ്ദം ഉയർത്തുന്നതിനും ഈ പുസ്തകം സഹായിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ അപകടത്തിൽ മരിച്ചവരുടെ സ്മാരകമായി ബഹുജനസമക്ഷം ഈ പുസ്തകം അർപ്പിക്കപ്പെട്ടിരിക്കുന്നു. അതിൽ നിന്നും രക്ഷപ്രാപിച്ചവർക്കു ഭാവിമംഗളങ്ങളും ഞാൻ ആശംസിക്കുന്നു.

പുതുഡില്ലി,
ഏപ്രിൽ 19, 1958 } വി. കെ. കൃഷ്ണമേനോൻ.



ഒരു മനുഷ്യന്റെ, ജീവിതത്തിൽ ഉണ്ടായിട്ടുള്ള അനിഷ്ടസംഭവത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നതു് ആർക്കുംതന്നെ സുഖകരമായിരിക്കുകയില്ലെങ്കിലും ഗ്രന്ഥകാരൻ കാണ്ണിക്കിന്റെ ഈ ഉദ്യമത്തിൽ—വിമാനത്തിലുണ്ടായിരുന്ന പതിനാറ് സഹജീവികളുടെ സ്മാരകമായഈഉദ്യമത്തിൽ—ഞാനും അദ്ദേഹത്തോടു കൂടി യോജിക്കുന്നു.

മനുഷ്യാതീതമായ പരിതസ്ഥിതികളിൽ പ്രകടമായ ക്യാപ്റ്റൻ ജത്താവുടെ ധീരതയും ക്ഷമാശീലവും മറക്കത്തക്കതല്ല. എന്റെകൂടെ വിമാനത്തിലെ പ്രവൃത്തിക്കാരായിരുന്നവർ കാണിച്ച ധീരതയും സ്നേഹവും അവരുടെ കൃത്യനിഷ്ഠയും പ്രത്യേകം സ്മരണീയമാണ്. എന്റെ ജീവരക്ഷക്കു കാരണമായ ആ ജീവരക്ഷാബൽട്ട് തന്ന ധീരമായ ഗ്ലോറിയബെറിയുടെ ധൈര്യത്തേയും അവർ വിമാനത്തിലുണ്ടായിരുന്നവക്കു കാണിച്ചുകൊടുത്ത മാതൃകാപരമായ കൃത്യങ്ങളേയും ഒരിക്കലും മറക്കത്തക്കതല്ല.

ലണ്ടൻ,
മാച്ച് 14, 1958.

ജെ. സി. പത്താക്ക്.

ഗ്രന്ഥകർത്താവിന്റെ കുറിപ്പ്.

★

"നീ വിമാനത്തിൽനിന്നു പുറത്തുക്കു ചാടിയോ? നിന്നെ കടലിൽനിന്നും ആർ രക്ഷിച്ചു? വിമാനം തീപ്പിടിച്ചപ്പോൾ വല്ല വരും നിലവിളിക്കുട്ടിയോ?" ഇത്തരം പല ചോദ്യങ്ങളായിരുന്നു എന്റെ സ്നേഹിതന്മാരുടേയും സഹവർത്തികളുടേയും. ഇവരെയെല്ലാം മനസ്സിൽ വച്ചുകൊണ്ടാണു് ഞാൻ അനുഭവിച്ച ഈ സംഭവത്തെപ്പറ്റിയുള്ള ഒരു വിവരണം ലോകസമക്ഷം അവതരിപ്പിക്കാൻ ഇതെഴുതിയതു്.

എന്റെകൂടെ ഈ അനുഭവത്തിൽ ഭാഗഭാക്കുകളായി ധീരതയോടുകൂടി മരണമടഞ്ഞവരുടെ ഓർമ്മക്കുവേണ്ടിയും അവരോടു് എനിക്കുള്ള സീമയറ്റ സ്നേഹസൂചനക്കും രക്ഷപ്രാപിച്ച മറ്റു സഹയാത്രകരുടെ ധീരത, ക്ഷമ മുതലായ ഗുണവിശേഷങ്ങൾക്കും ഇതു് ഒരു സ്മാരകമാണു്.


ഗ്രന്ഥനിർമ്മാണത്തിൽ പഴക്കമില്ലായ്മയാൽ ഈ വിവരണങ്ങളിൽ പല ചില്ലറ പിശകുകളും വന്നിട്ടുണ്ടായിരിക്കാം. അവയെല്ലാം വായനക്കാർ സന്മനസ്സോടുകൂടി ക്ഷമിക്കുമെന്നും ഈ ചരിത്രം "കാഷ്മീർ പ്രിൻസസ്സി"ന്റെ ആപൽക്കരമായവസാനിച്ച അന്ത്യയാത്രയുടെ ഒരു വിവരണം മാത്രമാണെന്നവർ ധരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ബോംബെ,

ഏപ്രിൽ 11, 1958.

എ. എസ്സ്. കാണ്ണിക്കു്.

മുഖവുര.



മദ്ധ്യാഹ്നസൂര്യൻ പടിഞ്ഞാറോട്ട് മാറിക്കൊണ്ടിരിക്കയാണു്. "കാഷ്മീർപ്രിൻസസി"ന്റെ യന്ത്രങ്ങൾ സമാധാനത്തോടുകൂടി ഇരമ്പിക്കൊണ്ടിരിക്കുന്നു. കീഴ്ഭാഗത്തു് തെക്കൻചൈനാസമുദ്രം പരന്നുകിടക്കുന്നു. മുന്നിൽ ദൂരെ—ജക്കാർത്തപട്ടണം കിടക്കുന്നു.

പെട്ടെന്നു് ഒതുക്കപ്പെട്ട ശബ്ദത്തോടുകൂടിയ ഒരു പൊട്ടിത്തെറി വിമാനത്തെ ആകമാനമൊന്നു കിടുക്കി. പ്ലേനിലെ സംഭ്രാന്തന്തരീക്ഷം പെട്ടന്നവസാനിച്ചു. യാത്രക്കാരുടെ മുഖങ്ങൾ ആപൽസൂചകമായ പ്രതീക്ഷയെ പ്രതിഫലിപ്പിച്ചു. വിമാനത്തിന്റെ വലംചിറകു് തീപ്പിടിച്ചു. അമ്പോറവീഴുന്ന ഒരു പക്ഷിയെപ്പോലെ ആ വിമാനം അപായംകൂടാതെ ഇറങ്ങുന്നതിനു വിഫലമായ ഒരു പരിശ്രമം നടത്തി. കടലിൽ വീണു.

ഏതൊരു യുദ്ധക്കളത്തിലും പ്രത്യക്ഷപ്പെട്ടിട്ടുള്ള ധീരതയേയും അതിലംഘിക്കുന്ന ഒരു ധീരതയാണു് ആ വിമാനത്തിനകത്തു് അന്നു കണ്ടതു്. ക്യാപ്റ്റൻ ജത്താർ പരിഭ്രമരഹിതനായി ഉത്തരവുകൾ കൊടുക്കുകയും നിയന്ത്രണയന്ത്രങ്ങളോടുള്ള വിഫലമാ

യ പരിശ്രമത്തിൽ ഏർപ്പെടുകയുംചെയ്തു. ശ്വാസംമുട്ടിക്കുന്ന പുക ഗ്ലോറിയാബൊറി യാത്രക്കാർക്ക് രക്ഷാകവചങ്ങളം കൊടുത്തു് അവ ധരിക്കൻ അവരെ സഹായിച്ചു. യാത്രക്കാരാകട്ടെ, നിശ്ചലരായി നിശ്ശബ്ദതയോടുകൂടി ഇരുപ്പിടം വിടാതെ ധൈര്യസമേതം സ്വസ്ഥരായിരുന്നു.

വിമാനത്തിലുണ്ടായിരുന്നവരുടെ രക്ഷക്കുവേണ്ടി ധീര പരിശ്രമംനടത്തി മരണമടഞ്ഞ ആ വീരപുരുഷന്മാർക്ക് എന്റെ നമസ്കാരങ്ങളം.

ഈ പുസ്തകം പല വായനക്കാർക്കും ജീവിതത്തിൽ ഒരു പുതിയ അനുഭവത്തെ അനുസ്മരിപ്പിക്കത്തക്കതാണ്. ഗ്രന്ഥകാരൻ കാണ്ണിക്ക് തന്റെ സഹപ്രവർത്തകരോടുള്ള സ്നേഹത്തോടുകൂടി അവരുടേയും മരിച്ചവരുടേയും അനുഭവങ്ങളം താൻ കണ്ടപോലെ തന്നെ ചിത്രീകരിച്ചിട്ടുണ്ട്. എതൊരുപായത്തേയും ധൈര്യംകൊണ്ടും പ്രവർത്തിവൈദഗ്ധ്യംകൊണ്ടും നേരിടാമെന്നു് മനുഷ്യനെ ഓർമ്മിപ്പിക്കുന്ന ഒരു യഥാർത്ഥസംഭവത്തിന്റെ ചിത്രീകരണമായി ഇതു് കണക്കാക്കപ്പെടുമെന്നു് എനിക്കു യാതൊരു സംശയവുമില്ല.

ന്യൂ ഡില്ലി,
ഏപ്രിൽ 10, 1958

യം. സി. ദീക്ഷിതർ.

സമർപ്പണം.

★

പ്ലേൻ നവങ്ങിവീണതു് ഇതാ, കഴിഞ്ഞ ഒരു സംവേം മാതിരിയാണെനിക്കിപ്പോഴും തോന്നുന്നതു്. അതിലുണ്ടായിരുന്നവരെപ്പറ്റി അതു വ്യക്തമായ ഒരു ഓർമ്മയാണെനിക്കുള്ളതു്. ഒരു കെട്ടു് രക്ഷാകവചങ്ങളോടുകൂടി കോക്ക്പിറ്റിലേക്കു് അവണ്ണനീയമായ ധൈര്യത്തോടും തെറ്റാത്ത കാൽചുവടുകളോടുംകൂടി, കട്ടത്ത കവത്തപുകക്ക പുറത്തേക്ക വന്നശേഷം, ഗ്ലോറിയാ പോകുന്നതു; തന്റെ സന്തോഷമയമായ മുഖത്തു യാതൊരു വികാരങ്ങളൊഭയത്തിന്റെ ലാഞ്ഛനയൊ കൂടാതെ, സമാധാനത്തോടുകൂടിയ ധൈര്യത്തോടെ പ്ലേൻ നിയന്ത്രിക്കുന്നതിനു് അവസാനംവരെ കൺടോം ചക്രംപിടിച്ചു പ്ലേനിനെ നിലയിൽനിത്തിക്കൊണ്ടു് ക്യാപ്റ്റൻ ജന്താർ പതറാത്ത ശബ്ദത്തിലുത്തരവുകളം കൊടുക്കുന്നതു; മരണത്തിന്റെ മുമ്പിൽ അതിശയകരമായ തയ്യാറോടെ ക്യാപ്റ്റന്റെ ഉത്തരവുകളെ, തന്റെ മുമ്പിലുള്ള പല കണ്ണാടികളും നോക്കി, ഡിക്കുഞ്ഞ അനുസരിക്കുന്നതു: യാത്രക്കാരുടെകൂടെ ഡിസൂസയും പിമെന്ററയും അവസാനംവരെനില്ക്കുന്നതും ഗ്ലോറിയായോടുകൂടി അവരെ രക്ഷാകവചങ്ങം ധരിപ്പിക്കുന്നതും, ഇതെല്ലാം എന്റെ കൺമുമ്പിലിപ്പോഴം കാണാം!

യാത്രക്കാരോ—എട്ടു ചൈനീസു്, ഒരു വയറ്റ്മിൻ, ഒരു പോളിഷ്, ഒരു ആസ്സീയൻ, ഇങ്ങിനെ ഉരുക്കുസമാനമായ ധൈര്യത്തോടെ സാധാരണ ജീവിതത്തിലേപ്പെട്ടിരിക്കുന്നവർ മര

ണമെന്നോ ഇട്ടെന്നോ ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. യുദ്ധത്തിൽ ആത്മഹത്യാപരമായ കൃത്യങ്ങൾക്ക് ഒരുങ്ങിയിട്ടുള്ള ആത്മഹത്യാസൈന്യവിഭാഗക്കാർ കൂടി ഭയത്തിന്റെ ലക്ഷണങ്ങളും പ്രകടിപ്പിച്ചേക്കാം. എന്നാൽ ഇവർക്ക് എല്ലാം ഉരുക്കുകൊണ്ടുള്ള മനഃശക്തിയായിരുന്നോ; അവരിൽ ഒരനക്കമുണ്ടായിരുന്നില്ല; അവർ അവരുടെ ഇരുപ്പടങ്ങളിൽ ഇളകാതെ ഇരുന്നു; അവരുടെ ആരുടേയും മുഖത്ത് ഭയത്തിന്റെ കണികപോലുമില്ല. കത്തി എടിയുന്ന തീയോ ക്യാബിനിലും വായിലും മൂക്കിലും കേറി ശ്വാസം മുട്ടിക്കുന്ന കറുത്ത പുകയൊ, അവർ വകവെച്ചില്ല. മരണത്തെ അങ്ങിനെ കീഴ്പ്പെടുത്തി കളിയാക്കിയ സന്ദർഭമില്ല! എന്റെറക്കുടെയുണ്ടായിരുന്നതും ഇപ്പോഴില്ലാത്തതുമായ അഞ്ചുപേരുടേയും തെക്കൻചൈനാ കടലിൽ എട്ടുമണിക്കൂർനേരം മരണത്തിന്റെ സാന്നിദ്ധ്യത്തിൽ കൂട്ടുനിന്ന രണ്ടുപേരുടേയും കൃത്യനിർവ്വഹണത്തിലുള്ള ശ്രദ്ധയും ധൈര്യവും നിസ്വാർത്ഥതയും.....!

അങ്ങിനെ 'കാഷ്മീർ രാജകുമാരി'യുടെ അവസാന യാത്രയെപ്പറ്റി ശരിയായും മതിയാകാത്ത ഒരു വിവരണം ഞാൻ അവസാനിപ്പിക്കുന്നു.— ക്യാപ്റ്റൻ ജഥാർ, ഡിക്കുഞ്ഞ, പിമെന്റ, ഡിസൂസ, ഗ്ലോറിയാബൈറി, പതിനൊന്നു യാത്രക്കാർ ആകെ പതിനാറുപേർ. ആത്മാർത്ഥതയോടുകൂടി സമാധാനത്തിലിരുന്നവർ! അവരോടുകൂടി ചക്രകുഴിയിൽ സമയബോംബുവെച്ച ആ നിഷ്ടുരഹസ്യത്തിന്റെ പ്രവർത്തനത്തിൽ നശിച്ച 'കാഷ്മീർ രാജകുമാരി'; ഇവരുടെ കീർത്തിപരമായ ശാശ്വതമായ ഓർമ്മക്കുവേണ്ടി എന്റെ എളിയ പ്രാർത്ഥനകം! അവരുടെ ആത്മാക്കൾ ശാന്തതയിൽ വിശ്രമിക്കട്ടെ—സമാധാനത്തിന്റെപേരിൽ, എല്ലാത്തിലും അതിപ്രധാനമായ പ്രശ്നത്തിന്റെപേരിൽ ജീവാപ്പണം ചെയ്തവർ! ആ പതിനാറുപേർക്കുംവേണ്ടി ഈ പുസ്തകം താഴ്മയോടും സ്നേഹത്തോടുംകൂടി അർപ്പിക്കപ്പെട്ടിരിക്കുന്നു.

എ. എസ്. കാണ്ണിക്ക്.

കാഷ്മീർ രാജകുമാരി.

ഒരു രാജകുമാരിയുടെ ജനനവും മരണവും.

"സ്രാവുകളിൽ നിന്നു് നിങ്ങളെങ്ങിനെ രക്ഷപ്പെട്ടു?" 'നാത്തൂണ' ദ്വീപിൽനിന്നും 'തേയ്യ' എന്ന സാമാനക്കപ്പലിൽ ഞങ്ങടം കയറിയ ഉടനെ ഞങ്ങളോട്ട് ചോദിച്ചതിതാണ്. "സ്രാവുകളിൽനിന്നും നിങ്ങടം രക്ഷപ്രാപിച്ചതെങ്ങിനെയെന്നു വിശ്വസിക്കാൻതന്നെ നിവൃത്തിയില്ല." "എൻറീശ്വരാ, * ബാരക്കുഡാസിൻറെ പകൃതി ക്രൂരതയെ സ്രാവുകടംക്കുള്ള. ബാരക്കുഡാസ് സ്രാവുകളെക്കൂടി ഭയപ്പെടുത്തുന്നു" ഈ ചോദ്യങ്ങടംക്കും അഭിപ്രായ പ്രകടനങ്ങടംക്കും ഞാൻ മറുപടിയായി പുഞ്ചിരികൊള്ളുകയാണ് ചെയ്തതു്.

തെക്കൻ ചീനക്കടലിൽ അനിശ്ചിതമായ എട്ടുമണിക്കൂറുകടം കഴിച്ചുകൂട്ടിയപ്പോടം ഞങ്ങടംക്കു നിരവധിഭീകരരംഗങ്ങളെ തരണം ചെയ്യേണ്ടിവന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന കൊടുങ്കാറുകടം ബോട്ടുകളെ ആട്ടിക്കലുക്കി. രോഷത്തോടെ ഇളകിമറിയുന്ന ജലപ്പരപ്പിനു് താഴെ നരഭോജികളായ സ്രാവുകളും ബാരക്കുബാസുകളുമുണ്ട്. അന്തരീക്ഷം അത്തരം ഹിംസജീവികളിൽനിന്നും വിമുക്തമാണെന്നു തോന്നുമെങ്കിലും ഏതുനിമിഷത്തിലും കൊടുങ്കാറും ഇടിവെട്ടുമുണ്ടാകാം.

---

* സ്രാവിനേക്കാടം ഭയങ്കരനായ ഒരു സമുദ്രജീവി.

തകർന്നുപോയ കാശ്മീർ പ്രിൻസസിനെ അന്വേഷിക്കാൻ പോയവർ എടുത്ത പടങ്ങളുടെ കൂട്ടത്തിൽ ഭീമാകാരനായ ഒരു സ്രാവിന്റെ ചിത്രം എന്നെ ഹഠാദാകർഷിച്ചു. പ്രസ്തുത ചിത്രം എന്റെ നോട്ടുബുക്കിലേക്കു പകർത്തിയെടുക്കുവാനുള്ള ശ്രമത്തിനിടയിൽ അവനോ അല്ലെങ്കിൽ അവനെപ്പോലെയുള്ളതോ ആയ ഭീകരസ്രാവുകളും ഞങ്ങളുടെ ചുറ്റുമുണ്ടായിരുന്നു. അത്തരം ഒരു ജന്തു ഞങ്ങളുടെ സമീപത്തുണ്ടല്ലോ എന്ന ചിന്ത എന്നെ നടുക്കി. അതുപോലെതന്നെ ഭയാനകമായിരുന്നു മറ്റു ചിത്രങ്ങളും. കടലിൽനിന്നും പൊക്കിയെടുത്ത പ്ലേനിന്റെ ഭാഗങ്ങളും നുറുങ്ങിയും ചതഞ്ഞും പലവിധത്തിലും ആലോചിക്കാൻകൂടി നിവൃത്തിയില്ലാത്തരത്തിൽ രൂപാന്തരപ്പെട്ടതായിരുന്നു. ചുരുക്കത്തിൽ നിമ്നാണവൈദഗ്ധ്യത്തിനു മകുടംചാർത്തിയ ആ വിമാനം ചതഞ്ഞു തകർന്ന് ഒരുകഷണംലോഹമായി മാറിയിരുന്നു. എന്നിട്ടും അതിലിരുന്നിരുന്ന ബലഹീനരായ ഞങ്ങളം മൂവർ, ചില്ലറ ചില പോറലുകളോടുകൂടി രക്ഷപ്രാപിച്ചു!

പക്ഷെ കഥ തുടക്കംമുതൽതന്നെ തുടങ്ങണമെങ്കിൽ എന്നെ പറ്റിയും, 'കാഷ്മീർ പ്രിൻസസ്സി'നെ പറ്റിയും കുറച്ചു പറയാതെ നിവൃത്തിയില്ല. എന്റെ പേർ ആനന്ദ് ശ്രീധർ കാഞ്ഞിക്കെന്നാണ്. 'കാഷ്മീർ രാജകുമാരി' പൊട്ടിത്തെറിച്ചപ്പോഴം എനിക്ക് 30 വയസ്സാണ്. 'എയർഇന്ത്യ ഇൻറർനാഷണൽ' എന്ന നമ്മുടെ ദേശീയ വിമാനയാത്ര കമ്പനിയിൽ ഒരു എയർക്രാഫ്ട് മേയിൻറനൻസ് എഞ്ചിനിയർ ആയിട്ടാണ് ഞാൻ പ്രവൃത്തി ചെയ്യുന്നത്. വിമാനക്കപ്പലുകളുടെ എഞ്ചിൻ സംബന്ധമായും മറ്റുമുള്ള പ്രവൃത്തിയും അവ നല്ലനിലയിൽസൂക്ഷിക്കുന്നതിനുള്ള ചുമതലയുമാണ് ഞങ്ങൾക്ക്; ഞങ്ങൾ സാധാരണ വിമാനം പറപ്പിക്കുന്നതിനുള്ളവരല്ല. കൃത്യമായി, ബുദ്ധിമുട്ടുകളും വിഷമതകളും മറ്റുകേടുപാടുകളുംകൂടാതെ, വിമാനത്തിനെ പറക്കുന്നതിനു സൌകര്യപ്പെടുത്തി പരിരക്ഷ ചെയ്യുകമാത്രമാണ് ഞങ്ങളുടെ ജോലി. ഞങ്ങൾ പലതരത്തിലും പ്ലേൻ സൂക്ഷ്മമായി പലപ്രാവശ്യവും പരിശോധി

ച്ചും ശരിപ്പെടുത്തിയും എപ്പോഴും തയ്യാറാക്കി നിർത്തുകയും ചെയ്യുന്നവരായതു കാരണം ഞങ്ങൾക്കു വിമാനത്തിന്റെ ഡാക്ടർ എന്ന നിലതന്നെ വകവച്ചുതരാം; അല്ലെങ്കിൽ വിമാനത്തെ ഒരു കുഞ്ഞായും എഞ്ചിനിയറെ അതിനെ വേണ്ടവിധം നോക്കാനേല്പിക്കപ്പെട്ട ഒരു പരിരക്ഷകയായും. നിലംവിട്ട് ആകാശത്തിലേക്കു പറക്കുന്നതിനുമുമ്പ്, പ്ലേനിന്റെ സർവ്വവിധ പരിശോധനയും നടത്തിയാത്രക്കു പ്രാപ്തിയാക്കി വിടുന്നവരാണ് ഞങ്ങൾ. എന്നാൽ എപ്പോഴും ഞങ്ങൾക്കു പ്ലേൻ നിലത്തിറക്കിയാൽ മാത്രമെ ജോലിയുള്ളുവെന്നില്ല. സമയക്ലിപ്തം കൂടാതെ പോകുന്ന യാത്രകളിൽ എല്ലായ്പോഴും ഒരു എഞ്ചിനീയർ യാത്രക്കുണ്ടായിരിക്കും. അങ്ങിനെയാണ് 1955 ഏപ്രിൽ 11–ാംനു- ഹതഭാഗ്യയായ "കാഷ്മീർ രാജകുമാരി"യിൽ ഞാൻ പോകേണ്ടിവന്നതു്.

അമേരിക്കയിൽ കാലിഫോർണിയാ നഗരത്തിലാണ് നമ്മുടെ 'രാജകുമാരി' ജനിച്ചതു്. ചലച്ചിത്ര താരങ്ങൾക്ക് ലോകപ്രസിദ്ധിപെറ്റ ഹോളിവുഡിനടുത്തു് ഒരു കല്ലേറുദൂരത്താണ് 'ബർബാങ്ക്' എന്ന പട്ടണം. ഈ പട്ടണം രണ്ടു നിർമ്മാണങ്ങൾക്ക് പ്രസിദ്ധി നേടിയിട്ടുണ്ട്. ഒന്നു് വാർണർ ബ്രദേഴ്സിന്റെ ബർബാങ്ക് സ്റ്റുഡിയോവിന്റെ ചിത്രങ്ങൾക്കും, ലോക്ക്ഹീഡ് വിമാനനിർമ്മാണക്കാരുടെ കോൺസ്റ്റല്ലേഷൻ വിമാനങ്ങൾക്കും.

ഒരു കോൺസ്റ്റല്ലേഷൻ വിമാന നിർമ്മാണത്തിനു് 18 മാസം പ്രവൃത്തി ചെയ്യേണ്ടതുണ്ട്. ഗവേഷണക്കിനു് യന്ത്രനിർമ്മാണത്തിൽ പലജോലികളിലും വിദഗ്ധന്മാരും (എഞ്ചിനീയർ, വെൽഡർ, ഫിറ്റർ, മെക്കാനിക്ക്, ഏലക്ട്രീഷ്യൻ എന്നപോലെ പലരും) വിയപ്പുചൊടിഞ്ഞു പണിചെയ്തു പൂർത്തിയാക്കി 2666–ാംനമ്പ്'ലാക്ക്ഹീഡ്'കാൺസ്റ്റല്ലേഷൻ എൽ-749 A, എന്നും റജിസ്ട്രേഷൻ അടയാളം VT-DEP എന്നും കൂട്ടി "കാഷ്മീർപ്രിൻസസ്സ്" എന്ന ഓമനപ്പേരോടുകൂടി അഖിലേന്ത്യ ഇൻറർ നാഷണൽ കമ്പനിക്കാർ വാങ്ങിയതാണ് നമ്മുടെ ഈ വിമാനം. ഇതേരൂപത്തിൽപെട്ട ഒരു വിമാനം കമ്പനിക്കാർക്കു വേണ്ടി വാങ്ങുന്നതിനു കാല

ഫോർണിയാക്കു മുമ്പൊരിക്കൽ പോയപ്പോൾ പെട്ട ആളാണു് ഞാൻ. അങ്ങിനെയിരിക്കെ, ആ നിർമ്മാണശാലയേയും, ആ പ്ലേനിന്റെ ജനനസ്ഥലവും പ്ലേൻനിർമ്മാണത്തിലേപ്പെട്ടിരിക്കുന്ന ആ വിടത്തെ 38000 സ്ത്രീപുരുഷന്മാരേയും, നിർമ്മാണത്തിനു വേണ്ടി വരുന്ന ബുദ്ധി പ്രവർത്തനങ്ങളേയും പതിനെട്ടു മാസങ്ങൾകൊണ്ടു മാത്രം പൂർത്തീകരിക്കപ്പെട്ടുന്ന മറ്റു പല പ്രവർത്തിവിശേഷങ്ങളേയും ഓർമ്മിച്ചുപോകയാണു്.

ലാക്ക്ഹീഡ് യന്ത്രശാലയുടേയും, ലാബറററിയുടേയും രഹസ്യപ്രവർത്തന പ്രദേശങ്ങളിൽ ആർക്കും പ്രവേശനം നിഷേധിച്ചിരിക്കയാണു്. ഒരു വീടിനോളം വലിപ്പമുള്ള ഫാൻ, ലാബറിററിയിൽ വീശുകയാണു്. അതിവേഗം വിമാനത്തിലടിക്കുന്ന ഈ വിശറിക്കുകീഴിൽ ഒരു മോഡൽ പ്ലേൻ നിർമ്മിച്ചുവച്ചിരിക്കും. ആ കാററിന്റെ വേഗതയിൽ ഈ മോഡൽ പ്ലേനിന്റെ പ്രവർത്തനത്തിൽനിന്നു പല സംഗതികളും വിദഗ്ധന്മാർ മനസ്സിലാക്കി ഏകദേശം ആറുമാസത്തെ പരീക്ഷണശേഷം മാത്രമാണു് അതിന്റെ യഥാർത്ഥരൂപം നിർമ്മിക്കേണ്ട എഞ്ചിനീയർമാർക്കു് പ്ലാൻ കൊടുക്കുന്നതു്. ഇതുകൂടാതെ ദൈനംദിനമെന്നോണം വർദ്ധിച്ചുവരുന്ന പല പ്രശ്നങ്ങളും ഇവരുടെ ഗാഢമായ ആലോചനക്കു വിഷയീഭവിക്കേണ്ടതുണ്ടു്. ഓരോ പ്രശ്നത്തിനും തീരുമാനമുണ്ടാകുമ്പോൾ അവയെ മറ്റു മികച്ച നിർമ്മാണകമ്പനികൾക്കു് അറിവുകൊടുക്കുകയും ചെയ്യും. ഇരുന്നൂറോളം വൈമാനിക എഞ്ചിനീയർമാർ പല തരത്തിലുള്ള ചിത്രങ്ങൾക്കു മുമ്പിൽ, പല പ്രശ്നങ്ങൾക്കും തീരുമാനം, സമാധാനം, ഇവ അന്വേഷിക്കുന്നതിൽ ശ്രദ്ധിച്ചിരിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അങ്ങിനെ ഗവേഷണശേഷം, പല ചെറിയതും വലിയതുമായ ഭാഗങ്ങളെ ഇണക്കി, കൃത്യമായി യോജിപ്പിച്ചു നിലനിറുത്തിയ ഒരു 10 ലക്ഷം വിലപിടിക്കുന്ന വിമാനമായി തീരുന്നു. ഈ കപ്പൽനിർമ്മാണത്തിൽ നിരവധി സ്ത്രീകളും പലവിധ വേലകളിൽ മേൽ പ്രവൃത്തിച്ചുവരുന്നുണ്ടെന്നുള്ളതും സ്മരണീയമാണു്.

ഇപ്രകാരമുള്ള നിസ്സാരങ്ങളും എന്നപോലെതന്നെ പല പല വിഷമമേറിയതും സാരഗർഭമായതും ആയ സംഗതികളും കാഴ്ചകളും "കാഷ്മീർ രാജകുമാരി"യുടെ ചരിത്രനിർമ്മാണത്തിനിരിക്കുന്ന, അഥവാ ചരമകഥയെഴുതുന്ന, എന്റെ മനസ്സിൽകൂടി പാഞ്ഞുകൊണ്ടിരിക്കുന്നു. കാഷ്മീർരാജകുമാരി ജനിച്ചു—കാലിഫോർണിയായിൽനിന്നു ന്യൂയോർക്ക്—ലണ്ടൻവഴി ഇന്ത്യയിലെത്തി. നാലു വർഷത്തെ സേവനത്തിൽ അതു് 11, 163 പറക്കുന്ന മണിക്കൂറുകളിൽ 30 മില്ല്യൺമൈൽ പറന്നുകഴിഞ്ഞു. ആയിരക്കണക്കിനു് വിദ്യാർത്ഥികളും, ശാസ്ത്രജ്ഞന്മാർ, സഞ്ചാരികളും, വ്യാപാരികളും, ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ, ഗ്രന്ഥകാരന്മാർ, രാജ്യതന്ത്രജ്ഞന്മാർ മുതലായവരെ അവരുടെ ഉദ്ദിഷ്ടസ്ഥലത്തേക്കു് അതു് എത്തിച്ചിട്ടുണ്ടു്. മനുഷ്യസമുദായത്തിന്റെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രിയെതന്നെ പലപ്രാവശ്യവും ലോകത്തിന്റെപലഭാഗങ്ങളിലും അതുകൊണ്ടുപോയിട്ടുണ്ടു്. അങ്ങിനെ നിസ്വാർത്ഥസേവനത്തിലും സമാധാനത്തിലും തല്പരരായി. ദൃഢവിശ്വാസത്തോടുകൂടി പുരോഗമിക്കുന്ന സമാധാനതല്പരതയെ ഭഞ്ജിക്കുന്നതിനുവേണ്ടി, ആ പ്ലേനിന്റെ ചക്രക്കൂടിയിൽ ഒരു ടൈംബോംബു് നിക്ഷേപിച്ചു, ഇന്ത്യൻ ജോലിക്കാരേയും ചൈന, വിയറ്റ്നാം, ആസ്ട്രിയ, പോളണ്ടു് എന്നീ രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാരേയും നിർദ്ദയമായും മനഃപൂർവ്വമായും കൊലപ്പെടുത്തുകയും സൃഷ്ടിവൈദഗ്ധ്യത്തിന്റെ മാതൃകാപരവും നിരവധി അമേരിക്കക്കാരുടെ പ്രയത്നഫലവുമായ ആ വിമാനത്തെ നശിപ്പിക്കയും ചെയ്തു.

"കാഷ്മീർ രാജകുമാരി"യുടെ അവസാനയാത്രയ്ക്കൊരുദിവസം മാത്രം മുമ്പാണു് ഞാനും ജക്കാർത്തവരെ അവരൊന്നിച്ചു പോകണമെന്നു് എന്നെ എന്റെ മേലധികാരികളും അറിയിച്ചതു്.

വിഷമവും, ശ്രമപരവുമായ ആ യാത്ര എനിക്കു് അത്ര വലിയ സുഖകരമായി തോന്നിയില്ല. പ്ലേൻയാത്രക്കു് കുറച്ചുസമയംമുമ്പു് എന്റെ ഭാവിവധു കമലിനെഴുതിയ എഴുത്തിൽ എന്റെ

ഒവൈമനസ്യം ഞാൻ രേഖപ്പെടുത്തുകയുണ്ടായി. ഒരുമാസത്തിനകം ഞാൻ വിവാഹബന്ധത്തിലേപ്പെടാൻ നിശ്ചയിച്ചിരുന്നതിനാൽ അവളെപ്പറ്റി ഞാൻ പലപ്പോഴും ആലോചിക്കാറുണ്ടായിരുന്നു; മാത്രമല്ല മേയ്മാസം 19-ാംനു- വിവാഹം നിശ്ചയിച്ചിട്ടുണ്ടെന്നു യാത്രാസമയത്താഗതരായിരുന്ന കമലിന്റെ അമ്മയും സഹോദരിയും എന്നെ അറിയിക്കയും ചെയ്തു. ആ സമയത്ത് ഒരു യാത്രക്ക് എനിക്ക് തീരെ ഉത്സാഹമുണ്ടായിരുന്നില്ല. പക്ഷെ ഹോംകോങ്ങിൽനിന്നും ബാൻഡങ്ങ് കോൺഫ്രൻസിനു് ഒരു ചീനപ്രതിനിധിസംഘം ഞങ്ങളുടെ കപ്പലിൽ പറക്കുമെന്നും അക്കൂട്ടത്തിൽ ചീന പ്രധാനമന്ത്രി ശ്രീ: ചൌഎൻലായും ഉണ്ടാകുമെന്നും അറിഞ്ഞപ്പോൾ എനിക്കു സന്തോഷമായി. ചരിത്രപ്രസിദ്ധമായ ഒരു പറക്കലാണതെന്നും എനിക്ക് ഒരു വിചാരമുണ്ടായി. മൃത്യുവുമായുള്ള കൂടിക്കാഴ്ചക്കുടെത്തുമെന്ന് എന്നെ എത്തിക്കുമെന്ന് ഞാൻ തെല്ലുപോലും അറിഞ്ഞിരുന്നുമില്ല.

ബോംബെയിൽനിന്നു് ഹോങ്ങ്കോങ്ങിലേക്ക്.

ഏപ്രിൽ 10, 1955; വേനൽക്കാലത്തെ ഏതൊരു ദിവസത്തെപ്പോലെയായിരുന്ന അന്നും. നല്ല സൂര്യപ്രകാശവും മൂടുമുള്ള ദിവസം. പ്രാതൽ കഴിഞ്ഞു ഞാൻ സാൻറാക്രൂസ് വിമാനതാവളത്തിലേക്കുചെന്നു. നിയമപ്രകാരമുള്ള സാധാരണ പരീക്ഷണങ്ങളും പൂർത്തിയാകാത്തതിനാൽ യാത്ര രണ്ടുമണിക്കൂർ കഴിഞ്ഞു മാത്രമെ ആരംഭിക്കാൻ നിവൃത്തിയുള്ളു എന്നറിഞ്ഞു. ഈ താമസത്തിൽ എനിക്കല്പം വിഷമമുണ്ടായി. കാരണം, മുൻനിശ്ചയപ്രകാരം യാത്രചെയ്താൽ അടുത്തദിവസം വൈകുന്നേരം ജക്കാർത്തയിലെത്തുകയും പിറേന്നു രാവിലെ യാത്ര തുടരുകയും ചെയ്യാമായിരുന്നു. പുറപ്പെടുന്നതിനുള്ള താമസംനിമിത്തം എന്റെ വിശ്രമത്തിനുള്ള സമയത്തിൽ കുറെ നഷ്ടപ്പെട്ടുപോകും. അപ്പോഴത്തെ സ്ഥിതിക്ക് ഞാൻ വിശ്രമം കൂടാതെ ബാങ്കോക്കിൽ നിന്ന് പ്ലേനിലെ മറവു ജോലിക്കാരെ മാറ്റിയെടുത്തു താമസംകൂടാതെ ജക്കാർത്തക്കു പറക്കണം.



യാത്രയാരംഭിച്ച കുറച്ചുകഴിഞ്ഞപ്പോൾ ഞാൻ കമാണ്ടർ നീവിസിന്റെ സമീപം ചെന്നു. "കാർനിക്, നിങ്ങൾ എവിടം വരെ പോകുന്നുണ്ട്? ബാങ്കോക്ക് വരേയോ?" "ഞാൻ ജക്കാർത്ത വരെയുണ്ട്." "ഹാ, നീ ഭാഗ്യവാനാണ്! ചൈനായുടെ പ്രധാനമന്ത്രി പ്ലേനിലുണ്ടായിരിക്കും!" എന്നായിരുന്നു തത്സമയം അടുത്തുണ്ടായിരുന്ന കമാണ്ടർ ഗാർഡ്ബോം എന്നോട് പറഞ്ഞത്. ഞാൻ അത്യധികം സന്തോഷിച്ചു. എനിക്ക് അതിരറ്റ ചാരിതാർത്ഥ്യമുണ്ടായി.

കുറഞ്ഞൊരുസമയം കൽക്കത്തയിൽ താമസിച്ച് പ്ലേൻ ബാങ്കോക്കിലേക്ക് തിരിഞ്ഞു. യാത്രക്കാർ അവരുടെ സ്ഥാനങ്ങളിൽ ഉറച്ചതോടുകൂടി എയർഹോസ്റ്റസ് അവളുടെ സാധാരണ പ്രസംഗം തുടങ്ങി. "ദയവുചെയ്ത സ്വല്പം ശ്രദ്ധിച്ചാലും! എയർ ഇന്ത്യ ഇൻറർ നാഷനൽ നിങ്ങളെ "കാഷ്മീർ രാജകുമാരിയി"ലേക്ക് സ്വാഗതം ചെയ്യുന്നു....." എന്നിങ്ങിനെ തുടരുന്ന പ്രസംഗം തല്ക്കാലം അവസാനിപ്പിച്ചു. ഉയർന്നപറക്കാൻ തുടങ്ങിയപ്പോൾ അതാ അവർ വീണ്ടും തുടരുന്നു! ഇപ്രാവശ്യം ജീവരക്ഷാബെൽട്ട് ഉപയോഗിക്കേണ്ട സന്ദർഭംവന്നാൽ ചെയ്യേണ്ടതെന്തെന്നും അതു കെട്ടുന്നതും കാറ്റു നിറക്കുന്നതും മറ്റുമെങ്ങിനെയെന്നും പ്രസംഗിച്ചു പ്രവൃത്തിച്ചു കാണിക്കുകയാണ്. നന്ദിവാക്കുകളോടുകൂടിയവസാനിച്ച ആ പ്രസംഗശേഷം ഞാൻ കുറച്ചൊന്നുറങ്ങാമെന്നു തീരുമാനിച്ചു.

ഏപ്രിൽ 11-ാംനു- അതിരാവിലെ ഞങ്ങൾ ബാങ്കോക്കിലെത്തി. ഡോൺമുവാങ്ങ് വിമാനതാവളത്തിൽ ഭക്ഷണശാലയിലേക്കു പോകുമ്പോൾ ഞാൻ ക്യാപ്റ്റൻ ജത്താറെ കണ്ടു. പൈലറ്റിന്റെ യൂണിഫാറം ധരിച്ച അദ്ദേഹം ഒരു മാതൃകാവൈമാനികനായിതന്നെയിരിക്കുന്നു! അദ്ദേഹമാണ് ഹോങ്കോങ്ങിൽനിന്നു ജക്കാർത്തക്കു ഞങ്ങളെ നയിക്കുന്നതെന്നതിൽ ഞാൻ സന്തോഷിച്ചു! വിമാനം നല്ലനിലയിൽതന്നെയിരിക്കയാണെന്ന് ഞാൻ അദ്ദേഹത്തിന്റെ ചോദ്യത്തിനു മറുപടിയും പറഞ്ഞു. ഭക്ഷണശാലയിലേ

ക്ക തുടർന്നു നടന്നു. പ്രാതൽ കഴിച്ചുകൊണ്ടിരിക്കുന്ന എന്നെ ആരോ പേർപറഞ്ഞു വിളിച്ചപ്പോഴാണ് ഞാൻ തിരിഞ്ഞുനോക്കിയത്. അതെന്റെ പഴയ സ്നേഹിതൻ ക്യാപ്റ്റൻ ദീക്ഷിതായിരുന്നു. "വിമാനത്തിൽ കാണാ"മെന്നും പറഞ്ഞ് അദ്ദേഹം സ്ഥലംവിട്ടു. വിമാനത്തിൽ ഞാൻ ഡിക്കുഞ്ഞായേയും കണ്ടു കുശലങ്ങളും പറയുകയുണ്ടായി.

ബാങ്കോക്കിൽനിന്നു ഹാംകോങ്ങിലേക്ക് നാലുമണിക്കൂർ പറക്കണം. കൂടുതൽ സമയവും ഞാൻ യാത്രക്കാക്കുള്ള മുറിയിൽ കിടന്നുറങ്ങാൻ ശ്രമിച്ചു. വിമാനം നല്ലനിലയിൽ യാതൊരുവിധമായ കുറവുകളും കൂടാതെയിരുന്നതുകൊണ്ടും കാലസ്ഥിതി യാത്രക്കു വളരെ അനുകൂലമായി കണ്ടതുകൊണ്ടും വിമാനത്തിലെ ജോലിക്കാർ പുതിയതായി മാറി കയറിയവരായതുകൊണ്ടും യാത്ര ശുഭപ്രതീക്ഷയോടുകൂടിയതെന്നുതന്നെ എനിക്കു വിശ്വാസമുണ്ടായി.

ഞങ്ങളം ഹോങ്കോങ്ങിൽ വൈകുന്നേരത്തെത്തി. ആകാശത്തിൽ കാർമേഘങ്ങളില്ല; സൂര്യൻ നന്നായി പ്രകാശിക്കുന്നു. ഹോങ്കോങ്ങ് വിമാനതാവളം മൂന്നുഭാഗത്തും കുന്നുകളാൽ ചുറ്റപ്പെട്ടതാണ്. മറ്റൊരുഭാഗത്തു കടലും! പ്ലേൻ അവിടെ ഇറങ്ങുന്നതിനും അവിടന്നു പൊങ്ങി പറക്കുന്നതിനും വിദഗ്ധന്മാരായ നാവികരുടെ ബുദ്ധിശ്രദ്ധ നിർബ്ബന്ധമായ കാര്യമാണ്; തെല്ലൊരു പിശകോ അശ്രദ്ധയോ അവിടെ അപായകരമാണ്; നാശകാരി തന്നേയാണ്. ഹോങ്കോങ്ങ് വിമാനത്താവളം പോലെ ശ്രദ്ധാലോചനയ്ക്കു കുപ്രസിദ്ധമായ മറ്റൊരു വിമാനതാവളം ലോകത്തിലില്ല! അതിനാൽ ഞാൻ പലതവണ അവിടെ മുമ്പു പോയിട്ടുണ്ടെങ്കിലും അവിടത്തെ ആ സാല്പസമയം എന്നെ ഉണർത്തി; ആവേശം കൊള്ളിച്ചു കൃതാർത്ഥനാക്കി.

ഹോങ്കോങ്ങ് നവീനരീതിയിൽ ശുദ്ധമായ രംഗിയുള്ള ഒരു നഗരമാണ്. ജനനിബിഡമായ ഈ വ്യാപാരകേന്ദ്രം ആകാശത്തിൽനിന്നും അതി മനോഹരവും, ആശ്ചര്യകരവുമായ ഒരു കാഴ്ചയായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു.....

യാത്രക്കാരുടെ ഉദ്ദിഷ്ടസ്ഥലമെത്തി! അവരിറങ്ങിയ ശേഷം ഞങ്ങളും. പ്രകൃതിയുടെ വൈരൂപ്യങ്ങളും ഞങ്ങൾക്കു തടസ്ഥമല്ലെന്നഭാവത്തോടെ ഞങ്ങളാ കുന്നുകളെ നോക്കി!

തല്ക്കാലയാത്രയുടെ അവസാനമായിരുന്നെങ്കിലും ഞങ്ങൾക്കു വീണ്ടും കുറച്ചു വിശ്രമശേഷം ചൈനാപ്രതിനിധിസംഘത്തെയുംകൊണ്ട് ജക്കാർത്തക്കു പറക്കണം.

ഞാൻ വീണ്ടും താമസിയാതെ എന്റെ നൂറുകൂട്ടം പരിശോധനപ്രവൃത്തിയിലേപ്പെട്ട. യാതൊരുവിധ ബുദ്ധിമുട്ടുകളും നേരിടേണ്ടിവരാതെ 'കാഷ്മീർ രാജകുമാരി' ഞങ്ങളെ ബോംബെയിൽനിന്ന് അവിടത്തോളമെത്തിച്ചതാണ്. എങ്കിലും വീണ്ടും ജക്കാർത്തക്കുള്ള യാത്രക്കു മുമ്പു സാധാരണയുള്ള പരിശോധനകളും മറവും കൃത്യമായും ശ്രദ്ധയോടുകൂടിയും നിർവ്വഹിക്കപ്പെടണം.

പ്ലേൻ ഹാങ്ങ്കോങ്ങിലിറങ്ങിയ ഉടനെതന്നെ ഹാങ്കോങ്ങ് എയർക്രാഫ്ട്ട് എഞ്ചിനീയറിങ്ങ് കാർപ്പൊറേഷന്റെ ജോലിക്കാർ (മിക്കവരും ചീനരാണ്) ചുറവും കൂടി; എഞ്ചിനുകളും, എണ്ണ, മുതലായവ പരിശോധിക്കുന്നവരുണ്ട്; പ്ലേനിന്റെ സർവ്വ ഭാഗങ്ങളും തുടച്ചു വൃത്തിയാക്കുന്നവരുണ്ട്. എണ്ണ വീണ്ടും നിറക്കാൻ വേണ്ട പ്രവൃത്തികളിലേപ്പെട്ടവരുണ്ട്; ജക്കാർത്തക്കുള്ള യാത്രക്കുവേണ്ടി ഇങ്ങിനെ ദ്രുതഗതിയിൽ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. ഞാൻ എഞ്ചിനുകളും മറവും തൃപ്തിയാകുംവിധം പരിശോധിക്കുന്നതിനിടയ്ക്ക് ഡിക്കുഞ്ഞ എണ്ണയെടുക്കലിൽ ശ്രദ്ധിക്കയാണ്. മറവുള്ള സഹപ്രവർത്തകർ ഈപ്പോൾ ഭക്ഷണശാലയിൽ തങ്ങളുടെ വിശപ്പടക്കുകയാണ്. വൈമാനികക്ക് പറക്കുന്ന സമയമെല്ലാംതന്നെ വിശ്രമംകൂടാതെ ബദ്ധശ്രദ്ധ നിർബ്ബന്ധമാണെന്നറിയാവുന്നതു കാരണം അവരുടെ ഭക്ഷണം സ്വസ്ഥവും സമാധാനവും നിറഞ്ഞ ഒരു അന്തരീക്ഷത്തിലായിരിക്കണം. അവരുടെ ഭക്ഷണസ്ഥലത്തു് ആക്രാന്തന്നെ പ്രവേശനമില്ല.

ഏപ്രിൽ 11, 1955; പതിനൊന്നു യാത്രക്കാരെയുംകൊണ്ട് 'കാഷ്മീർരാജകുമാരി' മാത്രമാണ് അന്ന് ഹാങ്കോങ്ങ്വിമാനത്താവളത്തിൽനിന്നു പുറപ്പെട്ടുന്ന ഏക വിമാനം. അതിനാൽ ഭക്ഷണശാലയിൽ യാതൊരു തിരക്കുമില്ല. ബാൻഡുങ്ങ്കോൺഫറൻസിനുള്ള ചീനപ്രതിനിധികളും അപ്പോഴും ഇവിടെ വന്നതേയുള്ള. അവരുടെ പ്രകൃതിയും, വേഷവും അവരെ രാജ്യതന്ത്രജ്ഞരെന്നു വിളിച്ചുപറയും. അതിപ്രധാനങ്ങളായ വിലയേറിയ രേഖകളും കടലാസ്സുകളും മറവും നിറച്ച ഓരോ കൈസഞ്ചിയും അവർക്കുണ്ട്. എന്നാലും പ്രധാനമന്ത്രി ചൌഎൻലായെ അക്കൂട്ടത്തിൽ കാണുന്നില്ല. അദ്ദേഹം ആ പ്ലേനിൽ ഉണ്ടായിരിക്കുമെന്നാണ് ഞങ്ങൾക്ക് ആദ്യം കിട്ടിയ അറിവ്. പക്ഷെ വിമാനയാത്രക്കാരെപ്പറ്റി ഏതുതരത്തിലുള്ള അന്വേഷണവും വിമർശനവും നിരോധിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ആരും അതേപ്പറ്റി മനസ്സും സംസാരിച്ചില്ല. വിമാനത്തിലാരു കയറിയാലും, അവർ എവിടേക്കു പോകുന്നവരായിരുന്നാലും ഞങ്ങൾക്കതിനെ പ്രതിക്കേണ്ടതില്ല; പറക്കലാണ് ഞങ്ങളുടെ ജോലി.

സുഖമായ ഭക്ഷണം മുമ്പിൽ വന്നു; സംസാരം അതിലേക്കു തിരിഞ്ഞു. കാലാവസ്ഥ ഭംഗിയായിരുന്നു. ആ യാത്ര ശുഭപര്യവസായിയായിരിക്കുമെന്ന പ്രതീക്ഷ സുനിശ്ചിതമായി തോന്നി! ലോകത്തിലെല്ലാംതന്നെ ശുഭമായിരുന്നു!—അതൊ, അതപ്രകാരമായിരുന്നുവൊ!

ഉടനെ ഒരു യുവാവ് തീൻമേശക്കരികിൽ വന്നു, ഒരു കസേര വലിച്ചിട്ട് നാടകീയമായ ഒരു വേഗതയോടുകൂടി അതിലിരുന്നു. അനുവാദം ചോദിക്കാനോ, താനാരെന്നറിയിക്കാനോ, കൂട്ടത്തിൽ ക്ഷണിക്കാതെ വന്നുകേറിയ ആ മനുഷ്യൻ കൂട്ടാക്കിയില്ല തനിക്കു പ്രത്യേകമായി വച്ചിരുന്ന കസേരയെന്നോണമാണ്. ആ ഇരുപ്പ്. മുഖം കണ്ടാൽ ആരും ഒരു പാശ്ചാത്യനെന്നെ, പറകയുള്ളൂ. യാതൊരുവിധ മര്യാദയും നോക്കാതെ "നിങ്ങളും

Rosebud 2.0

ഒരു ചീനപ്രതിനിധിസംഘത്തെ ബാൻഡങ്ങിലേക്കു കൊണ്ടുപോകയാണെല്ലൊ!" എന്നു ചോദിച്ചു.

മയ്യാഴയില്ലാതെ സ്വാതന്ത്ര്യം കൈകേറി ആ അപരിചിതൻ ചെയ്ത ഈ ചോദ്യത്തിൽ വൈമാനികർ അസൂയംപൂണ്ടു. അവരുടെ ദുഷ്ടകഥാമാത്രം അയാളോടുള്ള വെറുപ്പു പ്രത്യക്ഷപ്പെടുത്തി. അയാളുടെ യാതൊരുമറുപടിയും ലഭിച്ചില്ല. അയാൾ ക്യാപ്റ്റൻ ദീക്ഷിത്തിന്റെ നേർക്കു തിരിഞ്ഞു "ഈ ചീനർ വലിയ രഹസ്യക്കാരാണല്ലൊ! അവർ ഒന്നുംതന്നെ നിങ്ങളോടു പറയുകയില്ല; ഞാൻ പറഞ്ഞതു ശരിയല്ലെ?" എന്നു ചോദിച്ചു, ഒന്നു പല്ലിളിച്ചു. ഉള്ളിലുണ്ടായിരുന്ന കോപം അടക്കിക്കൊണ്ട് "എനിക്കറിഞ്ഞുകൂടാ" എന്നദ്ദേഹം മറുപടികൊടുത്തു. എന്നിട്ടും വകവയ്ക്കാതെ അയാൾ പതാക്കിനോടു വീണ്ടും ചോദിക്കയാണ്— "നിങ്ങൾ താമസംകൂടാതെ യാത്ര തുടങ്ങുമല്ലെ?" ഇതിൽ രഹസ്യമൊന്നുമില്ലെന്നു ബോദ്ധ്യമുണ്ടായിരുന്നതിനാൽ "ഏകദേശം ഒരു മണിക്കൂറിനകം" എന്നദ്ദേഹം മറുപടി പറകയുംചെയ്തു. അപരിചിതൻ വീണ്ടും വിടാൻ ഭാവമില്ല. ആയാൾ തന്റെ അനാവശ്യമായ ചോദ്യങ്ങൾ തുടരാൻതന്നെ മുതിർന്നു "നിങ്ങൾ ജക്കാത്തയിലെപ്പോളെത്തും" എന്നായി അയാൾ. എത്രതന്നെ നീരസം ജനിപ്പിക്കുന്ന ചോദ്യങ്ങളായാലും മയ്യാഴ ഒരിക്കലും വിട്ടുന്നവരല്ല ഞങ്ങൾ. അദ്ദേഹത്തിന്റെ സാധാരണ കുശുമ്പുരീതിയിൽ പതാക്കു് അതിനു മറുപടികൊടുത്തു— "ഏകദേശം വൈകുന്നേരം". പതാക്കു് അതോടുകൂടി ക്യാപ്റ്റൻ ജത്താവിന്റെ നേർക്കു് ഒന്നു കണ്ണോടിച്ചു. താൻ അതിൽ കൂടുതലായി ഈ ഗതികെട്ടവനോടു് ഒന്നും വിട്ടുപറഞ്ഞുപോകരുതെന്ന സന്ദേശം ക്യാപ്റ്റൻ ജത്താവിന്റെ നോട്ടത്തിൽ തനിക്കു ലഭിച്ചു

ഒരു കമ്പനിയുദ്യോഗസ്ഥൻ വന്നു; യാത്രക്കാരുടെ സാമാനങ്ങൾ വിമാനത്തിൽ കുത്തിനിറച്ചു തയ്യാറായെന്നും, കപ്പൽ എണ്ണ എടുത്തുകഴിഞ്ഞുവെന്നും യാത്ര തുടരുവാൻ എല്ലാ ഒരുക്കങ്ങളും കഴിഞ്ഞുവെന്നും ക്യാപ്റ്റൻ ജത്താവിനെ അറിയിച്ചു. എല്ലാം തയ്യാ

റായി! "ദ്രുതഗതിയിലാണല്ലൊ, പണി", എന്നു ക്യാപ്റ്റൻ ജത്താർ! "രാജ്യതന്ത്രജ്ഞന്മാർക്ക് അവരുടെ സാമാന്യപരിശോധനയില്ലല്ലൊ, സാർ". എന്നു കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ മറുപടി പറഞ്ഞു.

കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ ഈ അറിയിപ്പ് കേട്ടുടനെ, താൻ വന്നുകേറിയ മയ്യാട്ടക്കേടോടെയും, അത്രതന്നെ വേഗതയിലും ആ അപരിചിതൻ തന്റെ കസേരയിൽ നിന്നു് ചാടി എഴുന്നേറ്റു സ്ഥലംവിട്ടു. മറഞ്ഞുപോകുന്ന ആ രൂപത്തെപ്പറ്റി അഭിപ്രായങ്ങളും നടന്നു. "എന്തൊരുബോറു്; ഒരുപക്ഷെ ജിജ്ഞാസുവായ ഒരു പത്രപ്രവർത്തകനായിരിക്കാം" എന്നു ജത്താർ; "എനിക്കവനെ തീരെ പിടിച്ചില്ല; എന്തായാലും" എന്നു് ദക്ഷിത്തു്; "എനിക്കും അങ്ങിനെതന്നെ, പക്ഷെ നിങ്ങളും യാത്രയുടെ പ്രാരംഭപരിശോധനങ്ങളും നടത്തുക! പതാക്കും ഞാനും കൂടി മറുകയ്യങ്ങളും കാലാവസ്ഥാറിപ്പോർട്ടുകളും നോക്കട്ടെ! കാലാവസ്ഥ നന്നായിരിക്കുമെന്നാണു് തോന്നുന്നതു്". ഇതുംപറഞ്ഞു ജത്താർ എഴുന്നേറ്റു; ഞങ്ങളും അദ്ദേഹത്തോടുകൂടി ഞങ്ങളുടെ വിവിധ ജോലികൾക്കായി എഴുന്നേറ്റുപോയി. ജത്താറും പതാക്കും ട്രാഫിക്ക് കൺട്രോളും കെട്ടിടത്തിലേക്കും. കാപ്റ്റൻ ദീക്ഷിത്തും, ഗ്ലോറിയാബെറിയും, ഡിസൂസയും, പിമെന്ററയും വിമാനത്തിലേക്കുമാണു് പോയതു്. ദീക്ഷിത്തു യാത്രക്കുമുമ്പുള്ള പരിശോധനകൾക്കാണു് മുതിർന്നതു് ഗ്ലോറിയ, ഡിസൂസ, പിമെന്റ ഇവർ ക്യാബിനിൽ ആഹാരസാധനങ്ങളും മറ്റു ആവശ്യമായ സൌകര്യങ്ങളും ചെയ്തിട്ടുണ്ടോ എന്നറിയുന്നതിനും.

ഇതിനിടക്കു ക്യാബിനിൽ വെച്ചിരുന്ന എന്റെ ഉടുപ്പുപെട്ടി കാണുന്നില്ലെന്നും, ഹോംകോങ്ങിൽ ഇറങ്ങിയവരിൽ ആരെങ്കിലും അവരുടെ സാമാനങ്ങളുടെ കൂട്ടത്തിൽ കൊണ്ടുപോയിരിക്കാമെന്നും എന്നെ ഹോസ്റ്റസ് അറിയിച്ചു. എന്റെ ജോലി ഉപേക്ഷിക്കയൊ നിത്തിവക്കയൊ ചെയ്യാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ ആ അന്വേഷണം മറ്റൊരു ഉദ്യോഗസ്ഥനെ ഏല്പി

ച്ചു ഞാൻ എന്റെ ചെക്കിങ്ങ് ജോലി തുടർന്നു. അതിനിടക്ക് ഹോങ്കോങ്ങിലുള്ള ഞങ്ങളുടെ കമ്പനിയിലെ ഒരുദ്യോഗസ്ഥൻ അപരിചിതന്മാരെ സൂക്ഷിക്കണമെന്നും ഒരുപക്ഷെ നശീകരണപ്രവൃത്തകരാരെങ്കിലുമവിടെ ഉണ്ടായേക്കാമെന്നും എന്നോടുപറഞ്ഞു. "ഞാൻതന്നെ ഇവിടത്തുകാരനല്ലാതിരിക്കെ അപരിചിതന്മാരെ ഇവിടെ ഞാൻ എങ്ങിനെ തിരിച്ചറിയാനാണ്? അതു പോലീസിന്റെയും സംരക്ഷണവകുപ്പിന്റെയും ജോലിയാണ്" എന്നു് ഞാൻ മറുപടിപറഞ്ഞു, ഞാൻ എന്റെ ജോലി തുടർന്നു. എന്റെ ജോലി കഴിഞ്ഞപ്പോഴേക്കും ഡികുഞ്ഞവന്നു് തന്റെ ഉടുപ്പുപെട്ടിയും കാണ്മാനില്ലെന്നും അതും വല്ലയാത്രക്കാരും മാറി എടുത്തുകൊണ്ടുപോയിരിക്കാമെന്നും പറയുകയും അതന്വേഷിക്കാൻ പുറപ്പെടുകയുംചെയ്തു. ഞാനും അദ്ദേഹത്തെ അനുഗമിച്ചു. പത്തുനിമിഷം കഴിഞ്ഞു് പ്ലേനിൽ തിരിച്ചെത്തിയപ്പോഴേക്കും യാത്രക്കാരും പ്ലേനിലെ മറ്റു ജോലിക്കാരും പ്ലേനിൽ കയറിയിരുപ്പായിരുന്നു. ഞാൻ ഓടിച്ചെന്നു കയറുന്നതിനുമുമ്പു് എന്റെ പെട്ടിയുണ്ടോ എന്നു ഒന്നുകൂടി അന്വേഷണം നടത്തുകയും, അതു അപ്രത്യക്ഷമായ രീതിയിൽ തന്നെ പെട്ടന്നു് എങ്ങിനേയോ വീണ്ടും തൽസ്ഥാനത്തേക്കു തിരിച്ചുകിട്ടിയിട്ടുണ്ടെന്നും അറിവായി.

ക്യാബിനിൽകൂടി കടന്നുപോകുമ്പോഴും ഒരു ശ്രീലങ്കനിമിഷം മാത്രമേ ആ പതിനൊന്നു യാത്രക്കാരെ എനിക്കു് നോക്കാൻ കഴിഞ്ഞുള്ളൂ. എങ്കിലും രണ്ടു് യൂറോപ്യരൊഴികെ മറ്റെല്ലാം ചീനന്മാരാണെന്നു ഞാൻ കണ്ടു. മുൻപിലത്തെ മുറി ഒഴിവായിരുന്നതിനാൽ രാത്രിയിലത്തെ ഉറക്കം ഉറങ്ങുവാൻ ഞാൻ തീച്ചയാക്കി. വിമാനം വായുവിലേക്കുയരുന്നതിനുമുമ്പുള്ള ഓട്ടം തുടങ്ങിയതും ഗ്ലോറിയാബൈറിയുടെ മധുരസ്വരം ഉച്ചഭാഷിണിയിലൂടെ ആരംഭിച്ചതും ഞാൻ കേട്ടു. അതു ഞാൻ സാധാരണ കേൾക്കാവുള്ളതായിരുന്നെങ്കിലും അനന്തരസംഭവങ്ങളുടെ വെളിച്ചത്തിൽ അതിനു സവ്വപ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

"വന്ദനം, മാന്യരെ," എന്നുതുടങ്ങി "നിങ്ങളെ കാഷ്മീർ പ്രിൻസസ്" വിമാനത്തിൽ ഞങ്ങളും സ്വാഗതംചെയ്തുകൊള്ളുന്നു.

സമയം 12 മണി 2 നിമിഷം. നാം ജക്കാർത്തയിലേക്കു പുറപ്പെടുകയായി. യാത്രക്കാർ ഭയവായി അവരുടെ ജീവരക്ഷാകവചം കെട്ടുകയും, പുകവലി പാടില്ലെന്ന നിയമം അനുസരിക്കയും ചെയ്യുമല്ലോ....” ഞാൻ എന്റെ ബെൽട്ട് ഉടനെ കെട്ടി. അവം തുടർന്നു..... ജക്കാർത്തക്കു 1960 മൈൽ ദൂരമാണെന്നും, അതു 7 മണിക്കൂർ 30 നിമിഷത്തിനകം പറന്നെത്തുമെന്നും, ഭൂമിയിൽ നിന്നു 18000 അടി ഉയരത്തിലാണ് പറക്കുന്നതെന്നും, വൈകുന്നേരത്തെ ചായ വിമാനത്തിൽ പറക്കുന്നതിനിടയിൽ കുടിക്കാമെന്നും! പിന്നീടവം പറഞ്ഞ വാക്കുകളാണിന്നും എന്റെ ശ്രവണപുടങ്ങളിൽ പ്രതിധ്വനിക്കുന്നതു്.

“നാവികജോലിക്കാരായ ഡിസൂസ, പിമെന്റ, ഫോസ്റ്റസ് ഗ്ലോറിയബെറിയെന്നിവർ നിങ്ങൾക്കു് ഏതു സഹായസൌകര്യങ്ങളും ചെയ്തുതരുന്നതിനും കയ്യകലത്തന്നെ എപ്പോഴും തയ്യാറായിട്ടുണ്ടു്. ആവശ്യമുള്ളപ്പോൾ ഞങ്ങളെ വിളിക്കാൻ അമാന്തിക്കരുതു്. ക്യാപ്റ്റൻ ജത്താറിന്റെയും മറ്റു വൈമാനികരുടെയും പേരിൽ ഞാൻ നിങ്ങളുടെ ഉദ്ദിഷ്ടസ്ഥലത്തെത്തുന്നതിനുള്ള യാത്രക്കു മംഗളമാശംസിക്കുന്നു. വന്ദനം!” ഈ വാക്കുകളുച്ചരിച്ചു് അഞ്ചുമണിക്കൂറുകാലത്തിനിടയിൽ ആ വിമാനത്തിൽ അവനും മറ്റു നാവികർക്കും യാത്രക്കാർക്കും സംഭവിക്കാനിരുന്ന ഘോരവിപത്തിന്റെ വല്ലൊരിവോ ചിന്തയോ അവനുണ്ടായിരുന്നുവോ? ഒരിക്കൽ ‘കാഷ്മീർ രാജകുമാരി’യെന്നറിഞ്ഞിരുന്ന അവനും, ആ നാമധേയമുള്ള വിമാനത്തിനും ഒരുമിച്ചവസാനമുണ്ടാകാൻ പോകയാണെന്നവനും അറിഞ്ഞിരുന്നുവോ?

1954 ജൂലായി 6-നു് എയർഇന്ത്യ ഇൻറർനാഷണൽ കമ്പനിക്കാർ അവരുടെ സിങ്കപ്പൂർക്കുള്ള സർവ്വീസുൽഘാടനംചെയ്തു. അന്നത്തു സിങ്കപ്പൂർ പത്രങ്ങളും ഒരു പ്രത്യേകവർത്തമാനശകലമായി കണക്കാക്കി. ഉൽഘാടനയാത്ര “കാഷ്മീർ രാജകുമാരി”യായിരിക്കുമെന്നും പരസ്യപ്പെടുത്തി. വിമാനതാവളത്തിൽ ഈ ഉൽഘാടനവരവു് പ്രതീക്ഷിച്ചു കൂടിയ ജനങ്ങളും പ്ലേൻ വന്നിറങ്ങുന്നതും,

പ്ലേനിൽ നിന്നിറങ്ങുന്ന ഗ്ലോറിയായേയും കണ്ടു. ക്യാമറകളും ദൃതഗതിയിൽ പ്രവർത്തനംതുടങ്ങി. അടുത്തദിവസം സിങ്കപ്പൂരിലെ പത്രങ്ങളും പ്ലേനിൽ നിന്നിറങ്ങുന്ന ഗ്ലോറിയായുടെ ഫോട്ടോ പ്രസിദ്ധീകരിക്കുകയും "കാഷ്മീർ രാജകുമാരി" എന്ന പേരോടുംകൂടി പുറത്തിറക്കുകയും ചെയ്തു. അവളഹിക്കുന്ന ആ പേർ അവൾക്കു നിലനിന്നുപോന്നു!

എല്ലാ എയർഹോസ്റ്റസുകൾക്കും ആത്മാർത്ഥതക്കും ബുദ്ധിമുട്ടിയുള്ള പരിശ്രമങ്ങൾക്കും ഒരു നല്ലപേരുണ്ട്. ഇരുപത്തിമൂന്നു വയസ്സായ ഗ്ലോറിയാക്കു് അവൾ തന്റെ ജോലി ഇഷ്ടപ്പെട്ടുചെയ്തിരുന്നുവെന്നുള്ള ഒരു പ്രത്യേക പെരുമയുണ്ടായിരുന്നു. ഭൂചക്രവാളത്തിൽ പെട്ട വിവിധ പ്രദേശങ്ങളും കണ്ടു സന്തോഷിച്ചു് തൃപ്തിയടയുന്നതിൽ ഒരു പ്രത്യേകതയുണ്ടു്; ലണ്ടൻ ടവർ, വെസ്റ്റുമിനിസ്റ്റർ ആബ്ബീ, ഏഫൽടവർ, പ്രസിദ്ധികേട്ട ഗ്രീസ്, അന്തസ്സുള്ള റോം! ഗ്ലോറിയാ ഈ കാഴ്ചകളിൽ ആറാടുന്ന ആനന്ദസാഗരത്തിൽ നിമഗ്നയായിരുന്നു. അവൾക്കു കണ്ടതു മതിയായിട്ടില്ല! ഇനിയും കാണണം! കണ്ടനുഭവിക്കണം! ആനന്ദിക്കണം! സഞ്ചാരം അളവറ്റ ഒരു വിദ്യാഭ്യാസപദ്ധതിയാണു്; സഞ്ചരിച്ചു് വിവിധ ദേശങ്ങളും സന്ദർശിച്ചു് അവിടത്തെ ജനങ്ങളുമായിണങ്ങി പെരുമാറുന്നതു്! യൂറോപ്പു്, അമേരിക്ക, റഷ്യ, ജപ്പാൻ, ചൈനാ മുതലായ രാഷ്ട്രീയവിഭാഗങ്ങളും അവിടങ്ങളിലെ ഡാക്ടർമാർ, ശാസ്ത്രജ്ഞന്മാർ, കരകൌശലക്കാർ, നടന്മാർ, ഗായകർ, ചലച്ചിത്രതാരങ്ങളും എന്നുവേണ്ട, വെറും സാധാരണക്കാരടങ്ങിയ ജനസമുദായങ്ങളുമായി സഹവർത്തിത്വം പുലർത്തി ജീവിച്ചാൽ മനുഷ്യന്റെ ആത്മീയമായും ഭൌതികമായുമുള്ള വികസനം സഫലമായെന്നു വിശ്വസിക്കുന്നവളായിരുന്നു ആ ഗ്ലോറിയാ. യാത്രയെന്നു അനുഭവരസത്തോടുകൂടിയ വിദ്യാഭ്യാസമാണെന്നും അതു് ഒരു സർവ്വകലാശാലാവിദ്യാഭ്യാസത്തിലുപരിയാണെന്നും കരുതിയിരുന്നവളാണവൾ; കോളേജുവിദ്യാഭ്യാസം തന്നെ ലഭിക്കാൻ ഭാഗ്യമില്ലാതെപോയ ആ യുവതി!

അവർ ആ കോൺസ്റ്റല്ലേഷൻ പ്ലേനിനെ സ്നേഹിച്ചിരുന്നു. അതിൽ യാത്രക്കു വന്നവരോരുത്തർക്കും സുഖസൌകര്യസമൃദ്ധികൊണ്ടു തങ്ങളുടെ സ്വന്തം വീടുപോലെയാണതെന്നു തോന്നിപ്പിച്ചേ അവർക്കു തൃപ്തിയാകുള്ളു. അവരുടെ തൃപ്തി അവളുടെ സന്തോഷമാണു്; അവർക്കെന്നാലെ സമാധാനമാകയുള്ളു. സിങ്കപ്പൂക്കുള്ള ആദ്യയാത്രക്കുശേഷം അവർക്കു് 'കാഷ്മീർ രാജകുമാരി'യോടു് ഒരു പ്രത്യേക സ്നേഹവും വളർന്നുവന്നു. അതേപേർതന്നെ അവളുടെ അപരനാമമായി കണക്കാക്കിയിരുന്നതാണെല്ലൊ!

ഫ്ലോറിയാ തന്റെ പ്രഖ്യാപനം തുടർന്നു: "ഭയമായി കുറച്ചു ശ്രദ്ധിക്കുമോ?....."

അവളുടെ ശബ്ദം ഉച്ചഭാഷിണിയിൽ കേട്ടപ്പോൾ അനന്തരപ്രസംഗം എന്റെ ഓർമ്മയിൽവന്നു. ജീവരക്ഷാബൽടിന്റെ ഉപയോഗക്രമവും അതിന്റെ പരിശീലനവും!— മുഷിപ്പിക്കുന്ന സാധാരണ നടപടിമാത്രം!—നിമിഷനേരത്തിൽ നിലംവിട്ടയരാൻപോകുന്ന പ്ലേനിന്റെ എഞ്ചിനുകളുടെ ശബ്ദവും കേട്ടുകൊണ്ടു ഞങ്ങളം ദൂരസ്ഥിതമായി വിമാനതാവളത്തെ ചുറ്റിക്കിടക്കുന്ന പച്ചക്കുന്നുകളെ നോക്കിക്കൊണ്ടിരുന്നു.....

"ജീവരക്ഷാപരിശീലന പ്രകടനം ഒരു സാധാരണ നടപടിക്രമമായതുകാരണം ഒരു അത്യാഹിതസംഭവത്തിൽ വെള്ളത്തിലൊ മറ്റൊ നിർബ്ബന്ധമായി ഇറങ്ങേണ്ടിവന്നാൽ ജീവരക്ഷാബെൽടിന്റെ ഉപയോഗക്രമങ്ങളും മറ്റും യാത്രക്കാർ അറിഞ്ഞിരിക്കേണ്ടതുകൊണ്ടു'.....,..."

ഞാൻ പെട്ടെന്നൊന്നു തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽവെച്ചു ചെറുപ്പക്കാരനായ ഡിസൂസതന്റെ അഴകേറിയ യൂണിഫാറത്തിൽ ആ ജീവരക്ഷാകവചം, എന്നെ കാണിച്ചുതരുവാനെന്നോണം, ധരിക്കുകയാണു്. അതേനേരത്തു് അടുത്ത മുറിയിൽ യാത്രക്കാരെ കാണിച്ചുകൊടുക്കുന്നതിനു സഹപ്രവർത്തകൻ പിമെന്റ അതേനടപടിതന്നെ നടത്തുകയാണു്.

ഞാൻ പറഞ്ഞു "ഡിസൂസാ!— ഈ വസ്തുധാരണാഭ്യാസം മുഴുവനും നീ എന്നെ കാണിക്കുവാനാണ് ചെയ്യുന്നതെങ്കിൽ ഞാൻ നിലവിളിക്കും!"

3774

അവൻ പുഞ്ചിരിതൂകിക്കൊണ്ടുതന്നെ തന്റെ കൃത്യം നിർവ്വഹിച്ചു. യാത്രക്കാരുടെ മുറിയിൽ ഞാൻ ഒറ്റക്കിരുന്നതിനാൽ അവന്റെ പ്രസംഗം ശ്രദ്ധിക്കാതിരിക്കുന്നതു മര്യാദകേടാണെന്നെനിക്കു തോന്നി. അതിനാൽ, മനസ്സില്ലാമനസ്സോടെയാണെങ്കിലും, ഞാൻ മുമ്പൊരവസരത്തിലും കൂറയാതെകണ്ടിട്ടുള്ള ആ പ്രദർശനത്തിൽ ശ്രദ്ധിച്ചു അനന്തരാനുഭവങ്ങളെടിസ്ഥാനപ്പെടുത്തി ഞാൻ കുറെച്ചാന്നാലോചിച്ചു തിരിഞ്ഞു നോക്കുമ്പോൾ ആ തീരുമാനമാണെന്റെ ജീവനെ രക്ഷിച്ചതെന്നെനിക്കു തോന്നുന്നു!

ഗ്ലോറിയായും ഡിസൂസയുമാണതിന്റെ കാരണക്കാർ

ഗ്ലോറിയായുടെ ശബ്ദവും, ഡിസൂസയുടെ പ്രവർത്തനവും സമുചിതമായ യോജിപ്പിൽ നടന്നു. "നിങ്ങളുടെ ജീവരക്ഷാകവചം എളുപ്പത്തിൽ ധരിക്കാവുന്നതാണ്" എന്നു ഗ്ലോറിയാ പറഞ്ഞുതീരുന്നതിനുമുമ്പ് അയാൾ അതു നിവർത്തി, ധരിച്ചു, കെട്ടുകളെല്ലാം കെട്ടികഴിഞ്ഞു; ശ്വാസോച്ഛാരം കാണിച്ചുകൊട്ടുത്തു. അതു കാറുനിറക്കുന്നതെങ്ങിനെയെന്നവൾ പ്രസംഗിക്കുമ്പോഴേക്കും പ്രത്യേകമായുള്ള ഒരു യാന്ത്രികത്തുച്ചമെടുത്തു അല്പോനം കൂടാതെ അതു കാറു നിറച്ചുകഴിഞ്ഞു. "ജീവരക്ഷാകവചം പ്ലേനിൽ നിന്നും ഒഴിഞ്ഞുപോകുന്നതുവരെ മാറിയശേഷമേ കാറു നിറക്കാവു എന്നു പ്രത്യേകം ഓർമ്മിക്കണം" അവസാനമായി "ഇതൊരു വെറുംസാധാരണ നടപടി മാത്രമാണ്—വന്ദനം"

ഇതെല്ലാം കഴിഞ്ഞു ഗ്ലോറിയാ വാതിൽക്കലുള്ള ഒരു ഇരുപ്പടത്തിലിരുന്നു. പ്ലേൻ പൊങ്ങിപോകുന്നതുവരെ അവൾ അവിടെത്തന്നെയിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. ബോംബെയിൽ താൻ പഠിച്ചിരുന്ന വിദ്യാലയങ്ങളും അവളുടെ ഓർമ്മയിൽ വന്നു; അവളുടെ സംഗീതപാനങ്ങളും; അവൾ സന്തുഷ്ടിയടഞ്ഞു!

അവന്റെ സംഗീതം വളരെ ഇഷ്ടമാണ്. പതിന്നാലു വയൽസ്സി സംഗീതവിദ്യാലയത്തിൽ നിന്നും അവനെ പിരിച്ചുവിടുകയായി. ഒരു പക്ഷെ ലോകമൊട്ടാകെ സഞ്ചരിച്ച് തന്റെ സംഗീതംകൊണ്ട് ലോകരെ അവനെ സന്തുഷ്ടരാക്കാമായിരുന്നു. എന്നാൽ ഈ പറക്കൽ വായുവിലുള്ള യാത്ര—അവളെ ആകർഷിച്ചു അതീതമായ ആ ആകർഷണശക്തിയും ആഗ്രഹവും മറ്റേതൊരു പ്രവൃത്തിയുമപേക്ഷിച്ച് ആകാശത്തിലേക്കുതന്നെ തിരിച്ചു. എന്നാലും തനിക്കു ലഭിക്കാമായിരുന്ന മറ്റു പലജോലികളെയും മറ്റും ഓർത്തു ചിന്താഭരിതയായ അവൻ കയ്യിൽ കെട്ടിയിരുന്ന ഭംഗിയുള്ള ചെറിയ ഘടികാരത്തെ നോക്കി; പുറപ്പെടേണ്ട സമയമറിയുന്നതിനും. അവൻ അവിടെ കണ്ടതു സമയം മാത്രമല്ല; അതു തനിക്കു സമ്മാനിച്ച കാമുകന്റെ കോമളവദനംകൂടിയാണ്! അതൊരേറ്റവും വിലപിടിച്ച നിധിയാണ്!

കോൺസ്റ്റല്ലേഷൻവിമാനം പെട്ടെന്നു ശക്തിയോടുകൂടി ത്വരിതഗമനത്തിനാരംഭിച്ചു; കൂട്ടിവിടുന്ന എഞ്ചിൻശക്തിയോടുകൂടി പ്ലേൻ നേരെ മുൻഭാഗത്തുണ്ടായിരുന്ന കുന്നുകളെനോക്കി നിലംവിട്ടയർന്നു!!

അന്നത്തെ പത്രങ്ങളിൽനിന്നുമുള്ള വാർത്താശകലങ്ങൾ.

ന്യൂ ഡില്ലി, മാർച്ച് 31, 1955

അടുത്തുതന്നെയുണ്ടാകാൻപോകുന്ന ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ ബാൻഡങ്ങ് സമ്മേളനം ചരിത്രത്തിൽ അതിപ്രധാനമായ ഒന്നാണെന്നു പ്രധാനമന്ത്രി നെഹ്റു പാർലിമേന്റിൽ അഭിപ്രായപ്പെട്ടു "ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളും രണ്ടു ഉദ്ദേശങ്ങളോടുകൂടിയാണ് കൂടിച്ചേരുന്നതു—സമാധാനം, പുരോഗമനത്തിനുള്ള സാഹചര്യം"

ന്യൂ ഡില്ലി,
ഏപ്രിൽ 3, 1955.

ബാൻഡങ്ങ് സമ്മേളനത്തിലേക്ക് ക്ഷണിക്കപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ താഴെപറയുന്നവ ഉൾപ്പെടുന്നു:—

അഫ്ഗാനിസ്റ്റാൻ, ബർമ്മ, കാമ്പോഡിയാ, സിലോൺ, ഈജിപ്ത്, ഇതിയോപ്പിയ, ഗോൾഡ്കോസ്റ്റ് ഇന്ത്യ, ഇൻഡൊനേഷ്യ, ഇറാൻ, ഇറാക്ക്, ജപ്പാൻ, ജോർഡാൻ, ലേയാസ്, ലെബനാൻ, ലൈബീരിയ, ലിബിയ, നീപ്പാൾ, പാക്കിസ്ഥാൻ, ഫിലിപ്പൈൻസ്, സൌദി അറേബിയ, സൂഡാൻ, സിറിയ, തൈലാണ്ട്, ടർക്കി, തെൻവൈറ്റ്നാം, ഉത്തര വൈറ്റ്നാം, ചീന ജനകിയറിപ്പബ്ളിക്ക്—ഇവ ഭൂമിയിലുള്ള ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ പ്രതിനിധീകരിക്കുന്നു. ക്ഷണിക്കപ്പെടാത്ത രാജ്യങ്ങളാം ആസ്ട്രേലിയ, ന്യൂസിലാണ്ട്, ഫാർമോസ ഇവയാണ്.

ഹോങ്കോങ്ങിൽനിന്നു്.

പ്രകാശത്തോടുകൂടിയ സൂര്യൻ; കടും നീലനിറത്തിലാകാശം, അതിലും കടുത്ത നീലനിറത്തിലുള്ള കുന്നുകൾ; ക്ലറൻ കുന്നുകളുടെ പശ്ചാത്തലത്തിൽ വിമാനം നന്നേ ചെറുതായി തോന്നി. ഇവയെല്ലാം ചുണ്ടിലൊക്കി മന്ദഹാസം തൂകുംപോലെ തോന്നി. വിമാനം അലറിക്കൊണ്ട് മുന്നോട്ടപാഞ്ഞു, നിലംവിട്ടാകാശത്തിലേക്കുയർന്നു ക്യാപ്റ്റൻ ജയ്താർ കുന്നുകൾക്കു മുകളിൽനിന്നു വിമാനത്തെ തുറന്ന സമുദ്രനിരപ്പിലേക്കു നയിച്ചു. അപ്പോൾ ഞാൻ സ്വയം പറഞ്ഞു: "ഇതാരൊന്നാംക്ലാസ്സ് വൈമാനികൻ." ഒരാൾക്കു വൈമാനികന്റെ യോഗ്യത, ഹോങ്കോങ്ങ് വിമാനത്താവളത്തിൽനിന്നു വിമാനംവിട്ടപ്പോൾ മനസ്സിലാക്കാൻ കഴിയും. 'രാജകുമാരി' ഹോങ്കോങ്ങ് നഗരത്തിന്നുമീതെയൊന്നു ചുറ്റിതിരിഞ്ഞു, ചലനാത്മകമായ നഗരത്തിലെ ധിവിധ ജീവജാലങ്ങളേയും മറവും വിട്ട് നേരെ ജക്കാർത്തനോക്കി പറന്നു.

ഏഴരമണിക്കൂർ നില്ക്കാതെ പറക്കൽ ശ്രമപരമായ ഒരു പറക്കൽതന്നെയാണ്; ജക്കാർത്തയിൽ എനിക്കു കിട്ടാവുന്ന ചുരുങ്ങിയ വിശ്രമസമയത്തെപ്പറ്റി ഞാൻ അസംതൃപ്തനായിരുന്നു. അടുത്തദിവസംതന്നെ വീട്ടിലേക്കുള്ള മടക്കയാത്ര തുടരേണ്ടതുമാണ്. ഈ യാത്രയിൽതന്നെ കഴിയുന്നത്ര ഉറങ്ങണം. പ്ലേനിന്റെ വിറയിലും ശബ്ദത്തിലും കിടന്നാൽ സുഖമായ ഒരുറക്കം സാദ്ധ്യവുമല്ല.

നിശ്ചേഷ്ടനായി ഞാൻ ഒറ്റക്ക് ആ വലിയ (സാധാരണ 36 ആളുകയറ്റിയിരുത്താം) മുറിയിൽ "ഇക്കാണുന്നതെല്ലാറ്റിന്റേയും അധിപതി ഞാനെ"ന്നോണം അലസനായിരുന്നു. കഴിഞ്ഞ രാത്രിയിൽ ഉറക്കമില്ലാത്തതിനാൽ, പെട്ടെന്നെല്ലെ ഞാൻ ഉറക്കഭാവത്തിലാണ്ടു. പിൻഭാഗത്തുള്ള മുറിയിൽനിന്നും യാത്രക്കാരുടെ സംഭാഷണവും നിത്താതുള്ള എഞ്ചിനുകളുടെ കടുത്ത ഇരമ്പലുമൊന്നും ഞാൻ ശ്രദ്ധിച്ചില്ല. ശുദ്ധ നീലിമയോടുകൂടിയ ആകാശത്തിൽ നിഷ്പ്രയാസം, യാതൊരു ശ്രമവുമില്ലാതെ, സുഖമായി തന്നെ "രാജകുമാരി" തന്റെ ത്വരിതഗമനം നടത്തുകയായിരുന്നു. മനഃസ്വസ്ഥതക്കായി മുമ്പിൽ കിടന്നിരുന്ന ചില ചിത്രമാസികകളും ഞാൻ തിരിച്ചു തിരിച്ചു നോക്കിക്കൊണ്ടിരുന്നു.

ഗ്ലോറിയബെറി ലഘുഭക്ഷണപദാർത്ഥങ്ങളുമായി ഇടക്കിടയ്ക്ക് യാത്രക്കാരുടെ മുറിയിലേക്കു പൊയ്ക്കൊണ്ടിരുന്നു. യാത്രക്കാക്ക് സിഗററും പാനീയങ്ങളുമായി പിമെൻറയും ഡിസൂസയും പലപ്പോഴും പൊയ്ക്കൊണ്ടിരുന്നു. ഞാൻ മെല്ലെയൊന്നെഴുന്നേറ്റ് പ്ലേനിന്റെ കോക്ക്പിറ്റിലേക്കു നടന്നു. വഴിമദ്ധ്യേ കടന്നുപോയ ക്യാപ്റ്റൻ ജത്താർ എന്റെ ഉറക്കംതുളുമ്പിയ മുഖം കണ്ടു മെല്ലെ പുഞ്ചിരിതൂകി ഒന്നും മിണ്ടാതെ കടന്നു തന്റെ ജോലിക്കു പോയി. ഞാൻ കുളിമുറിയിലേക്കു കടന്നു ശീഘ്രം ചെറിയ ഒരു ദേഹശുദ്ധികരണം നടത്തി; വല്ലതും കുറച്ചു ഭക്ഷണത്തിനുവേണ്ടി തീറ്റമുറിയിലേക്കു കടന്നു. അവിടെ ഞാൻ ഭീക്ഷിച്ചു; പിമെൻറ, ഡിസൂസ എന്നിവർ സംഭാഷണത്തിലേർപ്പെട്ടിരിക്കുന്നതു

കണ്ട്. ഞാനും അവരോടൊപ്പം. ജക്കാത്തക്കുള്ള വഴിയടയാളങ്ങളും ചാർട്ടും പരിശോധിച്ച പത്താക്ക വിമാനം നിയന്ത്രിച്ചിരുന്ന ക്യാപ്റ്റൻ ജഗ്ഗാറിനെ യാത്രയുടെ വിവരങ്ങളുമറിയിച്ചുകൊണ്ടിരുന്നു.

ഡിസൂസ ഞങ്ങളെ വിട്ടുപോയി. രണ്ടു നിമിഷത്തിനുള്ളിൽ തിരിച്ചുവന്നു എല്ലാവർക്കും ചൂടുചായയുണ്ടാക്കിച്ചു ഞാൻ ഒരുകപ്പ് ചായ കുടിച്ചു; തല്ക്കാലം എന്റെ വിശപ്പടക്കി. ചായ അതു സുഖകരമായിരുന്നു. ചായകുടിയ്ക്കിടക്ക് ദീക്ഷിത്തു് തന്റെ കൊണ്ടോല്ലാക്സ് ക്യാമറയെടുത്തു. നല്ലൊരു ചെറിയ ക്യാമറ. പടം പിടിച്ചുകഴിഞ്ഞു ഫിലിം പുറത്തെടുത്തു് പുതിയ ഫിലിം അകത്താക്കാക്കിക്കൊണ്ടു് അദ്ദേഹം ചോദിച്ചു: "കാണ്ണിക്കു്! തന്റെ ക്യാമറയെന്താണു്! "സൂപ്പർ ഇക്കോണ്ടാ" ഞാനു പറഞ്ഞു: നമുക്കതൊന്നു കാണണം. ദീക്ഷിത്തു് പറഞ്ഞു: "സാമാനമിറിയിലല്ലുങ്കിൽ എടുത്തുകൊണ്ടു വരൂ" "ഞാനാ ക്യാമറ കൊണ്ടുവന്നിട്ടില്ല. അനാവശ്യമായി അതുമിതും കയറ്റി വിമാനത്തിനു തൂക്കം വർദ്ധിപ്പിക്കുന്നതു് എനിക്കിഷ്ടമില്ല. നാളെത്തന്നെ നമ്മളം മടങ്ങുകയാണല്ലൊ" ഞാൻ പറഞ്ഞു: എന്നാൽ എന്റെ അപ്പോഴത്തെ ഒരൊറ ആഗ്രഹം സുഖമായൊന്നുറങ്ങണമെന്നു മാത്രമായിരുന്നു. വിമാനത്തിൽ ഉറങ്ങുന്നതിനു് എനിക്കു് അത്ര തൃപ്തിപോരാ; എനിക്കു് വീമാനത്തിൽ ശരിയായ ഉറക്കം സാദ്ധ്യമല്ല." എനിക്കു ജക്കാത്തയിൽകഴിയുന്നതു സുഖമായിഉറങ്ങണമെന്നു മാത്രമയുള്ളൂ." എന്നു ഞാൻ പറഞ്ഞു. "നീ ജക്കാത്തയിൽ കിടന്നുറങ്ങിക്കളയാമെന്നാണോ ഉദ്ദേശിക്കുന്നതു്? നിശ്ചയമായും നിന്നെ ഞങ്ങൾപ്രതീക്ഷകനാണു്" എന്നായി ജഗ്ഗാർ. "എന്തുകൊണ്ടാവില്ല? നമ്മുടെ 'രാജകുമാരി' അന്തസ്സായ നിലയിലാണിരിക്കുന്നതു്. എനിക്കു യാതൊരു ബുദ്ധിമുട്ടിനുമിടയില്ല" എന്നു ഞാൻ മറുപടി പറഞ്ഞു

ഹാ-ഹാ-കാണ്ണിക്കേ? നിനക്കു ബാൻഡങ്ങ് സമ്മേളനത്തെപ്പറ്റി ഓർമ്മയുണ്ടോ?" എന്നു ദീക്ഷിത്തു് തിരിച്ചടി നട

ത്തി, തുടർന്നു. "ജക്കാർത്തയിലുള്ള ഒരൊറ്റ ഹോട്ടലിലും സ്ഥലം കിട്ടുന്നതിനു ഞെരുക്കമായിരിക്കും. ആയതുകൊണ്ട് തല്ക്കാലം ഒരൊറ്റപ്പാനുള്ളതു്, പ്രതിനിധിസംഘാംഗങ്ങളെ ജക്കാർത്തയിൽ വിട്ടുംകൊണ്ടു നേരെ സിങ്കപ്പൂക്കു് വെച്ചുപിടിക്കുക. അവിടെ നിന്നെറ ഉറക്കം കഴിക്കാം; അതും നിന്നെറ കൊച്ചു "രാജകുമാരി" കുഴപ്പമൊന്നുമുണ്ടാക്കിയില്ലെങ്കിൽ!"

"ദൈവമെ! അങ്ങിനെയാണങ്കിൽ ഞാൻ ഇങ്ങിനെ ഇവിടെ കുത്തിഇരുന്നാൽ മതിയാവില്ലല്ലൊ, ക്യാബിനിൽ ചെന്നു ശകലംഉറങ്ങാം" എന്നുപറഞ്ഞു് ഞാൻ കൂട്ടുകാരെ പിരിഞ്ഞു് ക്യാബിനിൽ കടന്നു ഒന്നുറങ്ങാൻ ശ്രമിച്ചു. കഷ്ടം! വിധിവൈപരീത്യം! ഉറക്കംവരുന്നില്ല!! ഞാൻ വീണ്ടും ചിത്രമാസികകളെടുത്തു.

ഹോംകോങ്ങ് വിട്ട് കുറച്ചുമണിക്കൂറുകഴിഞ്ഞതെന്നെ കഴിഞ്ഞിരിക്കുന്നു. ഗ്ലോറിയാക്കു് സ്വല്പം വിശ്രമസമയംകിട്ടി, അവൾ വന്നു് എന്റെ അടുത്ത കസേരയിൽ ഇരുന്നു. ഞങ്ങൾ മറ്റുചില യാത്രകളെപ്പറ്റി സംഭാഷണംചെയ്തു.

ഞങ്ങളുടെ ആ കൂടിക്കാഴ്ചക്കു ഒരു പ്രത്യേകതയുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും വിവാഹബന്ധങ്ങളിലേപ്പെടാൻ സമയംകാത്തു നില്ക്കുന്നവരായിരുന്നു! ആ മംഗളമായ ശുഭപ്രതീക്ഷയെപ്പറ്റി അല്പനേരം സംസാരിച്ചു അനന്തരം ഗ്ലോറിയാ മൌനിയായി, നിശ്ചലയായി, മുമ്പിലൊന്നിനെയുമല്ലാതെന്നോണം ഉറ്റുനോക്കിയിരുപ്പായി. ക്ഷീണംകൊണ്ടായിരിക്കുമെന്നു ഞാൻ സംശയിച്ചു പെട്ടന്നവൾ തിരിഞ്ഞു. "എനിക്കീവക പ്രാമാണികന്മാരേയുംകൊണ്ടുള്ള പ്രത്യേകയാത്രകൾ ഇഷ്ടമല്ല. ജീവരക്ഷാപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ അവ വളരെ അപായകരമാണു്". "വിഷമിക്കാനൊന്നുമില്ല; എനിക്കു ധൈര്യത്തോടെ പറയാൻകഴിയും" അവൾക്കുണ്ടായിരുന്നേക്കാവുന്ന ആശങ്കകൾ അടിസ്ഥാനരഹിതമാണെന്നു് ബോദ്ധ്യപ്പെടുത്താൻ ഒരു ശ്രമമായിരുന്നു ആ

മറുപടി. വരാൻപോകുന്ന വിപത്തിന്റെ ഒരു മുന്നറിയിപ്പായി രുന്നിരിക്കാം അവളുടെ ആ ആശങ്ക! അവളുടെ അഭിപ്രായത്തെ പ്പറ്റി ചിന്തിച്ചുകൊണ്ട് സ്വല്പസമയം ഇരുന്നുപോയ ഞാൻ തി രിഞ്ഞുനോക്കിയപ്പോഴേക്കും ഗ്ലോറിയ അടുത്തില്ല! അവൾ എഴുന്നേ റ്റുപോയ്ക്കഴിഞ്ഞു.

"രാജകുമാരി" യാതൊരു ബുദ്ധിമുട്ടുമില്ലാതെ വിശ്വസ്ഥ തയോടുകൂടി അനുനിമിഷവും ജക്കാത്ത സമീപിച്ചുവരികയാണു'. ഹോങ്കോങ്ങ് വിട്ടിട്ട് ഉദ്ദേശം അഞ്ചുമണിക്കൂറുകൾ കഴിഞ്ഞു. വിശപ്പുതുടങ്ങി. ഞാൻപോയി ഒരു കപ്പ് കാപ്പിയും ഒരു പഴ വും രണ്ടു സാൻറവിച്ചും എടുത്തുകൊണ്ടുവന്നു റേഡിയോ ആഫീ സുടെ അടുത്ത കസേരയിൽ ഇരുന്നു. ഡിക്കുഞ്ഞയോട് സംസാ രിച്ചുകൊണ്ടു ഞാൻ ആ ലഘുഭക്ഷണംതുടങ്ങി. സാൻറവിച്ചു ഞാൻ പകുതി തിന്നു ബാക്കി വലിച്ചെറിഞ്ഞു; പഴം രുചികരമായിരു ന്നു. കാപ്പിയും കുടിച്ചു. വിശപ്പൊന്നടങ്ങി; ചെറുതായി ഉറ ക്കംവന്നുതുടങ്ങി. ഒരുമണിക്കൂറിനകം തിരികെ ചെല്ലാമെന്നു ഡിക്കുഞ്ഞയോടു വാക്കുപ്പിച്ചു ഞാൻ സ്വല്പമൊന്നുറങ്ങാൻ വേ ണ്ടി ക്യാബിനിലേക്കുപോയി പ്ലേനിന്റെ പ്രവർത്തന പരീക്ഷ ണയന്ത്രങ്ങളെല്ലാം ഒന്നുകൂടി ചെറുതായൊന്നു പരിശോധിച്ച് തൃ പ്തിപ്പെട്ടശേഷമാണ് ഞാൻ പോയതു്. ക്യാബിനിൽ കടന്നു് ഷൂസുകളൂരി കാൽനീട്ടി സുഖമായി കിടന്നു ക്ഷണനേരത്തിൽ നി ദ്രയിലാണ്ടു.

ഞാൻ ഉറങ്ങിയെങ്കിലും യാത്രക്കാരുടെ സംഭാഷണവും, വൈമാനികരുടെ യാത്രാശ്രദ്ധയും തുടർന്നു നടന്നിരുന്നു.

ഡിസൂസയും പിമെൻറയും കുടിക്കുവാൻ വല്ലതും യാത്ര ക്കാക്കാവശ്യമുണ്ടോ എന്നന്വേഷിക്കുന്നുണ്ടായിരുന്നു. പക്ഷെ അ വർക്ക് ഓറഞ്ചുവെള്ളവും ചായയും മാത്രമേ ആവശ്യമുണ്ടായിരുന്നു ള്ളൂ. കൂടാതെ, അവർ ഇംഗ്ലീഷ്, അമേരിക്കൻ സിഗററുകളും പോലും വേണ്ടെന്നുപറഞ്ഞു. അവർക്ക് അവരുടെ രാജ്യത്തുണ്ടാകു ന്ന സിഗററുകളും ഇഷ്ടംപോലെ കയ്യിലുണ്ടായിരുന്നു.

ഗ്ലോറിയാ- യാത്രക്കാരുടെ ലീസ്റ്റോട്ടുകൂടി ടിക്കറ്റപരിശോധന തുടങ്ങി. ശാന്തമായ മധുരസ്വരത്തിൽ "ദയവായി നിങ്ങളുടെ ടിക്കറ്റ് എനിക്കൊന്നു കാണിച്ചുതരൂ?" എന്നു ചോദിച്ചു.

ചീനപ്രതിനിധിസംഘത്തിൽപെട്ട ലൈപെങ്ങും ഷീചായാങ്ങും അടുത്തടുത്തു് ഇരിക്കുന്നു. അടുത്തതു് ചങ്ങ്യൂപുൺ അദ്ദേഹമാണു സംഘത്തിലെ പ്രായംകൂടിയ ആൾ; ഒരിതാനുഭവങ്ങളുടെ രേഖകളം അദ്ദേഹത്തിന്റെ മുഖത്തുകാണാം. നാനാവിധ ജീവിതപ്രശ്നങ്ങളെ ജയിച്ച ഒരു ഊറ്റമുള്ള വ്യക്തിയാണദ്ദേഹം എന്നു നിശ്ചയമാണു്. അദ്ദേഹം ഹോഫെങ്ങ്കോവിനോടും സംസാരിക്കുകയായിരുന്നു. തന്റെ വിലയേറിയ അനുഭവങ്ങളെപ്പറ്റി അദ്ദേഹം സഹയാത്രികനോടു് സംസാരിക്കുകയായിരുന്നിരിക്കാം. ചീനപ്രതിനിധി സംഘാംഗങ്ങളുടെ ടിക്കറ്റുകളം ഒന്നൊന്നായി ഗ്ലോറിയാ പരിശോധിച്ചുകഴിഞ്ഞു.

ശേഷിച്ച രണ്ടു യാത്രക്കാർ യൂറോപ്യരാണു്. അവരും ജക്കാർത്തക്കുള്ളവരായിരുന്നതുകൊണ്ടു് അവർ പത്രലേഖകന്മാരായിരിക്കണം! തങ്ങളുടെ വസ്ത്രസഞ്ചികളകം ക്ക പുറമെ ഓരോ ടൈപ് റൈറ്റിങ്ങ്മെഷീനും അവരുടെ ഇരുപ്പിടത്തിനടിയിലുണ്ടായിരുന്നു പോളിഷ് പത്രലേഖകനായ സ്റ്റ്റസ്ജെറിമിയുടെ ടിക്കറ്റ് പരിശോധിച്ചശേഷം ഗ്ലോറിയാ ഡോക്ടർ ജെൻസനെ സമീപിച്ചു. ഡോക്ടർ ജെൻസൻ ഒരു പ്രസിദ്ധ ഡോക്ടർ മാത്രമല്ല, അദ്ദേഹം കീർത്തികേട്ട ഒരു സ്വദേശസ്നേഹിയും, എഴുത്തുകാരനും, കവിയും കൂടിയാണ്. ഫ്രാങ്കോവിനെതിരെ, അദ്ദേഹം ഇൻറർനാഷനൽ ബ്രിഗേഡിൽചേർന്നു യുദ്ധംചെയ്തിട്ടുണ്ട്. ചീന ജനകീയ രാഷ്ട്രത്തിന്റെ പ്രസിഡണ്ട് മോചിതോങ്ങിന്റെ പടയാളികളകം ക്ക, യുദ്ധരംഗത്തു മുറിവേറ്റവർക്ക്, വൈദ്യസഹായം ചെയ്തിട്ടുണ്ട്; ഉയർന്നവന്ന ജനകീയ ചീനസാമ്രാജ്യത്തിന്റെ ഒരു യഥാർത്ഥ ചിത്രം അദ്ദേഹം യൂറോപ്പിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ മാധുര്യത്തേയും ഐശ്വര്യത്തേയും പറ്റി പാടിയി

ട്ടുണ്ട്! അതാ ആ ബാൻറഞ്ച് സമ്മേളനം അദ്ദേഹത്തിൻറെ മുടിചൂടായ മാഹാത്മ്യമേറിയ ഒരു സംഭവമാണ്! പക്ഷെ, വിധിയുടെ നിശ്ചയം അതു കലാശിപ്പിച്ചതു മറെറാരുവിധത്തിൽ!

ചായ മുതലായ പാനീയങ്ങളും തയ്യാർചെയ്തിരുന്ന ഡിസൂസയേയും പിമെൻറയേയും സഹായിക്കാൻ ഗ്ലോറിയാ ഗാലിയിലേക്കു പോയി.

യാത്രക്കാരോട് കുശലങ്ങളും പറയുന്നതിനും അവരുടെ സുഖസൌകര്യങ്ങളെപ്പററി അനേഷിക്കുന്നതിനും—അതൊരു നിർബ്ബന്ധമായ സാധാരണ മര്യാദയാണ്—കമാൻറർ ജത്താർ ഒരുങ്ങി. അദ്ദേഹം കൺതോളുകളെ ദീക്ഷിത്തിനെ ഏല്പിച്ചു യാത്രക്കാരെ നേരിൽ കാണുന്നതിനായി പോയി.

ഗാലിയിലേക്കു കടന്നപ്പോഴും ചായയും നാരങ്ങാവെള്ളവും ശരിപ്പെടുത്തുന്നതു കണ്ട് അദ്ദേഹം ആശ്ചര്യപ്പെട്ടു. അവർ കൂടിക്കുന്നവരല്ലെ എന്ന തൻെറ ചോദ്യത്തിന് അവൾക്ക് അത്തരത്തിലുള്ള പാനീയങ്ങളും കൂടുതൽ തൃപ്തികരമാണെന്ന മറുപടിയാണ് കിട്ടിയതു്. വിപ്ലവശേഷം ഉണർന്നുവരുന്ന ഒരു രാഷ്ട്രത്തിലെ യുവാക്കളുടെ അനാഡംബരത്തിൽ കമാണ്ടക്ക് അതിശയം തോന്നി. യാത്രക്കാരെ നേരിട്ടു കാണുന്നതിനുദ്ദേഹം ക്യാബിനിലേക്കുകടന്നു. യാത്രക്കാരിൽ മിക്കവരും ദ്രുതഗതിയിൽ എന്തെല്ലാമോ നോട്ടകം കുറിക്കയായിരുന്നു. മാത്രമല്ല, മിക്കവർക്കും ഒരുപക്ഷേ, ഇംഗ്ലീഷിൽ സംസാരിക്കുന്നതിനു കഴിവുണ്ടായിരിക്കയില്ല. അതിനാൽ അവരെ തല്ക്കാലം ഉപദ്രവിക്കേണ്ടെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. പലരും തങ്ങളുടെ ശ്രദ്ധക്കു തല്ക്കാലവിരാമം കൊടുത്തു കടന്നുപോകുന്ന അദ്ദേഹത്തെ നോക്കി പുഞ്ചിരീതൂകി. അദ്ദേഹവും തൻെറ സഹജമായ പ്രസന്നമായ സന്തോഷം മുഖത്തു പ്രകടിപ്പിച്ചു.

കോക്ക് പിറകിലേക്കു മടങ്ങിവരുന്ന ലൂഞ്ചിൽക്യാപ്റ്റൻ എന്നെ അശ്രദ്ധനായിട്ടാണ് നോക്കിയതു്. അദ്ദേഹം വരുമ്പോഴും

ഉറക്കംതുങ്ങുന്നതു് ശരിയല്ലെന്നോർത്തു ഞാൻ കഴിയുന്നതു ശ്രദ്ധയോടെ ഹാജർമുറുക്കി നിന്നു. അദ്ദേഹം എന്റെ ചുമലിൽ കൈവച്ചു പറഞ്ഞു: "നിനക്കു കുറച്ചു ഉറക്കം അത്യാവശ്യമാണെന്നു് എനിക്കറിയാം. നീ ഇപ്പോൾ ഉണർന്നിരിക്കേണ്ട ആവശ്യമില്ല." വാത്സല്യത്തോടുകൂടിയ ഈ അഭിപ്രായത്തിനു മറുപടി പറയാൻ ഞാൻ അശക്തനായിരുന്നു. ഞാൻ വീണ്ടും തടസ്ഥംകൂടാതെ ഉറക്കംതുടങ്ങി. ജഡ്ജാർ കോക്ക്പിറ്റിലേക്കു തുടർന്നുനടന്നു. നാവികൻ പത്രാക്കു് വാച്ചുനോക്കിക്കൊണ്ടിരുന്ന ക്യാപ്റ്റൻ ജഡ്ജാറിന്റെ മുമ്പിലുള്ള ചാർട്ടിലേക്കുശ്രദ്ധ പതിഞ്ഞു. "നാം ഇപ്പോൾ എവിടെയാണു്" എന്നദ്ദേഹം പത്രാക്കിനോടു ചോദിച്ചു. ചാർട്ടിന്മേൽ എന്റെപെൻസിൽ ചൂണ്ടിവെച്ചുകൊണ്ടു "പരാസെൽ ദ്വീപുകൂട്ടം കടന്നു, ബോംബെ റീഫിനകലെയാണെ"ന്നു മറുപടി നൽകി. "ഭൂമിയുടെഈഭാഗത്തു ബോംബെറീഫോ?" എന്നാശ്ചര്യത്തോടുകൂടി പറഞ്ഞു! ഒരു ചിന സമുദ്രത്തിലെ ഒരു ചെറു റീഫിനു് ഇന്ത്യയിലെ ഏറ്റവും മുഖ്യമായ പട്ടണങ്ങളിലൊന്നിന്റെ പേർ വന്ന തെങ്ങിനെയെന്നു് ഇരുവരും ആശ്ചര്യപ്പെട്ടു. ജഡ്ജാർ തന്റെ ഇരുപ്പടത്തിലായപ്പോൾ ദീക്ഷിത്തിനോടു് ആ റീഫിന്റെ പേരിനെപ്പറ്റി പറഞ്ഞു; മാത്രമല്ല വേണമെങ്കിൽ തനിക്കത്യാവശ്യമായ കുറച്ചു വിശ്രമം എടുത്തുകൊള്ളുന്നതിനു് അനുവദിച്ചു.

അവർ സ്വല്പനേരം മൌനമായിരുന്നു. അനന്തരം ദീക്ഷിത്തു് ജഡ്ജാറിനെ നോക്കിയപ്പോൾ അദ്ദേഹത്തെ എന്തോ മാനസികമായലട്ടുന്നുണ്ടെന്നു മനസ്സിലാക്കി. അവർ വളരെക്കാലത്തെ സ്നേഹിതന്മാരാണു്. ആത്മാർത്ഥതയോടുകൂടി കഴിഞ്ഞുവരുന്ന രണ്ടു സഹോദരങ്ങളെപോലെയായിരുന്നു അവർ. അതുകൊണ്ടു് തങ്ങളുടെ സ്ഥാനവലിപ്പങ്ങളെ വകവെക്കാതെ സ്നേഹത്തോടുകൂടി ചോദ്യോത്തരം തുടങ്ങി:

"ക്യാപ്റ്റൻ നിങ്ങളെയെന്തോ അലട്ടുന്നപോലുണ്ടല്ലോ?"

"ഹാ, അതു കിഴക്കൻപ്രദേശത്തേക്കു് എന്നെ മാറ്റാൻ പോകുന്ന കാര്യമാണു്."

"യൂറോപ്യൻകാലാവസ്ഥ മാതിരിയല്ലല്ലൊ അവിടെ."

"എന്തുചെയ്യാം, നാം തീരുമാനിച്ചാൽ പോരെല്ലൊ. എങ്കിലും മാറ്റം വർഷക്കാലത്തിലേക്കു നീട്ടിക്കാം."

"അപ്പോഴും അതു സുഖമായിരിക്കുമല്ലൊ." "ഒരുവഴിക്കു നോക്കുമ്പോൾ; തീർത്തുമല്ല." "എനിക്കു മനസ്സിലാകുന്നില്ല."

"ഡിക്കീ; നിനക്കറിഞ്ഞുകൂടേ? എന്റെ ഉറ്റ സ്നേഹിതന്മാരിൽനിന്നും മാറി അകലേക്കു പോകയല്ലേ?..... നിനക്കുകൂടി കിഴക്കോട്ട് എന്റെകൂടെ മാറി വന്നുകൂടെ?"..... നീ കൂടിയുണ്ടെങ്കിൽ എല്ലാം വളരെ തൃപ്തിയായി." "എന്റെ കുടുംബചുമതലകളും നിനക്കറിയാമെല്ലൊ. എനിക്ക് നിന്റെകൂടെചേർന്നു വരുവാൻ സാധിക്കുമെന്നു തോന്നുന്നില്ല." "ദയവുചെയ്ത് എനിക്കു വേണ്ടിനീ അതിനെപ്പറ്റി കുറച്ചൊന്നാലോചിക്കുമോ?"

"മടങ്ങിച്ചെന്നശേഷം അതെപ്പറ്റി ആലോചിക്കാം. നിന്റെകൂടെ പ്രവർത്തിചെയ്യുന്നകാര്യം ഒരു പ്രത്യേക സൌകര്യമായിത്തന്നെ ഞാൻ കണക്കാക്കുന്നു!"

അടിക്കടി വിമാനത്തെപ്പറ്റി വിവരം കൊടുത്തതിനെ അറിയിക്കേണ്ട നിയമമനുസരിച്ച പത്രാക്ക് കോക്ക്പിറ്റിൽകടന്നുവന്ന ക്യാപ്റ്റനുപുതിയവഴി (Course Card) കാർഡ കൊടുത്തുകൊണ്ടിരുന്നു. "നാം 19 നിമിഷങ്ങൾക്കുള്ളിൽ നാത്തുണദ്വീപുകളുടെ മേലെ പറക്കുകയായിരിക്കും" എന്നു പറഞ്ഞു. ജത്താർ ആ കാർഡ് ക്യാപ്റ്റൻ ദീക്ഷിത്തിനെ ഏല്പിച്ചു. വിമാനത്തിന്റെ സ്ഥിതിവിവരം പതിനഞ്ചു നിമിഷത്തിനകം റേഡിയോവഴി അയക്കേണ്ടതാണെന്നദ്ദേഹത്തിനറിയാമായിരുന്നു.

107,000 പൌണ്ട് ഘനമുള്ള പ്ലേനിനെ തൻറവിരൽത്തുമ്പുകളെക്കൊണ്ട് ദീക്ഷിത്ത് യാന്ത്രികമായി നിയന്ത്രിച്ചിരുന്നപ്പോൾ ജത്താർ തന്റെ ആദ്യപരിശീലനകാലത്തെപ്പറ്റി ചിന്തിക്കയായിരുന്നിരിക്കണം. ഒരു വൈമാനികനാകണമെന്ന ഉദ്ദേശം താൻ

തന്റെ കുടുംബത്തിൽ ആദ്യമായി പ്രകടിപ്പിച്ചപ്പോളുണ്ടായ ചൂട പിടിച്ച വാദപ്രതിവാദങ്ങളും അദ്ദേഹം വീണ്ടും ഓർക്കുകയായിരിക്കാം. അതിലുള്ള അപായങ്ങളെപ്പറ്റി തനിക്കു നല്ലപോലെ അറിയാമായിരുന്നു. അവയെപ്പറ്റി പറഞ്ഞു മാതാപിതാക്കന്മാർ തന്നെ എതിർത്തപ്പോഴും അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "ഒരു രോഗശയ്യയിൽ കിടന്നു മരിക്കുന്നതിൽ കൂടുതലായി—മരണം എവർക്കും ഒഴിയാൻ നിവൃത്തിയില്ലല്ലോ!—ഞാൻ ഒരു പ്ലേനിൽവച്ചു മരിക്കാനാണിഷ്ടപ്പെടുന്നതു്." അദ്ദേഹത്തിന്റെ മാതാപിതാക്കളും അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിനു വഴിപ്പെടേണ്ടിതന്നെ വന്നു. തന്റെ ആദ്യമായ ഒറ്റക്കുള്ള (Solo) പറക്കൽ ഓമ്മയിൽ വന്നു. ഗുരുനാഥൻ അദ്ദേഹത്തെ ചുമലിൽ മെല്ലെ തട്ടി പറഞ്ഞതാണു്: "എന്റെ കുട്ടി! മറവുള്ളവർക്കു നടത്തം മാതിരിയാണു് നിനക്കു പറക്കൽ!" തുടക്കംമുതല്ക്കുതന്നെ അദ്ദേഹത്തിനു ഭാവി ഉത്തരവാദിത്വങ്ങളുടെ ബോദ്ധ്യമുണ്ടായിരുന്നു. ആ തുടക്കവും, ഇരുപതു കൊല്ലങ്ങളും കഴിഞ്ഞിട്ടുള്ള ഇപ്പോഴത്തെ യാത്രയും—അതു ചുരുങ്ങിയ സമയമായി തോന്നി. ഈ ഇരുപതു കൊല്ലങ്ങൾക്കിടയിൽ ഇന്ത്യയുടെ കൊടി പല വിദേശരാജ്യങ്ങളിലേക്കും അദ്ദേഹം എത്തിച്ചു പറപ്പിച്ചിട്ടുണ്ടു്; ഉത്തരവാദിത്വത്തോടുകൂടി ശ്രീ: നെഹറു ഉൾപ്പടെ എത്രയോ ബഹുമാന്യരെ ആപത്തൊന്നും കൂടാതെ അങ്ങുമിങ്ങും കടത്തിയിട്ടുണ്ടു്.

താൻ കടന്നുപോയിട്ടുള്ള പല ആപൽസന്ധികളും അദ്ദേഹം ഓർത്തു. അയാം പഠിക്കുന്നകാലത്തു് പറക്കൽ ചെകുത്താന്റെ കളിയായിട്ടാണു് ജനങ്ങൾ കണക്കാക്കിയിരുന്നതു്. ക്രമപ്രവൃദ്ധമായ ശാസ്ത്രീയ മുന്നേറ്റത്തോടുകൂടി പറക്കലിൽ ആപത്തുകൾ കുറഞ്ഞു, കുറഞ്ഞു, ഇല്ലെന്നുതന്നെയായി. ആൽപ്സ് പർവ്വതത്തിൽ വീണുമറിഞ്ഞ "മലബാർരാജകുമാരി"യെപ്പറ്റി അദ്ദേഹമോർത്തു. തന്റെ സ്നേഹിതന്മാരായിരുന്ന ക്യാപ്റ്റൻ സേയിൻസും കൂട്ടുപൈലറ്റ് കാർഗോങ്കറും ആണു് അതിൽ പറന്നിരുന്നതു്. "മലബാർരാജകുമാരി"യെ കാണാതായപ്പോൾ അന്വേ

ഷിച്ചുപോയവരിൽ ജത്താറുണ്ടായിരുന്നു. കാറിന്റെയും മ
ഞ്ഞിന്റെയും കട്ടത്ത ശല്യങ്ങളെ തീരെ അവഗണിച്ച്, മറ
പ്പേനകം മടങ്ങിയെങ്കിലും, വല്ലവരും രക്ഷപ്പാപിച്ചവരുണ്ടെ
ങ്കിൽ കണ്ടുപിടിക്കണമെന്ന നിർബ്ബന്ധബുദ്ധിയോടുകൂടി വിടാ
തെ പരിശ്രമിച്ച് ഒടുവിൽ വിമാനത്തിന്റെ അവശിഷ്ടങ്ങം
മൌണ്ട് ബ്ളാങ്കിനുസമീപം കിടക്കുന്ന സങ്കടകരമായ ആ കാഴ്ച
അദ്ദേഹമാണ് കണ്ടതും റിപ്പോർട്ടുചെയ്തതും. യാത്രക്കാരൊ, നാ
വികരോ രക്ഷപ്രാപിച്ചിരിക്കാമെന്ന ആശക്കുതന്നെ അവകാശമി
ല്ലായിരുന്നു. തന്റെ സ്നേഹിതനായിരുന്ന ക്യാപ്റ്റൻ സേയി
ന്റിന്റെ ജീവനഷ്ടത്തിനുപുറമെ കാർഗോകൂടെ നഷ്ടം ഇന്ത്യക്ക
ആകെ ആശപ്രദായിനിയായ ഒരു പൈലറ്റിന്റെ നഷ്ടമാണെന്ന
ദ്ദേഹം വിചാരിച്ചു.....

ദീക്ഷിത്ത് കൺട്രോളകംക്കരികെയിരുന്നുകൊണ്ട് റേ
ഡിയോവിൽ ഏതോ സ്റ്റേഷനോട് സംസാരിച്ചു. ജത്താർ തന്റെ
ആത്മഗതത്തിൽനിന്നുണർന്നു, അതാരോടാണ് സംസാരിച്ചതെന്നു
ചോദിച്ചു.

"സിങ്കപ്പൂർ"—എന്നു ദീക്ഷിത്ത് "അവർ നമ്മുടെ പു
രോഗതിസൂക്ഷിക്കയാണു്. അവക്കുയതിനെപ്പറ്റി ആലോചി
ക്കേണ്ടതില്ലങ്കിലും നമ്മുടെകൂടെ മാന്യ അതിപ്രധാനവ്യക്തികളുള്ള
തിനാലായിരിക്കാം".

ജത്താർ യന്ത്രസാമഗ്രികളും സൂക്ഷിച്ചുനോക്കിക്കൊണ്ടിരു
ന്ന ഡികഞ്ഞയോട് പ്ലേനിൽ എത്ര എണ്ണ ശേഷിപ്പുണ്ടെന്നു
ചോദിച്ചു. "നാലരമണിക്കൂറിൽ വറകുകളാകും, ക്യാപ്റ്റൻ".
മറുപടികേട്ട് ജത്താർ പ്രസന്നവദനനായി. ജക്കാത്തക്കു രണ്ടര മ
ണിക്കൂർകൂടി യാത്രചെയ്താൽ മതി. രണ്ടുമണിക്കൂറിനുള്ള എണ്ണ
ബാക്കിയുണ്ടല്ലൊ! എല്ലാം ഉദ്ദേശിച്ചപോലെ, കൃത്യത്തോടും യാ
തൊരസുഖങ്ങളും കൂടാതേയും നടക്കുകയാണ്.

ക്യാപ്റ്റൻ ദീക്ഷിത്ത് മൈക്രോഫോൺ തൊട്ടു; സമാ
ധാനത്തോടുകൂടിയ തന്റെ ശബ്ദത്തിൽ സിങ്കപ്പൂർ കൺട്രോൾ

വരിനെ വിളിച്ചു. "കാഷ്മീർ രാജകുമാരി—108° കിഴക്ക് ലോഞ്ചി റ്റ്യൂഡ് 40° വടക്ക് ലാററിറ്റ്യൂഡ് 18000 അടി ഉയരത്തിൽ എ യർ സ്പീഡ്—185 നോട്ടകലം (ഉദ്ദേശം 280 മൈൽ)—ജക്കാത്ത യിൽ എത്തുന്ന ഉദ്ദേശസമയം 11.25 G. M. T."

ജക്കാത്തയെ നേരിട്ടുവിളിക്കുന്നതിനു ദൂരസ്ഥിതിനിമി ത്തം നിവൃത്തിയില്ലാഞ്ഞതിനാൽ ജത്താർ ടീക്ഷിത്തിനോട് സിങ്ക പ്പൂർ വിളിച്ചറിയിക്കാൻ പറഞ്ഞതാണ്. രാത്രിയിൽ ജക്കാത്ത യിൽ വിമാനം ഇറങ്ങുന്നതിനുവേണ്ട സൌകര്യങ്ങളും വിമാനതാവ ളത്തിൽ തയ്യാറാക്കുന്നതിനായിരുന്നു സിങ്കപ്പൂക്ക് വിളിച്ച് വിവ രങ്ങളറിയിച്ചതു്. ജക്കാത്തയെ വിളിച്ചു ഞങ്ങളുടെ സന്ദേശമ റിയിച്ചിട്ടുണ്ടെന്നു സിങ്കപ്പൂർ കുറച്ചുനേരം കഴിഞ്ഞു ഞങ്ങൾക്കറിവു രുന്നു. അതുവരെ ബാങ്കോക്ക്, സിങ്കപ്പൂർ ഇവിടങ്ങളെമാത്രമെ ഞങ്ങൾക്ക് വിളിച്ചാൽ കിട്ടിയിരുന്നുള്ളൂ. ജക്കാത്തക്കുവിളിക്കാ മെന്നായപ്പോൾ ടീക്ഷിത്ത് റേഡിയോ ജക്കാത്തക്കു തിരിച്ചുവച്ചു.

ജക്കാത്ത റേഡിയോ ഓപ്പറേററുടെ ശബ്ദം ഉച്ചത്തിലും വ്യക്തമായും കേൾക്കായി — ആയാൾക്കു വിമാനത്തിൽ ചൌ എൻലായ് ഉണ്ടൊ എന്നറിയണം! അദ്ദേഹം (ചൈനാ പ്രധാന മ ന്ത്രി)അതിലില്ലെന്നു് എനിക്ക് അറിയാമായിരുന്നെങ്കിലും കമാൻറ റുടെ അനുവാദംവാങ്ങി "ഇല്ലെ"ന്നു മറുപടികൊടുത്തു.

ജത്താർ ബാക്കി എണ്ണ എത്രയുണ്ടെന്നു പരിശോധിക്കു ന്നു; ടീക്ഷിത്തു് പ്ലേനിൻെറ സ്ഥിതിയെപ്പററി റിപ്പോർട്ട് ചെയ്തു കഴിഞ്ഞതേയുള്ളൂ; ഗ്ലോറിയബെറി, ഡിസൂസ, പിമെൻറ ഇവർ വൈകുന്നേരത്തെ ചായ യാത്രക്കാക്ക കൊടുത്തുകഴിഞ്ഞു ചായ കോപ്പകളും മടക്കി കൊണ്ടുപോകുന്നു. ചായകുടി കഴിഞ്ഞു യാത്ര ക്കാർ ആശ്വസിക്കയാണു്; ചിലർതമ്മിൽ സംഭാഷണംചെയ്യുന്നു മറെറചിലർമാസികകളും വാത്താപത്രങ്ങളും വായിക്കുന്നു. ഇംഗ്ലീഷ് അറിയാമായിരുന്ന ഒരു യാത്രക്കാരൽ ഡിസൂസയോട് ചോദിക്കു യാണു്: "നാം എത്രമണിക്ക് ജക്കാത്തയിലെത്തും?" ഏറെറവും

സാധാരണയായ ഒരു ചോദ്യമാണ് യാത്രയിൽ ഇതു്. ''ലോക്കൽ മണി 7-30നു്.'' എന്നു നിഷ്പ്രയാസം തന്റെ വാച്ചുനോക്കി ഡിസൂസ മറുപടികൊടുത്തു.

സമയം ക്ലോക്കുപ്രകാരം 09 24. G. M. T., സെക്കൻഡു് സൂചിപ്പിക്കുന്ന സൂചി 25—ാം നിമിഷത്തിലേക്കു മാറിക്കൊണ്ടിരിക്കുന്നു.

തത്സമയം പ്ലേനിലുള്ളവരുടെ ആലോചനകളും നാനാറിയ പ്രദേശങ്ങളിലാണു്. ഏഷ്യൻ ജനതയുടെ ഐക്യത്തെപ്പറ്റി യാത്രക്കാർ ചിന്തിക്കുന്നു. ജഗ്താർ തന്റെ അടുത്തുള്ള ജനലിൽക്കൂടി തല പുറത്തോട്ടിട്ടു് മേൽഭാഗത്തെ നീലമായ ആകാശവും കീഴെ ശാന്തമായിരുന്ന നീലകടലും കാണുകയാണു്. ''സ്നേഹിതന്മാർ ചുറ്റുമുണ്ടെങ്കിൽ എവിടെതന്നെ മാറിയാലും സുഖമാണു്'' എന്നാലോചിച്ചു് ഞാൻ ദീക്ഷിത്തിനെ ഒന്നുനോക്കി. ''ഏതായാലും താൻ അതേമാതിരി ഒരു മാറ്റത്തിൽ തന്റെ സ്നേഹിതന്റെ കൂടെ ചേരണം'', എന്നാണു് ദീക്ഷിത്തിന്റെ വിചാരം. തന്റെ ഭാര്യയേയും കുട്ടികളേയും പറ്റി അദ്ദേഹം ഓർമ്മിച്ചു. മൂത്തപുത്രൻ ഭരത് ആണു്. അവന്റെ വിദ്യാഭ്യാസം തനിക്കു് ഒരു പ്രശ്നമായിവരുന്നു. എങ്ങോട്ടു് മാറിപോയാലും അവന്റെ വിദ്യാഭ്യാസത്തിനു് മുടക്കംവരരുതു്. അവനെ പ്രസിദ്ധയുള്ള ഒരു പബ്ലിക്കു് സ്കൂളിൽ ചേർത്തു ഞാൻ പഠിപ്പിക്കും''. ഡിക്കുഞ്ഞ ഈസ്റ്റർ പെരുന്നാളിനു ഭാര്യയും അമ്മക്കും താനയച്ച സന്ദേശങ്ങളെപറ്റി ആലോചിക്കയാണു്. അതേസമയത്തു് ഡിസൂസ താനില്ലാതെ ഈസ്റ്ററാഘോഷിക്കുന്ന തന്റെ ഭാര്യയെപ്പറ്റിയും! പിമെന്റെ വിദൂരമായ ഗോവായിൽ തന്റെ അമ്മയെപ്പറ്റി ചിന്തിക്കുന്നു! ഗ്ലോറിയാ തന്റെ കാമുകനെക്കുറിച്ചു ചിന്താമഗ്നയായി, തന്റെ കയ്യിൽ കെട്ടിയിട്ടുള്ള ചെറിയ വാച്ചിൽ നോക്കി ഒന്നു പുഞ്ചിരിച്ചു!

അപ്പോഴാണു!!—അതു സംഭവിച്ചതു്!! ''ഢിഡ്ഡ്''എന്നൊരു പൊട്ടിത്തെറി ശബ്ദം! എല്ലാവരും അതു കേട്ടു; അതെന്തെന്നാശ്ചര്യപ്പെട്ടു. പൊട്ടിത്തെറി ശബ്ദംകേട്ടു് ഞാനുണർന്നു!

ജീവിക്കാൻ പത്തു മിനിട്ടുമാത്രം.

എന്തുസംഭവിച്ചെന്നറിയാതെ ഞാൻ ചാടി എഴുന്നേറ്റു. 'രാജകുമാരി'യിലുണ്ടായിരുന്ന എല്ലാവരും ആ പൊട്ടിത്തെറിശബ്ദം എവിടെനിന്നുണ്ടായെന്നറിയാതെ അമ്പരന്നുപോയി. വിമാനത്തിന്റെ ഗാലിഭാഗം വൃത്തിയാക്കിക്കൊണ്ടിരുന്ന ബെറി, പി മെൻറാ, ഡിസൂസ ഇവർ ആശ്ചര്യത്തോടെ മുഖത്തോടുമുഖംനോക്കി നിന്നു! ജന്താവും ദീക്ഷിത്തും നിമിഷനേരം മുഖത്തോടുമുഖം നോക്കിനിന്നശേഷം ജന്താർ പത്താക്കിനോട് ആ ശബ്ദം എന്തായിരുന്നു എന്നാരാഞ്ഞു. റിപ്പോർട്ടുചെയ്യാനാവശ്യപ്പെട്ടു. മിന്നലെന്നോണം പെട്ടെന്നു ഹോങ്കോങ്കിൽ വെച്ചു പ്ലേൻ നശിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നുകേട്ട ഊഹാപോഹങ്ങൾ അവരുടെ ഓർമ്മയിൽ വന്നു! അതുകേട്ടസമയം അതത്ര ഗൌരവതരമായി അവർ കണക്കാക്കിയില്ലല്ലൊ!

നിമിഷനേരം മുമ്പുണ്ടായിരുന്ന ആഹ്ലാദവും സംഭാഷണങ്ങളും പെട്ടെന്നുനിന്നു. ആപൽസൂചകായ ഗൌരവവും ഭയവും യാത്രക്കാരുടെ മുഖങ്ങളിൽ അങ്കുരിച്ചു; നിശ്ശബ്ദമായി. പകുതി ഉറക്കത്തോടെ ഞാൻ നിശ്ചേഷ്ടനായി എന്താണിതെവിടെയാണീ ശബ്ദമെന്നതിശയിച്ചു വഴിയിൽതന്നെ നിന്നുപോയി! ഇതൊരു സ്വപ്നത്തിൽ കേട്ട ശബ്ദമൊ എന്നു ഞാൻ ശങ്കിക്കാതിരുന്നില്ല!

എന്റെ പിന്നിൽ ആരോ നില്ക്കുന്നുണ്ടെന്നു എനിക്കുതോന്നി; ഞാൻ തിരിഞ്ഞുനോക്കി, ചീന പ്രതിനിധിസംഘത്തിലെ ഒരംഗം അവിടെ നിശ്ചേഷ്ടനും നിശ്ചലനുമായി എന്റെ നേരെ ഉറ്റുനോക്കിനില്ക്കുന്നു! എന്തൊ അപകടമുണ്ടെന്നു അപ്പോഴാണ് എനിക്കോടിയതു. ഇംഗ്ലീഷറിയാത്ത അദ്ദേഹത്തോട് ഈ ശബ്ദത്തെപ്പറ്റി ചോദിച്ചിട്ടു പ്രയോജനമൊന്നുമില്ല; അതുമല്ല, അയാളും പകച്ചുപോയിരുന്നു! കായ്ക്കുംക്ഷ താമസം നേരിടാൻപാടില്ല. ഒരു പൊട്ടിത്തെറിയുണ്ടായിട്ടുണ്ടെങ്കിൽ അടിയന്തിരനടപടികളും അത്യാവശ്യമാണ്. മറ്റു പ്രവൃത്തിക്കാരോടുനേഷിക്കാ

മെന്നു ഞാൻ കരുതി. അല്ല—ദൈവമെ—ഇനി ആരോടും അ
നേഷിക്കേണ്ടതില്ല! വായുപോരങ്ങളിലൂടെ ക്യാബിനിലേക്കു
വെളുത്ത പുക തള്ളിക്കയറി തുടങ്ങി! പൊട്ടിത്തെറി ഒരു യഥാ
ത്ഥ പൊട്ടിത്തെറിക്കൽ തന്നെയായിരുന്നു. ഹോങ്കോങ്ങിൽ വെ
ച്ച് ആ ഉദ്യോഗസ്ഥൻ എന്നോട് സൂക്ഷിക്കണമെന്നു മുന്നറിവു
തന്നതെന്റെ ഓർമ്മയിലോടി. ആരോ പ്ലേനിൽ ഒരു നിശ്ചിത
സമയത്തു പൊട്ടിത്തെറിക്കപ്പെടാവുന്ന (Time Bomb) ബോം
ബു് നിക്ഷേപിച്ചിട്ടുണ്ടായിരുന്നു; അതു പൊട്ടുകയും ചെയ്തു. ശ
ബ്ദം പിന്നിലുള്ള സാമാനമുറിയിലായിരിക്കാമെന്നാണെനിക്കാദ്യം
തോന്നിയതു്. നോട്ടക്കുഴലുകളിൽകൂടെ പരിശോധിച്ചുനോക്കിയാൽ
വെച്ചാൽ സാദ്ധ്യമല്ലാതായി. താമസം ആപൽനിബിഡമായിരു
ന്നു! യാത്രക്കാരെല്ലാം സാമാനമുറയുടെ മുകൾഭാഗത്തു നിശ്ചല
രായി ഇരിക്കയാണു്. അതിനുള്ളിലേക്കു തീ ബാധിക്കയാണെ
ങ്കിൽ തീ അമത്താൻ നിവൃത്തിയില്ലാതാവുമെന്നു മാത്രമല്ല, യാത്ര
ക്കാർ ജീവരക്ഷാശ്രമത്തിൽ ഭയവിഹ്വലരായി ഓട്ടം തുടങ്ങുകയും
ചെയ്യും. ആപത്തിൽ അത്തരം നിയന്ത്രണമില്ലാത്ത ഓട്ടം നാശ
ത്തിനു കാരണവുമാവും!

മിന്നൽവേഗത്തിൽ ഞാൻ ജഗ്ഗാറിന്റെ അടുക്കലേക്കു ഓടി
സാമാനമുറിയിൽ ഒരുപക്ഷെ അഗ്നി ബാധിച്ചിട്ടുണ്ടെന്നറിയിച്ചു.
തന്റെ സഹജമായ ശാന്തവും സുദൃഢവുമായ രീതിയിൽ വേണ്ട
അടിയന്തരനടപടികളും നടത്തി പിന്നിലുള്ള സാമാനമുറിയിലെ
തീ അടിച്ചമർത്തുന്നതിനു് അദ്ദേഹം ഡിക്കഞ്ഞയോടു് ആജ്ഞാപി
ച്ചു.

അഗ്നിയമർത്തലിനു് അത്യാവശ്യമായ പ്രവർത്തികളിൽ ഞാ
നും കഴിയുന്നതു ഡിക്കഞ്ഞയെ സഹായിച്ചു. കാർബൺ ഡയാ
ക്സൈഡ് പിൻ സാമാനമുറിയിലേക്കു് അടിച്ചുകയറ്റി. അയാളും
ജഗ്ഗാറോടു തന്റെപ്രവൃത്തിചെയ്തു് അവസാനിച്ചതായിറിപ്പോർട്ടു്
ചെയ്തു.

ഉടനെ പത്താക്ക് ഓടിവന്ന് വലംചിറകിന് തീ പിടിച്ചിട്ടുണ്ടെന്നു റിപ്പോർട്ടുചെയ്തു. ഇതു കേട്ടതോടെ ഞാൻ ക്യാബിനിലേക്കു തിരിഞ്ഞോടി; അഗ്നിബാധയെത്രത്തോളം ഗൌരവതരമാണെന്നറിയാനാണ്. തീ എവിടെയാണെന്നു തീച്ചയായറിയണം! ഉള്ളിലുള്ള പെട്രോടാങ്കിന്റെ അടുത്തു പിന്നിലായാണു അഗ്നി! അതു് അതിവേഗം വ്യാപിച്ചും വരുന്നുണ്ടു്. ജത്താറിനെ ഞാൻ അഗ്നിയെപ്പറ്റിയുള്ള വിവരങ്ങളെല്ലാം അറിയിച്ചു. "ക്യാപ്റ്റൻ, പ്ലേൻ ഉടനെ കടലിലേക്കു താമസംകൂടാതെ ഇറക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല" എന്നു ഞാനഭിപ്രായപ്പെട്ടു. പ്ലേനിന്റെ ഹൈഡ്രോളിക്കു പ്രവർത്തനങ്ങളും സ്തംഭിച്ചുപോയെന്നു ഡികൂഞ്ഞ ജത്താറിനെ അറിയിച്ചു.

എന്നിൽനിന്നും സംഗതികളെല്ലാം ഗ്രഹിച്ചുകഴിഞ്ഞിരുന്ന ക്യാപ്റ്റൻ ദീക്ഷിത്തു് "അവർ നമ്മളെ മുടിച്ചു" എന്നു വ്യാജനശീകരണ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി പറഞ്ഞു. അപായത്തിന്റെ അടയാളവാക്കുകൾ റേഡിയോവഴി അയക്കാൻ അദ്ദേഹം ജത്താറിനോടു് അനുവാദം ചോദിച്ചു.

"നിമിഷനേരം നില്ലൂട്ടെ! നീ കൺട്രോളുകളെ സൂക്ഷിക്കുക; ഞാൻ പോയി അഗ്നിയെത്രത്തോളമുണ്ടെറിഞ്ഞുവരട്ടെ! അതോടുകൂടി പ്ലേനിനെ ചെകുത്തായൊന്നിറക്കി വിട്ടോടിക്കുക!"

ദീക്ഷിത്തു വിമാനത്തെ കീഴോട്ടിറക്കിയോടിച്ചു. ജത്താർ അഗ്നിയെപ്പറ്റി അന്വേഷിക്കാനും എഴുന്നേറ്റു പോയി. വേഗത്തിൽ ജത്താർ മടങ്ങി; ദീക്ഷിത്തിനോടു് അപായ അറിയിപ്പുകൾ കൊടുക്കാൻ പറഞ്ഞു.

ഒരു ടൈംബോംബു് പൊട്ടിത്തെറിച്ചു് ഒരു പെട്രോൾ ടാങ്കു് ഓട്ടപ്പെട്ടെന്നു് ഒറ്റനോട്ടത്തിലദ്ദേഹത്തിനു മനസ്സിലായി. തീ അതിവേഗം പടർന്നു പിടിക്കയാണു്. രക്ഷ പ്രാപിക്കാനുള്ളവഴികളും തുലോം കുറവാണു്! കഴിയുന്നതു വേഗത്തിൽ പ്ലേനി

നെ വെള്ളത്തിലിറക്കണം! അതിശയകരമായ സ്വസ്ഥതയോടും സമാധാനത്തോടുംകൂടി താൻതന്നെ കൺട്രോളുകൾ തിരിച്ചെടുത്തു; ക്രമാതീതമായ ധീരത അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടു.

ദീക്ഷിത്തു് മൈക്രോഫോൺ കയ്യിലെടുത്തു; സമാധാനപരമായ ശബ്ദത്തിൽ അപായ അറിയിപ്പു വിളിച്ചുപറയാൻ തുടങ്ങി, "മേഡേ, മേഡേ, മേഡേ;".....നശീകരണപ്രവർത്തനം മൂലമാണു് നാശം സംഭവിച്ചതെന്നു സിഗ്നൽ കൊടുക്കേണമൊ എന്നദ്ദേഹം ജഗ്ഗാറിനോടുചോദിച്ചു. മറുപടിയായി ജഗ്ഗാർ പ്ലേനെ നിയന്ത്രിക്കുന്നതിനു ദീക്ഷിത്തിനോടാവശ്യപ്പെട്ടു. ദീക്ഷിത്തു തന്റെ സർവ്വശക്തികളും വിവേകവും ഉപയോഗിച്ചു് പ്ലേനിനെ നിലവിടാതെ വെള്ളത്തിൽ ഇറക്കുന്നതിനു ജഗ്ഗാറിനെ എല്ലാവിധത്തിലും ബുദ്ധിമുട്ടിസഹായിച്ചു. റേഡിയോ മെസ്സേജുകളുടെ വിഫലത തനിക്കു ബോദ്ധ്യപ്പെട്ടു.

ഞാൻ എന്റെ സ്ഥാനത്തേക്കു മടങ്ങി. അഗ്നിബാധയുണ്ടായ സ്ഥലം യാതൊരുതരത്തിലും ചെന്നു് അമർത്താൻ നിവൃത്തിയില്ലാത്ത സ്ഥാനമായിരുന്നു. നിശ്ചയമായും തീ വ്യാപിച്ച പ്ലേനിന്റെ നാനാഭാഗങ്ങളിലേക്കും കടക്കും; പ്ലേനിലെ യാത്രക്കാരേയും ജോലിക്കാരേയും വേദനയേറിയ വെന്തുള്ള മരണത്തിനിടയാക്കുകയുംചെയ്യും!

തീ അമർത്തുന്നതിനൊ കുറക്കുന്നതിനൊ യാതൊരു മാർഗ്ഗവുമില്ല, ഭൂമിയിലിറക്കാനാണെങ്കിൽ അടുത്തെങ്ങും ഭൂമിയില്ല; ഏറ്റവും അടുത്തസ്ഥലം —സിങ്കപ്പൂർ— 350 നാഴികയകലെയാണു്. ഇവയെല്ലാം ആലോചിച്ചപ്പോൾ രക്ഷക്കൊറാമാർഗ്ഗമെ ശേഷിച്ചിട്ടുള്ളൂ; പ്ലേനിനെ കഴിയുന്നത്ര വേഗത്തിൽ വെള്ളത്തിലിറക്കുക. ജഗ്ഗാർ ധീരതയോടെ ആ തീരുമാനമെടുത്തു.

വിമാനം വെള്ളത്തിലിറക്കുന്നതോടുകൂടി ലൈഫ്ബെൽട്ടു് കെട്ടേണ്ടതു് അനിവാര്യമാണു്. ഡിസൂസയും പീമെൻറയും യാത്രക്കാർക്കു ജീവരക്ഷാബെൽട്ടുകൾ കൊടുക്കുന്നതിനുള്ള ഉത്തരവും

കാത്തു നില്ക്കയായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ഞാൻ ക്യാ
ബിൻവാതിൽ തുറന്നുനോക്കിയപ്പോൾ കണ്ടകാഴ്ച എന്നെ ആശ്ച
ര്യപ്പെടുത്തി. ഇതുവരെ എനിക്കു യാത്രക്കാരെ ഒരുനോക്കു കാണു
വാൻ സമയമുണ്ടായിരുന്നില്ല. എല്ലാവരും നിശ്ശബ്ദരായി അ
വരവരുടെ സ്ഥാനങ്ങളിൽ ഇരിക്കുന്നു! ഓരോരുത്തർക്കും ജീവരക്ഷാ
ഉപകരണമുണ്ട്. കപ്പിത്താന്റെ ഉത്തരവെന്നുള്ള സാധാരണ നട
പടിക്രമം വിട്ടു, അതിനുവേണ്ടി കാത്തുനില്ക്കാതെ, ഈ നടപടി
ക്രമം സ്വയം എടുത്ത പിമെന്റ, ഡിസൂസ, ഫെറി എന്നിവരു
ടെ കൃത്യനിഷ്ഠത അഭിലഷണീയമാണ്. തങ്ങളും ഓരോരുത്തരും
അവരവരുടെ കർത്തവ്യനിർവ്വഹണത്തിൽനിന്നു വ്യതിചലിക്കയില്ലെ
ന്നുള്ള വിശ്വാസം ക്യാപ്റ്റൻ ജനിപ്പിച്ചിരുന്നുണ്ടായിരുന്നു.

ഞാൻ വീണ്ടും എന്റെ സ്ഥാനത്തേക്കു മടങ്ങി. വലതു
ചിറകിന്റെ നേരെയുള്ള ജനവാതിലിൻപടിയിൽ ഭയാനകമായ തീ
ഗ്നി ചിറകിനെ വിഴുങ്ങിക്കൊണ്ടിരുന്നു. അലുമിനീയ ലോഹനി
ർമ്മിതമായ ആ ചിറകു് വെയും കടലാസുമാതിരി കത്തുന്നു! ചില്ല
കഷണങ്ങളും വേർപെട്ടു് താഴോട്ടുപോകുന്നു. ദൃഷ്ടിയിൽ നിന്നും
മറയുന്നു! എനിക്കു വെറുതെ നോക്കിനില്ക്കയല്ലാതെ എന്തുതന്നെ
ചെയ്യാൻ സാധിക്കും?

ഞാൻ ആകുലനായി ജനലിൽക്കൂടി പുറത്തേക്കു നോക്കി
ക്കൊണ്ടതന്നെ നിന്നു! ഏറ്റവും താഴോട്ടുള്ള എണ്ണടാങ്കിലേക്കു അ
ഗ്നി കടക്കാറായി. ആ ടാങ്കു് നിമിഷനേരത്തിൽ പൊട്ടാവും. പൊട്ടു്
അകത്തുള്ള എണ്ണകൂടി പൊട്ടിത്തെറിക്കും. ഏതു നിമി
ഷവും അതു സംഭവിച്ചേക്കുമെന്നോളമായി. അതോടുകൂടി ഞങ്ങ
ളെല്ലാവരുടേയും അവസാനമാണു്! മരണമാണു്! അതല്ലെങ്കിൽ
ചിറകു് പൊട്ടിത്തെറിക്കയും പ്ലേൻ നിയന്ത്രണാതീതമായിത്തീർ
ന്നുവെള്ളത്തിൽ വീഴുകയും ചെയ്യും! ഏതുവിധത്തിലായാലും
മരണം നിശ്ചയമാണു്; അതിൽനിന്നു രക്ഷയില്ല! വിമാനത്തിലു
ണ്ടായിരുന്ന മറ്റാൾക്കും അത്തരത്തിലുള്ള ചിന്തയുള്ളതായി തോന്നി

യില്ല എങ്കിലും, ആപത്തും മരണവും എത്രതന്നെ സുനിശ്ചിത മെന്നു തോന്നിയാലും മനുഷ്യൻ ആശ വെടിയരുതെല്ലൊ. എത്ര തന്നെ വിഫലമായിരുന്നാലും അതീതമായ ആപത്തുകളിൽ ആശ യാണല്ലൊ മനുഷ്യനെ പ്രബലപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതു്. പ്ലേനിന്റെ വേഗതയിൽ, എതിരെ വീശുന്ന കാറ്റിൽ, അഗ്നി ജ്വ ലിച്ചു വ്യാപിച്ചുകൊണ്ടതന്നെയിരുന്നു.

ഞാൻ പടൻപിടിച്ചുകൊണ്ടിരുന്ന ആ അഗ്നി നോക്കി ക്കൊണ്ടതന്നെനില്പായി. അങ്ങിനെ, എന്റെ ജീവിതത്തിലെ അവ സാനനിമിഷങ്ങളായി!— ഒരു കത്തിനുറുങ്ങി വീഴുന്ന പ്ലേനിൽ! എനിക്കെന്റെ കുടുംബത്തെ ഒരിക്കലും, ഇനി ഒരിക്കലും കാ ണാൻ സാധിക്കയില്ല!—അല്ല, അവക്കെന്നെ കാണാൻ കഴിയുക യില്ല! അഗ്നിയുടെ ചുമന്ന തിരശ്ശീലയിൽ എന്റെ കുടുംബാംഗ ങ്ങളും കാമുകിയും കടന്നുപോകുന്നതു ഞാൻ മുമ്പിൽ കണ്ടു

പെടോൾടാങ്കിനു സമീപം അഗ്നി ഇഴഞ്ഞെത്തിച്ചേർന്നിട്ടു ഒന്നോ രണ്ടോ നിമിഷമായി. അതു് ഇതിനകം പൊട്ടിത്തെറി ച്ചിരിക്കേണ്ടതായിരുന്നു. എന്തുകൊണ്ടതുണ്ടായില്ലെന്നു ഞാൻ അ തിശയിച്ചു! ഒരുപക്ഷെ മുമ്പുണ്ടായ പൊട്ടിത്തെറിയിൽ ടാങ്കിൽ ഭാരമുണ്ടായി അതിശീഘ്രം തീ വ്യാപിച്ചതായിരിക്കണമെന്നെ നിക്കു തോന്നി—അതു വേഗമാണ' തീ പടൻപിടിക്കുന്നതു്.

ക്യാബിനോടു ചിറകനുബന്ധിച്ചിരിക്കുന്നിടത്തോളം അ ഗ്നിയും വ്യാപിച്ചുകഴിഞ്ഞു. ജനലിൻറമീതെ എത്തി ആളിയിരു ന്ന തീജ്വാലകൾ ചിറകിനെ മറച്ചുതുടങ്ങി. ക്യാബിനെ തന്നെ തീ ഇപ്പോൾ വിഴുങ്ങും! ആ തീജ്വാലകളുടെ പ്രകോപത്തിൽ ക്യാ ബിൻ തന്നെ ഒരു അഗ്നികുണ്ഡമായെന്നു തോന്നിപ്പിക്കും. നാനാ ഭാഗങ്ങളിൽനിന്നും അടുത്തടുത്തു വന്നുകൊണ്ടിരുന്ന തീജ്വാലകൾ ക്യാബിനിനെ വർണ്ണാഭമായ ഒരു രക്തക്കളമാക്കിത്തീർത്തു.

ചുറ്റി, ചുറ്റി, നിയന്ത്രണാധീനമല്ലാതായിത്തീർന്ന പ്ലേ നിനെ ജന്മാവും ദീക്ഷിച്ചും നിലനിർത്താൻ അത്യദ്ധ്വാനം ചെയ്തു.

തല്ലാലപരിതസ്ഥിതികളിൽ അതു ശ്രമകരമായ ഒരു പ്രവൃത്തിയായിരുന്നു കൺട്രോളുകളും പ്രവർത്തിക്കുന്നുമായി തീർന്നു. പൊട്ടിത്തെറിമൂലമുണ്ടായ നാശം പ്ലേനിനെ നിലയുറപ്പിക്കുന്നതിൽ അസാദ്ധ്യമാക്കിത്തീർത്തു. വലതുചിറകു് കത്തിയെരിഞ്ഞുകൊണ്ടിരിക്കയാണു്; അതുനിമിത്തം ബാലൻസില്ലാതെ പ്ലേൻ നിയന്ത്രണത്തിനു വഴിപ്പെടുത്താൻ കഴിയാതെ വന്നിരിക്കയാണു്.

പതാക്കു്, പൈലറ്റുകളുടെ പിന്നിൽ, നിർബ്ബന്ധമായ രണ്ടാനുട്ടേശിച്ചിരിക്കുന്ന നാഴുണ്ടാപീപ്പകളെ നോക്കി നില്ക്കുകയാണു്. കീഴോട്ടുതന്നെ പ്രയാണംചെയ്യുന്ന ശക്തിയില്ലാത്ത പ്ലേനിനെ നിയന്ത്രിക്കുന്ന ജോലിയിലാവുതനായിരിക്കയാണു് ഡിക്കഞ്ഞ. നാലുപാടും കത്തിജ്വലിക്കുന്ന അഗ്നിയെ വകവയ്ക്കാതെ ധീരതയോടെ യാത്രക്കാർ അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കയാണു്. അവരെ സമാധാനിപ്പിച്ചുകൊണ്ടും ധൈര്യപ്പെടുത്തിക്കൊണ്ടും മിസ് ബെറിയും, ഡിസൂസയും, പിമെൻറയും നില്ക്കുകയാണു്.

വിമാനത്തിലെ ജോലിക്കാർക്കു് ജീവരക്ഷാബെൽട്ടുകൾ കിട്ടിയിരിക്കയില്ലെന്നു പെട്ടെന്നു് എനിക്കു തോന്നി. ഞാൻ മുന്നെണ്ണം കയ്യിലെടുത്തു മുമ്പോട്ടോടി. ക്യാബിൻവാതിൽ തുറന്നപ്പോൾ മിസ് ബെറി മൂന്നെണ്ണം എടുത്തുകൊണ്ടു പോകുന്നതു് ഞാൻ കണ്ടു. അവളുടെ മുഖം വികാരരഹിതമായി തീരെ വെളുത്തിരുന്നു; അവൾ എന്നെ നോക്കിയില്ല; കൃത്യനിർവ്വഹണത്തിലുള്ള ശ്രദ്ധയിൽ യാന്ത്രികപ്രവൃത്തികൾപോലെ മാനസിക ശൂന്യത അവൾ പ്രകടിപ്പിച്ചു. അതി ഘോരമായ ഒരു പ്രകൃതമാണവളുടെ മുഖത്തിൽ പ്രത്യക്ഷപ്പെട്ടതു്. അവൾക്കു കടന്നുപോകാൻ ക്യാബിൻവാതിൽ തുറന്നുകൊടുത്തു് ഞാൻ അവളെ നിശ്ശബ്ദതയോടെ നഗമിച്ചു. ഒരുടുപ്പു് പതാക്കിനും ഒന്നു് ഡിക്കഞ്ഞക്കും കൊടുത്തു. ഡിക്കഞ്ഞ തന്റെ ഉടുപ്പു് കഴുത്തിൽകൂടിഇട്ടു കെട്ടി. ഞാൻ അതു കെട്ടാൻ സഹായിച്ചു. അവന്റെ കയ്കളും മറവുപ്രവൃത്തികളിൽ ആവൃതമായിരുന്നതുകാരണം ഞാൻ അതു ശരിക്കു കെട്ടിച്ചു. ഞാനും ഒന്നെടുത്തിട്ടു കെട്ടി.

Rashid R.

ഗ്ലോറിയാ പൈലറ്റുകൾക്ക് ജാക്കറ്റുകളെത്തിച്ചുകൊടുത്തു. ചിറകു പരുതി കത്തിയെരിഞ്ഞു. ചരിഞ്ഞു നിയന്ത്രണത്തിനു വഴിപ്പെടാതെ ആസന്നമായ അന്ത്യത്തെയുംനോക്കി ചരിക്കുന്ന ആ വിമാനത്തെ നിയന്ത്രിക്കുന്നതു—അത്യാപത്തിലുള്ള ആ കൃത്യനിർവ്വഹണം—ആപൽകരമായ എതിരിനോട് ഒരു പോരാട്ടമായിരുന്ന ആ പൈലറ്റുകൾക്ക്; അവക്ക് ജീവരക്ഷാബെൽട്ടിനെപ്പറ്റി ചിന്തിക്കാൻപോലും സമയമില്ല. അവരുടെ ശ്രദ്ധമുഴുവൻ പ്ലേനിനെ കഴിയുന്നവേഗത്തിൽ വെള്ളത്തിലിറക്കുന്നതിനു മാത്രമായിരുന്നു. ഗ്ലോറിയാ അതു മനസ്സിലാക്കി; അവരെ ജീവരക്ഷാബെൽട്ട് കെട്ടിക്കാൻതന്നെ തീരുമാനിച്ചു. അവരും തന്നെ ഓരോന്നെടുത്തു അവരെ ധരിപ്പിച്ചുകെട്ടികൊടുത്തു. എല്ലാവരും ജാക്കറ്റുകളും ധരിച്ചുശേഷം അവളും ഒന്നെടുത്തുകെട്ടി. കൃത്യനിർവ്വഹണത്തിന്റെ വെമ്പലോടുകൂടി പതറാതെതന്നെ അവരും ക്യാബിനിലേക്കു കടന്നു.

നാത്തൂണാദിപൂകളുടെ മേൽ പറക്കുമ്പോഴും അയച്ച റേഡിയോ അറിയിപ്പുകളും കുറച്ചുകൂടി വിശദീകരിച്ചും തങ്ങളുടെ ശരിയായ നിലയറിയിക്കുന്നതിനും വീണ്ടും അറിയിപ്പുകളും കൊടുക്കുന്നതിനു ദീക്ഷിത്തിനോടു ജഡ്ജർ ആവശ്യപ്പെട്ടു. കൂടാതെ പ്ലേൻ നശീകരണപ്രവർത്തനത്തിന്റെ ഫലമായാണു നഷ്ടങ്ങളുണ്ടായതെന്നും അറിയിക്കണം! ദീക്ഷിത്തു് മൈക്രോഫോണെടുത്തു. അതു പ്രവർത്തിക്കുന്നില്ല; ചതുതകഴിഞ്ഞു. ഒരു വിപത്തുകൂടി വന്നു ചേർന്നു. ആപത്തറിയിക്കാൻകൂടി നിവൃത്തിയില്ലാതായി വിച്ഛർക്കി ഉപകരണങ്ങളും റേഡിയോവും ഉപയോഗശൂന്യങ്ങളായിതീർന്നു! വിവരം അദ്ദേഹം ക്യാപ്റ്റൻ ജഡ്ജറിനെ അറിയിച്ചു. അഗ്നിബാധയാൽ ആവക കായ്ങ്ങളും ഉദ്ദേശിക്കാവുന്നവണ്ണമായിരുന്നു. "എല്ലാം നന്നായി കലാശിക്കുമെന്നു് നമുക്കു വിശ്വസിച്ചാശ്വസിക്കാം" എന്നുമാത്രം ജഡ്ജർ മറുപടി പറഞ്ഞു.

ഞാൻ വീണ്ടും ക്യാപ്റ്റൻ ജഡ്ജറെ സമീപിച്ചു; അഗ്നിവ്യാപിക്കുന്നതിനെക്കുറിച്ചു് റിപ്പോർട്ടുചെയ്തു. "ചിറകു മുറി

ഞങ്ങൾ വീഴുന്നു'' ''നാം വീഴുകയാണ്'' ശാന്തവും സമാധാനത്തോടുകൂടിയ ഒരു ചുരുങ്ങിയ മറുപടിയാണ് കിട്ടിയതു്.

വീണ്ടും അഗ്നിബാധ നിർത്തുന്നതിനു് ശ്രമം അനാവശ്യവും ഉപയോഗശൂന്യവുമാണെന്നു എനിക്കു ബോദ്ധ്യമായി. തീജ്വാലകൾ സർവ്വത്ര വ്യാപിച്ചിരുന്നു! വാതിലുകളും സർവ്വവിധത്തിലുള്ള രക്ഷാപ്രാന്തങ്ങളും തുറന്നിടണം. രക്ഷാമാർഗ്ഗങ്ങൾ മുഴുവൻ തടസ്ഥംകൂടാതെ ഉപയോഗപ്രദങ്ങളാക്കണം! ഞാൻ ഉത്തരവുകൾ കാത്തുനില്ക്കുമ്പോൾ ഫിഫ്ത്ത് അവന്യൂ എഞ്ചിൻ തീപിടിച്ചുകഴിഞ്ഞെന്നു ഡികൺഫ്രാൻസ്കോ ക്യാപ്റ്റൻ ജത്താറെ അറിയിച്ചു. എങ്ങിനെ ശ്രമിച്ചിട്ടും തീ വ്യാപിക്കുകതന്നെ ചെയ്യുന്നു. എഞ്ചിനകം നിറഞ്ഞു. തീകെടുത്തുന്ന വായുപ്രയോഗംകൊണ്ടു് എഞ്ചിനിന്മേൽ യാതൊരു പ്രയോജനവുമുണ്ടായില്ല—തീ പടർന്നുകേറുകതന്നെ! ഇങ്ങിനെയൊരഗ്നിബാധ ഉദ്ദേശിക്കാവുന്നതല്ല! പ്ലേൻനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർ മനഃപൂർവ്വമായ ഈവക നാശപ്രവർത്തനങ്ങളെ ഉദ്ദേശിച്ചിരുന്നില്ല സാധാരണ രീതിയിലുണ്ടാകാവുന്നവിപത്തുകൾക്കു് മാത്രമേ അവർ മറുപടിയുരുന്ന കരുതിയിരുന്നുള്ളൂ.

വെള്ളത്തിൽ വീഴുന്നതിനു മുമ്പിൽ എല്ലാ തുറകളും തുറക്കണമെന്നു നിർബ്ബന്ധമാണു്. വെള്ളവുമായുള്ള മുട്ടലിന്റെ ശക്തി അതിതമാണു്. എങ്ങിനെതന്നെ സൂക്ഷിച്ചാലും നിങ്ങൾക്കു് എത്ര കൃതിമവൈദഗ്ധ്യമുണ്ടായിരുന്നാലും നാശം കുറക്കാൻ സാദ്ധ്യമല്ലു; ശേഷിച്ചതു ഭാഗ്യമെന്നുമാത്രമേയുള്ളൂ.

ക്യാബിൻ നീറുന്ന ഒരു തീപുരയായിരുന്നു. ഞാൻ അതിലേക്കു കടന്നു. പുറത്തുചാടാനുള്ള കവാടങ്ങളും തുറക്കാൻ ജത്താർ കണ്ണിക്കിനെ ഏല്പിച്ചിരുന്നു. ദേഹത്തോടുചേർന്നു് ചീറുകനില്ക്കുന്നു എന്നല്ലാതെ മറെറല്ലാം കത്തിജ്വലിക്കുന്ന ഒരു സാധനമായിത്തീർന്നു തീതന്നെ — എല്ലാവശത്തും തീ! ആളിക്കത്തുന്ന തീ!! ചുരുങ്ങിയ സമയത്തിനുള്ളിൽ പ്ലേനിലുണ്ടായിരുന്ന എല്ലാവർക്കും മരണം ആസന്നമായെന്നു തോന്നി. രക്ഷപ്രാപിക്കാനുള്ള ആശങ്കയോടെ കഴിയുന്നമാതിരി അവർ ആ വിപത്തിനെ എതിർത്തു. ഒരു

നിമിഷംമുമ്പ് ജീവനോടുകൂടിയിരുന്നവർ അതാ—അടുത്തനിമിഷം!—ജീവനുണ്ടാകയില്ല. എങ്കിലും കുറച്ചുനേരത്തേക്ക് പ്ലേൻ വീണാലും കടലിൽ പൊങ്ങികിടന്നേക്കാമെന്നുദ്ദേശിച്ചു. മൂന്നുനിമിഷനേരം കൂടി നിന്നുകിട്ടുകയാണെങ്കിൽ പ്ലേനിലുള്ള എല്ലാവരേയും രക്ഷിക്കാൻകഴിയും. ഇടത്തുവശത്തുള്ള ചിറക് കത്താഞ്ഞതിൽ എനിക്കാശ്വാസമുണ്ടായിരുന്നു. ലൈഫ്ബോട്ടുകളും രണ്ടും ഇടത്തുവശത്താണ്. വലത്തുചിറക് കത്തിപ്പോയിക്കഴിഞ്ഞു.

ഇടത്തുവശത്തുള്ള അപായജനൽ തുറക്കാൻ ഞാൻ ശ്രമിച്ചു. വളരെ ബുദ്ധിമുട്ടി പരിശ്രമിച്ചശേഷമെ അതു തുറക്കാൻ കഴിഞ്ഞുള്ളൂ. ഞാൻ അതു വലിച്ചെടുത്തു. ക്യാബിനിലെ വായു പുറത്തേക്കു തള്ളി. അടുത്തതായി പ്ലേനിലെ ജോലിക്കാരുടെ മുറിയുടെ ജനൽ തുറന്ന് അവർക്ക് ഒരു രക്ഷാമാർഗ്ഗം നൽകാൻ ഞാൻ ശ്രമിച്ചു; അതും തുറന്നു. യാത്രക്കാരുടെ മുറിയുടെ വാതിൽ തുറക്കാനായിരുന്നു എന്റെ അടുത്തശ്രമം.

ക്യാബിനിന്റെ വാതിൽ തുറന്നു സെക്കൻഡുകൾക്കുള്ളിൽ കട്ടപിടിച്ച കറുത്ത പുക ക്യാബിനിലേക്കു പുറത്തുനിന്നും തള്ളിക്കയറാൻ തുടങ്ങി. ഞാൻ കുറച്ചുനേരത്തേക്കു അന്ധാളിച്ചുപോയി. തീ ഇടത്തുചിറകിനു പിടിച്ചുകഴിഞ്ഞു. പ്ലേൻ ചുറ്റിമറിഞ്ഞുകൊണ്ടിരുന്നു. നാവികന്റെ മുറിയിൽ കടന്ന് അടിയന്തിരാവശ്യങ്ങൾക്കുള്ള വാതിൽ തുറന്നു. പുകകൊണ്ട് എനിക്കു ശ്വാസം മുട്ടിപ്പോയി. ഞാൻ ക്യാബിനിലേക്കു നോക്കി. പുകതന്നെ—കനത്ത കറുത്തപുക! പ്ലേൻ കടലിൽ അപായം കൂടാതെ ഇറക്കാൻ കഴികയില്ലെന്ന് എനിക്കു തീച്ചയായി. സെക്കൻഡുകൾക്കുള്ളിൽ പ്ലേനിലുള്ള സകലരും ശ്വാസംമുട്ടിത്തുടങ്ങും; ബോധരഹിതരായിതീരും! പ്ലേൻ വെള്ളത്തിൽ വീഴുകയുംചെയ്യും. ഇനി ഒന്നും ചെയ്യാനില്ല. ചെയ്തിട്ടു പ്രയോജനമില്ല. ശ്വസിക്കുന്നതിനു ശുദ്ധവായു കിട്ടാതെ ശ്വാസംമുട്ടി ഞാൻ ബലഹീനനായി തീർന്നു; എന്റെ കൈകൾ മന്ദീഭവിച്ചു; ഞാൻ വീഴുമെന്ന മട്ടിലായി. എനി

ക്കൊന്നും പിടിക്കാൻതന്നെ വയ്യ. ഒരുവീപ്പ ശുദ്ധവായു കിട്ടിയെങ്കിൽ എനിക്ക ജീവൻ വീഴുമായിരുന്നു; അതു് അവിടെ കിട്ടാനില്ല!

പുക, കോക്ക്പിറ്റ്വരെ എത്തിക്കഴിഞ്ഞു; കണ്ണിനു നേരെ മുമ്പിൽതന്നെ യാതൊന്നും കാണാൻ വയ്യാതായി! പ്ലേനിനകത്തു മുഴുവനും അങ്ങിനെതന്നെ—അതികഠിനമായ ഒരു കറുത്ത പുകക്കുട്ടംതന്നെ! ജഡ്ജാറും ടീക്ഷിത്തും മുമ്പിലേക്കു നോക്കി കാണുവാൻ ശ്രമിച്ചു. ആ ചീപുകളിൽ ചില കുന്നുകൾ അവർ കണ്ടിട്ടുണ്ടായിരുന്നു; പ്ലേൻ അതിന്മേലേക്കിറങ്ങിയാൽ—ഹാ—നുറുങ്ങി ചമ്മലായി പോവും! പ്ലേനിന്റെ വേഗത കുറച്ചാൽ അതിലും ഭയങ്കരാവസ്ഥയാവാം. വേഗത കുറക്കാതിരിക്കാൻ ടീക്ഷിത്തു് ശ്രദ്ധപതിച്ചു; അപായകരമല്ലാത്ത വേഗത പ്ലേനിനുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കി. എഞ്ചിൻവിഭാഗങ്ങളെല്ലാം കഠിനമായ പുകകൊണ്ടു മൂടിയിരുന്നതിനാൽ ഡിക്കുഞ്ഞക്കു് എഞ്ചിൻശക്തിയെപ്പറ്റി യാതൊരുവിവരവും ഗ്രഹിക്കാൻ സാധിച്ചില്ല. പുകതന്നെ—കട്ടത്തപുക എല്ലായിടത്തും! എവിടെനിന്നെങ്കിലും കുറച്ചു ശുദ്ധവായു കിട്ടിയാലല്ലാതെ ജീവിക്കാൻ പ്രയാസം! കോക്ക്പിറ്റിന്റെ മുൻവശത്തുള്ള ജനൽ തുറന്നാൽ കുറച്ചു കാറ്റുകിട്ടും എന്നു ഡിക്കുഞ്ഞക്കു തോന്നി. അയാൾ ടീക്ഷിത്തിനോടു് ആ ഭാഗത്തുള്ള ജനൽ തുറക്കുന്നതിനാവശ്യപ്പെട്ടു. അയാൾ ഒന്നുരണ്ടു പ്രാവശ്യം ആവത്തിച്ചു പറയേണ്ടിവന്നു! ഉടനെ ജഡ്ജാർ ടീക്ഷിത്തിനു് ഉത്തരവുകൊടുത്തു—ജനൽ തുറന്നു. കാറ്റടിച്ചുകയറി—ജീവശക്തി വീണ്ടും വൈമാനികരിൽ പ്രത്യക്ഷമായി. അവർ പ്രകൃതിയോടും ആപത്തിനോടും മല്ലിടാൻ ശക്തരായി. നിമിഷങ്ങൾക്കുള്ളിൽ അവർ ശവങ്ങളായി തീരുമായിരുന്നു! പുതുജീവൻ എല്ലാവർക്കും വീണ്ടെടുത്തുമാത്രമല്ല, പൈലറ്റുകൾക്കു പുറത്തേക്കുള്ള കാഴ്ചക്കും പ്ലേൻ നിയന്ത്രിക്കുന്നതിനും സാധിച്ചു. ജഡ്ജാർ ടീക്ഷിത്തിനോടു പ്ലേനിന്റെ വേഗത സൂക്ഷിക്കാനാവശ്യപ്പെട്ടു. അപായംകൂടാതെ പ്ലേൻ വെള്ളത്തിലിറക്കാമെന്നു ജഡ്ജാറിനു തോന്നി

അസാദ്ധ്യമായ ഒരു കൃത്യമെങ്കിലും ദൃഢനിശ്ചയത്തോടും സമാധാനത്തോടുംകൂടിയ ധൈര്യത്തോടെയും ജന്മാർ അതിനുതീച്ചയാക്കി.

ഞാൻ ശ്വാസംമുട്ടി വീഴാറായി കോക്ക്പിറിന്റെ ജനൽ തുറന്നു; കുറച്ച ശുദ്ധവായു അടിച്ചുകയറിയതു ഞാൻ ശ്വസിച്ചു. എനിക്കു വീണ്ടും ജീവൻവച്ചു. എന്റെ കാലുകൾ എന്നെ പേറി നിത്താൻ ശക്തരായി. ഇരുളൊഴിഞ്ഞുമാറി; പരമാത്മാ എനിക്കു ബോദ്ധ്യമായി—ഇരുളടഞ്ഞ വിപത്തു! കുത്തിരുണ്ട കട്ടപിടിച്ച പുക നാലുപാടും! ക്യാബിൻമുറി ഇനിയും തുറക്കാതെതന്നെയിരിക്കയാണ്. ക്യാബിൻ ജനലിൽക്കൂടി ഞാൻ ഒന്നു പുറത്തേക്കു നോക്കി—വെള്ളംതൊടാൻ കുറച്ചടികൂടി മാത്രമെ ശേഷിച്ചിട്ടുള്ളൂ! ക്യാബിൻവാതിൽ തുറക്കാൻ കഴിയാഞ്ഞതിൽ എനിക്കു അതിയായ സങ്കടമുണ്ടായി. ക്യാബിൻമുറിയിലുള്ളവർക്കു വെള്ളത്തിൽ വീണാൽ രക്ഷപ്രാപിക്കുന്നതിനു കവാടം കണ്ടുപിടിക്കാൻ പ്രയാസമാവും! ഡിസൂസയും പിമെന്ററയും അപായത്തിലുപയോഗിക്കുന്ന കവാടം തുറന്നിരിക്കുമെന്നു ഞാൻ ആശിച്ചു! പ്ലേൻ വെള്ളംമുട്ടാറായി. ഞാൻ ക്യാബിനിലേക്കെത്താമെന്ന ആശ കൈവെടിഞ്ഞു. വെള്ളത്തിലിറങ്ങുമ്പോഴും എല്ലാവരേയും കസേരയോട്ടു കെട്ടിയിരിക്കണമെന്നു നിബന്ധനയുണ്ട്—ഞാൻ നില്ക്കയാണു! എനിക്കതു ചെയ്യാൻ സമയമുണ്ടോ—സാധിക്കുമോ എന്നു ഞാനാശ്ചര്യപ്പെട്ടു. വരുന്നതു വരട്ടെ!—നിന്നിടത്തു നിന്നുതന്നെ അനുഭവിക്കാമെന്നു ഞാൻ നിശ്ചയിച്ചു! എങ്കിലും ഞാൻ നില്ക്കുന്ന സ്ഥാനം അപായകരമായ ഒന്നാണെന്നെനിക്കു തോന്നി. നേരെ പിന്നിൽ എഞ്ചിനുകളാണ്—വെള്ളത്തോടു മുട്ടുമ്പോഴും തിരിയുന്ന പങ്കകളുടെ പ്രവർത്തനം അവിടം തകിടംമറിക്കും! നുറുക്കിക്കളയും! ഞാനാമുറിയിൽ പെട്ടു. നീങ്ങുന്നതപായമാണ്. ജീവിതവും മരണവും തമ്മിലുള്ള വ്യത്യാസം നിസ്സീമാതീതങ്ങളായ സെക്കൻഡുകൾ മാത്രമാണ്! ഞാൻ പെട്ടെന്നു മരിച്ചേക്കാം. വേദനയറിയാതെതന്നെ അതിവേഗത്തിൽ മരിച്ചേക്കാം! എനിക്കതോന്നി. ഞാൻ കൈകെട്ടി മുഖമതിന്മേൽ വച്ചു നാവികന്റെ മേശ

പുറത്തേക്കു ചാഞ്ഞുകിടന്നു; വളഞ്ഞു നിന്നുകൊണ്ടൊരുരൂപത്തിൽ! അടുത്തനിമിഷം വെള്ളമടിക്കുന്ന ശബ്ദമാണ് കേട്ടതു്! പ്ലേൻ വെള്ളത്തിലടിച്ചുകഴിഞ്ഞു! ഞാൻ നിന്നിരുന്ന സ്ഥിരപ്രദേശം വെള്ളത്തിലാണ്ടു ഞാൻ ഉരുളാൻതുടങ്ങി! എന്റെമേൽ നൂറുനൂറായിരം ലോഹശകലങ്ങളും വഷിച്ചു! എന്നെ തിരിയുന്ന പങ്കു വെട്ടിനുറുക്കുമെന്നു ഞാൻ വിചാരിച്ചു. ഞാൻ കണ്ണുകളും തുറക്കാൻ ധൈര്യപ്പെട്ടില്ല; കണ്ണടച്ചു! എല്ലാം നിമിഷനേരത്തിൽ നിശ്ശബ്ദമായി! എന്നെ യാതൊന്നും യാതൊരുതരത്തിലുമുപദ്രവിച്ചില്ല—നൂറായിരം വേദനകളനുഭവിക്കേണ്ടതായിരുന്ന ആ സന്ദർഭം നിസ്സാരമായെന്നോണം ഒഴിഞ്ഞുമാറി. ഞാൻ, പ്രൊപ്പല്ലർ കൊണ്ടു മുറിപ്പെടുകയൊ ഫ്യൂസുലേജുകൊണ്ടു തകക്കപ്പെടുകയൊ ചെയ്തില്ല. ഇരുമ്പുതുണ്ടുകളും ഒരുഡസൻ വാളുകളുംപോലെ എന്റെ ശരീരത്തിൽ തറച്ചതുമില്ല. പക്ഷെ, എനിക്കു് എത്ര നിമിഷത്തേക്കു ജീവനോടുകൂടിയിരിക്കാൻ കഴിയും? മറ്റുള്ളവക്കെല്ലാം എന്തുസംഭവിച്ചു?

മരണത്തിന്റെ വായിൽനിന്നു്.

ഞാൻ വീണ്ടും കണ്ണു തുറന്നുനോക്കി. ഇളംപച്ചനിറത്തിലുള്ള വെള്ളംമാത്രം! നാലുപാടും! പ്ലേനിന്റെ ഒരുകഷണംപോലും കാണാനില്ല. വെള്ളത്തിനു് ആഴമുള്ളതായി തോന്നിയില്ല. ഞാൻ നിസ്സാരമായ അദ്ധ്വാനത്തോടെ വെള്ളത്തിന്റെ മുകളിലേക്കുയർന്നു. എന്റെ പിന്നിൽ അതികഠിനമായ ചൂട തോന്നി. ഞാൻ പിന്തിരിഞ്ഞു നോക്കിയപ്പോഴം കണ്ടകാഴ്ച ആശ്ചര്യകരമായിരുന്നു. ചലച്ചിത്രങ്ങളിൽപോലും അത്ര പ്രത്യക്ഷമായ സത്യത്തിന്റെ ഒരു രൂപം ഞാൻ കണ്ടിട്ടില്ല! പ്ലേൻ പൊട്ടിത്തെറിച്ചതിന്റെ അനന്തരഫലമായി വെള്ളമാകെ തീ പിടിച്ചിരിക്കയാണ്—കടൽ കത്തുന്നു! അധികം ശക്തിയോടുകൂടി ജ്വാലകളും നീണ്ട നീറി കത്തുന്നു! അഗ്നി നടനമാടുന്നു! കറുത്ത പുക മേലെക്കുടി ഉയരുന്നു. ഞാൻ ജീവിച്ചിരിപ്പുണ്ടെന്നുമാത്രം! ജീവജാലം, വെള്ളത്തിന്റെ മുകളിൽ, നോക്കെത്തിയാൽ കാണാവുന്നിടത്തോളമി

ല്ല. മറവുള്ളവക്ക് എന്തുസംഭവിച്ചു എന്നറിയാൻ നിവൃത്തിയില്ല– അതന്വേഷിക്കാൻ നിവൃത്തിയില്ല. അമ്പതടി ഉയരത്തിരലേക്കു ചാടുന്ന തീജ്വാലകൾ! പൊടോംടാങ്കുകൾ പൊട്ടിത്തെറിച്ച് എണ്ണ സർവ്വത്ര വ്യാപിച്ചിരിക്കണം. കത്തിയിരുന്ന വലത്തുചിറക് അതു തീപിടിച്ചിരിക്കണം. മറവുള്ളവക്ക് എന്തുസംഭവിച്ചു എന്നറിയാൻ യാതൊരുനിവൃത്തിയുമില്ല. ഭയാനകം! തീജ്വാലകൾ എന്നെനോക്കി ചിരിക്കുന്നു! ഞാൻ അപായത്തിന്റെ പരിധിയിൽ നിന്നുമകലെയല്ല. ഭയങ്കരതയോടെ ആഹ്ലാദിക്കുന്ന തീജ്വാലകൾ എന്നെനോക്കി ചിരിക്കുന്നു! എന്നെ വിഴുങ്ങിക്കളയും! രാക്ഷസസ്വരൂപത്തോടുകൂടിയിരുന്ന പ്ലേനിനെ അതു വിഴുങ്ങിക്കഴിഞ്ഞു. മനുഷ്യജീവിതം നിസ്സാരമായി തോന്നി! വ്യോമചരിത്രത്തിൽ ഇതൊരു സാധാരണ രംഗംമാത്രം! ഒരാപത്തിൽനിന്നും മറ്റൊന്നിലേക്ക്!!

ഞാൻ പുറകുപാട്ടം കുനു നോക്കി. ചില ചെറിയ ടീപൂകൾ അടുത്തകലെ കണ്ടു, നാലുമൈൽ ദൂരമുണ്ടായിരിക്കണം. എന്റെ വലത്തുവശത്ത് ഒരു ചെറിയ ടീപൂണ്ട്; അതെന്നെ വിളിക്കുന്നമാതിരി തോന്നി. ഒരു കുനു് ആ ടീപിൽ അതിപ്രധാനമായിരുന്നു. ആ ഒരൊറക്കാരണത്താൽ ഞാൻ അതിനുനേർക്ക് തുഴഞ്ഞു. എന്റെ സഹനശക്തി, ശേഷിച്ചിരുന്ന ജീവശക്തി അതിനു സഹായിക്കുമൊ എന്നെനിക്കു സംശയമായിരുന്നു. എങ്കിലും ഞാൻ ആ ടീപിലേക്കുതന്നെ വെച്ചുപിടിച്ചു; അതിലെത്താൻ ഞാൻ പരിശ്രമിച്ചു; കത്തി എരിയുന്ന കടലിലൂടെ കൂട്ടത്തലട്ടത്തുള്ള ടീപുകളിലൊന്നിലെത്താൻ ശ്രമിച്ചാൽ മരണം നിശ്ചയമാണ്. ഞാൻ നീന്തിത്തുടങ്ങി.

എന്റെ മുമ്പിൽ ഒരു പത്തടി നീളമുള്ള ചിറകുകഷണം കണ്ടു. അതു കടന്നുപിടിച്ച് അതിന്മേൽ കിടന്നു കുറച്ചുനേരം പൊങ്ങിക്കിടക്കാമെന്നു ഞാനാശിച്ചു. ഞാൻ അതിനായി പരിശ്രമിച്ചു. ഞാൻ ഷർട്ടും ട്രൌസറുമിട്ടാണ് നീന്തുന്നത്. വെള്ളം

കേറി അതൊരു ഭാരമായി തോന്നി. ഞാൻ ക്ഷീണിച്ചമാതിരി എനിക്കു തോന്നി; പെട്ടെന്നുണ്ടാവുന്ന അപായം ആരേയും ക്ഷീണിപ്പിച്ചേക്കാം! ആ പത്തടികഷ്ണം കടന്നുപിടിച്ചു. എന്റെ നനഞ്ഞുമുഷിയ ഉടുപ്പുകൾ എന്നെ കീഴ്പോട്ടുവലിച്ചു; കയറാൻ പ്രയാസപ്പെട്ടു. എന്റെ ചെരുപ്പുകളും മറവും ഉപേക്ഷിച്ച് അതിന്മേൽ ജീവരക്ഷക്കൊരുമാർഗ്ഗമെന്നോണം പിടിച്ചുകയറിയിരുപ്പായി.

ഞാൻ ജ്വലിക്കുന്ന അഗ്നിയിൽനിന്നും ഇരുപതടി മാത്രം അകലെയാണ്. ഭയങ്കരമായ കാഴ്ചകൾക്കും അനുഭവങ്ങൾക്കും അവയുടെ ആകർഷണങ്ങളുണ്ട്. നാലുപാടും വെള്ളം. അടുത്തുതന്നെ പൈശാചികമായി ജ്വലിക്കുന്ന അഗ്നി! തീയിൽനിന്നും മാറി നീന്തിപ്പോകണമെന്നു ഞാൻ വിചാരിച്ചു എങ്കിലും ഞാൻ ആ തീ നോക്കിത്തന്നെ കിടന്നുപോയി! അന്തരീക്ഷമാകെ ധൂമാവൃതമായിരുന്നു! പുകതന്നെ—എവിടെ നോക്കിയാലും പുക! മേഘസമാനമായ കനത്ത പുക. കറുത്തിരുണ്ട ആകാശം. ഞാൻ നിശ്ചലനായി നോക്കി കിടന്നുപോയി. രക്തവർണ്ണത്തിലുള്ള അഗ്നിജ്വാലകൾ! നീട്ടി നീട്ടി നക്കുന്ന മാതിരിയിലാണ് ചീറി കത്തുന്നതു്! കടൽമുഴുവനും തീതന്നെ; രക്തവർണ്ണം! നീലവർണ്ണമായിരുന്ന കടൽ കത്തിജ്വലിക്കുന്ന ഒരുതീകടലായിമാറി. ഞാൻ ആ തീയിൽനിന്നും അകലെ മാറി രക്ഷപ്രാപിക്കാൻ ശ്രമിച്ചു. വിമാനാപകടങ്ങളിൽ, ഒരു ആപത്തിനെ തുടർന്നു മറെറാന്നു വരികയാണ്. ലോകം മുഴുവൻ തനിക്കധീനമാണെന്ന ധിക്കാരത്തിൽ നിമിഷനേരം മുമ്പു് പറന്നിരുന്നവൻ ആത്മരക്ഷക്കു പ്രകൃതിയുടെ വികൃതികൾക്കെതിരെ മല്ലിടേണ്ടി വന്നിരിക്കുന്നു—വിചിത്രം!

ഞാൻ അനങ്ങാതെ വെള്ളത്തിൽതന്നെ കിടന്നു. പത്തടി നീളമുള്ള ഒരുകഷ്ണം പൊങ്ങിക്കിടക്കുന്നതു കണ്ടു; ഞാൻ അങ്ങോട്ടേക്കു ശ്രദ്ധിച്ചുനീന്തി. ഒരു ചെറുദ്വീപെത്തുന്നതുവരെ അതിൻമുകളിൽ നില്ക്കാമെന്നും തോന്നി. ഞാൻ ക്ഷീണിച്ചവശനായി. ഞാൻ അതു കടന്നുപിടിച്ചു. അതിന്റെ ഭാഗങ്ങൾ വളരെ

മൂച്ചുയേറിയവയായിരുന്നു; എന്റെകൈ മുറിയാതിരിക്കാൻ ഞാൻ വളരെ സൂക്ഷിക്കേണ്ടിയിരുന്നു തീ പടർന്നു മുന്നോട്ടുകയറി നാലു പാടും വ്യാപിച്ചുകൊണ്ടുതന്നെയിരിക്കുന്നു. എങ്കിലും വെള്ളത്തിൽ ചാടി തീയിൽനിന്നകലുമാറി പോകാൻ എനിക്കു ശക്തിയുണ്ടായിരുന്നില്ല. അഗ്നിക്കിരയാകുന്നെങ്കിലാകട്ടെ എന്നു കണക്കാക്കി ഞാൻ അവിടെത്തന്നെ നിന്നു. മിക്ക വിമാനാപകടങ്ങളുടേയും കഥ അവസാനം ഇങ്ങിനെതന്നെ. ഒരാപത്തിൽ നിന്നു് എങ്ങിനെയെങ്കിലും രക്ഷപെട്ടാൽ തുടർന്നു് ആപത്തുകൾ തന്നെ വീണ്ടും നേരിടേണ്ടിയിരിക്കുന്നു. തീജ്വാലകൾ അടുത്തുകൂടി നീങ്ങിവരുന്നു. കഠിനമായ ചൂടു തോന്നിത്തുടങ്ങി. അതിപ്രഭയോടെ തീ ആളി കത്തിയിരുന്നതു കാരണം ഞാൻ കണ്ണുചിമ്മി. ഈ വേദനകളെല്ലാം അവസാനിക്കാനാസന്നമായെന്നു് എനിക്കു തോന്നി. വെള്ളത്തിൽ നീന്തേണ്ടിവരികയില്ല; പാറപ്പുറത്തുകേറി നില്ക്കുകയുംവേണ്ട. വിജനപ്രദേശമായ വല്ല ദ്വീപിലും അടിഞ്ഞുകയറി പട്ടിണികിടന്നു ചാവുകയും വേണ്ട. ഇപ്പോൾതന്നെ മരിക്കുന്നതു കൂടുതൽ നല്ലതായി തോന്നി. അടുത്തനിമിഷം തീയെന്നെ വിഴുങ്ങിക്കഴിയും! ഞാൻ കണ്ണടച്ചു നിശ്ചലനായി കിടന്നു. പക്ഷെ തീ മാറിപ്പോവുകയാണു്. എൻറടുക്കലേക്കു വരുന്നില്ല; സാല്പവും ശമിച്ചിട്ടില്ല എങ്കിലും തീ അടുത്തേക്കു വരുന്നില്ല. എന്തൊരാശ്വാസം ചുറുചുറുപ്പും ചൈതന്യപൂർണ്ണവും കാണാം. അതിലൊന്നിലേക്കു നീന്തിക്കേറാനായിരുന്നു പിന്നത്തെ എൻറെ ഉദ്ദേശം! ഞാൻ ആ പൊളിഞ്ഞ കഷണത്തിന്മേൽകയറി; നിമിഷനേരത്തിനുള്ളിൽ വെള്ളത്തിൽ പതാക്കിനെ കണ്ടു. അയാളം കത്തിയെരിയുന്ന തീയോടുപായകരമായതു അടുത്താണു്. പതാക്കപെകച്ചു ഉച്ചത്തിൽ വിളിച്ചുകൊണ്ടിരിക്കയാണു്. അയാളം വെള്ളത്തിനടയിൽനിന്നും നിവർന്നു് എണീറ്റു മുകളിലേക്കെത്തിയതു തീയുടെ നടുക്കായിരിക്കണം! കടുത്ത ചൂടു്! ഞാൻ പതാക്കിനോടു നീന്തി അകലെ മാറുന്നതിനു വിളിച്ചു നിലവിളിച്ചു. അപായകരമായ ആപടരുന്ന തീയുടെ എതുയടുക്കലാണായാളെന്നു് ആയാളം അറി

ഞ്ഞിരുന്നില്ല ആയാളുടെ രക്ഷ മാത്രമായി എന്റെ ചിന്ത. എന്റെ കൂട്ടുനിലവിളികളും ആയാളെ ഉണർത്തിയതുപോലെ തോന്നി. പ്ലേൻ തകർന്നുകരിഞ്ഞുപോയെന്നു് എനിക്കുമനസ്സിലായി. എന്നാൽ യാത്രക്കാർക്കും കൂട്ടുകാർക്കും എന്തു സംഭവിച്ചു എന്നു് ഒരുപിടിയുമില്ല. വെള്ളത്തിൽ കിടന്ന ഞാൻ ആയാളോടു് തീ വിട്ടു മാറാൻ നിലവിളിക്കുന്നുണ്ടെന്നു മാത്രം! അയാളാകട്ടെ തീയിൽനിന്നും നീന്തി അകന്നുമാറി; എന്റെ സമീപത്തേക്കു വന്നതേയില്ല.

കുറച്ചുപ്പുറത്തായി ദീക്ഷിത്തു് വെള്ളത്തിന്റെ മുകളിലേക്കുയർന്നുവന്നു. അയാളും വെള്ളത്തിനടിയിൽ കുറച്ചുസമയം കിടന്നിരിക്കണം. ഞാൻ അയാളെ വിളിക്കാൻ തുടങ്ങി! "ദീക്ഷിത്തു്—ക്യാപ്റ്റൻ! തീയിൽനിന്നു് ഒഴിഞ്ഞുമാറി വരണം! നമുക്കു് ഒരുമിച്ചു നീന്താം!" ആ അവസരത്തിൽപോലും ക്യാപ്റ്റൻ എന്നുള്ള വിളി അദ്ദേഹത്തിനു് രസിച്ചില്ല. "ക്യാപ്റ്റനെന്നുള്ളതു മറക്കുക!" എന്നു അദ്ദേഹം ശകാരിച്ചു. സ്ഥിതിവ്യത്യാസങ്ങളും മറക്കേണ്ട സമയമായിരുന്നു അതു്. പ്ലേൻ തീപ്പിടിച്ചു നുറുങ്ങി കഷണങ്ങളായി! മുങ്ങിപോയി. ക്യാപ്റ്റൻസ്ഥാനം വഹിക്കാൻ പ്ലേനില്ല. ആപത്തിൽ എല്ലാവരും ഒരേ സന്ധിയിലായിരുന്നു.

ദീക്ഷിത്തും പതാക്കും ഞാനും ഏതാണ്ടടുക്കലായിരുന്നു. ഞാൻ നിന്നിരുന്ന ആ കഷണം പെട്ടന്നു വെള്ളത്തിൽ താണുതുടങ്ങി. എന്റെ ടൌസർ അതിന്റെ ആണിയിൽ കുടുങ്ങിയകാരണം ഞാനും അതോടുകൂടി താണുതുടങ്ങി. ഇതുയും രക്ഷപ്പെട്ട. ഇനി മുങ്ങിച്ചാകാനാണൊ എനിക്കു യോഗം! കത്തിനുറുങ്ങി പൊട്ടിത്തെറിച്ച പ്ലേനിൽനിന്നും രക്ഷപ്പെട്ട. ഇനി ഉപ്പുവെള്ളത്തിൽ മുങ്ങി മരണം! എങ്കിലും നിവൃത്തിയുള്ളിടത്തോളം മരണത്തോടു മല്ലിടുന്നതിനുതന്നെ ഞാൻ നിശ്ചയിച്ചു. വലത്തെകാലിൽ സർവ്വബലവും പ്രയോഗിച്ചു് കുടഞ്ഞു. ആ ലോഹകഷണം പിടിവിട്ടു, തെക്കൻചൈനാസമുദ്രത്തിനടയിലധീവസിക്കാൻ ഒരുങ്ങുങ്ങിപോയി. അത്യാപത്തുകളോടുകൂടിയ മരണം തരണം

ചെയ്യ വിണ്ടും ജീവിക്കുന്നതു് ആശ്വാസകരംതന്നെ. എന്നാലും പൂർണ്ണരക്ഷയായിട്ടില്ല. മരണം അടിവെച്ചുകൊണ്ടു കൂടത്തന്നെയുണ്ടു്.

ഞാൻ ദീക്ഷിത്തിന്റെടത്തേക്കു നീന്തി. അയാളുടെ ജീവരക്ഷാജാക്കറ്റു് അയാളം ധരിച്ചിട്ടുള്ളതു കണ്ടപ്പോഴാണു് എനിക്കതിന്റെ ഓർമ്മവന്നതു്. ഞാൻ അതിന്റെ ചരടുവലിച്ചു; അതു കാറ്റുനിറഞ്ഞു. എനിക്കു് കുറച്ചുകൂടി പൊക്കത്തിൽ പൊങ്ങിക്കിടക്കാമായിരുന്നു. ഞാൻ ഏററവും അടുത്തുള്ള ടീപിലേക്കു് ഒന്നു നോക്കി അപ്പോളം ദീക്ഷിത്തു് പറയുകയാണു്. "കാണ്ണിക്കു്—എന്റെ ചുമലിന്റെ മേലല്ലു് ഒടിഞ്ഞിട്ടുണ്ടു്.—നീ എന്നെ വിട്ടുമാറരുതു്!" അതേപ്പററി ഭയപ്പെടേണ്ടതില്ലെന്നു ഞാൻ മറുപടികൊടുത്തു. "ഭയപ്പെടേണ്ടതില്ല! ഞാൻ നിന്റെ കൂടെത്തന്നെ നില്ക്കും! നീന്തലൊ, മുങ്ങലൊ ഏതായാലും നാം ഒരുമിച്ചാണു്."

നമ്മളംക്കു നീന്താം അല്ലെങ്കിൽ ഒരുമിച്ചു മുങ്ങാം.

ഞങ്ങളുടെ ഇഷ്ടത്തിനൊ, പ്രതീക്ഷക്കൊ അനുസരിച്ചു് സംഗതികളം നടക്കാൻപോകുന്നില്ല. ഒരു ചുഴിപിടിച്ച വെള്ളപാച്ചൽ— ഞങ്ങളം മൂവ്വരും അതിൽപെട്ടു. ആ തീജ്വാലകളിൽ നിന്നും ഞങ്ങളെ അതുകലേക്കു വലിക്കയാണു്. പന്ത്രണ്ടു പതിനഞ്ചടിയോളം ഓരോരുത്തരിൽ നിന്നും അകലെയായിട്ടാണു് ഞങ്ങളം. അതിശക്തിയേറിയ ആ ഒഴുക്കിനു വഴിപ്പെടാതെ നിവൃത്തില്ലാതെവന്നു. അതു് ഞങ്ങളെ തീയിൽനിന്നും അകലേക്കു മാററിക്കൊണ്ടു പൊയ്ക്കൊണ്ടിരുന്നു. അതാ മറെറാരാപത്തുകൂടി! അപ്പോഴത്തേക്കും വെള്ളത്തിന്റെ മുകളിൽ വേദനയോടുകൂടിയുള്ള നിലവിളികളംക്കിടയിൽ "നിങ്ങളം എവിടെയാണു്. നിങ്ങളം എവിടെയാണു്?" എന്നു് ഉച്ചത്തിൽ അയാളം കിടന്നു വിളിക്കയാണു്; വെള്ളം ഞങ്ങളെ ഒഴുക്കിൽ കൊണ്ടുപോകയുമാണു്. ആ സ്ഥിതിക്കു് അയാളുടെ അടുത്തെത്തുവാൻ ഞങ്ങളംക്കു യാതൊരു

നിവൃത്തിയുമില്ല. അതു ഡികൂഞ്ഞയായിരിക്കണം; വല്ല മുറിവു ചതവുകളും പററിയിരിക്കണം. ഞങ്ങളം മൂവരും കയ്യയത്തി ആയാളോട് ഞങ്ങളെ തുടരുന്നതിന് വിളിച്ചുപറഞ്ഞു. എല്ലാവരും ഒരേഒഴുക്കിൽ പെട്ടിരുന്നതുമൂലം അയാൾക്കതു ബുദ്ധിമുട്ടേണ്ടിയിരുന്നില്ല. ഇതിനിടക്ക വെള്ളത്തിൻെറ മുകളിൽ ഒരാളുടെ മഞ്ഞ ജീവരക്ഷാജാക്കറ്റുകൂടി കാണുകയുണ്ടായി പക്ഷെ അതാരെന്നറിയാൻ സാധിച്ചില്ല. അയാൾക്ക ജീവനുണ്ടോ എന്നുകൂടിഅറിയാൻ കഴിഞ്ഞില്ല. പക്ഷെ കാറ്റുനിറക്കുന്നതിനു ജീവനില്ലെങ്കിൽ അസാദ്ധ്യമായതുകാരണം അയാൾക്കും ജീവനുണ്ടെന്നു ഞങ്ങളം ഉദ്ദേശിച്ചു ഞങ്ങളഞ്ചുപേരും—മൂന്നുപേർ വളരെ അടുത്തടുത്തായും മറെറ രണ്ടുപേർ ഏകദേശം രണ്ടുവാര അകലെയുമായി കരുന്ന എണ്ണയിൽനിന്നു ഒഴിഞ്ഞുമാറി പൊയ്ക്കൊണ്ടിരുന്നു. അഗ്നിക്കിരയാകുമെന്ന ഭയം ഇനി ആവശ്യമില്ല.

ഉദ്ദേശം നൂറുവാരയോളം ഒഴുകിയശേഷം ഞങ്ങളം അകലാതെ നില്പായി ഇനിയും വല്ലവരും പൊങ്ങിവരുമെന്നു ഞാനാശിച്ചു! ഇല്ല—ഞങ്ങളഞ്ചുപേർമാത്രം! തീ കുറഞ്ഞു പടിഞ്ഞാട്ടു മാറിക്കൊണ്ടിരിക്കയാണ്. അതും ഭാഗ്യംതന്നെ! —ഞങ്ങളം തെക്കോട്ടാണ് പോകുന്നതു! ഇനി ഭീതിയം വേണ്ട. ഞാൻ വീണ്ടും നാലുപാടും സൂക്ഷിച്ചുനോക്കി. ഞങ്ങളഞ്ചുപേരൊഴിച്ചു യാതൊരുത്തനുമില്ല—ഇതിൽ രണ്ടുപേർ ആരെന്നറിയാനും നിവൃത്തിയില്ല. ഇവർ രണ്ടുപേരും മുങ്ങി എത്രയോ കഴിഞ്ഞാണ് പൊങ്ങിവന്നതു! അത്രയുംനേരം ശ്വാസമടക്കിക്കിടക്കാനുള്ള ശക്തിയവർക്കുണ്ടായിരുന്നല്ലൊ എന്നു ഞാനാശ്ചര്യപ്പെട്ടു. വെള്ളത്തിൻെറ ഒഴുക്കിൽനിന്നു ഞങ്ങളം മാറി; അഗ്നിയും ശമിച്ചുകഴിഞ്ഞു. വെള്ളത്തിനടിയിൽ ഉള്ള പതിന്നാലുപേക്കും ശ്വാസം നിന്നിരിക്കണം.

ഞങ്ങളുടെ ചുറുപാടുമായി നാലു ദ്വീപുകൾകണ്ടു—ഒന്നു വലുതും മറെറ മൂന്നെണ്ണം ചെറിയ ദ്വീപുകളുമായിരുന്നു ഇതിൽ ഒന്നിലേക്കു മുങ്ങിക്കാണിച്ച പതാക്കിനോട്ട് അങ്ങോട്ടു നീന്തുന്നതിനു് ആവശ്യപ്പെട്ടു.

ജീവരക്ഷക്കുള്ള രണ്ടാമത്തെ പരിശ്രമഘട്ടമായി. പതാക്കും, ദീക്ഷിത്തും, ഞാനും അടുത്തടുത്തുണ്ട്. മറ്റു രണ്ടുപേർ ഏകദേശം 150 വാര അകലെ. പതാക്കിന്റെ കയ്യിന്റെ എല്ലും ദീക്ഷിത്തിന്റെ ചുമലിലെ എല്ലും ഒടിഞ്ഞിട്ടുണ്ട്. എന്റെ എല്ലുകളൊന്നും ഒടിഞ്ഞിട്ടില്ലെങ്കിലും കയ്യിട്ട വെള്ളത്തിൽ തല്ലുമ്പോൾ വലിയ വേദനയുണ്ടായിരുന്നു. ബാക്കി മുറിവുകളെയും മറന്നു പററി ചിന്തിക്കുന്നതിനുള്ള സമയമല്ലായിരുന്നു അത്. മറ്റു രണ്ടുപേരുടെ സ്ഥിതി എങ്ങിനെയെന്നറിയാൻ യാതൊരു നിവൃത്തിയുമില്ല.

എത്താൻകഴിയുന്ന ആദ്യത്തെ ദ്വീപിലേക്കു വെച്ചുപിടിക്കുക; അവിടത്തുകാരുടെ സഹായത്തോടുകൂടി എന്നിട്ടടനെ മറ്റുള്ളവരെ രക്ഷിക്കുക. ആ ദ്വീപുകളിലെല്ലാം ആളുകളുണ്ടായിരുന്നോ എന്നതന്നെ എനിക്കു സംശയമായിരുന്നു! ഇത്രവലിയ ഒരു വിമാനം കത്തിനശിച്ചു വീഴുന്നതുകണ്ട് അവർ വെറുതെയിരിക്കുമോ! വളരെയകലെനിന്നും കാണാവുന്ന ഒരു കാഴ്ചയാണത്! എന്നാൽ ദീക്ഷിത്തിനു ശ്രദ്ധപ്രതീക്ഷയുണ്ടായിരുന്നു. ആ ദ്വീപുകളിലെല്ലാം ജനങ്ങളുണ്ടായിരിക്കുമെന്നാണദ്ദേഹത്തിന്റെ വിശ്വാസം! ദ്വീപുകളം വളരെയടുത്തായി തോന്നി. അസ്തമനത്തിനു മുമ്പ് ഒന്നിൽ എത്താൻ പരിശ്രമിക്കണം. എല്ലൊടിഞ്ഞിരുന്നാലും ദീക്ഷിത്തും പതാക്കും തങ്ങളുടെ ശ്രമങ്ങളം കൊണ്ടുപിടിച്ചു. ഞാൻ ദീക്ഷിത്തിന്റെ അരികിൽതന്നെയുണ്ടായിരുന്നു. അരമണിക്കൂറിനകം ഞങ്ങളം മുന്നോട്ട് അധികം പോയിട്ടുണ്ട്. മറ്റു രണ്ടുപേർ പിന്നിലായി പൊങ്ങിക്കിടപ്പുണ്ട്.

സൂര്യൻ ഇളംചുകപ്പുനിറത്തോടുകൂടി പടിഞ്ഞാട്ടു നീങ്ങിക്കൊണ്ടിരിക്കയാണ്! സൂര്യരശ്മികളം വെള്ളത്തിനുതന്നെ ഒരു ഇളംചുകപ്പുവണ്ണം കൊടുത്തിരിക്കുന്നു; ആ വെളിച്ചം മേഘമില്ലാതെ നീലവണ്ണമായ ആകാശത്തിൽ പ്രതിബിംബിച്ചുകാണുന്നു. "കാഷ്മീർ രാജകുമാരി"യുടെ കട്ടത്ത പുകയുടെ അവശിഷ്ടങ്ങളം

ദൂരെയായി നേരിയ വെട്ടിൽ പടർന്നുകാണാം! അടുത്തുള്ള ദ്വീപുകൾ കൂടുതൽ ശോഭയോടെ പ്രകാശിച്ചിരുന്നു—അവ മാത്രമാണ് ഞങ്ങളുടെ ജീവരക്ഷാമാർഗ്ഗം!

ഒരു മണിക്കൂർനേരം ബുദ്ധിമുട്ടിയിട്ടും ദ്വീപിലേക്കടുക്കുന്നില്ല. ഉടനെ സംഗതി ദീക്ഷിത്തിനു മനസ്സിലായി. ഈ ദ്വീപുകളിൽനിന്നു് അകലേക്കു ശക്തിയായ ജലത്തിന്റെ ഒഴുക്കുണ്ടു്. അയാൾ വഴിമാറി നീന്തി. അല്ലെങ്കിൽ ഒഴുക്കു ഞങ്ങളെ വഴി മാറ്റിച്ചു വല്ലിടത്തേക്കും നയിക്കും. ഏതെങ്കിലും ഒരു ദ്വീപടുക്കുന്നതിനു സൂക്ഷിച്ചുള്ള പരിശ്രമമായിരുന്നു അതു്!

സൂര്യൻ മറയാറായി. ഞങ്ങളുടെ ഏകബന്ധു! അയാൾക്കു താമസിക്കാൻ നിവൃത്തിയില്ലല്ലൊ! മറവുള്ളവരുടെ വിധിയെപ്പറ്റി ചിന്തിക്കാതെ തന്റെയാത്ര തുടരുകതന്നെ വേണം! അങ്ങിനെ 1955 ഏപ്രിൽ 11–ാംനു-ലെ സൂര്യാസ്തമനം ഞങ്ങളുടെ ജീവിതത്തിലെ അവസാന സൂര്യാസ്തമനമായേക്കാം.

പത്തുമണി ഞങ്ങളിൽനിന്നും ഒരു ദൂരവാരയകലെ, മണലിലായിരുന്നു! ദീക്ഷിത്തും ഞാനും കഷ്ടിച്ചുനിന്നു നാത്തൂണ ദ്വീപിലേക്കടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പത്തുമണിയായി ചിലപ്പോഴും മൂളവിളിച്ചു ഞങ്ങളുടെ സ്ഥിതിയറിയിച്ചുകൊണ്ടിരുന്നു. ദീക്ഷിത്തിന്റെ ജീവരക്ഷാകവചത്തിൽ കത്തുന്ന ഒരു ബന്ധമുണ്ടായിരുന്നു. ആ ഇരുട്ടുകേറുന്ന കടലിൽ ഞങ്ങൾക്കാശ്വാസമായി വഴികാട്ടിയായി നിന്നതു് അതാണു്. വെള്ളത്തിൽ ഞങ്ങളുടെ പിന്നിലുണ്ടായിരുന്ന രണ്ടുപേരെ ഇരുളോടുകൂടി കാണാൻ വയ്യാതായി.

ഞാൻ മണിയെത്രയായി എന്നറിയാൻ ഘർട്ടിന്റെ കൈകയറിനോക്കി! വാച്ചു വീണുപോയിരുന്നു. ഞാൻ കൂട്ടാക്കിയില്ല—സർവ്വശക്തികളും ഉപയോഗിച്ചു നീന്തണം; ശേഷിച്ച ശക്തി തീരുംമുമ്പായി കരപിടിക്കണം. അതൊരൊറ്റ രക്ഷാമാർഗ്ഗമേയുള്ളൂ.

നേരത്തെ ഒരു മണിക്കൂർകൊണ്ടു കരപിടിക്കാമെന്നുദ്ദേശിച്ചിരുന്നതു് അസാദ്ധ്യമെന്നോണം നീണ്ടുപോവുകയാണു്. ഉറച്ച ഭൂമിയിൽ കാലുകുത്തുന്നതിനു് ഇനിയും താമസമുണ്ടു്.

ഇതിനിടയ്ക്കായാണു് ഞങ്ങളും പ്ലേനിന്റെ അവസാന നിമിഷങ്ങളെപ്പറ്റി ആലോചിച്ചതു്. ഞങ്ങളും ഓരോരുത്തരും പ്ലേനിൽനിന്നും പുറത്തുചാടിയതെങ്ങിനെയെന്നറിയാൻ ഒരു ആശ ഞങ്ങളിലുദിച്ചു. കത്തി വെള്ളത്തിൽവീണു നശിക്കുന്ന പ്ലേനിൽനിന്നു രക്ഷപ്രാപിക്കാൻ സാധിക്കുന്നതു പത്തുലക്ഷത്തിലൊന്നുമാത്രമാണു്! ടീക്കിത്തെന്നോടുചോദിച്ചു: "നീ ഒരപായജനലിൽക്കൂടിയാണൊ പുറത്തു ചാടിയതു്?" "അല്ല—പ്ലേൻ വെള്ളത്തിലടിച്ചു നുറുങ്ങിയപ്പോഴാണു ഞാൻ പുറത്തായി." ഞാൻ ചോദിച്ചു: "നീ കോക്ക്പിറ്റിൽനിന്നും എങ്ങിനെ പുറത്തു വന്നു?" എന്റെ മുമ്പിലുള്ള ജനലിൽക്കൂടി" എന്നു മറുപടി. "അതു വളരെ അതിശയമല്ലെ! വെള്ളത്തിനടിയിൽ അതു വളരെ പ്രയാസമാണല്ലൊ! കരയിൽത്തന്നെ അതു ചെയ്യുവതു് ഏറ്റവും ഞെരുക്കമാണു്." അദ്ദേഹം ആ സംഭവം വിവരിച്ചു.

പ്ലേനിന്റെ വലത്തുചിറകിന്റെ അറ്റം വെള്ളത്തിൽ മുട്ടുന്നതു താൻ കണ്ടു. നിമിഷത്തിൽ പ്ലേനാകെ വെള്ളത്തിലടിച്ചുവീഴും. തന്റെ മുഖത്തു വെള്ളം. നനഞ്ഞുകഴിഞ്ഞു. തനിക്കു കണ്ണടക്കേണ്ടിയിരുന്നു. നാലുഭാഗവും വെള്ളം അതിന്റെ ശക്തി, തന്നെ പിടിച്ചു് ഇരുന്നിടത്തുതന്നെ ഇരുത്തിയിരിക്കുന്നു. അതും ഭാഗ്യമായി, അല്ലെങ്കിൽ മുന്നിലുള്ള കണ്ണാടിയിലൊ കൺട്രോളിലൊ അടിച്ചു് അയാളം തകർന്നുപോയേക്കാമായിരുന്നു! ക്രമേണ വെള്ളത്തിന്റെ തള്ളിച്ച നിന്നു! പ്ലേൻ മുങ്ങിക്കഴിഞ്ഞു. താനും അതോടുകൂടി കടലടിയിൽ കിടപ്പാണെന്നു തീച്ചയായി. അയാളം കണ്ണു തുറന്നുനോക്കി. ആ ആഴത്തിൽ യാതൊന്നും കാണാനില്ല! വേഗം പുറത്തുകടക്കണം, ശ്വാസംമുട്ടുന്നതിനു മുമ്പായി പുറത്തുകടക്കണം. ഇരുപ്പിടത്തോടുള്ള കെട്ടഴിച്ചു ജനൽ തപ്പിത്തുടങ്ങി.

അതു തന്നെ എവിടെയോ കാലൂന്നിവെച്ചു ദേഹത്തെ പുറത്തേക്കു തള്ളി. പുറത്തുവന്നു രക്ഷപ്രാപിച്ചുവെന്നു വിചാരിച്ചു. എന്നാൽ ഉടപ്പിന്റെ അരഭാഗം ആ വാതിലിൽ കുടുങ്ങിപ്പോയി, ശ്വാസം മുട്ടുന്ന മാതിരിയായി. ജീവരക്ഷാഉടപ്പ് കാറ്റു നിറച്ചാൽ മാത്രമെ രക്ഷയുള്ളൂ. അല്ലെങ്കിൽ താനതിൽ കുടുങ്ങിപ്പോവും. അയാളം അതിന്റെ ചരടുപിടിച്ചു വലിച്ചു. ചുമലിൽ കത്തിവെച്ച മാതിരി വേദനതോന്നി. എങ്കിലും അയാളം ഒരുവിധത്തിന്റെ മുകളിലേക്കു പൊങ്ങിവന്നു. എന്നാൽ വലത്തെ ചുമലിന്റെ എല്ല് ഒടിഞ്ഞുപോയി—എങ്ങിനെയെപ്പോളെന്നു പറയാൻ അദ്ദേഹത്തിനു സാധ്യമല്ല.

ഞാനും ദീക്ഷിത്തും അടുത്തടുത്തായി വെള്ളത്തിൽ പൊങ്ങിക്കിടന്നു. പതാക്ക് ഇതിനകം ആ ദ്വീപിലെത്തിയിരിക്കണമെന്നു ഞങ്ങളം ഊഹിച്ചു. അല്ലെങ്കിൽ അധികം താമസിയാതെ എത്തും! എത്തിയഉടനെ അവിടത്തെ നിവാസികളുടെ സഹായത്തോടെ ഞങ്ങളെ രക്ഷിക്കും. എന്നു ദീക്ഷിത്തന്നുസ്ഥിപ്പിച്ചുകൊണ്ടിരുന്നു. എനിക്ക് ആ ദ്വീപിൽ ആളുകളുണ്ടായിരിക്കുമെന്നുള്ള ശങ്കയുണ്ടായിരുന്നില്ലെങ്കിലും ഞാനും അദ്ദേഹത്തോട് യോജിച്ചു. എന്റെ ഇടത്തുകയ്യും ദീക്ഷിത്തിന്റെ വലംകയ്യും നീന്തുന്നതിനുപയോഗശൂന്യമായിരുന്നതിനാൽ ഞങ്ങളം കുറേശ അകലെ മാറിപോയാലൊ എന്നു ഞങ്ങളം ഭയന്നു! ദീക്ഷിത്തതിനു ഒരു സൂത്രം ചെയ്തു! ഞങ്ങളുടെ ബെൽട്ടുകളുടെ സ്റ്റ്റാപ്പുകളം കൂട്ടിക്കെട്ടി. എങ്ങിനെ കിടന്നാലും ഇനി ഞങ്ങളം അകന്നുമാറാൻ നിവൃത്തിയില്ല. ഞങ്ങളം ഒരേവഴിയിൽ മെല്ലെമെല്ലെ നീങ്ങിക്കൊണ്ടിരുന്നു! ദ്വീപിന്റെ സമീപത്തിലൂടെ ശക്തിയായ വെള്ളത്തിന്റെ ഒഴുക്കുകളുണ്ടെന്നു ബലമായ സംശയംതോന്നി. ഇതുയും നേരമായിട്ടും (രണ്ടുമണിക്കൂർ) ഞങ്ങളം ദ്വീപിനെ സമീപിക്കുന്നതായി തോന്നിയില്ല. പതാക്ക് ഞങ്ങളുടെ കൂടെയുണ്ടായിരിക്കേണ്ടിയിരുന്നു എന്ന ദീക്ഷിത്തിന്റെ അഭിപ്രായത്തോട് ഞാൻ യോജിച്ചില്ല. അയാളം ഒരു നല്ല നീന്തൽക്കാരനായതുകൊണ്ട് അയാളെങ്കിലും അ

വീടെ വേഗമെത്തട്ടെ എന്നായിരുന്നു എന്റെ അഭിപ്രായം. ഇതു കേട്ടപ്പോൾ അദ്ദേഹവും എന്നോടുയോജിച്ചു.

സായാഹ്നസൂര്യന്റെ അന്ത്യകിരണങ്ങളും ക്ഷയിച്ചുതുടങ്ങി. ഇരുട്ടുബാധിക്കുന്നതിനുള്ള ശ്രമമായി. ചെറിയ ചെറിയ മേഘപടലങ്ങളും ആകാശത്തിൽ അങ്ങിങ്ങായി തൂങ്ങിക്കിടപ്പുണ്ട്. ഇരുളടഞ്ഞുതുടങ്ങി. പച്ചപിടിച്ച ദ്വീപുകളും ഇരുട്ടിൽ മറഞ്ഞു. ദീക്ഷിത്തിന്റെ ജാക്കറ്റിലെ വിളക്കും പടിഞ്ഞാട്ടു നീങ്ങിപ്പോയ്ക്കഴിഞ്ഞ ആ കത്തുന്ന എണ്ണയുടെ ജ്വാലകളുംമാത്രം കാണാമായിരുന്നു. ഉദ്ദേശിച്ച സ്ഥലത്തെത്തുന്നതിനു വഴികാണുന്നില്ല. ഭയം—ഇരുട്ടും വെള്ളവും രക്ഷാമാർഗ്ഗമില്ലായ്കയും—ഞങ്ങളെ ബാധിച്ചുതുടങ്ങി! മനുഷ്യരെ വിഴുങ്ങുന്ന സ്രാവു് മത്സ്യങ്ങളും വേട്ടതുടങ്ങാറായി; ഞങ്ങളുടെ പരിശ്രമങ്ങളും ഒരുപക്ഷെ അവസാനിക്കാറുമായി.

ഉദ്ദേശിച്ചതു എളുപ്പം രക്ഷപ്രാപിക്കാമെന്ന ആശ കുറഞ്ഞു. ഒഴുക്കുകൂടി ഞങ്ങളുടെ പരിശ്രമത്തിനു വിഘാതമായേക്കാം. ശ്രമപ്പെട്ടുള്ള നീന്തലിന്റെ ശക്തിയൊന്നു കുറക്കണം. നേരം പുലരുവോളം പൊങ്ങിക്കിടക്കാൻ ശ്രമിക്കണം. പുലച്ചുയോട്ടകൂടി സഹായം എത്തിച്ചേർന്നു വല്ല രക്ഷയും കിട്ടിയേക്കാം. ഒരുതുള്ളി വെള്ളംപോലും കുടിക്കാനില്ലാതെ മുരുങ്ങിയതു് രാവിലെവരെ ഞങ്ങളുടെ ശക്തി കുറയാതെയിരിക്കണം. ശക്തിയോട്ടകൂടിയ ശ്രമം ഞങ്ങളൊന്നു കുറച്ചു.

കത്തിജ്വലിച്ചുകൊണ്ടു് അകലെ കണ്ടിരുന്ന എണ്ണക്കാണാതെയായി. ദീക്ഷിത്തിന്റെ ഉടുപ്പിലുള്ള വിളക്കു് പത്തുപന്ത്രണ്ടടി ചുറ്റും ഒരു വെളിച്ചം വീശിക്കൊണ്ടിരുന്നു. ദ്വീപിന്റെ ആകൃതിതന്നെ ഇരുളിൽ മങ്ങിത്തുടങ്ങി. ഉടുപ്പുകളോട്ടകൂടി നീന്തൽ പ്രയാസമായതുകാരണം ഞങ്ങളും ഉടുപ്പൂരിക്കളഞ്ഞു. ഉടുപ്പോട്ടകൂടി അതിലുണ്ടായിരുന്ന പണം താക്കോലുകളും മുതലായവയും പോയി. ഉടുപ്പോട്ടകൂടിയുള്ള ചൂടില്ലെങ്കിലും വലിയ അസ്വാസ്ഥ്യ

മൊന്നുമില്ല. വടക്കൻ കടലുകളായിരുന്നെങ്കിൽ ഞങ്ങൾ മരവിച്ചു പോകുമായിരുന്നു. ഒരേ നിലക്കു നേരിട്ടതന്നെ നീന്തേണ്ടതുകൊണ്ടാവാം. നാത്തൂൻ ദ്വീപിന്റെ കര ഇരുട്ടിൽ മങ്ങിക്കാണാം. ജീവരക്ഷാബെൽട്ടു കെട്ടിയിരുന്നതു കാരണം മലർന്നുകിടന്നുതന്നെ നീന്തേണ്ടിയിരുന്നു. സലോർദ്വീപുകളിലുള്ള കുന്നുകളെ വഴികാട്ടിയാക്കിവെച്ചുകൊണ്ടു നേരെ പിന്നിലേക്കുതന്നെ നീന്തി. അരമണിക്കൂറോളം കഴിഞ്ഞപ്പോൾ ദീക്ഷിത്തു ചോദിച്ചു: "കാണ്മിക്കു്—ഇനിയെത്രയുമുണ്ടെ?" ഞാൻ കഷ്ടപ്പെട്ടു കഴുത്തുയർത്തി തിരിഞ്ഞുനോക്കി. "ഒരു നൂറു വാരയേയുള്ളൂ" എന്നു മറുപടി പറഞ്ഞു. ഇങ്ങിനെ മൂന്നാലുപ്രാവശ്യം പറഞ്ഞപ്പോൾ ദീക്ഷിത്തിനതിന്റെ നേരമ്പോക്കു മനസ്സിലായി. ഞങ്ങൾ ദ്വീപിനോടു് ഒരിഞ്ചുപോലും അടുക്കുന്നില്ല! ആശയും വിശ്വാസവും നിലനിർത്തണമല്ലൊ!

ഇങ്ങിനെ ഇടക്കിടക്കു തലപൊക്കി നോക്കിയും തുഴഞ്ഞും ഞങ്ങൾ ക്ഷീണിച്ചു. എത്രതന്നെ പരിശ്രമിച്ചിട്ടും ദ്വീപിലേക്കെത്തുന്നില്ല. ചിലപ്പോൾ ഒഴുക്കു നിമിത്തം ദ്വീപിൽനിന്നും അകലെക്കാണു് പോകുന്നതു്. ദ്വീപെത്താനുള്ള പരിശ്രമം ഇടവിടാതെ നടക്കുന്നുണ്ടു്. ചിലപ്പോൾ ദീക്ഷിത്തു വിളിച്ചുപറയും. "നാം ശരിക്കുള്ള വഴിക്കല്ല പോകുന്നതു്." അപ്പോൾ തീരത്തിനോക്കി വഴിക്കു നീന്തിത്തുടങ്ങും. ഇങ്ങിനെയുള്ള പ്രയാണമായിട്ടും ഇരുളും അടുത്തുകിടക്കുന്ന ദ്വീപിനെ സമീപിക്കുന്നില്ല.

ദീക്ഷിത്തിന്റെ ഉടുപ്പിലുള്ള ബാഡ്ജു് മാത്രമാണു് ആ പ്രദേശത്തൊരു വെളിച്ചം. അതു ഞങ്ങൾക്കു ധൈര്യവും ആശയും തന്നു. ഇരുളിന്റെ ഭീകരത്വമകറ്റി ആശാദീപം ആ ചെറിയ വിളക്കു് ഹൃദയത്തിലുദിപ്പിച്ചു. അങ്ങുമിങ്ങും, തങ്ങളിൽ തങ്ങളിലും, കാണാമായിരുന്നതുകൊണ്ടു് അതു ഞങ്ങളിലൊരു മുറിയാത്ത ബന്ധം സ്ഥാപിച്ചു. ഏകാന്തതയിൽ സംഭാഷണത്തിനുമൊരുതരം ഉന്മേഷമുദിപ്പിക്കുന്നതിനു സാധിക്കും. നിരപരാധികളെ വധിക്കുന്നതിനുള്ള ഈവക പരിശ്രമങ്ങൾ ഞങ്ങൾ എതിർത്തു! പതി

ന്നാലുപേർ മരിച്ചുകഴിഞ്ഞു. ഇനിയൊരപകടവുമുണ്ടായില്ലെങ്കിൽ ഞങ്ങളും രക്ഷപ്രാപിച്ചേക്കാം. അവസാനം വെള്ളത്തിൽ പൊങ്ങിക്കണ്ട രണ്ടുപേരുടെ കഥയെങ്ങിനെയോ? "ഒരു മൂന്നുമിനിറ്റുകൂടി വിമാനം പൊങ്ങിനിന്നിരുന്നെങ്കിൽ എല്ലാവരും രക്ഷപ്രാപിച്ചേക്കാമായിരുന്നു" എന്നു ദീക്ഷിത്തു പറഞ്ഞു. "ഞാനും അങ്ങിനെതന്നെ വിശ്വസിക്കുന്നു" എന്നതിനു ഞാൻ മറുപടി പറകയുംചെയ്തു.

ഇതു വെറും ഒരാശമാത്രമായിരുന്നു. നേരെ പറക്കാൻ അസാദ്ധ്യമായിത്തീർന്ന ഒരു പ്ലേനിനു "കാഷ്മീർ രാജകുമാരി"യുടെ വിധി വന്നുചേരാതെ നിവൃത്തിഹമില്ല! "എയർ ഇന്ത്യൻ ഇൻറർനാഷനൽ" കമ്പനിക്കാരുടെയും ഇന്ത്യയുടെ തന്നെയും ഉൽകൃഷ്ടമായ സല്പേർത്തിയും ഉയർന്നുവരുന്ന ലോകാഭിപ്രായവും നിലനിർത്തുന്നതിനു പ്രായോഗികമാവുന്നവിധത്തിൽ പരമാത്മാവെളിപ്പെട്ടുത്തുന്നതിനു വേണ്ടിമാത്രമെന്നോണം ഏതാനുംപേർ ജീവിച്ചുപോന്നതു ചാരിതാർത്ഥ്യജനകംതന്നെ! നാം നീന്തി രക്ഷപെടണം.! അക്കഥപറയാൻ ജീവിച്ചിരിക്കണം.

ദീക്ഷിത്തും ഞാനും പൊട്ടിത്തെറിക്കുശേഷം തീ പിടിക്കുന്നതിനു മുമ്പുണ്ടായിരുന്ന പലേകാര്യങ്ങളെപറ്റിയും സംസാരിച്ചു. അദ്ദേഹം പറഞ്ഞു: "ഞാൻ എന്റെ ഭാര്യക്കും കുട്ടികൾക്കും നഷ്ടമായി പോകുമായിരുന്നു. ഞാൻ മരിച്ചുപോയെങ്കിൽ എന്റെനഷ്ടം മാത്രമല്ല; എന്റെ ഇൻഷ്വറൻസ് പണംകൂടി അവർക്കു കിട്ടുകയില്ല. വിമാനയാത്രാപകടങ്ങൾ ഞാൻ ആ ഇൻഷ്വറൻസിൽ ഉൾപ്പെടുത്തിയിട്ടില്ല." "നിങ്ങൾ അതു ചെയ്യുന്നതായിരുന്നു. ബോംബെ എത്തിയഉടനെ അതു വേണ്ടുംവിധം ശരിപ്പെടുത്തണം" എന്നു ഞാൻ നിർബ്ബന്ധിച്ചു. അദ്ദേഹം അതിനു സമ്മതിച്ചു.

ഞാൻ കുറച്ചുകഴിഞ്ഞു ദീക്ഷിത്തിനോടു പറഞ്ഞു: "പ്ലേൻ നശിച്ചുപോയെന്നും കാണാനില്ലെന്നും എല്ലാവർക്കും ജീവനാശം

നേരിട്ടിരിക്കാമെന്നും റേഡിയോവഴി ഇതിന്നകം ലോകം അറിഞ്ഞിരിക്കുമല്ലൊ. വീട്ടുകാർക്കു കുറച്ചുകാലത്തേക്കു എന്തു മനോവേദനയായിരിക്കും!" എന്റെ കണ്ണുകളും നിറഞ്ഞു. കുറച്ചുനേരം ഒന്നുംസംസാരിക്കാതെ കുടുംബങ്ങളെപ്പറ്റി ഞങ്ങളും ആലോചിച്ചുകിടന്നുപോയി!.....

എന്റെ അമ്മുന്റെ ഡയറിയിൽ ഇങ്ങിനെയെഴുതിയിരിക്കുന്നു:—

പൂന, ഏപ്രിൽ 11, 1955.

റേഡിയോ പൂനാസ്റ്റേഷനിലേക്കു തിരിച്ചുവച്ചു. ഒമ്പതു മണിയടിച്ചതും റേഡിയോ തുടങ്ങി. "ആളിന്ത്യാറേഡിയോവിൽ നിന്നുമുള്ള വാർത്തകളാണ് നിങ്ങളും കേൾക്കുന്നതു്. വായിക്കുന്നതു്..... "ഹാങ്ങ്കോങ്ങിൽ നിന്നും ജക്കാർത്തക്കു യാത്രചെയ്തുകൊണ്ടിരുന്ന എയർഇന്ത്യ കാൺസ്റ്റല്ലേഷന്റെ ഒരു വിമാനം സരവക്കിനു വടക്കുവശം തെക്കൻചൈനാകടലിൽ വീണു മുങ്ങി കാണാതായ്പോയിരിക്കുന്നതായി ഭയപ്പെടുന്നു—"

ആനന്ത് സാധാരണ പറക്കാറുണ്ടെന്നു് എന്റെ കുടുംബക്കാർക്കറിയാം. പക്ഷെ അദ്ദേഹം ഈ വിമാനത്തിലുണ്ടായിരുന്നൊ എന്നു സൂക്ഷ്മമായറിയാൻ പാടില്ല. ആസന്നമായിരുന്ന അദ്ദേഹത്തിന്റെ വിവാഹത്തെപ്പറ്റിയുള്ള സന്തോഷസംഭാഷണം ഗുരുതരമായ അക്ഷമതയിൽ മറഞ്ഞു. അദ്ദേഹം അതിലുണ്ടാകല്ലെ; എന്നാശിച്ചെങ്കിലും അപായത്തെപ്പറ്റി സംശയവും ജനിച്ചു.

വാർത്താശകലങ്ങളും ഞങ്ങളും ശ്രദ്ധിച്ചു. പ്ലേനിലെ യാത്രക്കാരുടേയും ജോലിക്കാരുടേയും പേരുകളും പറയുന്നതു ശ്രദ്ധിച്ചുനിന്നു. പക്ഷെ അങ്ങിനെയുള്ള വിവരങ്ങളൊന്നും കൂടാതെ വാർത്തകളും കലാശിച്ചു. ഭയവും ആശങ്കയും ശേഷിച്ചു. ഞങ്ങളും പ്രാർത്ഥിച്ചു കൂടുതൽ വർത്തമാനങ്ങൾക്കു കാലത്തെ വർത്തമാനപത്രവും കാത്തിരുപ്പായി—അക്ഷമരായി സമാധാനമില്ലാത്തവരായി!"

ദീക്ഷിത്തു് തന്റെ ഭാര്യയേയും കുട്ടികളേയും പറഞ്ഞു ആ ലോചിച്ചു. ബോംബെയിൽ ദീക്ഷിത്തിന്റെ രക്ഷയെപ്പറ്റി കുടുംബത്തെ സമാധാനിപ്പിക്കാൻ ക്യാപ്റ്റൻ നന്ദകണ്ണി ശ്രമിക്കുന്നു ഒമ്പതുവയസ്സുള്ള മകൻ ഭരത് ചന്ദ്രൻ തന്റെ പിതാവു് ശനിയാഴ്ച തിരിച്ചുവരുമെന്നു ധൈര്യംപറഞ്ഞിട്ടാണു് പോയതെന്നും അദ്ദേഹം നിശ്ചയമായും മടങ്ങിയെത്തുമെന്നും പറഞ്ഞു. ദീക്ഷിത്തനുഭവിച്ചിരുന്ന സങ്കടങ്ങളുടെ യാതൊരറിവും കൂടാതെയാണു് ആ കുട്ടി ആശിക്കുന്നതു്!

വർത്തമാനശകലങ്ങൾ.

സിങ്കപ്പൂർ, ഏപ്രിൽ 11, 1955.

ബാൻഡുങ്ങ് ആഫ്രോഏഷ്യൻ സമ്മേളനത്തിലേക്കുള്ള ചൈനീയ ചീനറിപ്പബ്ലിക്കുദ്യോഗസ്ഥന്മാരേയും പത്രപ്രതിനിധികളേയും "കാഷ്മീർ രാജകുമാരി" എന്ന ഇന്ത്യൻ കോൺസ്റ്റല്ലേഷൻ പ്ലേൻ കയറിക്കൊണ്ടു ബാൻഡുങ്ങിലേക്കു പോയിരുന്ന വഴിക്കു സറവക്കിനുവടക്കു നുറുങ്ങിവീഴുകയും യാത്രക്കാരിൽ പതിനൊന്നു പേരും വൈമാനികരെട്ടുപേരും മരിച്ചുപോയതായി ഭയപ്പെടുകയും ചെയ്യുന്നു. കൂച്ചിങ്ങ്, സറവാക്കിനു 108 മൈൽ വടക്കാണ് തങ്ങൾ എന്നു് അപായമറിയിപ്പുകാരൻ പ്ലേൻ റേഡിയോവഴി കൊടുത്തിരുന്നു. ഇൻഡ്യൻ സ്റ്റാൻഡേർഡ് ടൈം മൂന്നുമണിക്കു് അപായമറിയിപ്പു കൊടുത്തശേഷമാണു് നുറുങ്ങിവീഴലുണ്ടായതു് അപായമറിയിപ്പിനു് എട്ടുനിമിഷംമുമ്പു് പ്ലേനിന്റെ വിവരം റേഡിയോവഴി അറിയിപ്പുണ്ടായിട്ടുണ്ടു്. ആ സമയം യാതൊരപായസൂചനയും ഉണ്ടായിരുന്നില്ല. പ്ലേൻ നുറുങ്ങിവീണതിന്റെ കാരണം അറിഞ്ഞിട്ടില്ല.

ഇന്ത്യൻ എക്സ്പ്രസ്സു്, ബോംബെ.

ന്യൂ ഡെല്ലി, ഏപ്രിൽ 12, 1955.

അപായത്തെപ്പറ്റി അറിഞ്ഞു തനിക്കുള്ള ഖേദത്തേയും വേദനയേയും പ്രധാനമന്ത്രി ശ്രീ: നെഹ്റു ഒരു അറിയിപ്പിൽ രേഖപ്പെടുത്തി. ജക്കാത്തക്കു ചൈനയിൽനിന്നും യാത്ര ചെയ്തിരുന്ന നമ്മുടെ എയർഇന്ത്യാ ഇൻറർനാഷനൽ പ്ലേനിനു അപായം പറ്റിയതു ഞാൻ ആദ്യമായി അറിഞ്ഞതു് വൈകുന്നേരം 7 മണിക്കാണു്. ഞാൻ ഞെട്ടിപ്പോയി. ഇങ്ങിനെയൊരു സംഭവം ഏതുസമയത്തും വളരെ വേദനിപ്പിക്കുന്നതാണു്. ബാൻഡുങ്ങ് സമ്മേളനത്തിലേക്കുള്ള പ്രതിനിധിസംഘത്തെയുംകൊണ്ടു് യാത്രചെയ്തിരുന്ന ഈ പ്രത്യേക അവസരത്തിൽ ആ സംഭവം അതിവേദനാജനകവും സംഭ്രമജനകവുമായിരിക്കുന്നു. ഈ സംഭവത്തിനു ചില പ്രത്യേകതകളുണ്ടു്. വിമാനം കടലിൽ വീഴുന്നതിനു പത്തുനിമിഷത്തിനു മുമ്പു് സാധാരണരീതിയിൽ ഒരു അറിയിപ്പു് പ്ലേനിൽനിന്നുമുണ്ടായി. അതു കഴിഞ്ഞയുടനെ എന്തെങ്കിലും സംഭവിച്ചിരിക്കണം.....''

''നിങ്ങൾ പാടുക—അല്ലെങ്കിൽ മരിക്കുക''

ദീക്ഷിതു തന്റെ ഘടികാരം നോക്കി. മണി ഒമ്പതു കഴിഞ്ഞിരുന്നു. ഞങ്ങൾ വെള്ളത്തിലായിട്ടു് 4 മണിക്കൂറുകൾ കഴിഞ്ഞു. ഈ സമയത്തിനുള്ളിൽ ''കാഷ്മീർ രാജകുമാരി'' ജക്കാത്തയിലെത്തിയിട്ടില്ലെന്നു ലോകം മുഴുവനുമറിഞ്ഞിരിക്കും. എത്തേണ്ടസമയം കഴിഞ്ഞു രണ്ടുമണിക്കൂറുകൾ കഴിഞ്ഞിരുന്നതിനാൽ പ്ലേൻ കടലിൽ വീണിരിക്കുമെന്നുദ്ദേശിച്ചേക്കാം.

ദീക്ഷിത്തപ്പോൾ പറകയാണു്: ''ക്യാപ്റ്റൻ ജത്താറും ഗ്ലോറിയായും കൂടി ജീവിച്ചിരിപ്പുണ്ടാകേണ്ടിയിരുന്നു! ജത്താർ സമാധാനത്തോടുകൂടിയ ധൈര്യം പ്രകടിപ്പിച്ചു. എന്റെ ജീവനുതന്നെ ഞാൻ ഗ്ലോറിയായ്ക്കു കടപ്പെട്ടവനാണു്! അവളാണു് എന്നെ ജാക്കറ്റു ധരിപ്പിച്ചതു്'' ദീക്ഷിത്തിനു കോക്ക്പിറ്റിൽനി

ന്നു പുറത്തുകടക്കാൻ കഴഞ്ഞെങ്കിൽ ജത്താറിനും കഴിയുമായിരുന്ന ല്ലൊ. ജത്താക്കു കുറച്ചു വണ്ണം കൂടുതലുള്ളതുകാരണം ജനലിൽകൂടി പുറത്തുകടക്കാൻ സാധിച്ചില്ലായിരിക്കാം. കൂടാതെ വെള്ളത്തിൽ പ്ലേൻ വന്നടിച്ചുവീഴുമ്പോൾ എന്തിനെങ്കിലും ശക്തിയായി മുഖം മുട്ടി ബോധംകെട്ടു മരിക്കാനെളുപ്പമുണ്ട്. എങ്ങിനെയെങ്കിലും രക്ഷപ്രാപിക്കാമായിരുന്നു എന്നുള്ളതു വിദൂരമായ ഒരു പരമാർത്ഥം ആയിരുന്നെങ്കിലും അസാദ്ധ്യമല്ലായിരുന്നു. പുറമെ, ജത്താറിനെപ്പോലെ സന്തോഷവും ധൈര്യവുമുള്ള ഒരു ക്യാപ്റ്റൻ ജീവിച്ചിരിക്കണമെന്നതന്നെ ഞങ്ങൾ ആശിച്ചു.

എനിക്കപ്പോൾ പ്ലേൻനാശത്തിനു മുമ്പുനടന്ന സംഭവങ്ങളെപ്പറ്റി ഓർമ്മിക്കാൻ സാധിച്ചു. പ്ലേനിലുണ്ടായിരുന്ന സവ്വരും പ്രശംസനീയമായ ധൈര്യം പ്രകടിപ്പിച്ചു. വളരെവേഗം പടർന്നുപിടിച്ച കത്തുന്ന ഒരു വിമാനം വെള്ളത്തിലിറക്കാനുള്ള ജത്താറിന്റെ നിശ്ചയം! അതിന്റെ പെടോംടാങ്ക് പൊട്ടിത്തെറിക്കുന്നതിനു സവ്വസാദ്ധ്യതകളും തികഞ്ഞതാണു്! പ്ലേൻ തീ പിടിച്ചതോടുകൂടി അതിനു നേരെപറക്കാൻ സാധിക്കുകയില്ല. അതിനെ നേരെനിത്താൻ ജത്താറും ടീക്ഷിത്തും തീവ്രശ്രമങ്ങൾ ചെയ്തു കഴിയുന്നതു നേരെ പറത്തി. ബുദ്ധിമുട്ടുകൾ വർദ്ധിക്കുന്നതോടെ അപായം ആസന്നമായി! പടർന്നു വ്യാപിച്ച തീനിമിത്തം ഹൈഡ്രോളിക്ക് പദ്ധതി നിന്നു; വെള്ളം തൊട്ടതിനു സല്പംമുമ്പായി മൂന്നാമത്തെ എഞ്ചിൻറൂട്ടത്തേക്കും അഗ്നി വ്യാപിച്ചു. കൺട്രോളുകളുടെ പ്രവർത്തനത്തിനു് ഇതു വലിയ ബുദ്ധിമുട്ടായിരുന്നു. ഇറങ്ങുന്നതിന്റെ അപായകരമായ വേഗതയും! മൂന്നാമത്തെ എഞ്ചിൻ തീനിമിത്തം നിർത്തേണ്ടിവന്നു; അതോടുകൂടി പ്ലേനിന്റെ രക്ഷാസ്ഥിതിയും മോശമായി! ഇതുകൂടാതെ അപായങ്ങൾ ഒത്തുചേർന്നു് ഒരു വിപത്തു്, പറക്കലിന്റെ ചരിത്രത്തിൽ ഇനിമേലെഴുതിച്ചേർക്കേണ്ട ഒരു അദ്ധ്യായമാണു്.

ഞങ്ങൾ വലിയ നാത്തൂണടുത്തുപിലേക്കെത്താൻ കഠിനമാ

യശ്ചാനിച്ചുകൊണ്ടതന്നെയിരുന്നു. പെട്ടന്നു ഞങ്ങളം കൂട്ടത്തിൽ തണുപ്പുള്ള വെള്ളത്തിലായി! വെള്ളത്തിന്റെ ചൂടിനു ഗണ്യമായ ഒരു കുറവുണ്ടായിരുന്നു. "ദീക്ഷിത്തു്! നാം ഇപ്പോൾ കൂട്ടത്തിൽ തണുപ്പുള്ള വെള്ളത്തിലായിട്ടുണ്ടെന്നു മനസ്സിലായൊ?" എന്നു ഞാൻ ചോദിച്ചു; മറുപടി; "കൂട്ടത്തിൽ തണുപ്പുള്ള വെള്ളമെങ്കിൽ കൂട്ടത്തിൽ ആഴമുള്ള കടൽ!" ഞങ്ങളം ഭയംകൊണ്ടു വിറച്ചുപോയി! അഗാധമായകടൽ—അതാവാൻ വഴിയില്ലെന്നു ഞാൻസമാധാനിച്ചു. ഒടിഞ്ഞ ചുമലെല്ലുനിമിത്തം ദീക്ഷിത്തിനു വലിയ നാത്തൂണാടീപിന്റെ തീരങ്ങളം തിരിഞ്ഞുനോക്കി കാണാൻ കഴിഞ്ഞില്ല. ആ തീരം നോക്കേണ്ടതു് എന്റെ ജോലിയായിരുന്നു. അഗാധമായ കടലാണെന്നുള്ള ദീക്ഷിത്തിന്റെ അറിയിപ്പുകളം ഏതാണ്ടു് ശരിയായിരിക്കണം; വീണ്ടും ഞങ്ങളം തണുപ്പുകുറഞ്ഞ വെള്ളത്തിലേക്കു നീങ്ങി. എങ്കിലും, നാത്തൂണാകരയോരങ്ങളം അകലെതന്നെ സ്ഥിതിചെയ്യുന്നു! ഒരുപക്ഷെ ദീപിന്റെ ചുറ്റുപാടും ശക്തിയേറിയ ഒരു തണുത്ത വെള്ളപാച്ചലുണ്ടായിരിക്കണമെന്നുള്ള എന്റെ അഭിപ്രായത്തോടു ദീക്ഷിത്തു യോജിച്ചു.

നാലു മണിക്കൂറുകളം പരിശ്രമിച്ചിട്ടും കര കാണുന്നില്ല വെള്ളത്തിൽ മുമ്പോട്ടുനീങ്ങുന്നില്ല. "കാണ്ണിക്ക! നമുക്കു വെറുതെ വെള്ളത്തിനു മീതെകിടന്നു വിശ്രമിക്കാം! നമുക്കു യാതൊരു മുന്നേറ്റവും കാണുന്നില്ലല്ലൊ." എന്നായി നിരാശനായ ദീക്ഷിത്തു്. വിഫലമായ ശ്രമമാണൊ ഞങ്ങളം ചെയ്യുന്നതെന്നു ഞാൻ ആശ്ചര്യപ്പെട്ടു. ഒരുപക്ഷെ, ക്ഷീണിച്ചു, ഞങ്ങളം ശ്രമം വെടിഞ്ഞു വെള്ളത്തിൽ പൊങ്ങിക്കിടക്കുമായിരിക്കാം. അങ്ങിനെ കിടക്കുന്നതു സുഖമാണെങ്കിലും, ആകഷ്ണീയമായിരുന്ന കടലു് വളരെ അപായകരമാണു്. കൂട്ടത്തിൽ തണുപ്പുള്ള വെള്ളച്ചാലിലേക്കുള്ള വലിവുകളിൽപെടാൻ വളരെ എളുപ്പമാണു്; അവനേരെ തുറന്ന കടലിലേക്കുള്ള വഴിക്കു ഞങ്ങളെ വലിച്ചിടുവാൻ എളുപ്പമാണു്. അതുമല്ല, ഇളകുന്ന അവയവങ്ങളം വലിയ മത്സ്യങ്ങളെ അകറിനിത്തുകയും ചെയ്യും. ജീവശക്തി ശേഷിച്ചിരി

ക്കുന്നിടത്തോളം കടലിലെ ഭീകരജന്തുക്കൾക്കിരയാകുമെന്നത് എനിക്കു തെല്ലുപോലും വിചാരമുണ്ടായിരുന്നില്ല. ഇവയെല്ലാം ആലോചിച്ച ഞാൻ ദീക്ഷിത്തിനോട് പറഞ്ഞു: "പ്ലേനിൽനിന്നു രക്ഷപ്രാപിച്ചു, ഇനി ഇപ്പോൾ മരിക്കുന്നതിനാവശ്യമില്ല ഞാൻ ഒരു ദ്വീപിലെത്തിയേ നിൽക്കൂ! നിനക്കു ക്ഷീണമാണെങ്കിൽ കുറച്ചു വിശ്രമം എടുത്തുകൊള്ളുക. പക്ഷെ ദയവുചെയ്ത് എഴുന്നാട്ടു നിൽക്കാനാവശ്യപ്പെടരുത്. ഞാൻ നിന്നെ ഒരു ദ്വീപിലേക്കു തുഴഞ്ഞുകയറാം!" ഞങ്ങളും ഇതിനകം എത്രാണ്ട് അതിക്ഷീണിതരായിക്കഴിഞ്ഞിരിക്കുന്നു. ദീക്ഷിത്തു് വീണ്ടും തുടർന്നു. "നമുക്കു് കുറച്ചുനേരം മാറി മാറിയുറങ്ങാം." വളരെ നല്ല ആലോചനയെന്നു ഞാൻ വിചാരിച്ചു! പക്ഷെ വീണ്ടും അതിനെപ്പറ്റിയാലോചിച്ചു, ആ വിചാരം ഉപേക്ഷിച്ചു. അങ്ങിനെ കിടന്നു് ഓമ്മവെടിഞ്ഞു മയക്കത്തിലായിപ്പോയേക്കാമെന്ന ഒരു അപായമുണ്ട്. അതു് ഞാൻ ദീക്ഷിത്തിനോട് പറയാതെ അയാളോടുറങ്ങിക്കൊള്ളുവതിനു സമ്മതിച്ചു; ഞാൻ ഓമ്മവിടാതെ നോക്കിക്കൊള്ളാമെന്നേറവു. എന്നാൽ ഞങ്ങളുടെ ജീവൻ ത്രാസിൽ കിടക്കുന്നതോട്ടെന്നറിയാതെ, മരണമൊ ജീവിതമൊ എന്നറിയാതെ, ആടിക്കൊണ്ടിരിക്കെ, ഉറങ്ങുന്നതു് അസാദ്ധ്യമായിരുന്നു! വെറുതെ വെള്ളത്തിൽ ആയാസംകൂടാതെ നിശ്ചലനായി കിടന്നു്, കഴിയുന്നതും ഒന്നിനെപ്പറ്റിയും വിചാരിക്കാതെ കഴിച്ചുകൂട്ടാൻ ശ്രമിക്കാം. അതാണ് അയാൾക്കു തല്ക്കാലഘട്ടത്തിൽ ചെയ്യാമായിരുന്ന ഏറ്റവും നല്ലകാര്യം. എന്റെ വലങ്കൈമാത്രം ഞാൻ നിശ്ശബ്ദതയോടെ ചലിപ്പിച്ചുകൊണ്ടിരുന്നു. കാലുകൾക്കു സ്വല്പനേരത്തെ വിശ്രമം കൊടുത്തു! അച്ചിഴയുന്നോണം ദീക്ഷിത്തിനേയും വലിച്ചുകൊണ്ടു് നീന്തി. "കാണ്ണിങ്ങ്, നീ നീന്തുകയാണോ?—"അല്ല, നീന്തുകയല്ല; ഒരുകൈയിളക്കിക്കൊണ്ടു നീങ്ങാൻനോക്കയാണു്. നീ കുറച്ചുകൂടിവിശ്രമിക്കുക. എനിക്കിപ്പോൾ നിൽക്കുവാൻ അസാദ്ധ്യമാണു്, ഞാൻ കരപറ്റിയേ നിൽക്കുകയുള്ളൂ!" എന്നു ഞാൻ മറുപടി പറഞ്ഞുതീർന്നതേയുള്ളൂ!—ദീക്ഷിത്തു് എന്റെ വാദങ്ങളെ വകവയ്ക്കാതെ ശക്തിയോടുകൂടി നീന്തൽ തുടങ്ങി.

ഇതുയധികം ജീവശ്ശക്തി ഞങ്ങൾക്ക് എവിടെനിന്നു കിട്ടിയെന്നു ഞാനതിശയിച്ചു! ഉറക്കമില്ല, ആഹാരമില്ല, വെള്ളമില്ല; ഞങ്ങളുടെ പരിശ്രമം എന്നെത്തന്നെ കറക്കിക്കളഞ്ഞു. സാധാരണ നിയമങ്ങളനുസരിച്ച്, ആഹാരാദികർമ്മശേഷം, നാലു പാട്ടം രക്ഷിക്കാനുള്ള ആളുകളോടുകൂടിയ ഒരു പരിശ്രമമായിരുന്നെങ്കിൽ ഞാനതെപ്പോഴെ ഉപേക്ഷിക്കുമായിരുന്നു! എന്നു ഞാനാശ്വസ്സപ്പെട്ടു! ജീവിച്ചിരിക്കാനുള്ള മനുഷ്യസഹജമായ ആ വെമ്പൽ!— അതാണതിന്റെ ഉത്തരം. എത്ര കഠോരമായ വിപത്തുകളെ മല്ലിട്ടു ജയിച്ചും ജീവനെ രക്ഷിക്കാനുള്ള ആശ മനുഷ്യനുണ്ടെന്നു ഞാൻ മുമ്പൊരിക്കലും ചിന്തിക്കുപോലും ചെയ്തിട്ടില്ല!

ഞങ്ങൾ അലകളിൽ മുന്നോട്ടും പിന്നോട്ടുമാടിക്കൊണ്ടിരുന്നു. ആ ശീതജലപാച്ചിലിന്റെ ഒഴുക്കു മുറിച്ചു കടന്നുപോകാൻ ഞങ്ങൾക്കു സാധിച്ചില്ല. കരയെത്താമെന്ന ആശ അസാദ്ധ്യമായി തോന്നി. നീന്തൽ വേദനാജനകമായി തോന്നി. പരിശ്രമമില്ലാതെ വെള്ളത്തിൽ വെറുതെ പൊങ്ങിക്കിടക്കുന്നതിനുള്ള ആശയും മുഴുത്തു! എങ്കിലും അതിനു ഞങ്ങളോട്ടംതന്നെ ഉദ്ദേശിച്ചില്ല. "പ്ലേനിൽനിന്നു രക്ഷപ്രാപിച്ചു, ഇനിയിപ്പോൾ മരിക്കുന്നതു മഹാ കഷ്ടമാണ്!" ഞാനതിനു ദീക്ഷിത്തിനോട് മറുപടി പറഞ്ഞു: "അതു തീർത്തും കഷ്ടതരമായിരിക്കും! നമ്മുടെ ജീവൽശക്തികൾ തളരാതെ രാവിലെവരെ നിലനിൽക്കുമെന്നെനിക്ക് ഉറപ്പുണ്ട്; അതിനകം എന്തെങ്കിലും സഹായവും എത്തിച്ചേരുകയുംചെയ്യും!"

നേരം രാത്രി ഒമ്പതരമണിയായി. സൂര്യോദയത്തോട്ടുകൂടി രക്ഷാമാർഗ്ഗങ്ങളണയുമെന്നാൽത്തന്നെയും ആ ഒമ്പതുമണിക്കൂർ കാലം ജീവനും മരണവുമായുള്ള പോരാട്ടമായിരിക്കും. സഹായം ഉദ്ദേശിക്കാം — പക്ഷെ ഇന്നപ്പോളെന്നു തിട്ടപ്പെടുത്താൻ വയ്യ; അതു അതിശീഘ്രം നമ്മുടെയാവശ്യംപോലെ വന്നെത്തുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഞങ്ങളെ സംബന്ധിച്ചു് അന്വേഷിക്കുന്ന വിമാനങ്ങൾ അന്വേഷണസ്ഥലംതന്നെ തെറ്റി നോക്കി

3774

യേക്കാം; വിധിയെഴുതിവിട്ടതുപോലെ ഞങ്ങളും നിരാധാരരായി കിടക്കേണ്ടിവന്നേക്കാനും സാദ്ധ്യതയുണ്ട്.

സ്ഥിരപരിശ്രമത്തിനുള്ള ശക്തി ഞങ്ങളെയുപേക്ഷിക്കയില്ലെന്നു ഞാനാശിച്ചു ദീക്ഷിത്തിനു രക്ഷാമാർഗ്ഗമെത്തിച്ചേരുമെന്നു വിശ്വാസമുണ്ട്. അദ്ദേഹം പറഞ്ഞു: "അന്വേഷണ വിമാനമേതെങ്കിലും, വേഗം വരുമെന്നു ഞാൻ ആശിക്കുന്നു!" ആകാശത്തിൽ വിദൂരമായി ഒരു പ്ലേനിന്റെ ഇരമ്പൽ കേട്ടപ്പോഴും ഞങ്ങൾക്കുണ്ടായ സന്തോഷം! ആശ! മനസ്സിനുണ്ടായ ഉണർച്ച! ദീക്ഷിത്തിന്റെ മുഖം സന്തോഷംകൊണ്ടു തെളിഞ്ഞു പ്രകാശമാനമായി. വേഗം മനുഷ്യസമുദായസമ്പർക്കം! സ്നേഹിതന്മാർ, സ്വന്തക്കാർ, അഭ്യുദയകാംക്ഷികളും. അവർ ഞങ്ങളെ ഉൽക്കണ്ഠയോടെ കാത്തുനില്ക്കുകയായിരിക്കണം! ഞങ്ങളും മടങ്ങിച്ചെല്ലുന്നമെന്നവർക്ക് ആശക്കുമേലാശയുണ്ട്. പ്ലേനിലുണ്ടായിരുന്ന ഓരോ യാത്രക്കാരന്റെയും, വിമാനസംബന്ധമായ ജോലിക്കാരന്റെയും, സ്നേഹിതന്മാരുടേയും, സ്വന്തക്കാരുടേയും ആശ ഇതൊന്നുതന്നെ— വിമാനത്തിന്റെ ശബ്ദം കൂടിക്കൂടിത്തന്നെ വരുന്നു! വിമാനം വേഗം നേരെമുകളിലെത്തി.

നേരെമുകളിൽ വന്നപ്പോഴാ ചിറകിന്റെ അറ്റങ്ങളിലുള്ള നീലയും ചുവപ്പും വെളിച്ചങ്ങൾഞങ്ങൾകണ്ടു! ഈവിമാനത്തിന്റെ കീഴ്ഭാഗത്തുണ്ടായിരുന്ന രണ്ടു കൂട്ടൽ ചുമന്ന വിളക്കുകളും ആ വിമാനം ഒരു പ്രത്യേകാവശ്യത്തിനു പറക്കുകയാണെന്നു സൂചിപ്പിച്ചു. കീഴ്ഭാഗത്തു ചുറുചുറുപ്പുണ്ടായിരുന്ന ഭയങ്കര ഇരുളിൽ വിമാനത്തിനു കാണാൻ സാധിക്കുമായിരുന്ന വെളിച്ചം ദീക്ഷിത്തിന്റെ ജീവരക്ഷാകവചത്തിലുണ്ടായിരുന്നതുമാത്രം!

രക്ഷപ്രാപിച്ചേക്കാമായിരുന്നവരെ അന്വേഷിച്ച് ആ വിമാനം അവിടങ്ങളിൽ ചുറ്റിനോക്കുകയോ, കീഴോട്ടിറങ്ങുകയോ ചെയ്യുമെന്നു ഞങ്ങളാശിച്ചു. പക്ഷെ ആ പ്ലേൻ അതൊന്നുംതന്നെ ചെയ്യാതെ നേരെ വടക്കുകിഴക്കോട്ട് പറന്നുപോയി. ഞങ്ങളുടെ

കഷ്ടതരമായ ആപത്തിൽ ഞങ്ങളെങ്കതന്നെ കഠിനമായ ക്ഷുഭിതമുണ്ടായി. ഒരു പ്രാവശ്യമെങ്കിലും ചുറ്റിനോക്കാതെ ആ വിമാനം പറന്നുപോയല്ലോ: ദീക്ഷിത്തിന്റെ ഉടപ്പിലുള്ള വെളിച്ചം അവർ അവഗണിച്ചതിൽ എനിക്ക് ആശ്ചര്യമുണ്ടായി. വെറുപ്പോടുകൂടി ഞാൻ ദീക്ഷിത്തിനോട് പറഞ്ഞു: "അവരിൽനിന്നും നാം അധികമൊന്നും ഉദ്ദേശിക്കേണ്ടതില്ല. നമ്മുടെ സ്വപരിശ്രമത്തോടെ നമുക്ക് ആ ദ്വീപിൽ എത്തേണ്ടിയിരിക്കുന്നു".

നേരെമുമ്പിൽ കാണാമായിരുന്ന കുന്നിനെ ലക്ഷ്യമാക്കി ഞങ്ങളംനീന്തുകയാണ്. ദീക്ഷിത്തിന്റെ ഉടപ്പിലുണ്ടായിരുന്ന വിളക്ക് അടുത്തായതുകൊണ്ടതെന്റെകണ്ണിനെ അസ്വസ്ഥപ്പെടുത്തുന്നുണ്ടായിരുന്നു. തിരിച്ചറിയാവുന്ന ശോഭയുള്ള വല്ല നക്ഷത്രവും ആകാശത്തിലുദിച്ചു കാണാറാവണമെന്നു ഞാൻ പ്രാർത്ഥിച്ചു. ഇരുട്ടു കൂടിയതോടുകൂടി പടിഞ്ഞാറൻ ചക്രവാളത്തിൽ "ഓറിയൺ" നക്ഷത്രക്കൂട്ടം പ്രത്യക്ഷപ്പെട്ടു. അതു വളരെ കീഴ്ഭാഗത്തായതുകാരണം ഞങ്ങൾക്കു വലിയ പ്രയോജനമൊന്നുമുണ്ടായില്ല. അരമണിക്കൂറിനുശേഷം ഇതുംമറഞ്ഞു. പക്ഷെ താമസംകൂടാതെ വ്യാഴ (Jupiter) നക്ഷത്രം മറ്റു രണ്ടു ചെറുകൂട്ടനക്ഷത്രങ്ങളോടുകൂടി നേരെ മുകളിൽ കാണാറായി. ത്രികോണാകൃതിയിലായിരുന്ന അതിന്റെ തല, വലിയ "നാത്തൂണദ്വീപി"ന്റെനേർക്കു ചൂണ്ടിക്കൊണ്ടായിരുന്നു.

രാത്രികളെത്രയോ കഴിഞ്ഞു; വീട്ടിന്റെ മുൻഭാഗത്തുള്ള പുൽത്തകിടിയിൽ കിടന്നുകൊണ്ട് ഈ ഭയങ്കരരാത്രിയിലെ സംഭവങ്ങളെപ്പറ്റി ചിന്തിച്ചു ഞാൻ ഈ മൂന്നു നക്ഷത്രങ്ങളെയും നോക്കി പലപ്പോഴും കിടന്നുപോയിട്ടുണ്ട്! ആ ഗ്രഹം, വ്യോമത്തിലെ ഏറ്റവും വലിയ ഗ്രഹം, എന്നെ രക്ഷാമാർഗ്ഗത്തിലേക്കും വീണ്ടും ജീവിതത്തിലേക്കും വഴി കാട്ടിത്തന്നതെന്തൊരു ഭാഗ്യമായിരുന്നു! ആകാശത്തിൽ, ഉദ്ദേശിക്കാൻ കഴിയാത്തത്ര വേഗതയോടെ അതു യാത്രചെയ്യുകയാണ്. അതെ—അതു് അതിവേഗത്തിൽ യാത്രചെയ്യുകയാണ്! പക്ഷെ, മറ്റു രണ്ടു ഭാഗഭാക്കുകളോടുകൂടി,

ഞങ്ങളുടെ വഴി കാണിച്ചുതരുന്നതിനായി അതും അപ്പോഴും ആകാശത്തിൽ തൂങ്ങിക്കിടക്കുകയാണ്! ദൈവദത്തമായ ഒരനുഗ്രഹം എന്നുമാത്രം ഞങ്ങൾ കരുതി! ദീക്ഷിത്തിനോട് അതിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു: "ഇടതുഭാഗത്തു വ്യാഴനക്ഷത്രത്തോടുകൂടിയ ആ ത്രികോണതാരങ്ങളെ നോക്കുക! അതു കരയിലോട്ടാണ് ചൂണ്ടുന്നതു!" ദൈവമേ, അതെ—ഇനി കുന്നുകളെ ഉറ്റുനോക്കി കഷ്ടപ്പെടേണ്ട ആവശ്യമില്ല." ദീക്ഷിത്തിന്റെ ഉറ്റുപ്പിലുള്ള വെളിച്ചം കണ്ണിനെ ഇനി വേദനിപ്പിക്കുകില്ല. വെള്ളത്തിൽ തലചായ്ച്ചു വിശ്രമംകൂടാതെ കിടക്കാമെന്നായിത്തീർന്നു. അതു ഞങ്ങളുടെ വേഗതയും വർദ്ധിപ്പിച്ചു.

പലപ്പോഴും നക്ഷത്രങ്ങളെ നോക്കിക്കൊണ്ട് രാത്രികളിൽ ഞാൻ സാധാരണയുള്ള ജിജ്ഞാസയോടെ നില്ക്കാറുണ്ട് എന്റെ അല്പമായ നക്ഷത്രശാസ്ത്രത്തിലെ അറിവ് എന്റെ ജീവനെ രക്ഷിക്കാൻ ഒരുദിവസം ഞാൻ ഉപയോഗിക്കേണ്ടിവരുമെന്നു സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല.

ഞങ്ങളുടെ വേഗത കൂടിയതോടെ വലിയ നാത്തൂണടുപിലെത്താമെന്നുള്ള ആശയും വർദ്ധിച്ചു. ചൂടുവെള്ളത്തിൽ നിന്നു തണുത്ത വെള്ളത്തിലേക്കു മാറലും, വീണ്ടും ചൂടുവെള്ളത്തിലേക്കും, മറിച്ചും, ഇങ്ങിനെ മാത്രമുടനും. അതിശക്തിയായി പ്രവഹിച്ചിരുന്ന ഒഴുക്കുചാലുകളോട് മല്ലിട്ടു കടക്കുവാൻ ഞങ്ങൾക്കു ശക്തി മതിയായിരുന്നില്ല. ഈ ചാലുകളോട് എതിർത്തു കുറച്ചു മുന്നേറും; ക്ഷീണിച്ചു കുറച്ചുശ്വസിക്കും; വീണ്ടും പുറപ്പെട്ടിടത്തുതന്നെ! ആ ശ്വസിക്കുന്ന സമയത്തു ദീക്ഷിത്തു് "ഇന്നിയെത്രദൂരം" എന്നുചോദിക്കും. ഞങ്ങളുടെ മുന്നേറ്റം തുച്ഛമായിരുന്നെന്നെനിക്കറിയാമായിരുന്നു; ദീക്ഷിത്തിനും അറിയാം. നീങ്ങുന്നില്ലെന്നു രണ്ടുപേരും യോജിച്ചുറക്കയാണെങ്കിൽ രക്ഷക്കുള്ള ശ്രമം നിന്നും. നിന്താൻ തോന്നിയേക്കാം. അതുകൊണ്ട് എപ്പോഴും ശ്രമത്തെ പുനഃജീവിപ്പിച്ചുകൊണ്ടിരിക്കുന്നതിനു ഞാൻ തീച്ചയാക്കി. "ഒരു നൂറുവാരമാത്രമെയുള്ളൂ" എന്നു ഞാൻ മറുപടി പറയും. ഇതുകേട്ട് ക്ഷമ

കെട്ടതുപോലെ ഒരിക്കൽ അദ്ദേഹം പറകയാണു്: "നിന്റെ നൂറുവാര വളരെ ദൂരമാണെന്നു തോന്നുന്നു!" ഇടക്കു ഞാൻ ഒരു നിഗ്ഗ്രയിക്കാനാവാത്ത "കുറച്ചേയുള്ളൂ" എന്നു തട്ടിവിടും. ദൂരം നിശ്ചയമായും കുറച്ചുമാത്രമായിരുന്നു! പക്ഷെ ആ തുച്ഛമായ ദൂരം ദുർന്മാരാൽ ആവൃതമായി തടയപ്പെട്ടതായി തോന്നി.

ഞങ്ങൾ സല്പവിശ്രമവേളയിൽ, വീണ്ടും തണുത്തജല വലിവിൽ പെട്ടു. ദീക്ഷിത്തു് എന്നോടു് പക്ഷികളുടെ ശബ്ദം കേൾക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കാനാവശ്യപ്പെട്ടു. ഞാൻ ബദ്ധശ്രദ്ധനായി—അതു കേൾക്കുന്നുണ്ടു്. "എന്നാൽ ടീപീപടുത്തുണ്ടെന്നതു്മാണു്" എന്നായി ദീക്ഷിത്തു്. പക്ഷികളുടെ ശബ്ദം കേൾക്കാമായിരുന്നെങ്കിൽ തീച്ചയായും ഞങ്ങൾ ടീപീനടുത്തു് എത്തിക്കഴിഞ്ഞിട്ടുണ്ടു്, അവിടെ എളുപ്പം എത്തുകയും ചെയ്യാം. പത്താക്കു് നിശ്ചയമായും ടീപീലെത്തിക്കഴിഞ്ഞിരിക്കണം. അയാൾ ബോധരഹിതനായി കടൽതീരത്തു കിടന്നുപോകയില്ലെന്നു് ഞാൻ ആശിച്ചു. അയാൾ ഞങ്ങൾക്കു വല്ല ജനസഹായവും ടീപീപിൽനിന്നും തേടുമെന്നു ദീക്ഷിത്താശിച്ചു. എനിക്കതു ശുഭപ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. സൂര്യാസ്തമനശേഷം കടലിലുണ്ടായിരുന്ന മറവു രണ്ടുപേരെയും ഞങ്ങൾക്കു കാണാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ ഒഴുകിക്കിടന്നിരുന്ന അന്ധകാരനിമ്നത്തിൽ, ആ പക്ഷികളുടെ നിസ്സാരശബ്ദങ്ങൾ ഒരു ആശ്വാകിരണമെന്നുമാത്രം!

അനങ്ങാതെ കിടന്നാൽമാത്രം ആ പക്ഷികളുടെ ശബ്ദം കേൾക്കാം. കൈകാലുകൾ വെള്ളത്തിൽ പെരുമാറ്റം തുടങ്ങിയാൽ ശബ്ദങ്ങളെല്ലാം വെള്ളത്തിന്റെ ശബ്ദത്തിൽ നിമഗ്നമായി. അപ്പോൾ ഒരു ഭയാനകമായ കണ്ടുപിടുത്തം! ഞങ്ങളുടെ ജീവരക്ഷാകവചങ്ങൾ ഒട്ടിത്തുടങ്ങിയിരിക്കുന്നു! പകുതിയിൽ കൂടുതൽ കാറു രക്ഷപ്പെട്ടുകഴിഞ്ഞു. കുറച്ചൊന്നാശ്വസിച്ചു്, ഒഴുക്കിൽ നിന്നും പതുക്കെമാറി, വായ്കൊണ്ടുതിനിറുത്താനുള്ള കഴലിൽകൂടി ഞാൻ ശക്തിയായി ഊതി. എന്റെ മുതുകെല്ലിൽകൂടി ഒരുഭയത്തിന്റെനാളം പാഞ്ഞു. ഈ കാറെറാഴിയൽ തുടർന്നുകൊണ്ടിരുന്നാൽ

ക്രമേണ ഞങ്ങൾക്കു ശക്തി കുറഞ്ഞതു കാരണം കാറ്റ് ഊതിക്കയറാൻ സാധിക്കയില്ല. കവചത്തിലുള്ള കാറ്റിന്റെ പുറത്തുള്ളിന്റെ ശക്തിയിൽ കവിഞ്ഞുള്ള ശക്തികൊണ്ടു മാത്രമല്ലെ അകത്തേക്കു കാറ്റൂതിക്കടത്താൻ സാധിക്കൂ! ഞങ്ങളുടെ ജീവശക്തി ക്ഷയിച്ചു് അതു സാധിക്കാതെവരികയും ഓട്ടയിൽകൂടി ഉള്ള കാറ്റ് ഒഴിഞ്ഞുകൊണ്ടിരിക്കയും ചെയ്യുകയാണെങ്കിൽ ഞങ്ങളും മുങ്ങി മരിച്ചു കടലടിയിൽ കിടപ്പുണ്ടായിരുന്ന മറ്റുള്ളവരോടു ചേരും.

പക്ഷികളുടെ ശബ്ദങ്ങൾ കുറച്ചുനേരത്തേക്കുകൂടി കേൾക്കാമായിരുന്നു; ഒഴുക്കുചാലിൽ നിന്നും മാറിയാൽ വ്യക്തമായി കേൾക്കാം. എന്നാലും കാറ്റൊഴിഞ്ഞുകൊണ്ടിരുന്ന രക്ഷാകവചം അപായത്തെയും സൂചിപ്പിച്ചു. എവിടെയാണ്ടോ ദ്വാരമെന്നു പരിശോധിച്ചു കണ്ടുപിടിച്ചു. ആ ദ്വാരം കൈകൊണ്ടു പൊത്തിയടച്ചുപിടിച്ചു. ഇതും ഒരു ജോലിയായിത്തീർന്നു.

ഞങ്ങൾ പോയിരുന്ന വഴി വിട്ടു മാറി എതിരെ നീന്തുന്നതിനു് ദീക്ഷിത്തിനോടു പറയാമെന്നാലോചിച്ചു. (അയാളും അങ്ങിനെതന്നെ വിചാരിച്ചെന്നു് എനിക്കു പിന്നീടു് അയാളിൽനിന്നു മനസ്സിലായി.) എങ്കിലും കടന്നുപോയികഴിഞ്ഞാൽപ്പിന്നീടും നഷ്ടപ്പെടുമല്ലൊ. തണുത്തവെള്ളത്തിന്റെ ഒഴുക്കുകൊണ്ടു എല്ലാ ദ്വീപുകളുടേയും മുറകം കണ്ടേക്കാം. അതും ഒരുപക്ഷെ ഞങ്ങളെ വിഷമത്തിലിറക്കിയേക്കും. അരക്കുമുകളിൽ നാലിഞ്ചു മുകളിലായിട്ടാണു് ഞാൻ ജാക്കറ്റു ധരിച്ചിരുന്നതു്. അതിപ്പോൾ കാറ്റില്ലാതായി എന്റെ നാലുപാടും വന്നു മുട്ടിക്കൊണ്ടിരുന്നു. കുറച്ചു മണിക്കൂറുകൊണ്ടുശേഷം ഞാൻ തലയിലൊന്നു തപ്പിനോക്കിയപ്പോൾ കണ്ട രക്തലാഞ്ഛനകളെക്കൊണ്ടു തലയിലെവിടെയൊ ഒരു മുറിവുണ്ടെന്നറിഞ്ഞു. അത്രയധികം ഉപദ്രവമില്ലാത്തിനാൽ അതു നിസ്സാരമായ ഒന്നായിരിക്കണമെന്നു ഞാൻ കരുതി. എന്റെ അരപ്പട്ട കെട്ടുന്നിടത്തു് ഒരു വലിയ പൊട്ടിയ അടയാള

മുണ്ടായിരുന്നു. പക്ഷെ അതു ഞാൻ "ഡാംപിയർ" കപ്പലിൽ രക്ഷപ്രാപിച്ചതിനു ശേഷമാണ് കണ്ടതും, അറിഞ്ഞതും. എന്റെ രക്ഷാകവചവും ശ്വാസംമുട്ടിക്കുന്ന കഴുത്തിലെ ടൈയും എങ്ങനെ അലട്ടിക്കൊണ്ടിരുന്നു. ആശ്വാസനിമിഷങ്ങളിൽ ആ ടൈ ഞാൻ അഴിച്ചുകളഞ്ഞു; ഇല്ല—കളയാൻപോയപ്പോൾ എനിക്ക് ഒരു വിദ്യ തോന്നി. രക്ഷാകവചത്തിലെ ഭാരം അതുകൊണ്ടു കെട്ടിയമത്താം. അതു ഞാൻ കെട്ടി; കൈക്ക് ആ ഭാരം അമത്തിപ്പിടിക്കേണ്ട ജോലിയില്ലെന്നായി.

അപ്പോഴേക്കും ഞങ്ങളെ ക്ഷീണിച്ചുകഴിഞ്ഞു. ഞങ്ങളുടെ അദ്ധ്വാനിക്കുന്ന ശരീരങ്ങൾക്കു, വിശ്രമം അത്യാവശ്യമായി തോന്നി. ഞങ്ങളുടെ ആ മരണവുമായുള്ള യുദ്ധത്തിലെ ഏകതന്ത്രം—ഏറ്റവും അനുഭവപ്പെട്ട തന്ത്രം—വിശ്രമിക്കലായിരുന്നു. പിന്നെ യുദ്ധംതുടരുക—വീണ്ടും വിശ്രമിക്കുക. മരണവും ജീവനും തമ്മിലിങ്ങിനെയുള്ള ഒരു ഏറ്റമുട്ടലിൽ നടപടിക്രമങ്ങളും നമ്മെ എളുപ്പം മുഷിപ്പിക്കും. വല്ലപ്പോഴും കുറഞ്ഞൊന്നു സംസാരിക്കുകയെന്നതൊഴിച്ചു 'നീന്തലും വിശ്രമിക്കലും' 'വിശ്രമിക്കലും നീന്തലും'—ഇങ്ങിനെ ഒരു പോരാട്ടംതന്നെയായിരുന്നു അതു്. അങ്ങിനെ ഇടക്കു് വന്നുകൊണ്ടിരുന്ന വിശ്രമവേളയിൽ ദീക്ഷിത്തിന്റെ ഒരു ചോദ്യം എന്നെ വിസ്മയിപ്പിച്ചു:— "കാണ്ണിക്കു്; നിനക്കു പാടാമൊ?" "നിങ്ങളെന്തുപറഞ്ഞു" എന്നു ഞാൻ ചോദിച്ചു. "മനുഷ്യാ—തനിക്കൊന്നു പാടാമൊ?" "ദൈവമേ!—എനിക്കു കഴിയുകയില്ല.—എന്റെ കളിമുറിയിൽ വർഷധാരയിലിരിക്കുമ്പോളല്ലാതെ എനിക്കു പാടാൻ കഴുകയില്ല." ദീക്ഷിത്തു് തുടർന്നു. "എന്നാൽ താങ്കൾ അങ്ങിനെയൊരു വർഷധാരയിലാണിപ്പോളിരിക്കുന്നതെന്നു സങ്കല്പിച്ചു് ഒന്നു പാടിയാട്ടെ! എന്തായാലും വേണ്ടില്ല! ഈ അവസാനമില്ലാത്ത ഷിപ്പ്പുൻ കടൽ കളിയിൽനിന്നൊരു ചെറിയ വിരാമത്തിനു മാത്രമായെങ്കിലും! അല്ലെങ്കിൽ എപ്പോഴെന്നില്ല; ഞാൻ ഈ പ്രതിശ്രമം നിത്തി ഉറങ്ങിപ്പോയേക്കും! എന്നെന്നേക്കുമായി!"

അയാളുടെ സൂചനയുടെ അർത്ഥം ഞാൻ ഗ്രഹിച്ചു. ഒരു അമേരിക്കൻ യുദ്ധവാർത്താലേഖകൻ റഷ്യയിലെ ചെമ്പടകളുടെ ഒരു പ്ലേനിൽ സോവിയറ്റ് വിദേശകാര്യമന്ത്രി വീഷിൻസ്കീയോടുകൂടി പറക്കുകയായിരുന്നു! അയാളം ഒരു അനുഭവം വിവരിച്ചതു് വായിച്ചിട്ടുള്ളതു ഞാൻ ഓർത്തു. ശീതോഷ്ണാവസ്ഥ പൂജ്യത്തിൽനിന്നും വളരെ കുറവായിരുന്നു; (അതായതു് ശീതാവസ്ഥ മാത്രമെയുണ്ടായിരുന്നുള്ളു, ഉഷ്ണാവസ്ഥ ഇല്ലേ, ഇല്ല) പ്ലേനിലുണ്ടായിരുന്ന എല്ലാവരും മരവിച്ചു മരണംപ്രാപിക്കുമെന്നുള്ള ഗദ്ഗദവിലാപം! അപ്പോഴം വിഷിൻസ്കീക്കു് ഒരു ബുദ്ധിയോട്ടമുണ്ടായി! അദ്ദേഹം, തങ്ങളുടെ ദേഹത്തിലെ ചൂടു കുറയാതെ നിർത്തുന്നതിനും രക്തോട്ടം വർദ്ധിപ്പിക്കുന്നതിനും ആ അമേരിക്കൻലേഖകനെ ഒരു ബോക്സിങ്ങ് മത്സരത്തിനു ക്ഷണിച്ചു! പ്ലേൻ ഒരു കൊടുംശൈത്യമേഖലയിൽകൂടിയാണു് പറക്കുന്നതു്! ആ ലേഖകന്റെ ഉഷ്ണിയിൽ, മുഷ്ടിചുരുട്ടി. അതോടുകൂടി കാറ്റിൽവെച്ചു നടത്തിയ ആ മുഷ്ടിപ്രയോഗം അയാളുടെയെന്നല്ല പ്ലേനിലുണ്ടായിരുന്ന മറ്റെല്ലാവരുടേയും ജീവനെ രക്ഷിക്കാൻ പര്യാപ്തമായി; വിഷിൻസ്കീയും ലേഖകനുമായി വെറും കാറ്റിൽ നടത്തിയ ആ മുഷ്ടിപ്രയോഗം അവരും നടത്തി!

ഒരത്യാവശ്യത്തിൽ, അന്തസ്സേറിയ ബഹുമാനപ്പെട്ട ഒരു വിദേശകാര്യമന്ത്രിക്കു് ഒരു പത്രറിപ്പോർട്ടറുമായി പ്ലേനിൽവെച്ചു ഒരു ബോക്സിങ്ങ് മത്സരം നടത്താമെങ്കിൽ, അതുപോലെതന്നെയുള്ള ഒരു പരിതസ്ഥിതിയിൽ എനിക്കെന്തുകൊണ്ടു പാടിക്കൂടാ? — എനിക്കും പാടാം!

അതോടുകൂടി, തെക്കൻചൈനാസമുദ്രം എന്റെ സംഗീതശൂന്യമായ രചനയുടെ മാധുരികൊണ്ടു മുഴങ്ങി.

എന്റെ സംഗീതംകൊണ്ടുണ്ടായ പ്രചോദനംകൊണ്ടോ, സംഗീതശൂന്യമായ എന്റെ ഷണ്ഡംകൊണ്ടോ ആ പണി പറ്റിയതെന്നു് എനിക്കിന്നും അറിഞ്ഞുകൂടാ. പക്ഷെ, പാട്ടു തീരുന്നതി

നമുമ്പായി തന്നെയെന്നപറയാം, ദീക്ഷിത്തു് പുനർജീവിച്ച ശേഷിയോടെ നീന്തി, തള്ളിക്കയറുകയാണു്!

ക്രൂരമായ കടലും ഭയാലുവായ കൊടുങ്കാറ്റും.

പൂവ്വചക്രവാളത്തിൽ തുങ്ങിക്കിടന്നിരുന്നമേഘങ്ങളും ചിതറി മുന്നേറിക്കൊണ്ടു് ഞങ്ങിങ്ങായി ആകാശത്തിൽ പരന്നു. മാറിക്കൊണ്ടിരിക്കുന്ന മേഘങ്ങളെക്കൊണ്ടു കുന്നിൻശിഖരങ്ങളുംകൂടി കാണുന്നതു് അസാദ്ധ്യമായിത്തീർന്നു. ഇടക്കിടക്കു് "വ്യാഴ"നക്ഷത്രവും ചങ്ങാതിമാരോടുകൂടി മേഘങ്ങൾക്കിടയിൽ കൂടി നോക്കിക്കൊണ്ടു് ഞങ്ങളുടെ വഴിമാറലിനെ ശരിപ്പെടുത്തിത്തന്നു. ആ ചെറിയ മേഘങ്ങളും ഒരു ചെറിയ കൂട്ടമായി കൂടി കിഴക്കുഭാഗത്തു നിന്നിരുന്നു. മേഘക്കൂട്ടങ്ങളും കിഴക്കൻചക്രവാളത്തിലൊരു താമസിച്ചുകൂടാനിരിക്കുന്ന പൊതുയോഗത്തിനെന്നോണം പടിഞ്ഞാറുനിന്നും കിഴക്കോട്ടേക്കു കടന്നുപോയിക്കൊണ്ടിരിക്കയാണു്. ആകാശത്തിലൊരു ബാൻറങ്ങ്സമ്മേളനം! അതും നശിപ്പിക്കാനുള്ള പരിശ്രമം വല്ലവരും ആകാശത്തിൽ നടത്തുന്നുണ്ടോ എന്നുകൂടി ഞാനാശ്ചര്യപ്പെട്ടു!

കിഴക്കു കൂടിക്കൊണ്ടിരുന്ന മേഘങ്ങളും അപ്രദേശത്തെ ഒരു കറുത്ത പടരുന്ന ധൂമയവനികയാക്കി മാറിക്കൊണ്ടിരിക്കുകയാണു്. ദീക്ഷിത്തു് വിണ്ടും ഘടികാരം നോക്കി. അതു ശരിക്കോടിക്കൊണ്ടിരുന്നു! ചന്ദ്രോദയത്തിനു സമയമായിട്ടുണ്ടു്. പക്ഷെ ഘനത്തു പടർന്ന മേഘങ്ങളാൽ ചന്ദ്രൻ മൂടപ്പെടും. ചന്ദ്രനെ മാത്രമല്ല; വ്യാഴനക്ഷത്രത്തിനെയും കാണാതെ മറച്ചുകളയും. ഒരു പക്ഷെ അവ ഞങ്ങളിനി ഒരിക്കലും കാണുകയില്ലായിരിക്കാം. വിധി, ക്രൂരവും കടുപ്പവുമായിത്തന്നെ തോന്നി! ഞങ്ങളം തുഴഞ്ഞു നീന്തി ഉദ്ദിഷ്ടസ്ഥലത്തെത്തുന്നതിനു് ആ കുന്നുകളേയൊ ചന്ദ്രനേയൊ, നക്ഷത്രങ്ങളേയൊ കാണാതെങ്ങിനെ കഴിയും? പ്രകൃതി അതിനുള്ള കഴിവുകളെക്കൂടി അപഹരിച്ചുകളഞ്ഞു! അത്ഭുതമായ പര്യവസാനത്തെ സംബന്ധിച്ച ഭയം എന്റെ മനസ്സിൽ പതുക്കെ ഇഴഞ്ഞുകയറിത്തുടങ്ങി.

ഞാൻ ഉച്ചക്ക ഹോങ്കോങ്ങ് വിട്ട പത്തൊമ്പതാളുകളുടെ വിധി ഏതു ഗ്രഹങ്ങളാണ് നിയന്ത്രിച്ചിരുന്നതു്! രേഖിച്ചിരുന്നതു്! ഒമ്പതു് ചീനപ്രതിനിധികളും, ഒരു പോളണ്ടുകാരനും, ഒരു ആസ്ട്രിയക്കാരനും, പത്രലേഖകന്മാർ, എട്ടു വൈമാനികർ, ഇതിൽ പതിന്നാലും മരിച്ചുകഴിഞ്ഞു; ശേഷിച്ച രണ്ടുപേർ കടലിൽ കിടന്നു പോരാടിക്കൊണ്ടിരിക്കയാണ്—അവരുടെയും ശവകുടീരം ആ കടൽതന്നെ ആയേക്കാമെന്നു് അവർ ഭയപ്പെടുകയാണു്!

അങ്ങിനെ വിധി അനിശ്ചിതയായി അശക്തയായെന്നോണം ഒരു നൂലിൽ ഞങ്ങളേയും കൊണ്ടു തൂങ്ങിക്കിടക്കുമ്പോൾ ദീക്ഷിത്തു ശക്തിയോടെ വിളിച്ചുപറഞ്ഞു: "ആ കാണുന്ന വെളിച്ചത്തെ നോക്കു— അതു് 'മോഴ്സ്' ആണു്." അയാൾ 'മോഴ്സ്' അടയാളങ്ങളയച്ചുകൊണ്ടിരിക്കയാണു്. ഞങ്ങളുടെ പടിഞ്ഞാറു ഭാഗത്തായി ശക്തികുറഞ്ഞ ഒരു ടോർച്ചുവിളക്കടി കാണാം. അതു് മോഴ്സടയാളങ്ങളയക്കയാണോ എന്നറിയുവാൻ ഞാൻ സൂക്ഷിച്ചുനോക്കി. ദീക്ഷിത്തു് നിലവിളി കൂട്ടിക്കൊണ്ടേതന്നെയിരുന്നു. "അതു് മോഴ്സാണു്! ജത്താറിനുമാത്രമെ മോഴ്സയക്കാൻ കഴികയുള്ളു. അതു ജത്താറായിരിക്കണം! അലകളെക്കൊണ്ടു് അതെനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല." പ്ലേനിലുണ്ടായിരുന്നവരിൽ മൂന്നുപേർക്കു മാത്രമെ മോഴ്സയക്കാൻ അറിയാവു; ജത്താർ, ദീക്ഷിത്തു്, പതാക്കു്! അതിനാൽ അതു ജത്താറായിരിക്കണമെന്നു ദീക്ഷിത്തുദ്ദേശിക്കയാണു്. ചലിച്ചുകൊണ്ടിരിക്കുന്ന കടലലകളുടെ പ്രതിബിംബത്തെ വെളിച്ചമായി മോഴ്സടയാളമായി വ്യാഖ്യാനിക്കയായിരിക്കണം അയാൾ; ജത്താറിനോടുള്ള സ്നേഹംകൊണ്ടു് അതു ജത്താറായിരിക്കണമെന്ന ആശയും! അലകളുടെ ഇടയിലൂടെ രണ്ടുനിമിഷത്തോളം ആ വെളിച്ചം കണ്ടു!

ഉദ്ദേശം അഞ്ചുനിമിഷശേഷം ഞങ്ങളുടെ വടക്കുകിഴക്കായി മറെറാരു നേരിയ വെളിച്ചത്തിന്റെ പ്രകാശം—അതൊരു ടോർച്ചുവിളക്കുതന്നെ ആ വെളിച്ചമടിക്കുന്ന ആൾ വലിയ നാത്തൂണദിപിന്റെ കരയോരങ്ങൾക്കു വളരെയടുത്താണു്. ആയാൾ

വേഗത്തിൽ കരയടുക്കുമെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. വളരെ നേരമായി യാതൊന്നും ഞങ്ങൾക്കു് അറിയാൻ കഴിയാതെകിടന്നിരുന്ന മറ്റുരണ്ടുപേരായിരിക്കണമെന്നു ഗ്രഹിച്ചു ഞങ്ങൾ സന്തോഷഭരിതരായി. ഞങ്ങളെല്ലാവരും വേഗത്തിൽ ആ ദ്വീപിലെത്തിച്ചേരാൻ ഞാൻ പ്രാർത്ഥിച്ചു. പ്രാർത്ഥനക്കുത്തരമെന്നോണം ഇരുന്നൂറുവാരയോളം അകലെയായി ഒരുമാതിരി നല്ല ശക്തിയുള്ള ഒരു ടോർച്ചുവെളിച്ചം കണ്ടു; ഒരു നിമിഷത്തിനകം അതിനടുത്തായി ശക്തിയായ ഒരു വെറിയ സേർച്ചുലൈറ്റും ഞങ്ങളുടെ നേർക്കതിന്റെ കിരണങ്ങളയച്ചു.

ആ കൂരിരുട്ടിൽ അത്ര ശക്തിയായ പ്രഭ കണ്ടു് കണ്ണു് മഞ്ഞളിച്ചുപോയി. ഈ വെളിച്ചത്തെപ്പറ്റി ഞാനും ദീക്ഷിത്തും വിപരീതാഭിപ്രായക്കാരായിരുന്നു. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നവരിൽ നിന്നല്ല ഈ വെളിച്ചമെന്നു ഞങ്ങൾ ഇരുവർക്കും ബോദ്ധ്യമുണ്ടു്. അതു നിശ്ചയമായും വരുന്നതു മറ്റൊരിടത്തുനിന്നാണു്. അടുത്ത ദ്വീപുകളിൽ നിന്നാരൊ തങ്ങളെ രക്ഷിക്കുന്നതിനു് എത്തിയിരിക്കയാണെന്നു ദീക്ഷിത്തു വിശ്വസിച്ചു. ഒരുപക്ഷെ പതാക്കു് നാത്തൂണദ്വീപിലെത്തി മത്സ്യം പിടിത്തക്കാരുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടാവാം. ഇങ്ങിനത്തെ സംഭവങ്ങളിൽ, രഹസ്യനശീകരണപ്രവർത്തനങ്ങളിൽ, ആരുടെ കൂറത്തെ സംഭവിച്ചുണ്ടായേക്കാവുന്ന തെളിവുകളെ അവരും കൂട്ടുകാരുംകൂടി നശിപ്പിച്ചുകളയാൻ ശ്രമിക്കുമെന്നു പല കഥകളിലും സംഭവങ്ങളിലും ഞാൻ വിവരിച്ചു കേട്ടിട്ടുണ്ടു്. അതൊരു വെറിയ ബോട്ടായിരിക്കാമെന്നും അതിൽ സേർച്ചുലൈറ്റുകളും മെഷീൻതോക്കുകളുംകൊണ്ടു പ്ലേനിൽ ബോംബുവച്ച സംഘക്കാർതന്നെ അതിന്റെ ഉടമസ്ഥരായിരിക്കണമെന്നും എനിക്കു് ഒരു ഭയം മനസ്സിൽ അങ്കുരിച്ചു. പ്ലേൻ കത്തിനുരുങ്ങിയെരിഞ്ഞു് വെള്ളത്തിൽ താണുപോയി. എന്തെങ്കിലും ഈ സംഭവത്തെക്കുറിച്ചുള്ള തെളിവായി വന്നേക്കാവുന്നതു ഷാർക്കുകളിൽനിന്നും രക്ഷപ്രാപിച്ചും നീന്തിയും ജീവിച്ചുപോന്ന മനുഷ്യർ മാത്രമായിരിക്കണം. അതനേഷിക്കു

യാവാം ആ ബോട്ട്. ഈവക ചിന്തകളും വെറും അടിസ്ഥാനര ഹിതമായ ഊഹാപോഹങ്ങളാവാനും മതി. ഇങ്ങിനെയൊക്കെ യാവാമെങ്കിലും ദീക്ഷിത്തിന്റെ അഭിപ്രായത്തോട് ഞാനും യോജി ച്ചു. ദീക്ഷിത്തു് തന്റെ ഇടത്തുകൈ പൊക്കി ആട്ടിക്കാണിച്ചു. ഞാൻ എന്റെ കൈയും ഉയത്തി ആട്ടാൻതുടങ്ങി. എന്നാൽ, ആ വെളിച്ചങ്ങളാകട്ടെ നല്ലപോലെ കാണാമായിരുന്നെങ്കിലും ഞങ്ങളെ കാണത്തക്കവിധം ആ വെളിച്ചം ഞങ്ങളുടെ അടുത്തെ ത്തും എത്തുന്നില്ല. ഒരു രക്ഷാകവചത്തിലുള്ള ചെറിയ വെളിച്ചം മാത്രമെ ഇവിടെയുള്ള അതിൽ ഞങ്ങളുടെ കൈകളും അവർ ക ണ്ടിരിക്കാൻ വഴിയില്ല. എന്നാലും തീച്ചയായും ഞങ്ങളുടെ ചെ റിയ വെളിച്ചം അവർ കണ്ടിരിക്കണമെന്നു് എനിക്കു് ഒരു വി ശ്വാസമുണ്ടായിരുന്നു! എന്തുകൊണ്ടു് അവർ ഇനിയും ഞങ്ങളെ രക്ഷിക്കാൻ ഒരുങ്ങുന്നില്ല? ഞങ്ങളെ ചത്തു പൊങ്ങിക്കിടക്കുന്നവ രായിരിക്കാമെന്നു് അവർ കരുതിയിരിക്കാം. എങ്ങിനെയെന്നറി യാൻ ഇനിയൊരുവഴിയുമില്ല—വിളക്കുകളും (വെളിച്ചങ്ങളും) പി ന്നീടു കണ്ടില്ല!

ഒരുപക്ഷെ തത്സമയം ആകാശത്തിൽ ഇരുണ്ടുകൂടിയ മേ ഘപടലങ്ങളും അവർ കണ്ടിരിക്കണം! ആ സമയത്തു് ഞങ്ങളെ രക്ഷിക്കാൻ അവർ വല്ല ശ്രമവും നടത്തിയാൽ ബോട്ടുകളിൽ വരു ന്നവക്കുകൂടി അതു് ആപത്തിൽ കലാശിക്കാവുന്നതു ഭയങ്കരമായി രുന്നു. രക്ഷിച്ചേക്കാവുന്നതിൽ കൂടുതൽ ആളുകളും മരിച്ചേക്കാനെ ളുപ്പമുണ്ടു് പൊന്തിയൊഴുക്കിൽക്കിടക്കുന്നവരുടെ കൂടെ രക്ഷി ക്കാൻ വന്നവരും കാണാതായേക്കാം! ആ കാരണങ്ങളാൽ പ ക്ഷെ അവർ ധൃതിയിൽ പിൻവാങ്ങിയിരിക്കണം.

ആകാശത്തിലിരുണ്ടുകൂടിയ പ്രകൃതിയുടെ കോപം, ഇടി യും മിന്നലുമായി പ്രത്യക്ഷപ്പെട്ടു. പെട്ടന്നു പൊങ്ങിവന്ന കാർ മേഘങ്ങളും ആകാശം ആകെ മൂടി. അങ്ങിനെ ഞങ്ങളും ഒരു വ ലിയ ഇരുട്ടിൽപെട്ടു—ലോകത്തിൽ എല്ലാത്തിൽനിന്നും ഒഴിഞ്ഞു മാറി— മറക്കായി; ഞങ്ങളുടെമേൽ വെള്ളമടിക്കുന്നുണ്ടെന്നുമാത്രം!

ദീപുകളും, കുന്നുകളും, നക്ഷത്രങ്ങളും എല്ലാം പോയി, ദിക്കിന്റെ കവചത്തിലുള്ള വിളക്കുംകൂടി കെട്ടുപോയതോടുകൂടി ഞങ്ങൾ ഭയാനകമായ ഇരുളിലായി! കൊടുങ്കാറ്റു ചൂളമടിച്ചു വീശി ഓളങ്ങളെ ശക്തിപ്പെടുത്തി! അതു ഞങ്ങളെ കടലിൽ അങ്ങുമിങ്ങും എറിയാൻതുടങ്ങി. ഞങ്ങൾ നീന്തൽ നിർത്തി; നീന്തിയിട്ടു പ്രയോജനമില്ല. കടൽ കോപിച്ചിരിക്കയാണു്. ഞങ്ങളെ പൊക്കി, താഴോട്ടിടുന്നു; ഞങ്ങളോടുമിണ്ടോട്ടുമെറിയുന്നു! ഒരുപക്ഷെ വീണ്ടും ഞങ്ങളെ തുറന്ന കടലിലേക്കുതന്നെ തള്ളിവിടുമെന്നു് ഭയന്നു. ഭയങ്കരമായ തുറന്ന കടലിലായാൽ, പിന്നെ ജീവിച്ചിരിക്കുമെന്നു് ആശിക്കേണ്ട. കൂടുതൽ വലിയ ഓളങ്ങളും, വലിവുകളും, മത്സ്യങ്ങളുമാണവിടെ! അടുത്തെങ്ങും ഒരു ദീപുപോലുമില്ല. അടുത്തരാവിലെവരെ ജീവനോടുകൂടിയിരിക്കാൻ സാധിച്ചാൽതന്നെ, ഞങ്ങളെ അന്വേഷിച്ചേക്കാവുന്ന രക്ഷാസംഘം, ഞങ്ങൾ പ്ലേനിന്നു് അപായമുണ്ടായതിൽനിന്നും അത്രയകലെ എത്തിയിട്ടുണ്ടാവുമെന്നു സ്വപ്നത്തിൽപോലും വിചാരിക്കുകയില്ല.

ഇടയ്ക്കു് ഒരു മിന്നലടിച്ചു; നാലുപാടുമുള്ള ദീപുകളും മറവും കാണാം—അതിന്റെ നടുക്കുതന്നെയാണു് ഞങ്ങൾ! രക്ഷക്കു മാർഗ്ഗമുണ്ടെന്നാശിക്കാം! ശക്തിയായി തണുത്തകാറ്റടി! വെള്ളത്തിനു തണുപ്പു കൂടിയിരിക്കുന്നു. ഞങ്ങൾ ഇരുവരും കൂടുതൽ അടുത്തേക്കണഞ്ഞു. ഞങ്ങളിരുവരും പരസ്പരം കെട്ടിയപോലെ ഒന്നിച്ചുചേർന്നു കിടന്നു. കൊടുങ്കാറ്റു നിലച്ചയുടനെ വീണ്ടും ഉപയോഗിക്കേണ്ടിവരുന്ന ശക്തി സംഭരിച്ചു; അപ്പോൾ ഏതെങ്കിലും ദീപുകളടുത്തുണ്ടെങ്കിൽ.....

ഇടിയും മിന്നലും ശമിച്ചു. ഭയങ്കരഇരുട്ടുതന്നെ നാലുപാടും വ്യാപിച്ചുകിടക്കുന്നു. ദീപുകളൊ കുന്നുകളൊ ഒന്നുംതന്നെ കാണാനില്ല. ഞങ്ങളെ പുറിയടിച്ചുകൊണ്ടു, വായിലും കണ്ണിലും മൂക്കിലുമെല്ലാം ഉപ്പുവെള്ളംതന്നെ! ചിലപ്പോൾ വായിൽ കേറിയ വെള്ളം ഒന്നു തുപ്പിക്കളയാൻ ശ്രമിച്ചാൽ, ഫലം കൂടുതൽ

വെള്ളം വായിലേക്കു കയറും! അല അടിച്ചുകൊണ്ടിരിക്കയാണല്ലൊ. ആ കൊടുങ്കാറ്റ് ശമിച്ചുകാണുവാൻ ഞാൻ പ്രാർത്ഥിച്ചു; അല്ലെങ്കിൽ ഒരുപക്ഷെ ഞങ്ങളും, ഇതുയും ആപത്തുകളും കടന്നു ജീവനോടുകൂടിയിരിക്കുന്ന ഞങ്ങളും, ഉപ്പുവെള്ളം കുടിച്ചു മരിക്കും!

കൊടുങ്കാറ്റടിച്ചുകൊണ്ടതന്നെയിരിക്കുന്നു. ഞങ്ങളെ അങ്ങോട്ടുമിങ്ങോട്ടുമെറിഞ്ഞുകൊണ്ടിരിക്കുന്നു. ഞങ്ങളെവിടെയാണെന്നുകൂടി ഞങ്ങൾക്കറിയാൻ നിവൃത്തിയില്ല. ഞങ്ങൾ എല്ലാ പരിശ്രമം ചെയ്തിട്ടും ഫലമുണ്ടായില്ല; വെറുതെ പൊങ്ങിക്കിടക്കുകതന്നെ ചെയ്യാം. രക്ഷാബെൽട്ടിലെ കാറ്റ് പുറത്തുപോയ്ക്കൊണ്ടിരിക്കുന്നു. കാറ്റൊഴിഞ്ഞുകൊണ്ടിരുന്നസ്ഥലത്തു കെട്ടിയിരുന്ന ഒടെ ഞാൻ മുറുക്കി അമത്തിപ്പിടിച്ചു.

ഇടയ്ക്കിടയ്ക്ക് ജാക്കറ്റിലുള്ള കാറ്റിനെ പരിശോധിച്ചുകൊണ്ടിരുന്നു; കാറ്റു കുറഞ്ഞുവരികയാണ്. അതു പരിശ്രമിച്ചുപിടിച്ചാൽ കാറ്റൊഴിയൽ കുറക്കാമെന്നല്ലാതെ നിത്താനാവുന്നില്ല. ദീക്ഷിത്തിന്റെ കവചവും ഓട്ടപ്പെട്ടിരിക്കണമല്ലൊ! ആ കവചങ്ങളാണ് ഞങ്ങൾക്കുള്ള ഏകരക്ഷ! ഈ സന്ദർഭത്തിൽ അതിൽ കാറ്റുനിറക്കുന്നതും അസാദ്ധ്യം.

മിന്നൽ നിന്നതോടുകൂടി മഴ തുടങ്ങി. മുഴുത്ത മഴത്തുള്ളികളും മുഖത്തു വർഷിച്ചു! ഞങ്ങൾ കണ്ണടച്ചുകിടന്ന് ക്ഷമയോടെ സഹിച്ചു. ഇതു് അസഹ്യമായിരുന്നെങ്കിലും കുറച്ചു നല്ല വെള്ളം വായ്തുറന്നുവച്ചു കിടന്നാൽ കുടിക്കാമെന്ന ആശ എന്നിലുദിച്ചു. കുറച്ചുനേരം വായ് തുറന്നുവച്ചു കിടന്നു; കുറച്ചു വലിയ ഒരലയടിച്ചു വായിൽ ഉപ്പുവെള്ളം നിറച്ചു. ഞാൻ തുപ്പിക്കളഞ്ഞു. ഇങ്ങിനെ പലപ്രാവശ്യമായിട്ടും തുള്ളിപോലും ശുദ്ധജലം കുടിക്കാൻ കഴിഞ്ഞില്ല. കാനിബോളുകളെപ്പോലെ, പ്രകൃതിയുടെ ഈ വിരുദ്ധശക്തികളും ഞങ്ങളുടെ നാലുപാടും നടനം ചെയ്യുകൊണ്ടിരുന്നു! അലകളും അടിച്ചു ഞങ്ങളും അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടുകൊണ്ടിരുന്നു. നാലുപാടും ഒന്നും കാണാൻ പാടില്ല; ഞങ്ങളും എവി

തെയെന്നോ, എങ്ങോട്ട് പോകുന്നെന്നോ അറിയാൻ നിവൃത്തിയില്ല. ഞങ്ങൾ കണ്ണടച്ചു; ആ വിധിയോട് മല്ലിടാനില്ലെന്ന മട്ടിൽ കൊടുങ്കാറ്റ് ശമനം പ്രാർത്ഥിച്ചു കിടന്നു. അപ്പോൾ ഞങ്ങൾ ചുറ്റിത്തെണ്ടിക്കിടക്കയാണോ എന്നതിനെക്കുറിച്ചൊരു സംശയം! ദൈവമേ, ഞാൻ ഭയന്നു! വെള്ളച്ചുഴി! നിശ്ചയമായും മുങ്ങിമരണം. ഞാൻ ദീക്ഷിത്തിനോട് സംസാരിക്കാൻ മടിച്ചു. തത്സമയത്തു് ആയാം എന്നോട് പറകയാണു്: "കാണ്മിക്കു്, നാം വട്ടത്തിൽ കിടന്നു ചുറ്റുകയാണെന്നു് എനിക്കൊരു സംശയം! നിനക്കു് എന്തുതോന്നുന്നു!"

അതു ശരിയാണെന്നു ഞാൻ പറഞ്ഞുപോലുമില്ല. ആ ചുഴലിയുടെ അറ്റത്തു പിടിപെട്ടതിൽ നിന്നു വിട്ടുപോരുവാൻ ഞാൻ കൈകാലുകളും സർവ്വശക്തികളും ഉപയോഗിച്ചു തല്ലിത്തുടങ്ങി. പുറത്തുകിടന്നു, ഞങ്ങളെ അതിന്റെ അരികിലെത്തിയിരുന്നതേയുള്ളു; അതിനകത്തു പെട്ടിരുന്നെങ്കിൽ കഴിഞ്ഞു. ഈ അസാധാരണമായ ആവേശംകണ്ടു ദീക്ഷിത്തു് എന്നെ ആശ്വസിപ്പിച്ചു. കടലിലെ ചുഴികളും ആപല്ലുകളുമല്ലെന്നു് അദ്ദേഹം ഉറപ്പുതന്നു. ഞാൻ ശ്രമംനിർത്തി വെറുതെ കിടന്നു.

ഇങ്ങിനെ വെറുതെ ചുറ്റിക്കൊണ്ടു് യാതൊരു ചിന്തയും ശ്രമവുംകൂടാതെ കിടന്നു. ചുഴലിയുടെ വക്കിൽനിന്നും പുറത്തേക്കു നിങ്ങിയതുതന്നെ ഞങ്ങളറിഞ്ഞില്ല. കാറ്റു നിലച്ചു. കടൽ കുറച്ചൊന്നു ശാന്തമായി. ഓളങ്ങളുടെ ശക്തി കുറഞ്ഞു. ഞാൻ അബോധത്തോടെ കണ്ണടച്ചുകിടന്നു. ദീക്ഷിത്തു് എന്നെ വിളിച്ചുണർത്തി. വലത്തുഭാഗത്തു നോക്കുക—എന്താണതു്? ഞാൻ കണ്ണുതുറന്നു നോക്കി. ശാന്തമായിരുന്ന കടലിൻമുകളിൽ ചന്ദ്രൻ നന്നായി ശോഭിക്കുന്നു! കടൽ ശാന്തമായി. ചില്ലറ ചില മേഘങ്ങളും ആകാശത്തിലങ്ങുമിങ്ങും കാണാനുണ്ടു്. അതുമല്ല ഞങ്ങളുടെ അടുത്തു വലത്തുഭാഗത്തായി പനകളും നിറഞ്ഞ ഒരു ദ്വീപും! ഞങ്ങളും സന്തോഷത്തിൽ മുങ്ങി. ഞങ്ങളുടെ മുമ്പിൽ ഞങ്ങളും നാലുമണിക്കൂറോളം എത്താൻ ശ്രമിച്ച നാമുണദ്വീപുകളും, കുന്നുകളും

ഇവയെല്ലാം കാണാതായി. ദൈവമയച്ചതന്ന കൊടുങ്കാറ്റിനോട് ഞങ്ങളും നന്ദിപറഞ്ഞു. ഞങ്ങൾശ്രമംകൂടാതെ വെറുതെ കിടന്നി രുന്നകാരണം ഞങ്ങളുടെ അവയവങ്ങൾക്ക് വേണ്ട ശക്തിയു മെന്നേ ഞങ്ങൾക്കു തോന്നി ഞങ്ങൾമറ്റുള്ളവർ വല്ലവരും അട ത്തുണ്ടോ എന്നു ചുറ്റുംനോക്കി. ജീവജാലമില്ല! ആരെയും കാ ണാനില്ല! പത്താക്ക് നാത്തൂണയിൽ എത്തിയിരിക്കുമെന്നു ഞ ങ്ങളാശിച്ചു മറ്റുള്ളവരും ഒരുപക്ഷെ മറ്റുദ്വീപുകളിൽ എത്തി യിരിക്കണം!

കവചങ്ങളിലെ പങ്കുതി കാറ്റു പുറത്തുപോയിക്കഴിഞ്ഞി രുന്നു; അവയിത്രയുംനേരം ഞങ്ങളെ പൊക്കിക്കിടത്തിയല്ലൊ എന്നു ഞങ്ങളാശ്ചര്യപ്പെട്ടു. സർവ്വശക്തിയുമുപയോഗിച്ചു ഞ ങ്ങളും അവ വീണ്ടും ഊതിനിറച്ചു; ആ പണികളുള്ള ദ്വീപിലെത്ത ണമല്ലൊ! സന്നദ്ധതയോടെ പരിശ്രമം തുടർന്നു; കൈകാൽ പ്ര യോഗങ്ങളും! അരമണിക്കൂർകഴിഞ്ഞൊന്നു തിരിഞ്ഞുനോക്കി. യ ഥാർത്ഥം മനസ്സിലായപ്പോൾ നടുങ്ങിപ്പോയി! എല്ലാ ദ്വീപുകളു ടെ ചുറ്റും വലിവുള്ള വെള്ളച്ചാലുകളുണ്ട്! അരമണിക്കൂറിൽ, മു ന്നേറ്റമേയില്ല—വെറുതെ കിടക്കുന്നതായിരിക്കും നല്ലത്! അതു മല്ല നേരെമുമ്പിൽ തുറന്ന വൻകടൽ, വായ്തുറന്നു "സർവ്വം ക്ഷ്യാ മി" എന്നു കിടക്കുന്നു. ഭയവിഹ്വലരായി ഞങ്ങൾ ചുറ്റും വീ ണ്ടും നോക്കി. ഞങ്ങളുടെ അടുത്തു പിന്നിൽ മറ്റൊരു ചെറിയ ദ്വീപ്!! ഞങ്ങൾ ചാലിൽപെട്ട കടലിലേക്കു വലിഞ്ഞുപോകു ന്നതിനിടയിൽ കടന്നുപോയതാണ് ആ ദ്വീപ്.

ദാഹവും വിശപ്പും ഈ കടലിൽകിടപ്പുംകൊണ്ട് ബല ഹീനരായിത്തീർന്ന ഞങ്ങൾക്ക് ആ ദ്വീപാണവസാന അഭയം— രക്ഷ! ഞങ്ങളെ ഇതുദൂരം ആരും അന്വേഷിക്കുമെന്നു വിചാരിക്കാ നും നിവൃത്തിയില്ല. ഞങ്ങൾ വീണ്ടും ശക്തിയോടെ കൈകാൽ പ്രയോഗം ചെയ്യുതുടങ്ങി. ആ ചെറിയ കുന്നു വലുതാകാൻ തുട ങ്ങി. നിലാവിൽ മണൽ മിന്നുന്നതു കാണാം. ഒരു നൂറുവാര കൂടി! ഞങ്ങൾ രക്ഷപ്പെട്ടും!

ഏഴരമണിക്കൂർനേരം മരണവുമായി മല്ലിട്ട ഞങ്ങളും, ഞങ്ങളുടെ ശേഷിച്ച ശക്തിയെപ്പറ്റി കൂട്ടി കണക്കാക്കി. ഞങ്ങളും അതി ക്ഷീണരായിരുന്നു. കൈയ്യെത്തി തുഴയുവാൻകൂടി അശക്തരായി! കുറച്ച വിശ്രമിക്കാതെ നിവൃത്തിയില്ല—ടീപ്പും ഇതുപോട്ടത്താണല്ലൊ! എന്നാൽ ചുറ്റുപാടുമുള്ള ഒഴുക്ക ഞങ്ങളെ ടീപ്പിൽ നിന്നും അകറ്റുകയാണെന്നറിയാമായിരുന്നു. എങ്കിലും ഒരു ശ്രമത്തിനുകൂടി മുതിർന്നു. ഉള്ള ശക്തിയെല്ലാമുപയോഗിച്ച് ഇപ്പോവശ്യം വിജയിക്കണം! കരതൊടാതെ പരിശ്രമം നിറുത്തുകയില്ല. ക്രമമായ വേഗതയിൽ പോകാൻ തീച്ചയാക്കി; ഒന്നൊരുമിച്ച ഞങ്ങളും പരിശ്രമം തുടർന്നു. ഞങ്ങളും തിരിഞ്ഞു നോക്കിയതേഇല്ല. ചുഴിയേയൊ വലിവിനേയൊ കൂട്ടാക്കിയില്ല. ചരുൻ മുമ്പിൽ നിൽപുള്ളതുകാണാം. ഏകദേശം അരമണിക്കൂർ നീന്തിക്കഴിഞ്ഞു. ഇനിയും അതുയുംസമയംതന്നെ വേണം. ഞങ്ങളും തുടർന്നു പരിശ്രമിക്കുകതന്നെ ചെയ്തു.

പെട്ടന്നു് എന്തൊ കനത്തതു കയ്യിൽ തട്ടി. ഞാൻ അതു കടന്നുപിടിച്ചു ഒരു പാറ! ഞാൻ സന്തോഷിച്ചു് ഉച്ചത്തിൽ നിലവിളിച്ചു. "ടീക്ഷിത്തു്—നാം എത്തിക്കഴിഞ്ഞു! ഇതാ ഒരു പാറ!" ഒരുനിമിഷത്തേക്കു് ആയാളം അതു വിശ്വസിച്ചില്ല. പാറ എന്നെറ വലതുഭാഗത്താണു്. അതുകൊണ്ടു ഞാൻ കയറി, വലിച്ചുകേറ്റിയാലല്ലാതെ അയാൾക്കു് കയറാൻ കഴികയില്ല. ആശയോടെ അയാളം "അതെവിടെ, അതെവിടെ" എന്നു ചോദിച്ചുകൊണ്ടതന്നെയിരുന്നു. ഞാൻ അയാളെ പാറയിലേക്കു് വലിച്ചു കയറ്റി. തളർന്നുപോയിരുന്ന ഞങ്ങളുടെ അംഗങ്ങൾക്കു് എന്തൊരാശ്വാസം! ഉറച്ചു പാറയിലാണു് ഞങ്ങളും നില്ക്കുന്നതു്! പരിശ്രമിച്ചു തളർന്ന ശക്തിയായ ശ്വാസോച്ഛ്വാസം,—ഞങ്ങളും മുഖത്തോടുമുഖം നോക്കി ഒന്നുപുഞ്ചിരിച്ചു!

"നാം ജീവിച്ചിരിപ്പുണ്ടു്"! എന്നു രണ്ടുപേരും ഒരുമിച്ചു് നോണം പറഞ്ഞുപോയി. ഞങ്ങൾക്കു ഞങ്ങളുടെ കുടുംബങ്ങളോടു ചേർന്നു ജീവിക്കാം! വീട്ടിലുള്ളവർ ഞങ്ങളെ വിചാരിച്ചു്

അക്ഷമരായിരിക്കയാണെന്നു ഞങ്ങൾ ആലോചിച്ചില്ല; ഞങ്ങൾ മടങ്ങിവരുന്നതുവരെ അവർക്കിരിയാൻ പാടില്ല! ആശയോടെ അവർ കാത്തിരിക്കുകയാണ്! ഞങ്ങൾ മടങ്ങിച്ചെല്ലുണമെന്നു പ്രാർത്ഥിക്കുകയാണ്! ഞങ്ങൾ എത്തുവാൻതാമസിച്ചാൽ!

കോറൽദ്വീപുകളിലെ റോബിൻസൺക്രൂസോകഥ.

പാറയിൽനിന്നും കടലോരത്തേക്കു കടക്കണമെന്നു ദീക്ഷിതുടിപ്രായപ്പെട്ടു. അവിടെത്തന്നെ തല്ക്കാലം ഇരിക്കുന്നതിനാണ് ഞാൻ ഇഷ്ടപ്പെട്ടതു്. "രാത്രിമുഴുവൻ നമുക്കിവിടെ കഴിച്ചുകൂട്ടാം" ദീക്ഷിതു് തന്റെ വാച്ചു നോക്കി; ഒമ്പതുമണിക്കൂർ ഉപ്പുവെള്ളത്തിൽ കിടന്നു; കൃത്യസമയം കാണിക്കുന്നു മണി 1-30. ഇപ്പോൾ ഉപ്പുവെള്ളമിറങ്ങുമെന്നും വെളിച്ചം വരുന്നതിനുമുമ്പു് ആ പാറ, വെള്ളത്തിനടിയിലാകുമെന്നും അയാൾ പറഞ്ഞു. കരയോടടുക്കുന്തോറും വെള്ളത്തിനാഴം കുറഞ്ഞുവരുമായിരുന്നു. കരയിൽനിന്നും കുറെ ദൂരത്തിൽ കുറെ അകലത്തു പാറകളുടെ നിരയുള്ള സ്ഥലമായിരുന്നെങ്കിൽ ആ ഒരു കാര്യത്തിനുള്ള ശേഷി ഞങ്ങൾക്കുണ്ടായിരുന്നു! ഞങ്ങൾ തളർന്നവരായിരുന്നു!

ഒരു കാൽമണിക്കൂർ വിശ്രമത്തിനുശേഷം അക്കരെക്കടക്കാനുള്ള ശക്തി ഞങ്ങൾക്കുണ്ടായി. സന്ധ്യയായി തുടങ്ങുന്നതേയുള്ളൂ. ഞാനവിടെ ഞങ്ങളുടെ തുണികൾ കെട്ടി ഒരുമിച്ചു നിർത്തിയിരുന്ന കുടുക്കുകൾ കെട്ടഴിച്ചു. ദീക്ഷിതു് പറയുകയാണപ്പോൾ: "കുട്ടികളേ—നാം ഇവിടെവെച്ചു സന്താനങ്ങളായിത്തീരുന്നു!" "ഹാ, ശരിയാണു്! എല്ലാവർഷവും ഏപ്രിൽ 12-ാംനു നമുക്കു ജന്മദിനമാഘോഷിക്കാം!" എന്നു ഞാൻ പറഞ്ഞു.

ഞാൻ എഴുന്നേല്ക്കാൻ ശ്രമിച്ചു; എന്റെ കാലുകൾക്കു ദേഹത്തെ താങ്ങാനുള്ള ശേഷിയില്ല; പ്രത്യുത്പന്നമതിത്വമുള്ള ആ ചങ്ങാതിയുടെ! സഹായംകൂടാതെ നടക്കാൻ ദീക്ഷിതിനും സാധിച്ചില്ല. പാറപ്പുറം വഴുക്കുന്ന പായലാൽ മൂടപ്പെട്ടിരുന്നു

ന്നു. അവസ്സാ മീതെയൊരടി വെള്ളത്തിൽ ചന്ദ്രകിരണങ്ങളും തിള ങ്ങിക്കൊണ്ടിരുന്നു. ഞാൻ കൈയും കുടിയുപയോഗിച്ചു നിരങ്ങി! പായലിനെ വെകുത്തിരുന്ന കാരണം ദീക്ഷിതനതിഷ്ടപ്പെട്ടില്ല. ജീവനുള്ള മത്സ്യത്തെ കയ്യിൽപിടിച്ചിരിക്കുന്നമായിരി അയാൾക്കു തോന്നി. അയാൾ എന്റെ ചുമലിൽ കയ്യമർത്തി നീങ്ങുകയാണ്. ഞാൻ യാത്രയിൽ ഒരു പാറയിലിരുന്നു, അടുത്ത പാറ കാൽകൊ ണ്ടു തപ്പിഅതിലേക്കു നീങ്ങും. ഒന്നരണ്ടു പ്രാവശ്യം ദീക്ഷിത്തു വ ഴുക്കി ബാലൻസ് തെറ്റിയെങ്കിലും അപകടം കൂടാതെ ഞങ്ങളം യാത്രതുടർന്നു. ദീക്ഷിത്തിനു ഞണ്ടുകളെ പേടിയാണ്! "ഇവിടെ ഞണ്ടുകളുണ്ടെന്നു തോന്നുന്നല്ലൊ! ഈശ്വരാ, എനിക്കു സ്രാവി നേക്കാളും ഭയമാണ് ഈ ഞണ്ടുകളെ!" എന്നായി അയാൾ.

"അതു സാരമില്ല" എന്നു പറഞ്ഞു, അടുത്ത പാറ തപ്പുന്ന തിനു ഞാൻ കാൽ നീട്ടി. ഒരു കടി! "ഒരു ഞണ്ടെന്നെ കടിച്ചു;" എന്നു ഞാൻ നിലവിളിച്ചു; കാലെടുത്തു. അതു ഞണ്ടല്ല;; ഞണ്ടു കടിച്ചാൽ അതു കടിവായിൽ തുങ്ങിക്കിടക്കും. അതു വെറും മുറം ചെടിയായിരുന്നു. ഞങ്ങളം കൂടുതൽ സൂക്ഷ്മതയോടെ മുന്നേറി. ഞണ്ടിനെ ഓടിക്കാൻ വെള്ളത്തിൽ കൈകൊട്ടുകയുംകൊണ്ടു തല്ലി. ഇതു ദീക്ഷിത്തിനെ സന്തോഷപ്പെടുത്തി; അയാൾ മന്ദഹസിക്കുന്നതു നിലാവത്തു് എനിക്കു് കാണാമായിരുന്നു!

ജീവരക്ഷാകവചങ്ങളം അപ്പോഴും ഞങ്ങളുടെമുതുകിലുണ്ട്; ഞങ്ങളം അവയുടെ കാറ്റു കളഞ്ഞു മടക്കിക്കെട്ടി; നീങ്ങുന്നതിനു കൂടുതൽ സൌകര്യമായി.

ദീക്ഷിത്തിന്റെ മുഖം എപ്പോഴും സന്തോഷഭരിതമായി തോന്നിപ്പിക്കുന്ന ഒന്നാണ്. അയാൾ പറഞ്ഞു: "കാണ്ണിക്ക നീ, ന്റെ ഷർട്ട് നനഞ്ഞിട്ടുണ്ട്."

ഞാൻ ആശ്ചര്യത്തോടെ തിരിഞ്ഞുനോക്കി; "നിങ്ങളുടേയും നനഞ്ഞിട്ടില്ലെ?" എന്നു ചോദിച്ചു. "ഉണ്ട് നിശ്ചയമായും!" "എന്നാൽ നീ എന്തിനു' അതു പറയുന്നു?!' "കണ്ടതു പറ

ഞെരുന്നമാത്രം!'' രണ്ടുമണിക്കൂർനേരം ഞങ്ങളും വെള്ളത്തിൽ തപ്പി പാറപിടിച്ചു കേറി, വെള്ളത്തിൽ തല്ലി ഞണ്ടിനെയോടിച്ചു, അങ്ങിനെ മുന്നാറി. പാറകളും കഴിഞ്ഞു. പാടങ്ങളും വേദനിപ്പിച്ചിരുന്നെങ്കിലും മുട്ടിനുവെള്ളത്തിലിറങ്ങി ബാക്കിയുള്ള സ്വല്പദൂരം എനിക്കു നടക്കാം. കരയടുക്കാൻ ഇരുപതുവാരകൂടിയേയുള്ളൂ. വെള്ളം ചെറിയ അനക്കംമാത്രംകൊണ്ടു ചലിച്ചിരുന്നു. പെട്ടെന്നു ഞാൻ ദിക്ഷിത്തിന്റെ കൈക്കുപിടിച്ചു! ''നോക്കൂ—ഒരു ചീങ്കണ്ണി!'' ഞാൻ ഭയന്നുപോയി. കുനിഞ്ഞു് ഒരു കല്ലെടുക്കാൻ ശ്രമിച്ചു. ചീങ്കണ്ണിയാണെങ്കിൽ അതു വായുറന്നു് എതിക്കാൻ വരും. അപ്പോഴേ അതു വായിൽഎറിയണം! ചീങ്കണ്ണികളേ കടൽവെള്ളത്തിൽ ജീവിക്കയില്ലെന്നു ദീക്ഷിത്തു ധൈര്യംതന്നശേഷം ഞാൻ കല്ലു് കൈവിട്ടു; അയാളെയും വിട്ടു. ആ ചീങ്കണ്ണിയുടെ അടുത്തേക്കയാളെന്നെ വലിച്ചുകൊണ്ടുപോയി. അലകളാൽ നീങ്ങുന്നതായി തോന്നിയതു കാലിലെ ഒരുതരം ചെടിമാത്രമായിരുന്നു അതു്! പെട്ടെന്നു് ഒരു ഡെക്കോട്ടപ്ലേനിന്റെ ശബ്ദം! വളരെമുകളിൽ നിലാവത്തു് ആ ഡക്കോട്ട പറക്കുന്നതു ഞങ്ങളും കണ്ടു. അതു ക്ഷണത്തിൽ മറയുകയുംചെയ്തു.

കടലിന്റെ നടുക്കു് ഒരു ചെറിയ ദ്വീപിൽ അടിച്ചുകയറപ്പെട്ട ഞങ്ങളുടെ ആദ്യത്തെ വിചാരം അടുത്ത ദിവസത്തെപ്പറ്റി മാത്രമായിരുന്നു. ''ഈ ദ്വീപിൽ ആഹാരം താമസമുണ്ടെന്നു തോന്നുന്നില്ല'' എന്നു ദീക്ഷിത്തു പറഞ്ഞു. ഞാൻ അതിനോടു യോജിച്ചു. ''നമുക്കിവിടെ എത്രനാൾ ജീവിക്കാമെന്നു കരുതുന്നു?'' ''കാലാന്തരംവരെ'' എന്നു ഞാൻ മറുപടി പറഞ്ഞു. ''ആഹാരവും ജലവും വേണമല്ലോ!''

''അതെപ്പറ്റി ഭയപ്പെടാനില്ല, ധാരാളം തെങ്ങുണ്ടു്. കാലത്തും, ഉച്ചക്കും, രാത്രിയും തേങ്ങതന്നെ—വെള്ളം അതിലുള്ളതാണല്ലോ!''

അപ്പോഴാണു് റോബിൻസൺക്രൂസോവിനെ ഞാൻ ഓർത്തതു്; ഞാൻ പറഞ്ഞു: ''ഒരു പതിനഞ്ചുദിവസത്തിനകം നമ്മളെ

തേടി ആരും വന്നില്ലെങ്കിൽ, സിങ്കപ്പൂക്കു പോകാൻ നമുക്ക് ഒരു വഞ്ചിയുണ്ടാക്കാൻ തുടങ്ങാം." ദീക്ഷിത്തു മിണ്ടിയില്ല. കാഴ്ചയ്ക്കു നിസ്സാരമായി അദ്ദേഹം, എന്നെപ്പോലെ, വിചാരിച്ചിരുന്നില്ലായിരിക്കണം. അയാളുടെ മക്കളും, ഭാര്യയും, വയസ്സായ അമ്മയും അച്ഛനുമെല്ലാം അയാളെച്ചൊല്ലി വിഷമിച്ചു മരിക്കയായിരിക്കും! അങ്ങനെ അയാളെ കണ്ടു, ഞാൻ കാത്തിരിക്കുന്ന എന്റെ കുടുംബത്തെപ്പറ്റിയും വിചാരിച്ചു! ഒരു സന്തോഷമായ അന്തരീക്ഷം സൃഷ്ടിക്കുകൊണ്ടു നിൽക്കുന്നതിനുമാത്രം, ഏതെങ്കിലും ഒരു മീൻപിടുത്തക്കാരന്റെ വഞ്ചി കാലത്തേക്ക് അവിടെയെത്തുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. എങ്ങനെയെങ്കിലും ഉറി രക്ഷപ്പെടുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ ആശ്വസിച്ചു.

നേരം രാവിലെ 3—30 ഞങ്ങൾ ഉണങ്ങിയ മണലിൽ എഴുന്നേറ്റിരുന്നു; ജാക്കറ്റുകൾ അഴിച്ചു മണലിൽ വിരിച്ചു; തിരിഞ്ഞു കടലിലേക്കു നോക്കി. ശാന്തം! കടൽ പൂർണ്ണമായും സ്നേഹത്തോടുകൂടിയതായി തോന്നി! രണ്ടുപേർ ഞങ്ങളുടെ പിന്നിലുണ്ടായിരുന്നവർ അവിടേക്കു വരുന്നുണ്ടോ എന്നു ഞങ്ങൾ നോക്കി. പക്ഷെ, നാലുപാടും യാതൊരു ജീവജാലവുമില്ല. പത്തുകൊല്ലം നല്ല നീന്തൽക്കാരനായിരുന്നതിനാൽ നാനൂറടിയിൽ എത്തിക്കാണുമെന്നു ഞങ്ങൾ ധൈര്യപ്പെട്ടു.

കഴിഞ്ഞ ഒമ്പതു മണിക്കൂർനേരത്തെ പരിശ്രമം—മരണവുമായുള്ള മൽപ്പിടുത്തം—ഞങ്ങളെ ആശ്ചര്യപ്പെടുത്തിക്കഴിഞ്ഞു. ഒരു തണലിലേക്കു മാറണമെന്നു ദീക്ഷിത്തിപ്പോൾ പറഞ്ഞു. ഞാൻ ഒറ്റടിപോലും മാറാൻ വിസമ്മതിച്ചു; വെള്ളം ഏറുന്നതിനു മുമ്പിരുന്നുമെന്നുള്ള അയാളുടെ തീക്ഷ്ണതയ്ക്കു ഞാൻ വിലകൊടുത്തില്ല. ഞാൻ ദീക്ഷിത്തിനെ സ്വസ്ഥനായിരുത്താൻ സഹായിച്ചു. മുഖത്തെല്ലാം ചോരഞ്ഞിരുന്നതുകൊണ്ട് അയാൾക്കു മുഖം കഴുകുമ്പോൾ വലിയ വേദനയുണ്ടായിരുന്നു. മുറിവു പറ്റിയിരുന്ന കാലുകൾക്കുമെന്നപോലും സ്പർശം പീഡിപ്പിച്ചിരുന്നു, പക്ഷെ ദീക്ഷിത്തിനത്ര വേദനയില്ല.

അയാളുടെ മടിഞ്ഞ എല്ല് ശരിക്ക വെച്ചുകെട്ടണമെന്നയാളെ നോക്കിവാശ്യപ്പെട്ട. എന്നെ പരിചയക്കാറു് എന്നെ അതു ചെയ്യുന്നതിനു ഭയപ്പെടുത്തി. എങ്കിലും നിർബ്ബന്ധിച്ചപ്പോൾ അയാളുടെ കൈ പിന്നിലേക്കു നല്ലപോലെ വലിച്ചു കെട്ടിയുറപ്പിച്ചു.

ഉടപ്പുകളെപ്പറ്റിയായി പിന്നത്തെ ആലോചന. ഞാൻ ഷർട്ടഴിച്ചു് ഒന്നുപിഴിയാനൊരുച്ചു; വെള്ളം പിഴിഞ്ഞുകളയാനുള്ള ശേഷിയില്ല. ഒരുതുള്ളി വെള്ളം പിഴിഞ്ഞുകളയാൻ എനിക്കു കഴിഞ്ഞില്ല. ,ഷർട്ടണക്കാൻ അതു് വീശിക്കൊണ്ടിരിക്കുന്നുച്ചു. ഒരുരാത്രി മുഴുവൻ വീശിയാലേ അതുണങ്ങിക്കിട്ടുകയുള്ളു അതിനാൽ അതു മണലിൽ നിവത്തി വിരിച്ചിട്ട. ജീവപ്രാജാക്കറും കമ്പ നിവത്തി മണലിൽ വിരിച്ചു് അടുത്തടുത്തായി ഞങ്ങൾ കിടപ്പായി; ദീക്ഷിത്തു് എന്നെ വലതുഭാഗത്തു് അത്യധികം തണുപ്പുള്ള രാത്രി; ഉറങ്ങാൻ കഴിയുന്നില്ല എങ്കിലും അങ്ങിനെ ദേഹമാകെ നല്ലപോലെ ക്ഷീണം തീർക്കായി കിടന്നു. ദീക്ഷിത്തു് വേദനകൊണ്ടു നിലവിളിക്കുന്നുണ്ടു്; തണുപ്പുകൊണ്ടു വിറയ്ക്കുന്നുണ്ടു്. ദേഹത്തു് ഉള്ളവ കൈകൊണ്ടു തടവിക്കൊടുത്തു് അയാളെ ഞാൻ ആശ്വസിപ്പിച്ചു. ഞാൻ പിന്നീടു് കൂരച്ചുതുടങ്ങി.

കിടന്നു് ഒരുമണിക്കൂർ കഴിഞ്ഞിരിക്കണം, ഞങ്ങളുടെ എല്ലുവരെ മരവിപ്പിക്കുന്ന ശീതക്കാറു വീശൽ തുടങ്ങി. അവിടന്നു മാറിക്കിടന്നു രക്ഷനേടാതെ നിവൃത്തിയില്ല. കുറച്ചുനേരം കുറച്ചുനടന്നശേഷം ഒരു തെങ്ങിൻചുവട്ടിൽ ചെടികളുടെ മറവിൽ കിടക്കാൻ തീരുമാനിച്ചു. രക്ഷയില്ല; കാറു് അവിടെയും അടിക്കുന്നു! നനഞ്ഞ ഉടുപ്പുകളും ശരീരങ്ങളും. സന്നിപാതജ്വരമോ, വെറും കടുത്ത പനിയോ ഞങ്ങൾക്കു പിടിപെടാൻ എളുപ്പമുണ്ടു്. അങ്ങിനെ സംഭവിച്ചാൽ അതിനുള്ളതിൽ വലിയൊരുപായം ഞങ്ങൾക്കു നേരിടാനില്ല! നിസ്സഹായരായ ഞങ്ങൾക്കു് ആഹാരത്തിനുപോലും വഴിതേടാൻ നിവൃത്തിയില്ലാതാകും. കടലിലെ ഘോരാപായങ്ങളിൽനിന്നും രക്ഷപ്രാപിച്ചു വെറും പനി, ദാഹം, പട്ടിണി ഇവകൊണ്ടു മരിക്കാനിടയാവും!

അങ്ങിനെയുള്ള പരിതസ്ഥിതികളിൽ ഉറങ്ങുന്നതസാ ദ്ധ്യം. ദീക്ഷിത്തിന്റെ ഇടത്തുറ ശക്തായി ഞാൻ എഴുന്നേറ്റിരുന്നു. അയാളം വെറുതെ കണ്ണടച്ചു്, ആ തണുത്ത കാറ്റിനെ ശപിച്ചുകൊണ്ടു, കിടക്കുകയായിരുന്നു. ഞാൻ മുറിപ്പാട്ടം നോക്കി. കുറെ തെങ്ങിൻപട്ടകളം വീണു കിടപ്പുണ്ടു്. ഞാൻ എഴുന്നേറ്റു; ശക്തിയില്ലെങ്കിലും കാൽവേദന സഹിക്കാൻവയ്യാതെവിധമുണ്ടെങ്കിലും കുറെ പട്ടകളം ഇഴച്ചുകൊണ്ടുവന്നു കൂട്ടി. ദീക്ഷിത്തിന്റെ വലത്തുഭാഗത്തു, കാറ്റുവരുന്നവശത്തു, മൂന്നടി പൊക്കത്തിൽ ആ പട്ടകളം ഞാൻ പൊക്കിക്കൂട്ടിവെച്ചു. കാറ്റിൽനിന്നു രക്ഷപെടാൻ ഒരു മറവുകെട്ടാൻ ഞാനുറച്ചു പക്ഷെ ഞാനൊറ്റക്കു ബുദ്ധിമുട്ടുന്നതിൽ ദീക്ഷിത്തിനു സന്തോഷമില്ല. ഉണ്ടാക്കിയ മറവു കൊണ്ടുതന്നെ കാറ്റിന്റെ ശക്തി കുറഞ്ഞുകിട്ടി; ദീക്ഷിത്തിനു സന്തോഷമില്ലാത്തകാരണം നന്നായൊന്നുണ്ടാക്കാനും സാധിക്കില്ല. ഞാനപ്പണി വേണ്ടെന്നുവെച്ചു. ഞങ്ങളം കുറച്ചുനേരം സംസാരിച്ചു; പെട്ടന്നു, ഞങ്ങളം കിടന്നിരുന്നതിൻറടുത്തുള്ള തെങ്ങിന്മേലുള്ള ഫലങ്ങളം ഞങ്ങളെ ആകർഷിച്ചു. പകൃതി നേരമ്പോക്കായി ദീക്ഷിത്തഭിപ്രായപ്പെട്ടു. "ഒരു തേങ്ങ മണ്ടക്കുവീണു് ഇവിടെ കിടന്നു മരിക്കുന്നതു് കഷ്ടമായിപ്പോകും." മരം പൊക്കംകുറഞ്ഞതുകാരണം, കൈകളംകൊണ്ടു്, മുഖംപൊത്തി കിടന്നാൽ രക്ഷക്കു മതിയാകുമെന്നു ഞാൻ മറുപടിപറഞ്ഞു.

അടുത്തമരങ്ങളിൽ മുകളംഭാഗത്തു പ്രതിബിംബിച്ചുകണ്ട പ്രഭ എന്നെ ആകർഷിച്ചു. നമ്മുടെ അടുത്തു പിന്നിലായി ഒരു കുളമുണ്ടായിരിക്കണമെന്നു ഞാൻ ദീക്ഷിത്തിനോടു പറഞ്ഞു! എനിക്കു് അളവറ്റ സന്തോഷമുണ്ടായി. കുറച്ചു ശുദ്ധജലം! അയാളം അത്യധികം ക്ഷീണത്തോടുകൂടി, സന്തോഷമൊന്നംതന്നെ കാണിക്കാതെ, ഉറങ്ങാൻതുടങ്ങി—ക്ഷണനേരത്തിൽ സുഖനിദ്രയിലാണ്ടു! എനിക്കോ അതീതമായി ദേഹത്തിൽ ബാധിച്ചിരുന്ന തണുവു്, അത്യധികമായുള്ള ക്ഷീണം; ആലോചിക്കാൻകൂടി വയ്യാ. ഞാൻ മുകളിൽ മരങ്ങളിടയിലൂടെ കാണാവുന്ന ആകാശവും മരമുകളുകളും

നോക്കിക്കൊണ്ട് നിശ്ചേഷ്ടനായി വെറുതെ കിടന്നു—വേഗത്തിൽ ഞാനും ഞാനറിയാതെതന്നെ നിദ്രയിലാണ്ടിരിക്കണം!

"കൊലയാളികൾ?"

ഞാൻ ഉണർന്നപ്പോൾ ടീക്ഷിത്തുറങ്ങുകയാണ്; സുഖമായുറങ്ങുകയാണ്. അയാളുടെ ഇളംമുഖത്തെ ഒചാറിയ താടിമീശ എനിക്കു ഷളരെ സന്തോഷജനകമായി തോന്നി. നേരം നല്ല പോലെ പുലർന്നുകഴിഞ്ഞിരുന്നു. വെള്ളം ഞങ്ങളെ കിടന്നിരുന്നിടത്തിന്റെ അടികൊണ്ടമാത്രം ദൂരെയായിരിക്കുന്നു! രാത്രി കാറ്റു കൊണ്ടു നിവൃത്തിയില്ലാതെ സ്ഥലം മാറി അവിടെവന്നു കിടന്നതു ഭാഗ്യമായിപ്പോയി! അല്ലെങ്കിൽ ആദ്യം കിടന്നിരുന്നിടത്തു് വെള്ളംകയറി നനച്ച് ഞങ്ങളെ ഓടേണ്ടിവരുമായിരുന്നു. ഞാൻ ഇരുന്നു ചുറ്റുപാടും നോക്കി. പച്ച നീലിമയോടുകൂടിയ ജലം, പ്രഭാതസൂര്യന്റെ കടുംചുവപ്പുരശ്മികളിൽ ചെറുതായലതല്ലി കിടക്കുന്നു. അടുത്തകലെയായി ഒരു ചെറുദ്വീപു രാത്രിമുഴുവൻ വിശ്രമിച്ച് സന്തോഷിച്ചു പുഞ്ചിരിതൂകുംപോലെ! പ്രഭാതമാരുതൻ കളിർമ നിറഞ്ഞതായിരുന്നു. നാലുപാടും രാത്രിയിലെ മഞ്ഞുവർഷം നിമിത്തം നനഞ്ഞുകിടക്കുന്നു! ടീക്ഷിത്തു് ഉറങ്ങുകയാണ്. എനിക്ക് ദാഹംകൊണ്ടു തൊണ്ട വരണ്ടിരുന്നു. എനിക്കു കുറച്ചു നവുള്ളം കൂടിക്കാതെ നിവത്തിയില്ല. രാത്രിയിൽ നിലാവത്തു മരുമകളിൽ പ്രതിബിംബിച്ചുകണ്ട പ്രദേ ഞാൻ ഓർമ്മിച്ചു. ഞാൻ ടീക്ഷിത്തിനെവിട്ടു; മനുഷ്യരില്ലാത്ത ആ ദ്വീപിൽ ഭയപ്പെടാനൊന്നുമില്ലെന്നു ഞാൻ വിചാരിച്ചു. അടുത്ത ചെറുകുറ്റിക്കാടിന്റെ അരികെ ചെന്നാന്നെത്തിനോക്കി; നിരാശപ്പെട്ടുപോയി. അവിടെ കളമൊന്നുമില്ല. ദ്വീപിന്റെ വീതി വളരെ കുറവാണ്. മരുഭാഗത്തെ കടൽവെള്ളത്തിന്റെ പ്രതിബിംബമാണ് ഞാൻ കണ്ടതു്.

ഞാൻ ആശയോടെ, വീണുകിടക്കുന്ന തേങ്ങ വല്ലതുമുണ്ടെങ്കിൽ നോക്കാമെന്നു കരുതി മുമ്പോട്ടുനടന്നു. മണലിൽ ഉണങ്ങി

വരുണ്ട മരുത്തുപോയ ഒന്നിനും കൊള്ളാത്ത തേങ്ങ ഇഷ്ടംപോലെ കിട്ടുപുണ്ട്. ഇവിടെ കൊണ്ട് എറിഞ്ഞു തെങ്ങിന്മേലിലുള്ള നല്ല തേങ്ങ വീഴിക്കാമെന്നുകരുതി; ഒന്നു ശ്രമിച്ചു. നാണംകെട്ട് എനിക്ക് ശക്തിപോരാ; അതുകൊണ്ട് ഞാൻ എറിഞ്ഞിട്ട പരുത്തി പൊക്കത്തിൽ പോകുന്നില്ല.

ദേഹം തണുത്തതിനുള്ള ബലംകൂടി കാലിന്നില്ലാതിരുന്നതിനാൽ തെങ്ങിന്മേൽ കയറാമെന്നുള്ള ആശ വേണ്ട; കൂടാതെ ഇതിനുമുമ്പു രണ്ടുതവണ തെങ്ങിന്മേൽ കയറിയിട്ടുമില്ല. എല്ലാത്തിനേക്കും നിശ്ചയമായി കേറുവാനുണ്ട്. തെങ്ങിന്മേൽ കേറാനായി എന്റെ ചുമ്മാ വയറും മുറുക്കിക്കെട്ടുന്നു. ചിലതിന്മേൽ കൊത്തിയിട്ടുള്ളതായി കണ്ട ചിപ്പിൽ ആളുകളെന്നാണും കാൽ വെക്കുകയും. ഇവിടെ ആരെങ്കിലും തേങ്ങയിടുന്നതിനായി സമയത്തു വരാത്തതായിരിക്കണം. ഇനി ഞങ്ങൾതന്നെ സമാധാനിക്കാം. വേട്ടുണ്ടാക്കിയതിരുവെന്നില്ല; ഒന്നരണ്ടു മാസത്തിനകത്തെങ്കിലും, അതല്ലാ ഇനിമുന്നോ നാലോ മാസങ്ങളായാലും, ആരെങ്കിലും തെങ്ങളെ അറിയാതിനും രക്ഷിക്കാൻ വരാതിരിക്കയില്ല. നിശ്ചയം ദൈവം സഹായിക്കാൻ വയ്യാതായി തീർന്നിരിക്കയാണ്. ഞാൻ ദീക്ഷിതിരിയുടെ അത്ത ടീപീന്റെ ഒരു വാളിൽ ചാഞ്ഞുനിൽക്കുന്ന ഒരു മരത്തിൽകൂടെ മുകളിലേക്കു നോക്കി. അതിനേൽ കിടന്ന നിരങ്ങിനോക്കിയാലും കേറാമെന്നു വിചാരിച്ചു. അതുമല്ല അതു കടലിലേക്കു ചാഞ്ഞുനില്ക്കുന്നതുകൊണ്ട് ഞാൻ വീണാൽ തന്നെ വെള്ളത്തിലായിരിക്കും വീഴുന്നത്. അങ്ങനെത്തിയപ്പോൾ ആ മരത്തിൽ മുഴുവൻ വലിയ മുകന എറുമ്പു; മേലോട്ടും കീഴോട്ടും നടക്കുകൊണ്ടിരിക്കുന്നു. അവയെന്നെ കടിച്ചുകൊല്ലും. അവയെ പുകയിട്ടോടിക്കുകയോ കൊല്ലുകയോ ചെയ്താലേ അതിന്മേൽ കയറാൻ സാധിക്കയുള്ളു. വീണ്ടും എഴുപുമായി; ഇങ്ങനെ തടിയിൽ കൂത്തുലയരുതില്ല. തീയും പുകയും! പക്ഷേ അതെങ്ങിനെയുണ്ടാക്കുവാൻ! കല്ലുകളും ചെരുമാംപ്പെട്ടികളുമെല്ലാം മഞ്ഞുകൊണ്ടു

നന്നഞ്ഞിരിക്കയാണ്—തീയുടെ കായ്യം അസാദ്ധ്യമായി. ഞാൻ തിരിച്ചുനടന്നു, ഷർട്ടഴിച്ച് എറുമ്പുകളെ തുടച്ചുമാറ്റാനുള്ള ശ്രമമായി. അപ്പോഴും "ഹോ—യാ, ഹോ—യാ" എന്നൊരു വിളി. അതു ദീക്ഷിത്തിന്റെയാവാൻതരമില്ല; ഒരാളിൽക്കൂടുതൽ ശബ്ദമുയർത്തുന്നുണ്ട്. ദീക്ഷിത്തിനെ വിട്ടിരിക്കുന്നതിനെതിരെന്നാണ് വിളി. ഞാൻ നിന്നിടത്തുതന്നെ തയ്യാറായി നിന്നു. അതാരാണെന്നറിയാൻ ഉല്ലൂബായുണ്ട്; അധികതാമസം വേണ്ടിവന്നില്ല, അറിയുന്നതിനു്. ഒ.പി.പിന്റെ വടക്കുവശത്തുള്ള വളവിൽനിന്നും, ഏതാണ്ടു ചീനരുടെ മുഖപ്രകൃതിയോടുകൂടിയ നാലുപേരെ കണ്ടു. അതിൽ രണ്ടുപേർ വരയൻഷർട്ടുകളും ലുങ്കികളും ധരിച്ച് കയ്യിൽ ഏതാണ്ടു ഇരുപതിഞ്ച് നീളമുള്ള പുല്ലുവെട്ടുകത്തികൾപോലെയുള്ള കത്തികളോടുകൂടിയവരായിരുന്നു. മറ്റു രണ്ടുപേർ വെള്ള ടൌസറും ഷർട്ടും തലയിൽ കറുത്ത നേരിയ തൊപ്പിയും ധരിച്ചിട്ടുണ്ട്. അവർ കൊലയാളികളാണ്, ഞങ്ങളെ രക്ഷിക്കാൻ വന്നവരല്ല എന്നെനിക്കു തോന്നി. ഞാൻ കിടുകിടാ വിറച്ചു. അവർ ഈ ഒ.പി.പിലധിവസിക്കുന്നവരാണെങ്കിൽ കഴിഞ്ഞരാത്രി കടലിൽനിന്നും എന്തുകൊണ്ടവർ ഞങ്ങളെ രക്ഷിക്കാൻ ശ്രമിച്ചില്ല? ഒരു മുഴുവൻ രാത്രി അപായകരമായ കടലിൽ വിധിക്കെതിരെ മല്ലിടാൻ ഞങ്ങളെ അവർ എങ്ങിനെ അനുവദിച്ചു? അവരുടെ കയ്യിലുള്ള ആ നീണ്ട കത്തികളെന്തിനാണ്? എനിക്കു രാത്രിയിലെ ശക്തിയായ സേർച്ചുലൈറ്റുവെളിച്ചം ഓർമ്മവന്നു. പ്ലേനിൽ ബോംബു നിക്ഷേപിച്ചവരുടെ ഏജൻറുമാരാണിവർ! അവർ രക്ഷപെട്ട ശേഷിച്ച തെളിവുകളെ നശിപ്പിക്കുന്നതിനു വന്നിരിക്കയാണ്. ഞാൻ ധൃതിയിൽ ദീക്ഷിത്തിന്റെ സമീപത്തേക്കു നടന്നു; പക്ഷെ എനിക്കു വേഗതകൂട്ടാൻ സാധിക്കുന്നില്ല. പിന്നാലെ വന്ന നാലുപേരും അടുത്തേക്കടുത്തേക്കു എത്തിത്തുടങ്ങി.

എന്തൊരു മരണമായിരിക്കും! നിരാധാരരായ ഞങ്ങളെ വെട്ടിനുറുക്കിക്കളയും! ഞാൻ എതുക്കും—പക്ഷെ എങ്ങിനെ? ആയുധത്തോടുകൂടിയ ശക്തരായ നാലുപേരെ എതുക്കുക—സാദ്ധ്യ

മല്ലതന്നെ! നിമിഷനേരങ്ങൾക്കുള്ളിൽ ആ യുദ്ധം തുടങ്ങും, ചോരക്കളിയാവും, ശക്തിയേറിയ വേദനയോടുകൂടി ബോധംകെടും, അവസാനശ്വാസം വലിക്കും! എങ്കിലും ഒന്നു ശ്രമിക്കാതെ തരമില്ല! എന്റെ എതുപ്പ് അവരേയും ബുദ്ധിമുട്ടിക്കും; ഒരുപക്ഷെ മരണത്തിന്റെ രുചി അവരേയും ഞാനറിയിക്കും. അടുത്തു കിടക്കുന്ന, ഉണങ്ങിയ നാളികേരങ്ങളും ഞാൻ അവരുടെ മണ്ടക്കേറിയും; മുഖത്തേറിയും. കത്തി കൊണ്ടുവരുന്നവരെ ആട്ടിയും എറിയും. എതുക്കും. അവരുടെ കയ്യിൽനിന്നതു തട്ടിപ്പറിക്കും. എന്നിട്ട് എല്ലാവരേയും എതുക്കും! ഞാൻ ചില ഉണങ്ങിയ നാളികേരങ്ങളും കൂനിഞ്ഞെടുക്കാനാരംഭിച്ചതോടെ എനിക്ക് മറ്റൊരുവഴിതോന്നി. ദീക്ഷിത്തു് നിസ്സഹായനായി കിടക്കുകയാണു്. ഒരുത്തനെതിരെ നാലുപേർ! സാദ്ധ്യമല്ല, ഞാൻ തേങ്ങയെടുത്താൽതന്നെ! നേരെമറിച്ചു ഞാനും നിസ്സഹായനെന്ന നിലയിൽ നിന്നാൽ ചിലപ്പോൾ അവർ എതുക്കാൻ താമസിക്കും. ഞാൻ തേങ്ങ പെറുക്കിയില്ല! പക്ഷെ കാലിനടുത്തുതന്നെ മൂന്നെണ്ണം കണ്ടുവച്ചു, ആവശ്യംവന്നാൽ!

ഞാൻ ദീക്ഷിത്തിനടുത്തായി, വരുന്നവരിൽ നിന്നദ്ദേഹത്തെ മറച്ചുകൊണ്ടു്, ഏകദേശം മൂന്നടിയകലെയായി നിന്നു. അവർ ഒച്ചപ്പാടൊന്നും കൂടാതെ ധൃതിയിൽ നടന്നു ഞങ്ങളിൽനിന്നും ഏകദേശം പതിനഞ്ചടിയകലെയായി വന്നുനിന്നു! മൂന്നാമൊരുവരിയിൽ; വയസ്സുമൂത്ത നിരായുധനായ നാലാമൻ, ഒരുപക്ഷെ അവരുടെ നായകനായിരിക്കാം—അവരിൽനിന്നു് ഏകദേശം രണ്ടടി മുമ്പിലായി നിന്നു. ചലച്ചിത്രങ്ങളിൽ കാണിക്കുന്ന റെഡ്ഡിന്ത്യൻ നേതാവിനെപ്പോലെ ശത്രുവിനെ എതിരേല്ക്കുന്ന രീതിയിൽ അയാൾ വലത്തുകൈയുയർത്തി മടക്കി "ഹായ്," എന്നു പറഞ്ഞു. ഞാനും അതുപോലെതന്നെ പ്രവർത്തിച്ചു. എന്താണുണ്ടാകാൻപോകുന്നതെന്നാശ്ചര്യപ്പെട്ട. അവരെല്ലാവരും ആ റേഴടി മുന്നോട്ടുവന്നു. അവരുടെ മുഖങ്ങളിൽ യാതൊരു വികാരവിശേഷവുമില്ല; പ്രതിമകൾപോലെ നില്ക്കുയാണു്. അവരുടെ

നേതാവ് മുമ്പോട്ടവന്നു, എന്റെ പോരപുരണ്ട കാലുകളെ ഒന്നു നോക്കി; ദീക്ഷിത്തിനെ സമീപിച്ച്, അദ്ദേഹത്തിന്റെ മുഖത്തു സൂക്ഷിച്ചുനോക്കി, ഉടുപ്പിലുള്ള അടയാളങ്ങളെ കണ്ട "കപ്പിറാണ്" എന്നു പറഞ്ഞു! ഇതാണയാളം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ ആദ്യമായി ഉച്ചരിച്ച വാക്ക്, മറവപ്പകാരത്തിൽ അയാളം എനിക്കു മനസ്സിലാക്കാൻവയ്യാത്ത പലവിധ ശബ്ദങ്ങളും ചോദ്യനിലയിൽ അടിച്ചുവിടുന്നുണ്ട്. ഒരു കപ്പിത്താനെ മറവള്ളവരിൽനിന്നും തിരിച്ചറിയാനിവനു സാധിക്കുമെന്നുകണ്ടപ്പോൾ എനിക്കു സംശയം കൂടുതലായി. പക്ഷെ, യാതൊരെതുപ്പുമില്ല; ഒരുപക്ഷെ ഞങ്ങളെ ജീവനോടെ തടവിലാക്കാൻ ഇവക്കുത്തരവുണ്ടായിരിക്കാം. അവർ മൂവരും അടുത്തേക്കു വന്നപ്പോൾ ദീക്ഷിത്തിനെ എഴുന്നേറ്റിരിക്കാൻ സഹായിക്കാനുദ്ദേഹം എന്നോടു് ആവശ്യപ്പെട്ടു. ഞാൻ അതിനായടുത്തപ്പോൾ ആ മൂവരിലൊരാൾ കയ്യിലുണ്ടായിരുന്ന കത്തിതാഴെയിട്ട് എന്നെ സഹായിക്കാൻവന്നു. എന്തൊരാശ്വാസം! ഇനി ഒരുത്തന്റെ കയ്യിൽമാത്രമെ കത്തിയുള്ളൂ! ഞാൻ എപ്പോഴും അവനെ കണ്ണുവെച്ചുകൊണ്ടിരുന്നു. ദീക്ഷിത്തു് ഒരു സിഗററിനാവശ്യപ്പെട്ട ഞാൻ ആംഗ്യങ്ങൾകൊണ്ടു് അവരെ വിവരമറിയിക്കാൻ ശ്രമിച്ചു; ശ്രമം ഫലിച്ചു. കൂട്ടത്തിലൊരാൾ ഒരു സിഗറെറടുത്തു കത്തിച്ചു; ദീക്ഷിത്തിന്റെ അവശനിലയിൽ തനിക്കുതന്നെ അതു വലിക്കാൻ സാധിക്കാതിരുന്നതിനാൽ അയാൾ അതു ദീക്ഷിത്തിനെ പിടിപ്പിച്ചു വലിക്കാൻ സഹായിച്ചു. ദീക്ഷിത്തു ധൂമം വലിച്ചുകയററിവിട്ട. തന്റെ ജീവിതത്തിൽ ഏററവും ആസ്വാദ്യമായി തോന്നിയ സിഗററതാണന്നദ്ദേഹം സമ്മതിച്ചു!

സിഗററും തീപ്പെട്ടിയും എവിടെയുണ്ടാക്കപ്പെട്ടതാണെന്നറിയാൻ ഞാൻ ഒന്നുനോക്കി. എന്റെ നോട്ടത്തിനു "ഷാങ്ഹായ്" എന്നൊരുവാക്കു മറുപടികിട്ടി. ഞങ്ങളും ഒരു പ്ലേനപകടത്തിൽ പെട്ടവരാണെന്നവരെ മനസ്സിലാക്കാൻ ആംഗ്യങ്ങളും കൊണ്ടു ഞാൻ ശ്രമിച്ചു. ഒരു പ്ലേനിന്റെ ആകൃതി ഞാൻ മണ

മിൽ വരച്ചു കാണിച്ചുകൊടുത്തു. അവക്കു മനസ്സിലായില്ലയോ എന്നറിയാൻ എനിക്കു സാധിച്ചില്ല; എങ്കിലും അവർ കഴിഞ്ഞ രാത്രി ആ ദ്വീപിലുണ്ടായിരുന്നവരാണെങ്കിൽ, ആ പ്ലേനപകടം കണ്ടിരിക്കണം. ദീക്ഷിത്തു് സിഗററ്റു വലിച്ചുകൊണ്ടു് കിടക്കുകയാണു്; ഞാൻ ചില കൈപ്രയോഗങ്ങളെക്കൊണ്ടു കുറെ നാളികേരത്തിനാവശ്യപ്പെട്ടു; ഞങ്ങൾക്കു വളരെ ദാഹമുണ്ടെന്നറിയിച്ചു. വല്ലവരും ഒരു തെങ്ങിന്മേൽ കയറുമെന്നു ഞാനുദ്ദേശിച്ചു. അവരുടെ നേതാവു് എന്തൊ ചില ശബ്ദങ്ങളും പുറപ്പെടുവിച്ചു; കൂട്ടത്തിലൊരാളും അവിടംവിട്ടു. പിന്നീടു് രംഗരെക്കൊണ്ടു് കുറച്ചു തീപിടിപ്പിച്ചു ഞങ്ങളുടെ ഉടുപ്പുകളും അതിന്മേൽ ഉണക്കി. അങ്ങിനെ ഉണങ്ങിയ ഷർട്ടുകളും ഞങ്ങളും ധരിച്ചുകൊണ്ടിരുന്നപ്പോൾ കയ്യിൽ വലിയ ഒരു മൂളയുമായി പതുതായി ഒരാളവിടെ വന്നു. അവർ ഞങ്ങളെ കൊല്ലുമെന്ന വിചാരം ഞങ്ങളെ വെടിഞ്ഞുകഴിഞ്ഞിരുന്നു. എന്നാലും, അവർ ഒന്നും ചെയ്യുകയില്ലെന്നും അവർ സ്നേഹിതന്മാരാണെന്നും ഉള്ള ധൈര്യവും സമാധാനവും ദീക്ഷിത്തിനാദ്യംമുതല്ലുതന്നെ ഉണ്ടായിരുന്നതിൽ ഞാനതിശയിച്ചു. മൂളകൊണ്ടു് ആയാളും കുറെ നാളികേരം തള്ളിയിട്ടു. രണ്ടെണ്ണം മുഖംചെത്തി ഞങ്ങൾക്കു തന്നു. ഞങ്ങളും ആ വെള്ളം കുടിച്ചു. ജീവിതത്തിൽ കുടിച്ചിട്ടുള്ളതിൽ ഏറ്റവും മധുരമായതു്! ഞങ്ങളും ആവശ്യപ്പെട്ടതനുസരിച്ചു വീണ്ടും അവർ ഞങ്ങൾക്കു് അവ വെട്ടിത്തന്നു; അതിന്റെ അകത്തുള്ള കഴമ്പും തിന്നു; വെള്ളവും കുടിച്ചു. ദീക്ഷിത്തെണീറ്റുനിന്നു. ആത്തിയോടുകൂടിയുള്ള ഈ ലക്ഷണംകണ്ടു് അവർ ആശ്ചര്യപ്പെട്ടു!

കൂട്ടത്തിൽനിന്നാദ്യം വിട്ടുപോയ ആൾ ഒരു ടിഫിൻകാരിയവും തെർമോഫ്ളാസ്കുമായി തിരികെ എത്തി ഒരു ഗ്ലാസെടുത്തു ദീക്ഷിത്തിനു കൊടുത്തു നിറയെ ചൂടുള്ള ചായ ഒഴിച്ചുകൊടുത്തു; ഫ്ളാസ്കിന്റെ മൂടിയിലൊഴിച്ചു് എനിക്കുതന്നു. പാലൊഴിച്ചിട്ടില്ല. പക്ഷെ ആ സമയത്തു് അതുകിട്ടിയതു്! ഏറ്റവും രുചികരമായിരുന്നു! ആ വെള്ളവും ആഹാരവും ഉള്ളിൽ ചെന്ന

പ്പോഴും കടലിൽകിടന്നു വിഷമിച്ചതിന്റെ അവശതകൊണ്ടും മുഴുവൻ നീങ്ങിയതായി തോന്നി. പിന്നീട് പച്ചരികൊണ്ടുണ്ടാക്കിയ അപ്പവും പഞ്ചസാരയും; എത്ര സുഖമായ ഭക്ഷണം. ആ വിജനദ്വീപ് ഞങ്ങൾക്ക് ഒരു സൌകര്യപ്രദമായ അഭയമായും, കൊലയാളികൾ ദേവദൂതന്മാരായുംതീർന്നു! ആംഗ്യങ്ങൾകൊണ്ടുള്ള സംഭാഷണം ഞങ്ങൾ തമ്മിലുള്ള അടുപ്പം വർദ്ധിപ്പിച്ചു. ഞാൻ ഒരുവീട് വരച്ചുകാണിച്ചു. അവർ എവിടെ താമസിക്കുന്നു എന്നു ചോദിച്ചു. ഒരുമീൻവരച്ച്, ആംഗ്യംകാണിച്ചു, മീൻപിടുത്തംകൊണ്ടുപജീവനം കഴിക്കുന്നവരാണോ എന്നു ചോദിച്ചു. അവർ ദൂരെക്ക് കൈ മൂണ്ടിക്കാണിച്ചു; ഞങ്ങളെ അങ്ങോട്ടു കൊണ്ടുപോകുന്നതിനു നിർബ്ബന്ധിച്ചു. ഞാൻ ജീവരക്ഷാബെൽട്ടിൽ കെട്ടിയിരുന്ന കടലാസിച്ചു ദീക്ഷിത്തിന്റെ കൈയിലിരുന്ന ട്രങ്കിലിട്ടു ഉടുപ്പുകളുമെടുത്തു അവരെ അനുഗമിച്ചു. ഒരു മുപ്പതുവാര നടന്നപ്പോൾ അതിലെ നേതാവു് മുകളിൽ പറക്കുന്ന ഒരു ഡെക്കോട്ടപ്ലെൻ കാണിച്ചു. രാവിലെ എട്ടുമണി! അതൊരന്വേഷണിനു വന്ന പ്ലേനായിരിക്കണം; ഞങ്ങളുടെ പ്ലേനപായമുണ്ടായ സ്ഥലത്തിനുമീതെ കുറച്ചു ചുറ്റിപ്പറന്നു അതു് മറഞ്ഞുപോയി!

ഞങ്ങൾ നടക്കുന്നതു് അവരുടെ വീട്ടുകളുള്ള സ്ഥലത്തേക്കായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ദീക്ഷിത്തു് അവരിൽ മൂവരോടുകൂടി ഒരു ഇരുപതുവാര മുമ്പിലാണ്. എനിക്കവരോടൊപ്പം നടക്കാൻ കഴിയാതെ പിന്നിലാണ്. രണ്ടു ചെറുപ്പക്കാർ എന്റെ കൂടെയുണ്ട്. അവക്ക് ഇംഗ്ലീഷിൽ ചില വാക്കുകളറിയാം. ഒരുത്തൻ ഞങ്ങളെ ഓരോരുത്തരേയും നോക്കി ''സ്നേഹിതന്മാർ'' എന്നു് ഇംഗ്ലീഷിൽ പറഞ്ഞു. ഹാ—അതെ, അവർ ഞങ്ങളുടെ സ്നേഹിതന്മാർതന്നെയായിരുന്നു!—നിശ്ചയം; എത്ര നല്ല സ്നേഹിതന്മാർ!

ദ്വീപിന്റെ വടക്കുവശത്തു് ഒരു വെറിയ കുന്നുണ്ട്. കടലിന്റെ നടുവിലായതുകാരണം ദ്വീപുനിറഞ്ഞിരിക്കുന്ന ചെടികളിലും മറവും യാതൊരഴക്കുമില്ല. രാത്രിയിലെ മഴ അവയെ വീണ്ടും

ശുദ്ധീകരിച്ചിരിക്കണം. മൂന്നു ചെറിയ തോണികളും അവിടെ കെട്ടിയിട്ടിട്ടുണ്ട്; രണ്ടു വെളുത്തതും, ഒന്നു നീലയും. വീണ്ടും ഞങ്ങൾ പരിഷ്കൃതലോകത്തിലേക്കു കടക്കുകയാണു! ചായ, സാഗോകേക്കുകൾ, സിഗററുകൾ, ബോട്ടുകൾ! ഇതിൽ കൂടുതലെന്തുവേണം! അവിടന്നു് ഒരിരുപതുവാര ഉള്ളിലോട്ടുവന്നു; അവിടെ ഒറ്റക്കണ്ടായിരുന്ന ഒരു കുടിലിൽ താമസിച്ചു. പത്തു സ്ത്രീപുരുഷന്മാരും ആറു കുട്ടികളുമുണ്ടു് ആ ദ്വീപിൽ. പുരുഷന്മാർ മീൻപിടിക്കും; സ്ത്രീകൾ ആഹാരം പാകംചെയ്യുകയും മീനുണക്കുകയുംചെയ്യും. വീട്ടിലുള്ള ഓരോരുത്തരും ഞങ്ങളെ സ്വാഗതംചെയ്തു. വീട്ടിന്റെ പുറത്തായി മത്സ്യം ഉണക്കുന്നതിനു കെട്ടിയിട്ടിട്ടുണ്ടു്. ഇവർ മീൻപിടിച്ചും തേങ്ങപൊറുക്കി വിറ്റും ജീവിക്കുന്നവരാണു്. ഈ വരുടെ പ്രധാനി, ഞങ്ങളവിടെയെത്തിയപ്പോളവിടെയില്ല. വീണ്ടും അവർ ചായയും കേക്കും പഞ്ചസാരയും സല്ലരിച്ചു. ചെറുപ്പക്കാരിലൊരാൾ ഒരു കുപ്പയിൽനിന്നു കുറച്ചു മരുന്നെടുത്തു ദീക്ഷിത്തിന്റെ മുറിവുകളിൽ വെച്ചു. പിന്നീടതെനിക്കുതന്നു. കുടിലിനുചുറ്റും ധാരാളമായി ഈച്ചകളുണ്ടു്. മുറിവുകളിൽനിന്നുവയെ ആട്ടിക്കളയുന്നതുതന്നെ ഒരു ജോലിയായിത്തീർന്നു.

വാച്ചുകളും, സിഗററുകൾ, മറ്റു വീട്ടുപകരണങ്ങളും ഇവയെല്ലാം കണ്ടപ്പോൾ അടുത്തുതന്നെ കൂടുതൽ പരിഷ്കാരമുള്ള ഒരു ദ്വീപുണ്ടായിരിക്കണമെന്നു ഞാൻ വിചാരിച്ചു. അതെവിടെയാണെന്നും ഞങ്ങളെ അവിടെക്കെത്തിക്കാൻ കഴിയുമോ എന്നും ഞാൻ ചോദിച്ചു. എന്റെ ശ്രമം വിഫലമായി; അവർക്കു മനസ്സിലാകുന്നില്ല. എന്റെ ദേഹമെല്ലാം ഒരു ചുകപ്പുവണ്ണമായിരുന്നു; ദേഹത്തിലെ മുടി കൂടിവരുന്നു! അതു ന്യൂമോണിയയായി മാറുകയില്ലെന്നു ഞാനാശ്വസിച്ചു! ഇങ്ങിനെയാലോചിച്ചുകൊണ്ടിരിക്കെ അവരിലെ പ്രധാനി ഓടിവന്നു "ഡാക്ടർ, ആസ്പത്രി, ബോട്ടു്" എന്നു് എന്നോടു പറഞ്ഞു. ഞങ്ങളെ ആസ്പത്രിക്കു കൊണ്ടുപോകാൻ ബോട്ടേർപ്പാടുചെയ്തതിനാൽ ഞാൻ കൃതാർത്ഥനായി. ആയാസം ധൃതികൂട്ടിത്തുടങ്ങി. അതൊരു ദൂരയാത്രയായിരിക്കണമെന്നു

ഞാൻ വിചാരിച്ചു. ആയാളം വാച്ചു ചുമന്നിക്കണമെച്ചു് അവിടെ യെത്താൻ അഞ്ചുമുതൽ ഏഴുമണിക്കൂർ സമയം വേണ്ടിവരുമെന്നറി യിച്ചു. ടീപിൻെറ മറുഭാഗത്തേക്കുള്ള യാത്ര; അവിടെ ഒരു ചെ റിയ ബോട്ടു്. അതിലൊരു പായുമിട്ടിട്ടുണ്ടു്; കുപ്പികളംനിറഞ്ഞ ഒരു കുട്ടയുമുണ്ടു്. ടീക്ഷിത്തിനു കിടക്കാൻ പായ നിവൃത്തിവിരി ച്ചു; അയാളംക്കു സുഖമായി കിടക്കണം. ഞാൻ ബോട്ടിൻെറ പി ന്നിലത്തെ പടിയിലിരുന്നു. ഞങ്ങളുടെ പിന്നിൽ ടീപിലെ പ്ര ധാനിയും. മുൻവശത്തു് ഒരു ചെറുപ്പക്കാരനിരിപ്പുണ്ടു്; പ്രധാനി യുടെ മകനായിരിക്കണം. ഞങ്ങളം സൌകര്യമായിരുപ്പായ പ്പോളം പങ്കായം മടിയിൽ വെച്ചുകൊണ്ടു് പ്രധാനി ചെറുതാ യൊരു പ്രാർത്ഥനനടത്തി. ടീപിലെ നിവാസികളം എല്ലാവരും തന്നെ ഞങ്ങളെ യാത്രയയക്കാൻ അവിടെയുണ്ടായിരുന്നു. അവരു ടെ മുഖങ്ങളം നിഷ്കപടതയുടേയും സ്നേഹത്തിൻേറയും ചായ കളായിരുന്നു. വിദൂരമായ ഈ ടീപിൽ ഏകാന്തതയിൽ കഴിച്ചു കൂട്ടുന്ന ആ ശുദ്ധാത്മാക്കളംക്കു തങ്കമയമായ ഹൃദയങ്ങളുണ്ടായിരു ന്നു! ഞങ്ങളെ സംരക്ഷിച്ചു് ആഹാരംതന്നു് അവർ ഞങ്ങളെ വൈദ്യസഹായത്തിനു കൊണ്ടുപോകയാണു്. അവരുടെ യാത്ര യയപ്പു് എന്നെ കായ്മയായി മനസ്സലിയിപ്പിച്ചു.

ഒരു ചെറിയ പ്രാർത്ഥനയ്ക്കുശേഷം പ്രധാനിയും മകനും പങ്കായംവലി തുടങ്ങി. ബോട്ടു വേഗതയോടുകൂടി വെള്ളംമുറിച്ചു മുന്നേറി. ഞങ്ങളുടെ ഇരുവശത്തും ഓരോ ചെറുവഞ്ചിയിൽ ഓരാളംവീതംകൂടി യാത്രചെയ്തിരുന്നു. ഇതു യാത്ര അയപ്പിൻെറ ഒരു ഘടങ്ങായിരിക്കുമൊ എന്നു ഞാൻ സംശയിച്ചു. അവർ ഞങ്ങ ളെ കടന്നു് അടുത്തടീപിനുനേരെ പൊയ്ക്കൊണ്ടിരുന്നു. ഞങ്ങളം അവരെ പിന്തുടർന്നു. അവർ ആ ടീപിലുള്ള ആസ്പത്രിയിലേക്കാ ണൊ പോകുന്നതെന്നറിയാൻ ഞാൻ പ്രധാനിയോടു് ചോദിച്ചു. അയാളാംഗ്യങ്ങളംകാണിച്ചു്, എനിക്കു മനസ്സിലാകാത്ത ചില ശബ്ദങ്ങളം പുറപ്പെടുവിച്ചു. ഞങ്ങളം ആ ടീപു സമീപിച്ചപ്പോളം അവിടെ വൃക്ഷങ്ങളുടെ ഇടയിൽനിന്നും പതാക്കു് പുറത്തുവരുന്നതു

കണ്ട് ഞാനാശ്ചര്യപ്പെട്ടു! ഇരുപതുശത്രുമായോടി മുന്നേറിയ ചെറു മഞ്ചിക്കാർ കരയ്ക്കിറങ്ങി ആ ദേഹത്തോട് സംസാരിക്കുന്നതു കണ്ടു. ഞങ്ങളുടെ വഞ്ചിയെപ്പറ്റി പതാക്കിനറിവില്ലായിരുന്നു. അയാളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു് ഞാൻ ഒരു ചൂളയടിച്ചു. അയാളാ ചൂളം കേട്ടു; കൈയുയർത്തിവീശി; ചെറുവഞ്ചികളിൽ ചെന്നവരോടുകൂടി അയാളും കടലോരത്തുകൂടി, ഞങ്ങളെ വിട്ടു, ദൂരക്കെ പോയ്ക്കൊണ്ടിരുന്ന പതാക്കിനപ്പറ്റിയും അയാളുടെ മാറങ്ങളെപ്പറ്റിയുമുള്ള വിവരം കിടന്നിരുന്ന ദീക്ഷിത്തിനെ ഞാൻ അറിയിച്ചുകൊണ്ടിരുന്നു. പതാക്കു് മുട്ടറങ്ങോളം ചെന്നുസറാണിട്ടിരിക്കുന്നതും, ദേഹത്തുഷർട്ടുകൂടിയില്ല. നാട്ടുണടപീപിലെത്താൻകഴിയാതെ അയാളാ ടപീപിലെത്തിയതിൽ ഞാനാശ്ചര്യപ്പെട്ടു. ആ ടപീപിലേക്കാണു' ആദ്യമായി ഞാനും ദീക്ഷിത്തും നീന്തിക്കൊണ്ടിരുന്നതു്. ആ കൊടുങ്കാറ്റാണയാളേയും അടിച്ചുകയറിയതു്! ടപീപിന്റെ കരക്കടുക്കാറായപ്പോൾ വെള്ളത്തിൽ ഒരു മധുരനാരങ്ങ പൊങ്ങിക്കിടക്കുന്നതു കണ്ടു! ഞാനാശ്ചര്യത്തോടുകൂടി പറഞ്ഞു: "ദീക്ഷിത്തു്, ഇവിടെ മധുരനാരങ്ങകളുണ്ടു്." പതാക്കു വന്നു് ഞങ്ങളുടെ വഞ്ചിയിൽ കയറി; അയാളുടെ ഇടത്തുകൈ ഒരു സ്ലിങ്ങിലിട്ടിരിക്കയാണു്. ബോട്ടുകാക്കു് എന്തെങ്കിലും കൊടുക്കണമെന്നായി പതാക്കു്. ദീക്ഷിത്തിന്റെയും എന്റെയും പണം ഒടുസറോടുകൂടി പോയ്പ്പോയിരുന്നു. എന്നാൽ പതാക്കു്, ബുദ്ധിപൂർവ്വം, തന്റെ പണപ്പേഴ്സു്, ഷർട്ടിന്റെ കീശയിലേക്കു മാറ്റിയശേഷമാണു് ടെസറപേക്ഷിച്ചതു്. അയാളുടെ കയ്യിൽ മുപ്പതു്, നാല്പതുറുപ്പികയുണ്ടായിരുന്നു. ആ സംഖ്യ മുഴുവനും പ്രധാനിക്കു കൊടുക്കാൻ ഞങ്ങളും തീരുമാനിച്ചു. വളരെ നിർബ്ബന്ധിച്ചശേഷം അയാളും അതു സ്വീകരിച്ചു.

വീണ്ടും ഒത്തുചേർന്നതിൽ ഞങ്ങളും വളരെ സന്തോഷിച്ചു! ചെറുവഞ്ചികളിൽ വന്നവർ മടങ്ങി. പ്രധാനി തന്റെ കൂട്ടയിൽ നിന്നു ഒരു കമ്പിളിയെടുത്തു്, ഞങ്ങളുടെ കാൽമുറിവുകളിൽ ഈച്ച വന്നു പഴുപ്പിക്കാതിരിക്കാൻ, ഞങ്ങൾക്കു തന്നു. അയാളുടെ മ

രംകൊണ്ടുണ്ടാക്കിയ തൊപ്പി എനിക്കു തന്നു', അയാളുടെ തുണി തൊപ്പി ആയാം ധരിച്ചു; പതാക്കിനു് ചായ സല്ലരിച്ചു. അയാം കുറച്ചു കടിച്ചു തന്റെ അനുഭവങ്ങളെ ചുരുക്കിവിവരിച്ചു. കൊടുങ്കാറ്റിനുമുമ്പു വളരെ അടുത്തുണ്ടായിരുന്നതുകൊണ്ടു ഞങ്ങളും ആ ദ്വീപിലുണ്ടായിരിക്കണമെന്നയാം തീച്ചയാക്കി. ഇരുട്ടിൽ അയാം ഞങ്ങളെ അനേഷിക്കാൻതുടങ്ങി. "ടീക്ഷിത്തു്!" കാണ്ടിക്കു്!" എന്നു വിളിച്ചുകൊണ്ടു ചുറ്റിനടന്നു. അത്യധികമായ ക്ഷീണംകൊണ്ടും ഇരുട്ടുകൊണ്ടും ഒരു തെണ്ണൊടിഞ്ഞു. ആളൊപ്പം പൊക്കമുണ്ടായിരുന്നതു ഞങ്ങളിലൊരാളാണെന്നയാം സംശയിച്ചു! അയാം അടുത്തേക്കോടിച്ചെന്നു തൊട്ടു; നിരാശപ്പെട്ടു! ക്ഷീണിച്ചു തളർന്നിരുന്നതുകൊണ്ടു് ഒരു മരച്ചുവട്ടിൽ ചെന്നു കിടന്നുറങ്ങി. വെളുപ്പിനുമുമ്പെണീറ്റു് ദ്വീപിനെ നടന്നുകാണാൻ തുടങ്ങി. ചെറുദ്വീപായിരുന്നതിനാൽ എളുപ്പത്തിൽ നടപ്പവസാനിച്ചു. താനൊരാളല്ലാതെ ആ ദ്വീപിൽ ആരുമില്ല! പിന്നിട്ടു തന്റെ ഒടിഞ്ഞ കൈക്കു രണ്ടു് കമ്പുകൊണ്ടുവെച്ചു ബാൻഡേജുകെട്ടി. ബാൻഡേജിനുപയോഗിച്ചതു ഷർട്ടു് കീറിയിട്ടാണു്; ശേഷിച്ച ഷർട്ടിന്റെ ഭാഗങ്ങളെക്കൊണ്ടു് ഒരു സ്ലിങ്ങുണ്ടാക്കി കൈ അതിലിട്ടു. വിശപ്പും ദാഹവും അലട്ടിയതുമൂലം ഭക്ഷണത്തിനനേഷണംതുടങ്ങി. തേങ്ങ പറിക്കാൻ നിവൃത്തിയില്ല; ഒടിഞ്ഞകയ്യോടുകൂടി മരംകേറാൻ സാധിക്കുകയില്ല. ബദ്ധപ്പെട്ടു് ആശയോടുകൂടിയുള്ള അനേഷണത്തിൽ താൻ ഒരു ചെറിയ പപ്പായാമരത്തിനടുത്തെത്തി ആശയോടെ ഒരു പപ്പായാ പറിച്ചു കടിച്ചു; ഒരു കടി മതിയായി; ദൂരത്തെറിഞ്ഞു. അതു കൈച്ചിട്ടുവയ്യ. വെള്ളമൊ, ക്ഷണമോ കൂടാതെതന്നെകഴിക്കേണ്ടിവന്നു. പെട്ടന്നു് അടുത്തുണ്ടായിരുന്ന ദ്വീപിൽ ചെറുവെളിച്ചങ്ങൾ കാണായി; അവിടെ വല്ല മീൻപിടുത്തക്കാരും താമസമുണ്ടായിരിക്കണം. കയ്യിലുണ്ടായിരുന്ന വിസ്സിലടിച്ചു് അവരുടെ ശ്രദ്ധയെ ആയാളാകർഷിച്ചു. ചൂളം കേട്ടു് ഒരാം കടലോരംവരെ വന്നു; ഉടനെ മറഞ്ഞു. കുറച്ചു കഴിഞ്ഞു വീണ്ടും ചൂളമടിക്കണമെന്നുറച്ചിരിക്കയായിരുന്നു. എ

ന്നാൽ അധികതാമസം കൂടാതെ രണ്ടു ചെറുവഞ്ചികളും കാണുക യും അവർ എന്റെ വിസിലടി കേൾക്കുകയും ചെയ്തു. "നീ വല്ല മധുരനാരങ്ങയും ഇവിടെ കണ്ടോ? ഒരെണ്ണം നിന്റെ ദ്വീപിനരി കെ വെള്ളത്തിൽ കിടക്കുന്നകണ്ടല്ലൊ!" എന്നു ഞാൻ പതാക്കി നോടു ചോദിച്ചു. അയാളം ചിരിച്ചു. "അതു ഈ ദ്വീപിൽനിന്നു വന്നതല്ല! നാം കടലിലിറങ്ങാറായപ്പോളം പ്ലേനിൽ നിന്നൊരെ ണ്ണം ഞാനെടുത്തു പോക്കിലിട്ടു; ഉപയോഗമുണ്ടായേക്കാമെന്നു ക രുതി." പിന്നെ നീ അതെന്തിനു വലിച്ചെറിഞ്ഞുകളഞ്ഞു?" "അ തു് ഉപ്പുവെള്ളം കേറി ചീത്തയായി"

പതാക്കിന്റെ ശുഭപ്രതീക്ഷയെപ്പറ്റി ഞാനവനെ അഭി നന്ദിച്ചു. ആശ്ചര്യപ്പെട്ടു! എല്ലാവരും അത്യാപത്തു നേരിടുന്നതി നായുറച്ചപ്പോളംകൂടിയും, അയാളം ഭാവിഉപയോഗത്തിനു് ഒരു ഓ റഞ്ചെടുത്തു സൂക്ഷിക്കുന്നു!

യാത്ര തുടർന്നു. സ്വയം നീലിമയേറുക്കുടിയ ആകാശം മുകളിൽ; പച്ചനീലവെള്ളം; നാലുപാടും ചെറു ദ്വീപുകളം, ഇവ ഉഷ്ണമേഖലയിലെ പ്രത്യേകതകളാണു്. ശീതോ ഷ്ണാവസ്ഥ കൂടുതൽ കുറവുകൂടാതെ മദ്ധ്യനില—ന്യായമായ വിധ ത്തിൽ തണലിൽ ഒരുമാതിരി തണുവാണു്. എങ്കിലും നേരെയടി ച്ചിരുന്ന സൂര്യകിരണങ്ങളം, ഞങ്ങളുടെ ദേഹത്തെ തുകൽ ഊരി പ്പോകത്തക്കവിധത്തിൽ, ചൂടുള്ളവയായിരുന്നു. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞശേഷം കഴിഞ്ഞ രാത്രിയിൽ ഞങ്ങളംകു വെ ള്ളത്തിനോടു മല്ലിടേണ്ടിവന്ന സ്ഥലത്തെത്തി; വെള്ളത്തിന്റേയും വലിവിന്റേയും ശക്തി അപ്പോഴാണു് മനസ്സിലായതു്. ബോ ട്ടിൽ അഞ്ചുപേർ പങ്കായം തുഴയുന്നവരുണ്ടു്. അവർ ഒരു നിമി ഷം നിത്തിയാൽ ബോട്ടു് അതിന്റെ നേർവഴി വിട്ടു ചാലിലേക്കു ചായും! ഇനിയെത്രദൂരം പോകാനുണ്ടെന്നും എവിടേക്കാണു് പോ കുന്നതെന്നും ഞങ്ങളം അറിഞ്ഞിരുന്നില്ല. ഞങ്ങളം ആംഗ്യംകൊ ണ്ടുപ്രധാനിയോടു ചോദിച്ചതിൽ അയാളതെക്കോട്ടു വിരൽചൂണ്ടി

''നാത്തൂണ'' എന്നുത്തരം പറഞ്ഞു. അപ്രദേശത്തിലുള്ള ടീപുകളെയെല്ലാംകൂടി ''നാത്തൂണാക്കൂട്ടം'' എന്നാണറിയപ്പെടുന്നത്. അതുകൊണ്ട് അതിൽ ഒന്നിലേക്കാണു പോകുന്നതെന്നും അതിൽ ജനസംഖ്യ കൂടുതലുണ്ടായേക്കാമെന്നും ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു..... ....

എന്റെ അച്ഛന്റെ ഡയറിയിൽ ഇപ്രകാരം കുറിക്കപ്പെട്ടിരിക്കുന്നു:—

പൂന, ഏപ്രിൽ 12, 1955.

അസ്വസ്ഥവും നിദ്രാരഹിതവുമായ ഒരു രാത്രി കഴിഞ്ഞു. ഞങ്ങളെല്ലാവരും ക്ഷീണരായി എഴുന്നേറ്റു. വർത്തമാനപത്രം വന്നപ്പോൾ എല്ലാവരും സംഭ്രമത്തോടും ജിജ്ഞാസയോടും കൂടി ചെന്നുനോക്കി. കഴിഞ്ഞ രാത്രിയിലെ റേഡിയോ വാർത്ത വലിയ തലക്കെട്ടിൽ ആവർത്തിച്ചു. അതിലുണ്ട്, വർത്തമാനത്തോടുകൂടി വിമാനത്തിലെ ജോലിക്കാരുടെ പേരുകളുമുണ്ട്!—

കമാണ്ടർ ക്യാപ്റ്റൻ, ഡി. കെ. ജഗ്ഗാർ.

1—ാംഓഫീസർ, ക്യാപ്റ്റൻ യം. സി. ദീക്ഷിത്തു്.

നിയന്ത്രകർ, ജെ. സി. പതാക്കു്.

എഞ്ചിനീയൻ, കെ. ഡിക്രൂഞ്ച.

പർസർമാർ, സി. ഡിസൂസ, ജെ. പിമെൻറ, ഹോസ്റ്റസ്സ് മിസ് ഗ്ലോറിയാബെറി.

മെയിൻറനൻസ് എഞ്ചിനീയർ, എ. എസ്. കാണ്ട്രിക്കു്.

വ്യസനത്തോടുകൂടിയ ഒരു നിശ്ശബ്ദത വീടിനെ ബാധിച്ചു. എന്റെ ഭാര്യ തേങ്ങിത്തേങ്ങി പൊട്ടിക്കരയാൻതുടങ്ങി. എല്ലാവരുംതന്നെ കരച്ചിലായി.

"സാധു കമലം!" (ഞാൻ വിവാഹംചെയ്യാനുദ്ദേശിച്ചിരുന്ന സ്ത്രീയുടെ പേർ) എന്നതിനിടക്കാരോ പറഞ്ഞു!

എന്റെ രണ്ടാമത്തെ മകൻ, മനോഹർ, ബോംബെയിൽ നിന്നും ഇവിടെ എത്തിട്ടയിണ്ട്. അയാൾ വ്യാപാര നാവികവിഭാഗത്തിലെത്തിയിട്ടണ്ട്. പൈലറ്റാണ്. പ്ലേൻ കടലിൽ ഇറക്കിയിട്ടണ്ടെന്നും കടൽ തന്റെ സ്നേഹിതനാണെന്നും ഒരിക്കലും അതു തന്നെ ദോഷപ്പെടുത്തുകയില്ലെന്നും അയാൾ ധൈര്യംകൊടുത്തു. കടൽ നിശ്ചയമായും അനന്തിനെ (കുണ്ണിക്കു) രക്ഷിക്കും! ഇതു കേട്ട ഞങ്ങൾക്കെല്ലാം കുറെ സമാധാനമുണ്ടായി.

"കാഷ്മീർ രാജകുമാരി" ബോംബായിവിട്ട ദിവസം എന്നെ വിമാനതാവളത്തിൽ ഞാൻ കല്യാണംകഴിക്കാനുദ്ദേശിച്ചിരിക്കുന്ന സ്ത്രീയുടെ അമ്മയും (മിസിസ് സൂരം) സഹോദരിയും കല്യാണദിവസം തീരുമാനിച്ചറിയുന്നതിനുള്ള വരുകാണുകയുണ്ടായി. മേയ് 19നു് കല്യാണം എന്നറിയിച്ചു.

എന്നെക്കണ്ടതിനടുത്തദിവസം തന്നെ അതായതു് ഏപ്രിൽ 12, 1955. അവർ കല്യാണത്തിനു സ്വീകരണം മുതലായ കല്യാണചടങ്ങുകൾക്കായി ഹാൾ ബുക്ക്ചെയ്യുന്നതിനു് ദാദർ റെയിൽവെസ്റ്റേഷനു സമീപമുള്ള പ്രൊഫസർ മൊഹെലിൻറെ ക്കൽ പോയി. അവരെ വളരെ സന്തോഷത്തോടും ആഹ്ലാദത്തോടും കൂടിയവരായി കണ്ട പ്രൊഫസർ ആശ്ചര്യപ്പെട്ടു. കാലത്തു തന്നെ കടലാസിലെവാർത്ത വായിച്ചു. അസ്വസ്ഥനായിരുന്ന പ്രൊഫസർ "കാഷ്മീർ രാജകുമാരി"ക്കു സംഭവിച്ച വിപത്തിനെപ്പറ്റി അവർ അറിഞ്ഞിരിക്കയില്ലെന്നു വിചാരിച്ചു; അല്ലെങ്കിൽ മറ്റു നല്ലവർത്തമാനമെന്തെങ്കിലും അവർക്കു ലഭിച്ചിരിക്കണമെന്നുദ്ദേശിച്ചു. മുഖവുരകളൊന്നും കൂടാതെ അവർ പ്രൊഫസർക്കു ഹാളിന്റെ നിരുദ്വ്യം കൊടുത്തു. ആ കൊടുത്ത നോട്ടുകെട്ട് വർത്തമാനപത്രത്തിൻറെടുത്തു കിടക്കുന്നു. പത്രം തലവാചകം കാണാത്തരീതിയിൽ മറിഞ്ഞാണു് കിടക്കുന്നതു്.

പ്രൊഫസർ പണം സ്വീകരിക്കാതെ മറ്റെപ്പോഴെങ്കിലും വരുന്നതിനുവരോടാവശ്യപ്പെട്ടു. അദ്ദേഹത്തിനപ്പോൾ പണം കയ്യേല്ലാൻ നിവൃത്തിയില്ലെന്നു പറഞ്ഞപ്പോൾ പ്രൊഫസറുടെ പെരുമാറ്റം കുറച്ചു് ആശ്ചര്യകരമായ വക്കു തോന്നി. പക്ഷേ, പ്രൊഫസറുടെ ഭാര്യ അതോടുകൂടി മിസ് സൂളിനെ വിളിച്ചുകൊണ്ടു മുറിയിലേക്കു കൊണ്ടുപോയി സംഗതികളും വിവരിച്ചുകൊടുത്തു. അവരും പത്രം കണ്ടിരുന്നില്ല. മുഖത്തു വലിയ വികാരങ്ങളൊന്നും കാണിക്കാതെ തിരികെ ഹാളിലേക്കു വന്നു; തനിക്കു വലിയ സുഖം തോന്നുന്നില്ലെന്നും ഉടനെ വീട്ടിലേക്കു മടങ്ങണമെന്നും മിസ്സ് സൂസൻ പറഞ്ഞു! വീടെത്തുന്നതുവരെ അവർ അന്നയോടു് യാതൊന്നും പറഞ്ഞില്ല.....

രാവിലെ ഒമ്പതുമണിക്കു് ഞങ്ങൾ ബത്തുബിലിസ് ദ്വീപു വിട്ടതാണു്. ഇപ്പോൾ ഞങ്ങൾ വലിയ നാത്തുണ ദ്വീപിന്റെ തെക്കെ അറ്റത്തെത്തി.—മണി 11–30. ഞങ്ങൾക്കു വിശപ്പുണ്ടായിരിക്കുമെന്നു കരുതി അദ്ദേഹം (പ്രധാനി) ഞങ്ങൾക്കു കുറച്ചു ചോറും മീൻപാകംചെയ്തതും തന്നു. ഞങ്ങളെത്രപേരും കൂടി തെല്ലു പോലും ബാക്കിയാക്കാതെ മുഴുവൻ തട്ടിവിട്ടു. ഞങ്ങൾക്കതു വിശപ്പുണ്ടായിരുന്നു! മത്സ്യം എത്ര രുചികരമായിരുന്നു! കുറച്ചു ദിവസത്തെ ഒഴിവെടുത്തു് ഈ ദ്വീപിലേക്കു മടങ്ങിവന്നു ചായവെയ്പും മത്സ്യം പാകംചെയ്യലും താൻ പഠിക്കുമെന്നു ദീക്ഷിത്തു് പറഞ്ഞു. ഞങ്ങളും ആ രുചികരമായ ക്ഷേണത്തെപ്പറ്റി പ്രശംസിച്ചു, അദ്ദേഹത്തെ അനുഗമിക്കാമെന്നുറപ്പുകൊടുത്തു.

ബത്തുബലീസ് ദ്വീപു് അകലെയായി ചെറുതായി വരുന്നു; സലോർദ്വീപു്, അതിന്റെ വലിയകുന്നോടുകൂടി, (കഴിഞ്ഞ രാത്രി ഞങ്ങളുടെ ഒരു അടയാളമായി കണക്കാക്കിയതു്) ഞങ്ങളുടെ വലത്തുവശത്തായി കടന്നുപോയി. ഒരു സ്റ്റീംബോട്ടു് അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കുന്നുണ്ടു്. അതു് ഒരു മീൻബോട്ടായിരിക്കണം; ഞങ്ങളുടെ പ്രധാനി ഉച്ചത്തിൽ വിളിച്ചു, ഒരു ഉ

ണിക്കുഷണം വീശിക്കാണിച്ചതവർ കണ്ടില്ല. അവരുടെ കൃത്യം മുടങ്ങാതെ അവർ തുടർന്നുകൊണ്ടിരുന്നു.

അങ്ങിനെ നോക്കിയിരിക്കെ, പടിഞ്ഞാറൻ ചക്രവാളത്തിൽ ഒരു വെള്ളിക്കുറിപ്പു കണ്ടു. അതു വലുതായിവന്നു. പിന്നിൽ ഒന്നു കൂടി യുണ്ട്. അവ പ്ലേനുകളായിരിക്കണം. തിരിച്ചറിയത്തക്ക ദൂരത്തിലെത്തിയപ്പോൾ അവ വലിയ സണ്ടർലാണ്ട് വിമാനങ്ങളാണെന്നു മനസ്സിലായി. സിങ്കപ്പൂരിൽനിന്നോ ഹാങ്കോങ്ങിൽനിന്നോ, അന്വേഷണത്തിനു പുറപ്പെട്ടവരായിരിക്കണം. ഞങ്ങളിൽരണ്ടുപേരെപ്പറ്റി [illegible]തൊരറിവുമില്ലാത്തതിനാൽ അവരെ തേടിപുറപ്പെട്ട അവർ കണ്ടുപിടിക്കുമെന്നു ഞങ്ങളുദ്ദേശിച്ചു. ഞങ്ങൾക്കു മൂന്നുപേക്ക് ഒരു ദ്വീപിലെത്താൻ കഴിഞ്ഞതുകൊണ്ട് അവക്കും അതു സാദ്ധ്യമായിരിക്കണം. പ്ലേൻ നവങ്കിവിണ സ്ഥലത്തിനു മുകളിൽ, ഞങ്ങളുടെ മുകളിൽ ഏകദേശം 400 അടി ഉയരത്തിൽ അവർ പറക്കുകയാണ്. ഞങ്ങൾ പലവിധത്തിലും അവരുടെ ശ്രദ്ധയെ ആകർഷിക്കാൻ ശ്രമിച്ചു. ഒരു സണ്ടർലാണ്ടുകൂടി അവരുടെകൂടെ വന്നുചേർന്നു. പത്താക്ക് പറകയാണ്: "നമുക്കാക്കും വലിയ കേടുകളില്ലാത്തതു ഭാഗ്യമാണ്. അവർ ഇവിടെ ചുറ്റി പെട്രോൾ നഷ്ടപ്പെടുത്തുന്നതെന്തിനു? അവക്കു നമ്മളെ സിങ്കപ്പൂക്കു കൊണ്ടുപോകാമല്ലൊ." ദ്വേഷ്യത്തോടെ അയാൾ തുടർന്നു. "അവർ വെള്ളത്തിൽ കിടക്കുന്നവരെമാത്രമെ രക്ഷിക്കയുള്ളുവെങ്കിൽ, എനിക്കിപ്പോൾ വെള്ളത്തിൽ ചാടിയാൽ കൊള്ളാമെന്നുകൂടി തോന്നുന്നുണ്ട്." അരമണിക്കൂർ ചുറ്റിത്തിരിഞ്ഞു പ്ലേനുകൾ മൂന്നും മറഞ്ഞു.

ഞങ്ങളുടെ പ്രധാനി നിരാശപ്പെടാതെ, അതികഠിനമായ വെയിലിനെ കൂട്ടാക്കാതെ വഞ്ചി തുഴഞ്ഞുകൊണ്ടേയിരുന്നു. ഞങ്ങളുടെ മുറിവുകളിൽ അലട്ടിക്കൊണ്ടിരുന്ന ഈച്ചകളെ ആട്ടിക്കളഞ്ഞു. ഞങ്ങൾ സംഭാഷണംചെയ്യുകൊണ്ട സമയം കളഞ്ഞു. അകലെ മുമ്പിലായി ഓട്ടമേഞ്ഞ വീടുകളോടുകൂടിയ ഒരു ദ്വീപ് കാ

ണായി. പ്രധാനിയുടെ മുഖംതെളിഞ്ഞു. ഒരു പുഞ്ചിരിയോടുകൂടി "സിധനാവു്, ഡാക്ടർ, ഹോസ്പിററൽ" എന്നു ചൂണ്ടിക്കാണിച്ചു പറഞ്ഞു. സിധനാവു് ഡാക്ടറുള്ള ആ പട്ടണത്തിന്റെ പേരാണെന്നു ഞങ്ങളൂഹിച്ചു. "സിധനാവു്" വളരെയടുത്താണെന്നു് തോന്നിയെങ്കിലും വളരെ പരിശ്രമിച്ചിട്ടും ദൂരംകുറയുന്നതായിതോന്നിയില്ല ഞങ്ങൾ ആശയോടെ ആ ടീപ്പു് നോക്കിക്കൊണ്ടതന്നെയിരുന്നു. അങ്ങിനെയുള്ള സാവധാനയാത്രയിൽ ഒരു ഡെക്കോട്ട പ്ലേൻ വളരെ താഴെയായി ഞങ്ങളുടെ തലമുകളിൽകൂടി പറന്നു. നേരത്തെ സണ്ടർലാണ്ടുകളുടെ നിരുപയോഗമായ പറക്കലിൽ ദ്വേഷ്യംവന്ന പതാക്കു പറഞ്ഞു: "സണ്ടർലാണ്ടുകൾ മടങ്ങിച്ചെന്നു് ഈ ഡെക്കോട്ടകളോടു പറഞ്ഞിരിക്കും— "ഞങ്ങൾ കുറെ പറന്നാനന്ദിച്ചു; ഇനി നിങ്ങളും കുറച്ചാനന്ദിക്കിൻ." ഡെക്കോററ ഒരുചുററുകൂടി അവിടെ ചുററി അപ്രത്യക്ഷമായി.

ഞങ്ങൾ "സിധനാവു" അടുത്തപ്പോൾ കരയരികെ ഒരു ചെറുകപ്പൽ നങ്കൂരമിട്ടിരിക്കുന്നതു കണ്ടു. എന്റെ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു. "ആ കപ്പൽ ഞങ്ങളെ സിങ്കപ്പൂക്കു കൊണ്ടുപോയെങ്കിൽ!" ഞാൻ പോക്കററിലുണ്ടായിരുന്ന ഒരു വിസിലെടുത്തു് ഒരു "എസ്. ഒ എസ്" അപായ അടയാളവിളി തുടങ്ങി. കുറച്നേരം വിളിച്ചു. കപ്പൽ വളരെ ദൂരെയാണെന്നും വിസിൽ അവക്കു കേൾക്കാൻ സാധിക്കയില്ലെന്നുമറിഞ്ഞു ഞാൻ വിളി നിത്തി. കപ്പൽ പെട്ടന്നു വിടുന്നമാതിരിയിലല്ല കണ്ടതു്. കരക്കിറങ്ങിയശേഷം അതിലെ ക്യാപ്റ്റനെ കാണാം. എന്നിങ്ങിനെ കപ്പലിനെപ്പററിയുള്ള ആലോചനയിൽ "സിധനാവു" പാലമടുത്തതു ഞാൻ അറിഞ്ഞില്ല. പാലവും അടുത്ത ഏകദേശം നൂറുവാര ദൂരവും ജനനിബിഡമായിരുന്നു; സ്ത്രീപുരുഷന്മാരും യുവാക്കളും കുട്ടികളും എല്ലാം ഞങ്ങളുടെ ബോട്ടിനെ ഉറുനോക്കിക്കൊണ്ടു നില്ക്കയാണു്; അതെന്നെ ആശ്ചര്യപ്പെടുത്തി. സെക്കണ്ടുകൊണ്ടുകളിൽ അവർ ഞങ്ങളുടെ വർത്തമാനമറിഞ്ഞു് ഞങ്ങളെ കാണാൻ വന്നുകൂടിയിരിക്കയായിരിക്കണം.

അഞ്ചുമണിക്കൂർനേരത്തെ സ്ഥിരപരിശ്രമം ഞങ്ങളെ കരക്കടുപ്പിച്ചു. കാണികളിൽ ഒരുഡസൻ കൈകൾ നീണ്ടു, ഞങ്ങളെ കരക്കിറങ്ങുവാൻ സഹായിച്ചു. പത്തുവാര അകലെയുള്ള ഒരു പലചരക്കുപീടികയിലേക്കു ഞങ്ങൾ നയിക്കപ്പെട്ടു. മൂന്നു കസേരകൾ വന്നു; എല്ലാവരും ഞങ്ങളുടെ സൌകര്യങ്ങൾക്കായി ബുദ്ധിമുട്ടുകയാണു്; ഞങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിക്കയാണു്.. അടിഞ്ഞുകയറിയ ഞങ്ങളെ കാണാൻ എല്ലാവരും എത്തിയെത്തി നോക്കയാണു്. ഞങ്ങൾ അവിടെയിരുന്നു; പതാക്കു് കീറിയ ഷർട്ടിന്റെ ബാക്കി ഒരുപിടിയാക്കി കയ്യിൽവച്ചു് ഒരു വെളുത്ത അടിടൌസറിട്ടിട്ടുണ്ടു്. ഭീക്ഷിഞ്ഞു ക്ഷീണനായി തന്റെ സാധാരണ ചിരിക്കുന്ന മുഖമില്ലാതെ ഒരു ഷർട്ടും അടിടൌസറും ധരിച്ചിട്ടുണ്ടു്; അടുത്തു് അതുപോലെ വേഷത്തിൽ ഞാനും. കാക്കി അരടൌസറും വെള്ള അരക്കൈഷർട്ടും ധരിച്ച ഒരാൾ കൂട്ടത്തിൽനിന്നും വന്നു ഞങ്ങളുടെ സുഖങ്ങളെപ്പറ്റി പുഞ്ചിരിയോടുകൂടി അന്വേഷിച്ചു; അദ്ദേഹം കപ്പലിൽനിന്നും വന്നതാണെന്നും താമസിയാതെകപ്പൽ വിടുകയാണെന്നും ഞങ്ങളെ അറിയിച്ചു. ഞങ്ങൾക്കു ക്യാപ്റ്റനോടു് അടിയന്തിരമായിസംസാരിക്കണമെന്നറിയിക്കാൻ ഞങ്ങൾ അദ്ദേഹത്തോടുവളരെ ശാന്തമായി ആവശ്യപ്പെട്ട അതിനു സമ്മതിച്ചു് അദ്ദേഹം പോയി, ഒരു ചെറിയ മോട്ടർവെച്ച വഞ്ചിയിൽകയറി കപ്പലിലേക്കുപോയി. പീടികയിൽനിന്നു ഞങ്ങൾക്കു ശീതളപാനീയങ്ങൾതന്നു. മുറി ഇംഗ്ലീഷ്സംസാരവും. ഒരു ഇംഗ്ലീഷു പഠിച്ച അദ്ധ്യാപകൻ താമസിയാതെ അവിടെവന്നു; ഒരുപോലീസുകാരൻഞങ്ങളുടെപേരുംവിവരങ്ങളുംകുറിച്ചെടുക്കുന്നതിനു് അദ്ദേഹം സഹായിച്ചു. പത്താക്കിന്റെ ഷർട്ടിലുണ്ടായിരുന്ന "ഏയറിന്ത്യാ" അടയാളം കാണിച്ചു പോലീസുകാരനെ തൃപ്തിപ്പെടുത്തി. അയാൾ ചില നോട്ടുകൾ കുറിച്ചു, മുൻസിപ്പാൽ കമീഷണർ ഞങ്ങളെ ഉടനെ വന്നുകാണുമെന്നു പറഞ്ഞു സ്ഥലംവിട്ടു.

പോലീസുകാരൻ പോയതോടുകൂടി അവിടെ നിശ്ശബ്ദതയായി. ചുറ്റുപാടും ശ്രദ്ധിച്ചുനോക്കുന്നതിനു ഞങ്ങൾക്കു സൌക

സ്തംഭിച്ചു. ചുവരിൽകണ്ട പടത്തെനോക്കി ദീക്ഷിത്തിനോട് ഞാൻ ആവേശത്തോടെ പറഞ്ഞു: "നോക്കൂ—ഡാക്ടർ സൊക്കാസ്റ്റോവിന്റെ പടം!" "ഹാ, ഇതെല്ലാം ഇന്തോനേഷ്യൻ പ്രദേശമാണ്" എന്നു ദീക്ഷിത്തു മറുപടി പറഞ്ഞു. സ്നേഹിതരാജ്യത്തിന്റെ പ്രാന്തങ്ങളിലാണ് ഞങ്ങളെന്നറിഞ്ഞു വളരെ സന്തോഷിച്ചു.

ഒരുമണിക്കൂറിൽ കൂടുതൽനേരം ഞങ്ങളാ കാഴ്ചക്കാരുടെ മുമ്പിലിരുന്നു ഏകദേശം നൂറുവാര അകലെയായി സ്ഥിതി ചെയ്യുന്ന "റെസ്റ്റ്ഹൌസി"ലേക്കു പോകണമെന്നു് അപ്പോഴാ അവർ ഞങ്ങളോടാവശ്യപ്പെട്ടു. പതാക്കം ദീക്ഷിത്തും മുമ്പിലും, ഞാൻ ഞൊണ്ടിക്കൊണ്ടു പിന്നിലുമായി നടന്നു. രണ്ടു ചെറുപ്പക്കാർ ഓടിവന്നു് എന്നെ അവരുടെ ചുമലിൽപിടിച്ചു നടക്കുന്നതിനു സഹായിച്ചു. ഞങ്ങൾക്കു പാദരക്ഷകളില്ല; റോഡിലെ കല്ലുകൾ കൂടുതൽ വേദനപ്പെടുത്തി. വഴിനീളെ വീട്ടുകളിൽ ജനങ്ങൾ ഞങ്ങളെ കാണാൻ എത്തിനോക്കി നിൽപ്പുണ്ടു്. എന്റെ ഞൊണ്ടൽകണ്ടു് ഒരു വീട്ടുകാർ ഒരു കസേര കൊണ്ടുവന്നു് എന്നെ ഇരുത്തി ചുമക്കാമെന്നു പറഞ്ഞു. ഞാൻ അവരെ ഉപദ്രവിക്കാനിഷ്ടപ്പെട്ടില്ല. അവർ ചിരിച്ചു; ഞാൻ യാത്രതുടർന്നു.

യാത്രാവസാനഘട്ടത്തിൽ ഒരു ചെറുതോടു്; ഒരു നേരിയ പാലം; കടന്നുചെന്നപ്പോൾ ഒരു ഭംഗിയുള്ള ചെറിയവീടു്. ഇതാണു് റെസ്റ്റ്ഹൌസ്. മുന്നു ക്യാമ്പുകട്ടിലുകൾ; എല്ലാത്തിലും ശുദ്ധവസ്ത്രം വിരിച്ചിട്ടുണ്ടു്; തലയിണയുമുണ്ടു്.

ഞങ്ങളോരോരുത്തരും ഓരോന്നിൽ കിടന്നു. എത്രസുഖം; കഴിഞ്ഞ രാത്രിയിലെ "കിടക്ക"യുമായുള്ള വ്യത്യാസം! ഒരു രാത്രിക്കുമുമ്പു് ഞങ്ങൾ മരണവുമായി മൽപ്പിടിക്കയായിരുന്നെന്നു വിശ്വസിക്കാൻ വയ്യ. ഡാക്ടർ വന്നു. ഒരു കമ്പൌണ്ടർ മാത്രമാണവിടെ വൈദ്യസഹായത്തിനുള്ളതു്. അദ്ദേഹം ഞങ്ങളുടെ എല്ലാമുറിവുകളും കഴുകി മരുന്നുവെച്ചുകെട്ടി. റെസ്റ്റ്ഹൌസ് നിറയെ

ജനങ്ങളാണ്'; ഞങ്ങളെ കാണാൻ! എങ്കിലും ശബ്ദമില്ല; മുറുമുറുക്കുന്ന സംസാരമില്ല; അതിശയകരമായ അച്ചടക്കം! ഒരാൾ പോലും തള്ളിക്കയറുന്നില്ല; ദൂരെനിന്നു നോക്കുകമാത്രമാണ്'. ചില വളണ്ടിയർമാർ മാത്രം അങ്ങുമിങ്ങുമോടുന്നു ഞങ്ങൾക്ക് കുടിക്കാൻ ഐസ്‌വെള്ളവും ആഹാരത്തിനു പഴങ്ങളും തരുന്നുണ്ട്'!

ഞങ്ങൾ ഒന്നുറങ്ങാൻ ശ്രമിക്കയായിരുന്നു. അപ്പോൾ എന്റെ തലയിലെ മുറിയെപ്പറ്റി എനിക്കോർമ്മവന്നു ഞാൻ അതെത്ര കടുത്തതാണെന്നറിയാൻ 'ഡാക്ടറോട്' ചോദിച്ചു അദ്ദേഹം വേഗത്തിൽ ആ മുറിയുടെ നാലുഭാഗവുമുള്ള മുടികത്രികൊണ്ടു വെട്ടിക്കളഞ്ഞു; തന്റെ സഹായിയോട് മുറി തുന്നുന്നതിനുള്ള ഉപകരണങ്ങൾ തയ്യാറാക്കാൻ പറഞ്ഞു. അദ്ദേഹത്തിന്റെ പരിചയക്കുറവിൽ, വൈദഗ്ധ്യക്കുറവിൽ ഞങ്ങൾ സംശയിച്ചു ഒന്നുമിടിച്ചു മറ്റെവിടേയും ചെയ്യുന്നമാതിരി താൻ ചെയ്തുകൊടുക്കാമെന്ന ഉറപ്പിൽ ആയാൾ തന്റെജോലി ചെയ്തീർത്തു കുറച്ചു വേദന മുറിശുശ്രൂഷിയാക്കുമ്പോളുണ്ടായതല്ലാതെ മറ്റെല്ലാവിധത്തിലും അതൊരു വ്യത്തിയായ മിടുക്കന്റെ പണിയായിരുന്നു മുറി തുന്നികെട്ടി, മരുന്നുവെച്ചുകഴിഞ്ഞു ആയാൾ ചോദിച്ചു: "നിങ്ങൾ ഇത് സിങ്കപ്പൂരിൽ ചെയ്യാമായിരുന്നു എന്നു വിചാരിക്കുന്നുണ്ടോ?" "എനിക്കു വളരെ സുഖം തോന്നുന്നുണ്ട്. നിങ്ങൾ ഒരു നല്ല ഡാക്ടർ തന്നെയാണ്" എന്നു നന്ദിസൂചകമായി അയാളോടും സഹായിയോടും പറഞ്ഞു

വാതിൽക്കൽ നിന്നിരുന്നവർ എല്ലാവരും മാറിക്കൊടുക്കുന്നു; അടക്കിയ സംസാരം നിന്നു, നിശ്ശബ്ദതയായി. വെള്ളത്തൊപ്പികളും ഷർട്ടുകളും ധരിച്ച മൂന്നുപേർ അകത്തുകടന്നുവന്നു. ഞങ്ങളുടെ മുമ്പിൽ കസേരകൾ കൊണ്ടുവന്നിട്ടു; അവർ അതിലിരുന്നു. പുഞ്ചിരിതൂകിക്കൊണ്ടു സന്തോഷത്തോടുകൂടിയവർ; അതിലൊരാൾ താൻ അവിടത്തെ മുൻസിപ്പൽകമീഷണരാണെന്നറിയിച്ചു. കൂടെയുള്ള രണ്ടുപേരെയും അദ്ദേഹം ഞങ്ങളെ പരിചയപ്പെടുത്തി. ഞങ്ങൾക്കു പറ്റിയ അപായത്തിൽ ഖേദം പ്രകടി

Rasheed K. A.

പ്പിച്ചു; ഞങ്ങളനുഭവിച്ച കഷ്ടപ്പാടുകളിൽ അവർ സഹതപിച്ചു; ആ ചെറുദ്വീപിൽ ഞങ്ങൾക്കാവശ്യമുള്ള സുഖസൌകര്യങ്ങളെന്തെന്നും അവ ഞങ്ങൾക്കു കിട്ടിയിട്ടുണ്ടാവുമെന്നും അവർ ആശ്വസിച്ചു.

ഞങ്ങൾക്കുവേണ്ട സുഖസൌകര്യങ്ങൾ ചെയ്തതന്നതിലും, അവരുടെ നേരിൽകാണുന്നതിനുള്ള വരവിലും, ഞങ്ങൾ നന്ദിപറഞ്ഞു. കൂടാതെ ഞങ്ങൾക്കു അഭയംതന്നു രക്ഷിച്ചും സ്വീകരിച്ചും സഹായിച്ചതിനു് ആ ദ്വീപിലെ ജനങ്ങളോടുള്ള കടപ്പാടും നന്ദിയും അവരെ അറിയിക്കണമെന്നും ഞങ്ങൾ അവരോടു് ആവശ്യപ്പെട്ടു. അവർ ഞങ്ങളെ വിട്ടുപിരിഞ്ഞു.

അവർ പോയി പതിനഞ്ചു നിമിഷം കഴിഞ്ഞു. ഒരു തടിച്ച ഇംഗ്ലീഷുകാരൻ മുറിക്കകത്തേക്കു കടന്നുവന്നു. അദ്ദേഹം പുറത്തു കടലിൽ നങ്കൂരമടിച്ചുകിടക്കുന്ന "തൈപൈ" കപ്പലിന്റെ മുഖ്യഉദ്യോഗസ്ഥൻ (ചീഫ് ഓഫീസർ) ആണെന്നറിയിച്ചു. അദ്ദേഹം കപ്പിത്താന്റെ ഉത്തരവനുസരിച്ചു ഞങ്ങളെ കാണാൻ വന്നതാണു്. അദ്ദേഹം ഞങ്ങളുടെ പേരും, ഉദ്യോഗവിവരവും എഴുതിയെടുത്തു; വിവരം സിങ്കപ്പൂക്കു് കമ്പിയടിക്കാമെന്നു പറഞ്ഞു. പ്ലേനിൽനിന്നു രക്ഷപെട്ടെന്നുദ്ദേശിക്കാവുന്ന മറവുള്ളവരെപ്പറ്റിയുമന്വേഷിച്ചു. ഈ വിവരങ്ങളെല്ലാംഉടനെ പുറത്തു് അറിയിക്കുന്നതായിരിക്കുമെന്നു് അദ്ദേഹം പറഞ്ഞു. കപ്പൽ സിങ്കപ്പൂക്കു പുറപ്പെടാൻതയ്യാറായിട്ടുണ്ടെങ്കിലും, ഞങ്ങളും തയ്യാറാവുന്നതുവരെ കാത്തുനില്ക്കാമെന്നും അദ്ദേഹമറിയിച്ചു. ചരക്കു കപ്പലായതുകൊണ്ടു് സിങ്കപ്പൂരെത്താൻ ആറുദിവസങ്ങളും വേണ്ടിവരും. അതുകൊണ്ടു് അവർ വഴിമദ്ധ്യേ ഞങ്ങളെ ഒരു ജർമ്മൻ വിദ്വേഷാക്രമണത്തിൽ വിട്ടുപോയി, മടക്കയാത്രയിൽ ഞങ്ങളെ കപ്പലിൽ കയറ്റിക്കൊണ്ടു സിങ്കപ്പൂക്കു് പോകാമെന്നു പറഞ്ഞു. ഞങ്ങൾക്കു് കഴിയുന്നവേഗത്തിൽ വേണ്ട, അത്യാവശ്യമായ, വൈദ്യസഹായത്തിനു വേണ്ടിയാണങ്ങിനെ ചെയ്യുന്നതെന്നവരറിയിച്ചു. ഞങ്ങളും

അവർക്ക് ഞങ്ങൾക്കുവേണ്ടിയുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് അവരോട് നേരത്തെതന്നെ നന്ദിപറഞ്ഞു. കൂടാതെ, കപ്പലിലെ സ്റ്റോറിൽനിന്നും കുറച്ച് ഉടുപ്പുകൾക്കാവശ്യപ്പെടുകയും എല്ലാ കടപ്പെട്ടുന്ന സംഖ്യകളും സിങ്കപ്പൂരിൽ കെട്ടിക്കൊള്ളുമെന്നു പറകയും ചെയ്തു.

താമസിയാതെ ആദ്യം കപ്പിത്താനെ വിളിക്കാൻപോയ ആൾ കുറെ ഷർട്ടുകളും, അണ്ടർവെയറുകളും, ചെറിയ ടൌസറുകളുമായി വന്നു. കപ്പലിലുള്ളവരുടെതായതുകൊണ്ട് അവ ഞങ്ങൾക്ക് വളരെ വലുപ്പം കൂടിയതായിരുന്നു. എങ്കിലും വൃത്തിയുള്ള ഉടുപ്പുകൾ ധരിക്കുന്നതിൽ ഞങ്ങൾ സന്തോഷിച്ചു ഞങ്ങൾക്കു വേണ്ടി കപ്പൽ രണ്ടുമണിക്കൂറിൽകൂടുതൽ താമസിച്ചുകഴിഞ്ഞു. ഞങ്ങൾ ധൃതിയിൽ റെസ്റ്റ് ഹൌസിനു പുറത്തേക്കു നടന്നു; അവിടെ വൈദ്യസഹായത്തിനു പുറമെ സുഖസൌകര്യങ്ങളോടുകൂടിയ വിശ്രമം മൂന്നുമണിക്കൂറോളം ഞങ്ങൾക്കു കിട്ടി. ടീപീലെ നിവാസികൾ വഴിനീളം ഇരുരാഗത്തും നിന്നിരുന്നു. അവരുടെ യാത്രയയപ്പിനു ഞങ്ങൾ പുഞ്ചിരിയോടുകൂടി മറുപടിപറഞ്ഞു. നിമിഷനേരം പാലത്തിൽ നിന്നു മീൻപീടുത്തക്കാർക്കും കമ്പൌണ്ടർമാർക്കും കൈകൊടുത്തു, അവർചെയ്ത ഉപകാരങ്ങൾക്കു നന്ദിപറഞ്ഞു. അവിടെ കൂടിയ ജനങ്ങളോടു യാത്രപറഞ്ഞു! ഇത്ര ചുരുങ്ങിയ കാലത്തെ താമസശേഷം വിട്ടുപോകുന്നതിൽ ഞങ്ങൾക്കു വളരെ സങ്കടംതോന്നി. അയൽക്കാരെ സ്നേഹിച്ചവർ, സല്ലപിച്ചവർ, അങ്ങിനെയുള്ളവരുടെകൂടെ കൂടുതൽസമയംകഴിക്കാൻ ഞങ്ങൾക്കിഷ്ടമായിരുന്നു!

ഒരു സൂര്യാസ്തമനംകൂടി.

ആ ചെറിയ ബോട്ട് ഞങ്ങളെ 'തൈപ്പെ' കപ്പലിലേക്ക് എത്തിച്ചു. അതിലെ പ്രധാന ഉദ്യോഗസ്ഥൻ ഞങ്ങളെ കപ്പലിലേക്കു ക്ഷണിച്ചു. രണ്ടു കമ്പൌണ്ടർമാരും ഞങ്ങളുടെകൂടെ കപ്പലിലേക്കു വന്നിരുന്നു. ഞങ്ങൾ അവരോട് ഒരിക്കൽകൂടി നന്ദി

പറയുകയുണ്ടായി; അവർ തിരികെപോയി. കപ്പലിലെ പ്രധാന ഉദ്യോഗസ്ഥൻ കപ്പലിലെ കപ്പിത്താനുമായി ഞങ്ങളെ പരിചയപ്പെടുത്തി; ക്യാപ്റ്റൻ ഒരു ചാർട്ടിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. ക്യാപ്റ്റൻ എഴുന്നേറ്റുവന്നു ഞങ്ങളുടെ ഓരോരുത്തരുടേയും കൈക്കുപിടിച്ച് അഭിവാദ്യംചെയ്തു പറഞ്ഞു. "എനിക്കു നങ്ങളെ കാണുന്നതിൽ വളരെ സന്തോഷമുണ്ട്; എങ്കിലും ഒരു കൂടിക്കാഴ്ച കൂടുതൽ സന്തോഷകരമായ പരിതസ്ഥിതികളിലായിരുന്നെങ്കിൽ കൂടുതൽ നന്നായിരിക്കുമായിരുന്നു എന്നെനിക്കഭിപ്രായമുണ്ട്." ഞങ്ങൾ എത്രസമയം വെള്ളത്തിൽ കഴിച്ചുകൂട്ടേണ്ടിവന്നുവെന്നദ്ദേഹം ചോദിച്ചു. "ഏകദേശം രണ്ടു മണിക്കൂർനേരം" "നിങ്ങൾ സ്രാവുകളെ കണ്ടില്ലേ?" എന്നദ്ദേഹം അതിശയത്തോടുകൂടി ചോദിച്ചു. "ഈ പ്രദേശങ്ങൾ സ്രാക്കുകളെക്കൊണ്ടു നിറഞ്ഞതാണ്. നിങ്ങളെങ്ങിനെ രക്ഷപെട്ട എന്നതു വിശ്വസിക്കത്തക്കതല്ല. ഏതായാലും ഇവിടെ നിങ്ങളുടെവീടുപോലെ സൌകര്യപ്പെടുത്തിക്കൊള്ളുക." ഇതുപറഞ്ഞു അദ്ദേഹംതന്റെ ചാർട്ടുകളിലേക്കു ശ്രദ്ധിക്കാനാരംഭിച്ചു. "തൈപ്പെ" തന്റെ ബോയിലർകളിൽകൂടി പുകതള്ളി പുറപ്പെടുന്നതിനു തയ്യാറായി, താമസിയാതെ പങ്കകൾ ചുറ്റി വെള്ളംതള്ളി കടൽമുറിച്ചു മുന്നേറി;— "സിധനാവു" പിന്നിലായി.

അഞ്ചുമണി; സൂര്യൻ നല്ലപോലെ പ്രകാശിക്കുന്നു; വെള്ളംവെട്ടി മുന്നേറി പല ചെറുദ്വീപുകളേയും പിന്നിലാക്കിക്കൊണ്ട് 'തൈപ്പെ' യാത്രതുടർന്നു.

'തൈപ്പെ' ഒരു ചെറിയ കപ്പലാണ്. കണ്ടുമോനമുള്ള സൌകര്യങ്ങളൊന്നുമില്ല. അതു ഞങ്ങൾക്കനുകൂലമായിരുന്നു; ഞങ്ങൾ മുറിവുപറ്റിയവരായതുകൊണ്ട് അധികമെങ്ങും നടക്കാനില്ല. ഞാൻ ഞൊണ്ടിക്കൊണ്ട് ക്ഷീണമുറിയിലേക്കുള്ള പതിനഞ്ചുവാര നടന്നു. ഒരു മരംകൊണ്ടുള്ള മേശയും നാലു കസേരകളും മാത്രം. 'തൈപ്പെ'യിൽ കഴിച്ചുകൂട്ടിയ സമയത്തിൽ കൂടുതൽഭാഗവും

അവിടെയാണ് ഞങ്ങളെ കഴിച്ചുകൂട്ടിയത്. അവിടെകിടന്നാൽ പ്രകൃതിയുടെ രമണീയതയും അതിലംഗിയുള്ള കടലിലെ സൂര്യാസ്തമനവും കാണാം. ഞങ്ങൾക്ക് അവർ ചായതന്നതിനു ബിസ്കറ്റും, വെണ്ണ ജാം ഇവകൂടിയുണ്ടായിരുന്നു നല്ലചായ കുടിച്ചിട്ട് രണ്ടു ദിവസമായി. ഞങ്ങൾ ചായകുടിച്ചു ഡെക്കിലേക്കു പോയി.

ഞങ്ങൾ ഡെക്കിൽകിടന്നു വിശ്രമിച്ചു. 'തെയ്യെ' വെള്ളത്തിലൂടെ പതുക്കെ മുന്നോട്ടുകയാണ്. 'സിധനാവു'' തെക്കൻ ചക്രവാളത്തിൽ മറഞ്ഞുകഴിഞ്ഞു. മറവുപല പ്രദേശങ്ങളും അതുവഴി കടന്നുപോയി. അഗാധമായ ആ കടലിൽ, പാറകൾ പൊങ്ങി കാണുന്നുണ്ട്. നിങ്ങളുടെ ശ്രദ്ധയെ ആകഷ്ടിക്കത്തക്ക ഒരു പൈശാചികഭംഗി അവിടെയുണ്ട്'; ഞങ്ങൾ അതു് ഉറ്റുനോക്കിക്കൊണ്ടിരുന്നു. അവിടം 'യാത്രക്കപായകരമാണെന്നവ സൂചിപ്പിച്ചു! ഇങ്ങിനെയാലോചിച്ചു പതാക്കും, ദീക്ഷിത്തും ഞാനും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ക്യാപ്റ്റൻ വന്നു ഞങ്ങളുടെ സംഭാഷണത്തിൽ ചേർന്നു. അദ്ദേഹം ആ വലിയ പാറകൾ ചൂണ്ടിക്കാണിച്ചു; ആദ്യത്തെ ലോകമഹായുദ്ധത്തിൽ പ്രസിദ്ധികേട്ട 'യംഡൻ' യുദ്ധക്കപ്പൽ, ഈ പാറകൾക്കിടയിൽ ഒളിച്ചുകിടന്നു ശത്രുക്കളുടെ കപ്പലുകളെ അറിവുകൂടാതെ എതിർത്തു നശിപ്പിക്കാറുള്ളകഥ ഞങ്ങളെ അനുസ്മരിപ്പിച്ചു. 'യംഡൻ' അക്കാലത്തു ദൂരകിഴക്കിൽ അതിനാശകാരിയായിരുന്നെന്നു് അദ്ദേഹം പറഞ്ഞു. ഞങ്ങൾക്ക് ആ എതിപ്പും നിരാധാരരായ വ്യാപാരകപ്പലുകളുടെ മുങ്ങലും മനസ്സിൽ ചിത്രീകരിക്കാൻ എളുപ്പമായിരുന്നു! ആ കപ്പലുകളിലുണ്ടായിരുന്നവർ, ആദ്യത്തെ എതിപ്പിൽ മരിക്കാതിരുന്നാൽകൂടി, നിശ്ചയമായും ഷാർക്കുകൾക്കും ശക്തിയായ ഒഴുക്കുവലിവുകൾക്കും അധീനപ്പെട്ടു മരിച്ചുപോയിരിക്കണം!

ഷാർക്കുകൾ, മനുഷ്യരെ വിഴുങ്ങുന്ന ഷാർക്കുകൾ; ഇന്നലെ പകലും രാത്രിയും, അവ എവിടെപ്പോയെന്നു ഞാനതിശയിച്ചു! വെറും ഇരുപത്തിനാലു മണിക്കൂർമുമ്പിൽ, ഇപ്പോൾ സുഖസൌക

യ്ങ്ങളോടുകൂടി ആത്മരക്ഷയെപ്പറ്റി യേയില്ലാതെ ജീവിക്കുന്ന ഞങ്ങളും, മരണവുമായി മല്ലിടുകയായിരുന്നു; ഞങ്ങളുടെ ഭാവിജീവിതം സംശയകരമായിരുന്നു!

ടീക്ഷിത്തു് ഒരു സിഗറാറിനാവശ്യപ്പെട്ടു; കപ്പിലിലെ പ്രധാന ഉദ്യോഗസ്ഥനും പർസറും 50 സിഗറാവുകളും വീതമുള്ള മൂന്നു ടിന്നും പത്തു സിഗറാവുകളും വീതമുള്ള രണ്ടു പാക്കറും കൊണ്ടുവന്നു. തനിക്കു് ഒരേഒരു സിഗറാവു മതിയെന്നു ടീക്ഷിത്തു് പറഞ്ഞു. എന്നാൽ കപ്പലിലെ സല്ലാരബുദ്ധി അതു മുഴുവൻ സ്വീകരിക്കാൻ അദ്ദേഹത്തെ നിർബ്ബന്ധിതനാക്കി.

കപ്പൽ ഇതിനകം ഒന്നരമണിക്കൂറോളം മാത്രമേ യാത്ര ചെയ്തിട്ടുള്ളു. രണ്ടുദിവസം കഴിഞ്ഞുമാത്രം എത്തുന്ന ടീപിലെ ജമ്മൻഡാക്ടറെപ്പറ്റിയായിരുന്നു എന്റെ വിചാരം. എനിക്കെപ്പോഴും സ്വസ്ഥമായ പരിസരങ്ങളിലും ചെറുപട്ടണങ്ങളിലും ജീവിക്കുന്നതിനാണിഷ്ടം. ജനങ്ങളും വളരെ കുറവുള്ള ഒരു ചെറു ടീപ്പ്; സാധാരണജനങ്ങളും, നിസ്സാരങ്ങളായ ആവശ്യങ്ങളും മാത്രം; അതൊരു സ്വർഗ്ഗമായിരിക്കും. പരിഷ്ക്കാരത്തിന്റെ അട്ടഹാസങ്ങളൊന്നുമില്ലാത്ത ഒതുങ്ങിയ സമാധാനപരമായ ഒരു സ്ഥലമാണു് ക്ഷീണിച്ചവക്കു് നഷ്ടമായിപ്പോയ ആരോഗ്യത്തെ വീണ്ടെടുക്കാൻ പയ്യാപ്പമായതു്! ഈ സ്വപ്നം അധികം നീണ്ടുനില്ക്കാനിടവന്നില്ല. ക്യാപ്റ്റൻ ഞങ്ങളുടെ പിന്നിൽകൂടി പിന്നെയും വന്നു; പുഞ്ചിരിയോടുകൂടി പറഞ്ഞു: "നിങ്ങളും സിങ്കപ്പൂരെത്താൻ അത്ര താമസം വരികയില്ല. ഒരു ചെറിയ ബ്രിട്ടീഷ് പടക്കപ്പൽ (ഫ്രിഗേറു്) നിങ്ങളെ കൊണ്ടുപോകാൻ വരുന്നുണ്ടു്. ഇന്നത്തു പുറപ്പെടുകയാണെങ്കിൽ നിങ്ങളും നാളെ വൈകുന്നേരം സിങ്കപ്പൂരിലെത്തും." എനിക്കാവർത്തമാനം അത്ര സുഖമായൊ ഇല്ലയൊ എന്നറിയാൻപാടില്ല; ഞാൻ 'തെയ്പെ'യിൽ ഒരു സുഖയാത്ര പ്രതീക്ഷിച്ചിരുന്നു. അതിലെ ജോലിക്കാരുടെ സ്നേഹം അതീതമായിരുന്നു. ഒരു ബ്രിട്ടീഷ് ഫ്രിഗേറു് എന്നുകേട്ടാൽ ഞങ്ങളും ചാടി തുള്ളുന്നവരാണു്; കൂടുതൽ വേഗത്തിൽ വീടെത്താമല്ലൊ! ഈ സ

സന്തോഷം തടഞ്ഞതിന്റെ പിന്നിലെന്താണ്? എന്നെ ഞാൻതന്നെ എന്നെചോദ്യംചെയ്തു. ഔദ്യോഗികാനേഷണം, കൂട്ടുകാരുടെ ജിജ്ഞാസയോടുകൂടിയുള്ള നൂറായിരം ചോദ്യങ്ങൾ! സിങ്കപ്പൂരിൽ ഞങ്ങളെ ചോദ്യംചെയ്ത ഇന്ത്യാഗവൺമെന്റ് ഉദ്യോഗസ്ഥന്റെ വാക്കുകൾ ഞാൻ എന്നും ഓർമ്മിക്കുന്നതായിരിക്കും. "നിങ്ങൾ വളരെ കഷ്ടപ്പെട്ടബുദ്ധിമുട്ടിയഒരുകാലം കഴിച്ചുകൂട്ടി; പക്ഷെ നിങ്ങൾക്ക് ശരിയായ ബുദ്ധിമുട്ടുകൾ തുടങ്ങാൻപോകുന്നതേയുള്ളൂ." സ്നേഹസമ്പൂർണ്ണമായ കൂട്ടിമുട്ടലുകൾ, കഷ്ടപ്പെട്ടതിലുള്ള അനുശോചനങ്ങൾ, പ്ലേൻ നവങ്ങിയതിനെപ്പറ്റിയുള്ള ചോദ്യവർഷങ്ങൾ; ഇവ എണ്ണാൻവയ്യാത്തത്ര സ്നേഹിതന്മാരിൽനിന്നും സ്വജനങ്ങളിൽ നിന്നും! പ്ലേനിലെ തീയും പുകയും, തകർച്ചയും, വെള്ളത്തിൽ വീഴലും, ഇരുട്ടിലും കടലിലുമനുഭവിച്ച മറ്റു ദുരിതങ്ങളും മേൽപറഞ്ഞവയെ താരതമ്യപ്പെടുത്തിനോക്കിയാൽ ഞൊടുക്കം തരിപ്പികുന്നതു മുൻപറഞ്ഞവയാണു'.

അരമണിക്കൂറിനകം ഞങ്ങൾ ഒരു ചെറിയ കപ്പൽ കടന്നുപോകുന്നതു കണ്ടു. പ്ലേൻ നവങ്ങിയ സ്ഥലത്തു മുങ്ങിത്തപ്പുന്നതിനുള്ള ജോലിക്കാണ് അതു പോകുന്നതെന്നു ക്യാപ്റ്റൻ പറഞ്ഞു. വീണ്ടും അരമണിക്കൂർനേരം കഴിഞ്ഞപ്പോൾ തനി വെളുത്തനിറമുള്ള ഒരു ബ്രിട്ടീഷ് നാവികക്കപ്പൽ ഞങ്ങൾക്കുനേരെ വരുന്നതു കണ്ടു. അടുത്തുവരുന്തോറും അതിന്റെ വിവിധഭാഗങ്ങളും പ്രത്യേകം കാണപ്പെട്ടു. അതിന്റെ ഫണലുകൾ പുക തള്ളുന്നതേയില്ല. ഞങ്ങളുടെ പുതിയവീടാകാൻപോകുന്ന കപ്പലിനെ ഞാൻ ജിജ്ഞാസയോടെ നോക്കിനിന്നു! "ഡാമ്പിയർ" "തെയ്യെ" യുടെ അടുക്കലേക്കു വന്നു. "തെയ്യെ" ഓട്ടം നിർത്തിയിരുന്നു. "ഡാമ്പിയർ" ചുറ്റിവന്നു "തെയ്യെ"യുടെ സമീപം വന്നുനിന്നു. അതിന്റെ ഡെക്കിൽ വെറും വെള്ള അരകാൽ ട്രൌസറുകളും ഷൂസും ധരിച്ച് ദേഹത്തു യാതൊരുടുപ്പുമില്ലാതെ ആളുകൾ അണിനിരന്നു നിൽപുണ്ട്. "തെയ്യെ"യുടെ ക്യാപ്റ്റൻ പുഞ്ചിരിയോടുകൂടി ഞങ്ങളെ സ്വീകരിച്ചു. "നിങ്ങൾക്ക് ഒരു ഗംഭീരസ്വീകരണമുള്ളതായി

തോന്നുന്നു'' എന്നുപറഞ്ഞു. കൂടാതെ ''ഡാമ്പീയർ'' മെഡിക്കൽഓ ഫീസർ ''തെയ്യെ''യിൽ വന്നു ദീക്ഷിത്തിനേയും പതാക്കിനേയും മാറ്റുന്നതിനുമുമ്പ് അവരുടെ ഒടിഞ്ഞ എല്ലുകളെ പരിശോധി ക്കണമെന്നു താനാവശ്യപ്പെട്ടിട്ടുണ്ടെന്നും പറഞ്ഞു.

ഞങ്ങൾ ക്യാപ്റ്റനുമായി സംസാരിച്ചുകൊണ്ടിരിക്കേ 'ഡാമ്പിയറി'ൽനിന്നും 'തെയ്യെ'യിലേക്ക് ഒരുബോട്ട് വേഗത്തിൽ വരുന്നതുകണ്ടു. അതിൽ കുറഞ്ഞതു പത്താളുകളുണ്ട്. ബോട്ട് കപ്പലോട്ട ചേർന്നടുത്തു; രണ്ടുപേർ മാത്രം ''തെയ്യെ''യിലേക്കു ക യറിവന്നു. ഒരാൾ വളരെ പൊക്കം, ഒരു കുട്ടിയാണെന്നു തോ ന്നിപ്പോകും; നാവികപരിശീലനമുള്ള ഉറച്ചനടത്തം, മറ്റെയാൾ മുപ്പതിനപ്പുറം, ഒരു ചെറുതാടിമീശയുണ്ട്, നല്ല ആകർഷണീയ മായ മുഖം. ചെറുപ്പക്കാരനായ ഉദ്യോഗസ്ഥൻ 'തെയ്യെ' ക്യാ പ്റ്റനെ അഭിവാദ്യംചെയ്തു ഞങ്ങളെ ''ഡാമ്പീയറി''ലേക്കു കൊ ണ്ടുപോകുന്നതിനു വന്നതാണെന്നും ഡാക്ടർ പരിശോധിച്ചു വേണ്ട തു ചെയ്യുമെന്നും അറിയിച്ചു. ദീക്ഷിത്തിന്റെയും പതാക്കിന്റേയും മുറിവുകൾ ക്യാപ്റ്റന്റെ മുറിക്കകത്തുവച്ചു ഡാക്ടർ പരിശോ ധിച്ചു. ഞങ്ങളെല്ലാവരും യാത്രക്കു വിഷമമില്ലാത്ത നിലയിൽ ആ രോഗ്യമുള്ളവരാണെന്നദ്ദേഹം തീരുമാനിച്ചു. താമസിയാതെ പുറ പ്പെടണം; 'തെയ്യെ' ക്യാപ്റ്റനെയും അതിലെ ആളുകളെയും എങ്ങിനെ നന്ദിപറഞ്ഞു തൃപ്തിയടയുമെന്നു ഞാൻ ആശ്ചര്യപ്പെട്ടു! ഞങ്ങൾ മൂവരും ചെന്നദ്ദേഹത്തോടു യാത്രപറഞ്ഞു, ചെയ്ത ഉപ കാരങ്ങൾക്കു നന്ദിപറഞ്ഞു. പതാക്കു തങ്ങൾക്കുവേണ്ടി ചിലവു വന്നിട്ടുള്ള പണത്തിന്റെ ബില്ലിനാവശ്യപ്പെട്ടു, അതു സിങ്കപ്പൂ രിൽ തീർക്കാമെന്നു പറഞ്ഞു. ഇതിനു് ''അമ്പതിനായിരം പ വൻ''—''മഹാരാജ്ഞി തിരുമനസ്സിലെ കണക്കിൽ അതു നിങ്ങൾ ക്കു വെറുതെ തന്നിരിക്കയാണു'' എന്നു ക്യാപ്റ്റൻ, തന്റെ സഹ ജമായ സന്തോഷത്തോടുകൂടി പറഞ്ഞു. മഹാറാണി തിരുമനസ്സി നോടും, അവരോടും ഞങ്ങൾ ഞങ്ങൾക്കുള്ള നന്ദിയേയും കൃതജ്ഞ തയേയും വെളിപ്പെടുത്തി. ഇറങ്ങിവരുന്നസമയം പ്രധാന ഉദ്യോഗ

സ്ഥനേയും എഞ്ചിനീയരേയും കണ്ടു. വേർപിരിയുന്ന സങ്കടത്തോടുകൂടി ഞങ്ങളും അവരോടും നന്ദിപ്രകടിപ്പിച്ചു. 'സിധനാവ' ദ്വീപിലെ നിവാസികളെ പിരിഞ്ഞു അതേദിവസംതന്നെ ഇതാ രണ്ടാമത്തെ വ്യസനകരമായ വേർപാട്; ആപത്തിൽ സഹായിച്ച ആത്മമിത്രങ്ങളും; ഇനി ഒരുപക്ഷേ ഒരിക്കലും അവർ തമ്മിൽ കാണുകയില്ല!

"ഡാമ്പിയറി"ൽ കയറിയപ്പോൾ കപ്പലിലെ ക്യാപ്റ്റനും ഓഫീസറും ഞങ്ങളെ സ്വാഗതംചെയ്തു. എന്നെ ഒരു ഓഫീസരുടെ ചാർജ്ജിൽ വിട്ട, പതാക്കും ദീക്ഷിത്തും ആസ്പത്രി മുറിയിലേക്ക് ആനയിക്കപ്പെടുകയും ചെയ്തു. "തെയ്യെ" ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ അവിടെ ഇല്ലായിരുന്നു. അതിനു മടിപിടിച്ച് ഒരിടത്തും കിടക്കുന്നതിനു നേരമില്ല മറഞ്ഞുകൊണ്ടിരിക്കുന്ന അതിന്റെ പിൻവശം ദൂരെ കാണാമായിരുന്നു! അതു മറയുന്നതുവരെ ഞാനതിനെത്തന്നെ നോക്കിനിന്നു.

ഞാൻ ഡെക്കിൽ എനിക്കു കിടക്കുന്നതിനു സ്വല്പം വല്ലതും ആവശ്യമുണ്ടോ എന്നു ചോദിച്ച ഒരു ആഫിസറുമായി സംസാരിച്ചു കൊണ്ടിരിക്കയായിരുന്നു. ഒരു വിഷമദിവസത്തിന്റെ അവസാനത്തിൽ അതു നന്നായിരിക്കുമെന്നു ഞാൻ വിചാരിച്ചു ഒരു വിസ്കിസോഡാ അദ്ദേഹം എനിക്കു കൊണ്ടുവന്നു തന്നു—ഞാൻ അതു വേഗത്തിലവസാനിപ്പിച്ചു; അതു് ഒരിക്കൽക്കൂടി ആവർത്തിക്കപ്പെട്ടു! 'തെയ്യെ' ഞങ്ങളെ കൊണ്ടുവന്ന വഴിക്കാണ് 'ഡാമ്പിയർ' ഞങ്ങളെ വീണ്ടും കൊണ്ടുപോകുന്നതു്? ഞാൻ ആശ്ചര്യപ്പെട്ടു. കപ്പൽ നേരിട്ടു സിങ്കപ്പൂക്ക് ഉടനെ പോകയില്ലെന്നു് ആ ചെറുപ്പക്കാരൻ ആഫീസർ എന്നെ അറിയിച്ചു. 'ഡാമ്പിയർ' നാത്തൂണദ്വീപുകളുടെ അയൽവക്കത്തു നങ്കൂരമടിച്ചുകിടന്ന അന്നു രാത്രിയും അടുത്തദിവസവും ഞങ്ങളും ജീവനോടുകൂടി കണ്ട (രണ്ടുപേർ) മറവുള്ളവരെ അന്വേഷിക്കുമെന്നും പറഞ്ഞു. അതിനടുത്തദിവസം വൈകുന്നേരം മാത്രമേ 'ഡാമ്പിയർ' സിങ്കപ്പൂക്കു യാത്രയാകയുള്ളൂ.

സൂര്യൻ നന്നായി ചൂടുപിടിച്ചു. ആകാശത്തിലെ ചുവപ്പു മാഞ്ഞുതുടങ്ങി. ഡാക്ടർ കോർണേ എന്നെ സമീപിച്ചു് എനിക്കു കിടക്കണമൊ എന്നു ചോദിച്ചു എനിക്കുറങ്ങുകതന്നെ വേണം. ഡെക്കിൽ ഉടനെ ഒരു കിടക്ക തയ്യാറാക്കി. ഉഷ്ണമേഖലയായതുകാരണം ഉദ്യോഗസ്ഥന്മാരിൽ മിക്കവരും തിർപാളിൻ മൂകളിൽ കെട്ടിയിരുന്ന ഡെക്കിലാണു് കിടക്കുകപതിവു്! എന്നെ ഒരു സുഖക്കേടുകാരനായല്ല, ഒരുദ്യോഗസ്ഥനായാണവർ കണക്കാക്കിയതെന്നതിൽ എനിക്കു സന്തോഷമുണ്ടായി. എന്റെ രണ്ടു കാലുകളും എന്നെ വളരെ വേദനിപ്പിച്ചിരുന്നെങ്കിലും എനിക്കു തെല്ലു് അസ്വാസ്ഥ്യത്തോടുകൂടി അങ്ങുമിങ്ങും നടക്കുന്നതിനു വിഷമമുണ്ടായിരുന്നില്ല; കൂടാതെ മറെറല്ലാസൌകര്യങ്ങളും എനിക്കനുവദിക്കപ്പെട്ടിരുന്നു.

എനിക്കുവേണ്ടി തയ്യാറ്ചെയ്ത കിടക്കയിൽ ഞാൻ കിടന്നു, എനിക്കു ദേഹത്തിൽ ചെറിയ ചൂടുണ്ടെന്നു തോന്നി. ഞാൻ ഒരു കമ്പിളിയെടുത്തു മൂടി. എനിക്കുറങ്ങാൻ കഴിഞ്ഞില്ല. എങ്കിലും അനങ്ങാതെ കിടക്കയിൽ കിടക്കുന്നതു് വളരെ സൌകര്യമായി തോന്നി. ഡാക്ടർ കോർണെ അടുത്തുവന്നു രാത്രിയിലെ ആഹാരത്തിന്റെ കാര്യത്തെപ്പററി ചോദിച്ചു. ഒരുകപ്പു് സൂപ്പും ടോസ്റ്റും ബട്ടറും മതിയെന്നു ഞാൻ പറഞ്ഞു; പുറമെ ആഹാരത്തെക്കാളും കൂടുതലാവശ്യം ഉറക്കമാണെന്നദ്ദേഹത്തെ അറിയിച്ചു; കൂടാതെ വലതുകാലിലെ പെരുവിരൽ ഒടിഞ്ഞിട്ടുണ്ടെന്നു സംശയവും പറഞ്ഞു. അതിനെപ്പററി നാളെ നോക്കാമെന്നും ചൂടു സാരമില്ലെന്നും വിസ്കി അധികമായിയിരിക്കാമെന്നും അദ്ദേഹം പറഞ്ഞു. ഞാൻ വിസ്കി കുടിക്കുന്നതദ്ദേഹം കണ്ടുവെങ്കിലും അതു നന്നല്ലെന്നു് അറിഞ്ഞിട്ടും അതു തടയാൻ അദ്ദേഹം മുതിർന്നില്ല; എന്റെ ഇഷ്ടത്തിനു യോജിച്ചു് അദ്ദേഹം അതു തടഞ്ഞില്ല.

പടിഞ്ഞാറൻ ചക്രവാളം പകലിരവുകളുടെ സന്ധിയിലായി; പ്ലേൻ നവങ്ങിവീണിടത്തുനിന്നു് അരമൈലകലെയായി 'ഡാമ്പിയർ' നഗരമിട്ടുകിടക്കയാണു്. സലോർദ്വീപു് അധികം അകലെയല്ലാതെ കാണാം. വലിയ നാത്തൂണദ്വീപു് ദൂരെയാണു്.

ഇരുപത്തിനാലു മണിക്കൂർമുമ്പിൽ ഇങ്ങിനെ ഒരു സന്ധ്യമയങ്ങുന്നതും ഞങ്ങളുടെ ജീവിതാശകടം മങ്ങുന്നതും ഞങ്ങളാരും കണ്ടതാണോ! അപ്പോഴാം പടിഞ്ഞാറൻ ചക്രവാളത്തിൽ പതറിവീണതിൽ ശേഷിച്ച എണ്ണ കത്തിജ്ജ്വലിക്കുകയായിരുന്നു! വിളിച്ചാൽ കേൾക്കാമെന്നടുത്തിൽ ഞങ്ങളാം മൂവരും വെള്ളത്തിൽ കിടക്കുന്നു! ദൂരെയകലെ രണ്ടുപേർകൂടി നിസ്സഹായരായി പൊങ്ങിക്കിടപ്പുണ്ട്! അടുത്ത രാവിലെവരെ ജീവിച്ചിരിക്കുമെന്നാരും കരുതിയില്ല; ആശിച്ചുപോലുമില്ല. ആ സന്നിശാവസ്ഥയിൽനിന്നു ഞങ്ങളാംമൂവർ കരകേറി, ഇതാ സുഖസൌകര്യങ്ങളോടുകൂടി കിടക്കുന്നു! മറവു രണ്ടുപേക്കെന്തു പറ്റിയെന്നറിയാൻവയ്യ; ഉദ്ദേശിക്കാൻവയ്യ; ഒരുപക്ഷെ, വല്ല ദ്വീപിലും മഴയും കാറ്റും സഹിച്ച് അവർ കഴിച്ചുകൂട്ടുകയായിരിക്കാം. അവർ ജീവിച്ചിരിക്കണമെന്നു ഞാൻ പ്രാർത്ഥിച്ചു! അങ്ങിനെ ഞങ്ങളഞ്ചുപേരൊഴികെ, മറ്റാരും വെള്ളത്തിൽവീണു മുങ്ങിയശേഷം സൂര്യനെ കണ്ടില്ല.

അങ്ങിനെയങ്ങിനെ പലപല ചിന്തയിൽ നിമഗ്നനായി ഞാൻ ഉറങ്ങിപ്പോയി. ആരൊ എന്നെ ഉണർത്തുന്നതായറിഞ്ഞു; കണ്ണു തുറന്നു നോക്കിയപ്പോഴാം കിടക്കക്കട്ടുത്തു് ഒരാം ഇരിക്കുന്നു. മിക്കവാറും നല്ല ഇരുട്ടായതിനാൽ ആരെന്നറിയാൻ കഴിഞ്ഞില്ല. എന്റെ മുഖത്തുണ്ടായിരുന്ന അസുഖം ആ മനുഷ്യൻ കണ്ടിരിക്കാനിടയില്ല. ഞാനേതും പറയുന്നതിനുമുമ്പായി "അദ്ദേഹം ഞാൻ നിനക്കു് ഒരു ഇൻജക്ഷൻ നടത്തട്ടെ, അതു നിന്നെയുറക്കും." എന്നു പറഞ്ഞു. ഞാൻ ഉടനെ സമ്മതിച്ചു. അദ്ദേഹം ഡാക്ടർ കോർണേയുടെ അസിസ്റ്റൻറാണു്. എനിക്കു ഇൻജക്ഷൻ തന്നുടനെ അദ്ദേഹം എന്നെ വിട്ടുപിരിഞ്ഞു.

സൂപ്പും ടോസ്റ്റും കൊണ്ടുവന്നു. അതനുഭവിച്ചുകഴിഞ്ഞ ഉടനെ ഡാക്ടർ കോർണ്ണേയുടെ അസിസ്റ്റൻറ് വീണ്ടും വന്നു. "വീട്ടിലേക്കു നിങ്ങളാക്കു വല്ല വിവരവുമറിയിക്കണമൊ" എന്നു ചോദിച്ചു. കപ്പലിൽനിന്നും വിവരങ്ങളറിയിക്കാൻ സാധിക്കുമെങ്കിലും അതു അതിപ്രധാനന്മാരായ വ്യക്തികളാക്കു മാത്രമനുവദിക്കു

പ്പെട്ടന്ന ഒരു പ്രത്യേക സൌകര്യമാണ്. ഞാനതിശയപ്പെട്ടു; അതെങ്ങിനെ വിശ്വസിക്കും! അയാൾക്കു തെറ്റു പറ്റിയതായിരിക്കണം! അയാൾ പറഞ്ഞതു ശരിയാണൊ എന്നു ഞാൻ വീണ്ടും വീണ്ടും ചോദിച്ചു. ആയാൾ പറഞ്ഞതു തീർത്തും നടക്കാവുന്നകാര്യമാണെന്നുറപ്പു തന്നശേഷം ഞാൻ എന്റെ അമ്മക്കു് അയക്കാൻ ഒരു സന്ദേശം എഴുതിക്കൊടുത്തു. അവർ വിഷമിച്ചിരിക്കയായിക്കണം! എന്റെ ഒരു സന്ദേശം അവക്കു് വളരെ സന്തോഷപ്രദമായിരിക്കും! എന്നെ കല്യാണം കഴിക്കാനുദ്ദേശിച്ചിരിക്കുന്ന സ്ത്രീക്കും ഒരു സന്ദേശം കൊടുത്താൽ നന്നായിരിക്കുമെന്നു് എനിക്കു തോന്നി! ഞാൻ ചോദിക്കാൻ ധൈര്യപ്പെട്ടു. "എനിക്കു് ഒരു സന്ദേശംകൂടി അയക്കാമോ?" "തീർച്ചയായും!" എന്നായിരുന്നു മറുപടി. ഞാൻ രണ്ടു സന്ദേശങ്ങളും വിലാസങ്ങളോടുകൂടി എഴുതിക്കൊടുത്തു. എന്റെ നെഞ്ചിൽക്കിടന്നിരുന്ന വലിയ ഒരു ഭാരം ഒഴിഞ്ഞതായി തോന്നി! എന്തൊ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു; എന്തെന്നു പിടികിട്ടുന്നില്ല; ഈ സന്ദേശങ്ങളും എഴുതി കഴിഞ്ഞശേഷം എനിക്കു സമാധാനമായി. സന്ദേശം ഇപ്രകാരമായിരുന്നു: "വളരെ നല്ല സുഖത്തിലാണ്, അടുത്തുതന്നെ എഴുതാം" എനിക്കുപറയത്തക്ക കേടുകളൊന്നുംതന്നെ പറ്റിയിരുന്നില്ലെങ്കിലും, ഒരു വിമാനം നുറുങ്ങിവീണ് രക്ഷപ്രാപിച്ചവനു് ഒരു കേടും പറ്റിയിട്ടില്ലെന്നു് എന്തെഴുതിയാലും വിശ്വസിക്കാൻ പ്രയാസമാണ്. എന്റെ സ്വന്തക്കാർക്കെല്ലാം എന്റെ സ്വഭാവമറിയാമായിരുന്നു. എനിക്കു് എത്രവലിയ കേടു പറ്റിയാലും അതു കാര്യമായി കണക്കാക്കി പറയാറില്ലാത്തവനാണ് ഞാൻ; അതുകൊണ്ടു പരമാർത്ഥംതന്നെയാണെങ്കിലും, അതപ്പടി അവർ വിശ്വസിക്കാൻപോകുന്നില്ല!

അങ്ങിനെ ഞാൻ മനഃതൃപ്തിയോടുകൂടി രാത്രി ഏറെക്കുറെ ഉറങ്ങി.

വിന്ധ്യാപ്രദേശത്തിന്റെ തലസ്ഥാനമായ റീവ ഒരു ചെറുപട്ടണമാണ്. എന്നെ കല്യാണം കഴിക്കാനുള്ള സ്ത്രീ, കമൽ,

ഈ പട്ടണത്തിൽ അവരുടെ അച്ഛന്റെ ചെറിയ ബംഗ്ലാവിൽ താമസിക്കയാണ്. വീട്ടിൽ റേഡിയോ ഇല്ല. കൽക്കത്തായിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'അമൃതബസാർപത്രിക'യാണ് അവിടത്തെ പ്രധാനവർത്തമാനപത്രം. അതുകൊണ്ട് 24മണിക്കൂറുകഴിഞ്ഞശേഷംമാത്രമാണ് അവിടെ വാർത്തകൾ ലഭിക്കുന്നത്. അങ്ങിനെ കമലത്തിനു് റേഡിയോവുമില്ല, വർത്തമാനം കിട്ടുന്നതിനു മറ്റു മാർഗ്ഗവുമില്ലാത്ത നിലക്ക് ആദ്യമായി എന്റെ സഹോദരന്റെ കമ്പി— "അനന്തിനു് ആപത്തൊന്നുമില്ല, വിഷമിക്കണ്ട—" കണ്ടപ്പോൾ അവൾ കുഴങ്ങിവശായി. അവൾക്കതെന്തെന്നു മനസ്സിലായില്ല. അവൾക്കു മുഴുവൻവിവരങ്ങളും ഉടനെ അറിയിക്കണം. ഒരു "എക്സ്പ്രസ്" എഴുത്തെനിക്കെഴുതിഅയച്ചു.

അടുത്തദിവസത്തെ "അമൃതബസാർ പത്രിക" ഹോങ്കോങ്ങിൽനിന്നും ജക്കാർത്തക്ക് പറന്ന ഇൻഡ്യൻ ഏയർലൈനറുടെ നാശത്തെ പറ്റിയുള്ള മുഴുവൻകഥ പ്രസിദ്ധപ്പെടുത്തി. അപ്പോഴാണ് ആദ്യംകിട്ടിയ കമ്പിയുടെ സൂചകങ്ങളും സാരവും അവൾക്കു മനസ്സിലായതു്. അന്നുതന്നെ താമസിച്ചു്, ഞാൻ "ഡാമ്പിയർ" കപ്പലിൽനിന്നുമയച്ച കമ്പി കിട്ടി—"എനിക്കു സുഖം, വിവരങ്ങൾക്ക് ഉടനെ എഴുതാം."

ഈ അവസാന സന്ദേശം അവൾക്കുണ്ടായേക്കാവുന്ന മനോവേദനകളിനിന്നും അവളെ രക്ഷിച്ചു.

പ്ലേൻ നശിച്ചിവീണു; ഞാൻ ജീവനോടെയുണ്ട്. പക്ഷെ പരുക്കുകളെപ്പറ്റി എന്തുപറയുന്നു! ഒരുപ്ലേൻ നശിച്ചിവീണു കേട്ടകാലം ഒന്നും പറയാതെ രക്ഷപ്രാപിക്കുകസാദ്ധ്യമല്ലെന്നു് അവൾക്കു തോന്നി. അപ്പോൾത്തുടങ്ങി മനസ്സിനുവിഷമം! വേഗം പോസ്റ്റാഫീസിലേക്ക് എനിക്കയക്കുന്നതിനു ഒരു കമ്പിസന്ദേശം എഴുതിക്കൊടുത്തു "ദൈവാധീനത്താൽ രക്ഷപ്രാപിച്ചതിൽ അഭിനന്ദിക്കുന്നു! ദേഹസുഖത്തെപ്പറ്റി കമ്പിയടിക്കണം—"

വാർത്താശകലങ്ങൾ.

സിങ്കപ്പൂർ, ഏപ്രിൽ 12, 1955.

ഏയർഇന്ത്യാ കാൺസ്റ്റല്ലേഷൻ 'കാഷ്മീർരാജകുമാരി'യിൽ നിന്നും മൂന്നുപേർ ജീവരക്ഷാപ്രാപിച്ചിട്ടുള്ളതായറിവുണ്ട്; അവർ അതിലെ ജോലിക്കാരാണ്; എന്നു ബ്രിട്ടീഷ് റായൽ ഏയർ ഫോർസ് പറകയുണ്ടായി. അവരെ ബ്രിട്ടീഷ് നാവികയുദ്ധക്കപ്പൽ 'ഡാമ്പിയറി'ൽ കയറി.....സിങ്കപ്പൂക്ക് 250 മൈൽ വടക്കുകിഴക്കായി അപായമുണ്ടായ സ്ഥലത്തേക്കു കപ്പൽ അതിവേഗത്തിൽ ചെന്നു.....

യു. പി. എ. യും 'ടൈംസ് ഓഫ് ഇന്ത്യ
ന്യൂസ് സർവ്വീസും.

ലണ്ടൻ, ഏപ്രിൽ 12, 1955.

ചൈനാ, ഇന്നു യുണൈറ്റഡ്സ്റ്റേറ്റ്സ്, കോമിൻറാങ്ങ് ചൈന എന്നിവരെ ചീന പ്രധാനമന്ത്രി ചൌഎൻലായിയേയും ബാൻഡുങ്ങിൽ ആഫ്രോഏഷ്യൻ സമ്മേളനത്തിലേക്കുള്ള മറ്റു കമ്മ്യൂണിസ്റ്റ് ചീനപ്രതിനിധികളേയും കൊലചെയ്യുന്നതിനുള്ള ഉദ്ദേശത്തോടുകൂടി മന:പൂർവ്വം ചെയ്ത വിമാനനശീകരപ്രവർത്തനത്തിലുത്തരവാദികളാക്കി കുറ്റം ആരോപിച്ചിരിക്കുന്നു.

പീക്കിങ്ങ് റേഡിയോവാർത്താവിതരണം ചെയ്തത് "പ്ലേൻ ഹാങ്ങ്കോങ്ങിൽനിന്നു പുറപ്പെടുന്നതിനുമുമ്പായി യുണൈറ്റഡ് സ്റ്റേറ്റ്സിൻറെരഹസ്യ സംഘങ്ങളും ചിയാങ്ങ്കൈഷക്കിൻറെ കവർച്ചക്കാരും ഒത്തൊരുമിച്ചു ചീനപ്രതിനിധിസംഘം യാത്രചെയ്യാനുദ്ദേശിച്ച പ്ലേൻ നശിപ്പിക്കുന്നതിനു പരിശ്രമിക്കുന്നുണ്ടെന്നും അതിൻറെ ഉദ്ദേശം ചീനപ്രതിനിധിസംഘത്തെ കൊന്നു നശിപ്പിക്കുന്നതിനും ആഫ്രോ ഏഷ്യൻസമ്മേളനം തകർക്കുന്നതിനും ആയിരുന്നെന്നും ചീന റീപ്പബ്ളിക്കൻ ഗവൺമേണ്ടിനറിവു കിട്ടിയിരുന്നു" എന്നായിരുന്നു.

റേഡിയോ ഇപ്രകാരം തുടർന്നു: "ഏപ്രിൽ 10–ാംനു- കാലത്തു് 9–30നു് ചിനാ വിദേശമന്ത്രി കായ്ലായം പീക്കിങ്ങിലുള്ള ബ്രിട്ടീഷ് പ്രതിനിധിമന്ദിരത്തെ ഈ വിവരം ധരിപ്പിച്ചു. ഹാങ്ങ്കോങ്ങിലുള്ള അധികാരികളോടു ചീന പ്രതിനിധി സംഘത്തിന്റെയും പത്രപ്രവർത്തകരുടേയും രക്ഷക്കു വേണ്ട ബന്ത വസ്തു് ചെയ്യണമെന്നും ആവശ്യപ്പെട്ടു.

ബ്രിട്ടീഷ് ചാജ്ജ്ഡിഅഫേയർസ് ഓഫീസ് വിവരം ഹാങ്ങ്കാങ്ങ് ബ്രിട്ടീഷ് അധികാരികളെ അറിയിക്കാമെന്നു് വാശാനംചെയ്തു"

യു. പി. ഏ; ടൈംസ്ഓഫ് ഇന്ത്യ ന്യൂസ്സവ്വീസ്,

ഹാങ്ങ്കോങ്ങ്, ഏപ്രിൽ 13, 1955.

പീക്കിങ്ങിലുള്ള ബ്രിട്ടീഷ്പ്രതിനിധികായ്ലായം ഇവിടത്തെ അധികാരികളെ ഒരു ഗൂഢാലോചനയെപ്പറ്റിയുള്ള ചീന ഗവമ്മേണ്ടിന്റെ സംശയങ്ങളെ അറിയിച്ചിരുന്നെന്നും ആ ഗൂഢാലോചന എയർഇൻറർനാഷനൽ പ്ലേനിനെ നശിപ്പിക്കാനായിരുന്നെന്നും; ആ അപായമുന്നറിവു സംബന്ധിച്ചു് അസാധാരണ സംരക്ഷണനടപടികളും എടുത്തു എന്നും ഒരു ഹാങ്ങ്കാങ്ങ് ഗവമ്മേണ്ടു്വക്താവു പറഞ്ഞു. റായിറർ.

ഹാങ്ങ്കോങ്ങ് ഏപ്രിൽ 13, 1955.

ഇന്ത്യായിൽനിന്നും വന്നുചേർന്ന സമയംമുതൽ ബാൻറിങ്ങിലേക്കു പുറപ്പെട്ടന്ന നിമിഷംവരെ വിമാനം നിഷ്ക്കർഷമായ പോലീസ് മേൽനോട്ടത്തിലായിരുന്നെന്നു് ഒരു ഹോങ്ങ്കോങ്ങ് ഗവമ്മേണ്ടു്സ്റ്റേററുമെൻറ് അറിയിച്ചു.

വിമാനത്തിൽ എന്തെങ്കിലും കൊണ്ടുവെച്ചിരിക്കാമെന്നുള്ളതു് ഉണ്ടാവാനിടയില്ലാത്തതാണെന്നും അറിയിച്ചു.....

യു. പി. ഐ.—എ. എഫ്. പി.

ഡെക്കിന്മേൽ മൂന്നു ശവപ്പെട്ടികൾ.

ഞാനുണർന്നപ്പോൾ ആകാശത്തിലുണ്ടായിരുന്ന നക്ഷത്രങ്ങളും എല്ലാം മറഞ്ഞു കഴിഞ്ഞിരുന്നു; നാലുപാടും വെള്ളം തിളങ്ങിക്കിടക്കുന്നുണ്ട്. ആകാശനീരാവിലെയെങ്കിലും, സൂര്യനുയർന്നു കഴിഞ്ഞു അലമുകളിലും സൂര്യരശ്മികളടിച്ച് തിളങ്ങിക്കൊണ്ടിരുന്നു. മന്ദമാരുതൻ ഉഷ്ണത്തിന്റെ കാഠിന്യം കുറച്ചു. ചുറ്റുപാടുമുള്ള ദ്വീപുകളിൽ പച്ചപിടിച്ചുകിടക്കുന്ന വൃക്ഷങ്ങൾക്കും ചെടികൾക്കും മറ്റും ഒരു പ്രത്യേക പ്രശോഭനസൌന്ദര്യം തോന്നി. എല്ലാം ഉണർച്ചയായിരുന്നെങ്കിലും എന്റെ ഹൃദയത്തിൽ കഠിനമായ വേദനയാണ് തോന്നിയിരുന്നതു്. ഞാൻ സുഖമായുറങ്ങിയിരുന്നപ്പോൾ കടലിൽ പൊങ്ങിക്കിടന്നിരുന്നതായി കണ്ട ഇരുവരും ഏകാന്തമായ അന്ധകാരത്തിൽ വെള്ളത്തിൽ പൊങ്ങിക്കിടന്നു' ഒരു കാളരാത്രി കഴിച്ചുകൂട്ടിയിരിക്കണം.

ഡെക്കിൽ പ്രത്യക്ഷപ്പെട്ട ശ്രമങ്ങളും ചുറ്റുപാടുമുള്ള സ്ഥിതയെ അലട്ടുന്നമാതിരി തോന്നി. ഒരു ലൈഫ്ബോട്ട് കടലിലേക്കു് ഇറക്കിവിടുകയായിരുന്നു! ഞാൻ റേയിലിങ്ങ്സിന്റെ അടുത്തേക്കു ഞൊണ്ടിക്കൊണ്ടു ചെന്നു. രണ്ടു ബോട്ടുകളും വിട്ടുകഴിഞ്ഞു; വലിയ നാത്തൂണദ്വീപിലേക്കാണവ പോകുന്നതു്! മറ്റു രണ്ടെണ്ണം എഞ്ചിൻ ചീറിക്കൊണ്ടു സലോർദ്വീപിന്റെ നേക്കു് പായുന്നു! അവസാനത്തെ രണ്ടെണ്ണം യാത്രക്കുമുമ്പു് പരിശോധിക്കുകയാണു്. അവയെല്ലാം ഒരുദിവസത്തെ അന്വേഷണത്തിന്റെ തുടക്കമായിരുന്നു. മൂന്നു ബോട്ടുകളുടേയും പിന്നിൽ ഓരോ തുഴയുന്ന ചെറുവഞ്ചി ഘടിപ്പിച്ചിട്ടുണ്ടു്; അവ കരയോടടുത്തു് അന്വേഷിക്കുന്നതിനാണു്. കഴിഞ്ഞരാത്രി ഞാനൊന്നിച്ചു് വിസ്കികുടിച്ച ചെറുപ്പക്കാരനായ ഓഫീസർ അവസാനത്തെബോട്ടിനായിക്കേണ്ട ആളായിരുന്നു! അയാൾ പുഞ്ചിരിയോടുകൂടി എന്റെയടുക്കൽ വന്നു "നിങ്ങൾ നന്നായുറങ്ങിയോ?" എന്നു ചോദിച്ചു.

"നന്നായുറങ്ങി, വന്ദനം" എന്നു മറുപടി പറഞ്ഞു. "ഞങ്ങൾ രക്ഷപ്രാപിച്ചിട്ടുണ്ടോയെന്നറിയാവുന്നവരെ അന്വേഷിക്കാൻ പുറപ്പെട്ടതാണു്" എന്നു് അദ്ദേഹം എന്നെ അറിയിച്ചു. പ്ലേൻ നശിച്ചുവീണസ്ഥലം കൃത്യമായി എനിക്കറിയാമായിരുന്നതിനാൽ അവരെനേർവഴിക്കു കൊണ്ടുപോകാൻ എനിക്കു കഴിയുമെന്നുദ്ദേശിച്ചു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. "അവർ ഒലിച്ചുപോയേക്കാവുന്ന സ്ഥലം എനിക്കറിയാമെന്നുള്ളതുകൊണ്ടു നിങ്ങളുടെകൂടെ ഞാനും വരട്ടെ?" അദ്ദേഹം ഒന്നു ചിരിച്ചു. "ഞങ്ങൾ ഒരുദിവസം മുഴുവനും അതിനു വിനിയോഗിക്കാൻ പോകയാണു്. നിങ്ങൾ ഇവിടെ ഇരിക്കുന്നതാണു് നല്ലതു്. നിങ്ങൾക്കുണ്ടാവിക്കാവുന്നതിൽ കൂടുതൽ നിങ്ങളനുഭവിച്ചുകഴിഞ്ഞു" നിർബ്ബന്ധിക്കുന്നതുകൊണ്ടു പ്രയോജനമുണ്ടാകയില്ലെന്നുകണ്ടു് ഞാൻ സ്ഥലങ്ങളും മറ്റു വിവരങ്ങളും കാണിച്ചുകൊടുത്തു് അദ്ദേഹത്തിനു ശുഭാശംസിച്ചു! അദ്ദേഹം ബോട്ടിലേക്കു ചാടി.

ഞാൻ നീങ്ങിക്കൊണ്ടിരുന്ന ബോട്ടുകളെ നോക്കിനില്ക്കുയായിരുന്നു; ഡാക്ടർ കാണ്ണ്മെ അടുത്തുവന്നു നിന്നു. ഒരു സന്തോഷംനിറഞ്ഞതായ ചിരിയോടുകൂടി അദ്ദേഹം ഞാൻ നല്ലപോലെ ഉറങ്ങിയൊ എന്നന്വേഷിച്ചു നല്ലപോലെ ഉറങ്ങിയെന്നു ഞാൻ മറുപടിയും പറഞ്ഞു. "കുളിക്കാറായൊ" എന്നു ചോദിച്ചു, എന്നെയുംകൊണ്ടു കുളിമുറിയിലേക്കു് അദ്ദേഹം നടന്നു. അവിടെ റേസർ, ക്രീം, സോപ്പു് മുതലായവ തയ്യാറാക്കിയിട്ടുണ്ടു്. നല്ല വലിയ ഒരു ടബ്ബും കുളിക്കുന്നതിനു്! അതിൽ കുളിക്കുന്നതു് എത്ര സുഖമായിരിക്കും! പക്ഷെ എന്റെ മുറിവുകളും കെട്ടുകളും അതിനനുവദിക്കുകയില്ല. ചിലർ പക്ഷെ ചോദിച്ചേക്കാം. "നിനക്കു ഇനിയും കുളി മതിയായില്ലെ; തൃപ്തിയായില്ലെ?" എന്നു്. കുളിക്കാനുള്ള എന്റെ മോഹം മനസ്സിലാക്കി ഡാക്ടർ കോണ്ണ്മെ എന്നെ അതിനനുവദിച്ചു. "നിന്റെ ബാണ്ടേജുകളെപ്പറ്റി വിഷമിക്കണ്ട; പുതിയതുതരാം; പക്ഷെ തല തുന്നിയിരിക്കുന്നിടം നനക്കാതെ സൂക്ഷിക്കണമെന്നുമാത്രം!"

ഞാൻ സുഖമായൊന്നു കുളിച്ചു; "തെയ്യ്യെ"യിൽനിന്നു കിട്ടിയ ഉടുപ്പുകളും തൊപ്പിയുമിട്ടു. "ഡിസ്പൻസറിയിലേക്കു് ഞാനെങ്ങിനെ വഴിയറിയും?" എന്നു വിചാരിച്ചുകൊണ്ടു വാതിൽ തുറന്നു. ഡാക്ടർ ഗോവിന്ദ അവിടെ നിൽപുണ്ടു്; അദ്ദേഹം കുറെയധികംനേരമായവിടെ കാത്തുനിൽക്കുന്നുണ്ടായിരിക്കണം! എന്റെ മുറിവുകളോടുകൂടി ഞാൻ അങ്ങുമിങ്ങും നടക്കുന്നതിനു് അദ്ദേഹത്തിനിഷ്ടമില്ല; എന്നെ ആസ്പത്രിമുറിയിലേക്കു കൊണ്ടുപോയി. അവിടെ ദീക്ഷിത്തും പതാക്കും രണ്ടു കിടക്കകളിൽ കിടപ്പുണ്ടു്. അവർ സന്തോഷത്തോടുകൂടിത്തന്നെയിരിക്കുന്നു. എനിക്കും അവിടെയെത്തിയതിൽ വളരെ സന്തോഷംതോന്നി. പതാക്കിന്റെ കൈ, പ്ലാസ്റ്റർചെയ്തു് സ്ലിങ്ങിലിട്ടിരിക്കയാണു്; ദീക്ഷിത്തിന്റെ വലത്തെ കൈയും! ദീക്ഷിത്തു് സിഗററു് വലിച്ചുവിടുകയാണു്! ഞങ്ങളം തമ്മിൽ കുശലങ്ങളം പറഞ്ഞു. മുറിവുകളം കെട്ടുന്നതിനായി ഞാനവിടെ ഒരു പെട്ടിയിന്മേലിരുന്നു. ഡാക്ടർ ഞങ്ങളം മൂവർക്കും പ്രാതൽക്ഷണത്തിനുത്തരവു കൊടുത്തു മുറിവുകളം കെട്ടിയശേഷം ഞാൻ ദീക്ഷിത്തിനടുത്തുള്ള ഒരു സ്റ്റൂളിന്മേലിരുന്നു. ഡാക്ടർ എന്നോടു ഭക്ഷണത്തിനുശേഷം ഇങ്ങോട്ടു വരാമെന്നുപറഞ്ഞു. ക്ഷണമുറിയിലേക്കു വിളിച്ചുകൊണ്ടുപോയി. ഞാൻ അവിടെയിരുന്നാഹാരം കഴിക്കുമ്പോൾ ഡാക്ടർ എന്നെ വിട്ടുപോയെങ്കിലും അതു കഴിഞ്ഞുടനെ തിരികെ വന്നു.

എനിക്കാവശ്യമുള്ള സമയത്തെല്ലാം ഡാക്ടർ അവിടെയുണ്ടു്. ഉറക്കമെഴുന്നേറ്റാൽ അടുത്തുണ്ടു്; ആഹാരങ്ങളം കഴിഞ്ഞാലുടൻ അവിടെ എത്തി; കുളിക്കാൻ കൊണ്ടുപോകാൻ വരുന്നു; കഴിഞ്ഞുടനെ വരുന്നു; ഇങ്ങിനെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എല്ലായ്പോഴും! ഞാൻ അതിശയിച്ചു. ഒരമ്മയുടെ ശുശ്രൂഷയും ശ്രദ്ധയും ഞങ്ങൾക്കു് അദ്ദേഹത്തിൽനിന്നു ലഭിച്ചു! സ്നേഹം തന്നെ, ശ്രദ്ധതന്നെ, വേണ്ടസമയത്തു ശാസനയും!

ഞങ്ങളം ആസ്പത്രിമുറിയിലേക്കു കടന്നു. മുമ്പിൽ നടന്നി

രുന്ന എന്റെ ഞൊണ്ടൽ അദ്ദേഹം കണ്ടു. എനിക്ക് ഒരു വടി സഹായമായിരിക്കുമെന്നദ്ദേഹം സൂചിപ്പിച്ചു.

ഞാനൊരു വടി ഉപയോഗിക്കുകയോ— ഇല്ല, നിവൃത്തിയുള്ളകാലംവരെ, ഇല്ല ഡഗ്ലാസ് ബേഡർ എന്ന വൈമാനികൻ രണ്ടുകാലും മുറിച്ചുകളയേണ്ടിവന്നിട്ടും ഒരു വടി ഉപയോഗിച്ചില്ല. ഒരു ചെറിയ കേടുപാടുള്ള ഞാൻ അതുപയോഗിക്കയോ—ഇല്ലതന്നെ. ഞാൻ ഡാക്ടരോട് എനിക്കു വടി ആവശ്യമില്ലെന്നും നടക്കുന്നിടത്തു വേണ്ട താങ്ങുകളുണ്ടെന്നും അതു ബുദ്ധിമുട്ടില്ലെന്നും അറിയിച്ചു. അദ്ദേഹത്തിന്റെ മുഖത്തുനോക്കി; അതത്ര തൃപ്തികരമായിരുന്നില്ലെന്നു മനസ്സിലായി.

ഞാൻ ആസ്പത്രിമുറിയിൽ രണ്ടു മണിക്കൂർനേരം ദീക്ഷിത്തിനോടും പതാക്കിനോടും സംസാരിച്ചുകൊണ്ടിരുന്നശേഷം വാർഡ് മുറിയിലേക്കു തിരികെ വന്നു. ഓഫീസർമാർ പലയിടത്തുമിരുന്നു സംസാരിച്ചും മാസികകൾ വായിച്ചും കിടക്കയാണ്. അവർ എന്നെ സന്തോഷത്തോടെ സ്വീകരിച്ചു. എനിക്ക് അവർ ബീയർ സല്ക്കരിച്ചു എന്റെ സന്തോഷത്തിനും ചുറുചുറുപ്പിനും പകുതി കാരണം ആ ബീയറായിരുന്നു! ഞങ്ങളുടെ വേദനകൾക്ക് ഒരു സംഹാരിയായിരുന്നു വിസ്കിയും ബീറും! മറ്റു പകുതി "ഡാമ്പിയർ" ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റമായിരുന്നു! എന്തുതന്നെ ചെയ്തുകൊണ്ടിരുന്നാലും എല്ലായ്പ്പോഴും അവർക്കു ഞങ്ങളോട് വളരെ അനുകമ്പയായിരുന്നു; അവരുടെ സ്നേഹപൂർണ്ണമായ പുഞ്ചിരി!

ഞാൻ കപ്പലിലെ ഡൈവിങ്ങ് (മുങ്ങിത്തപ്പൽ) ഓഫീസർ ലഫ്ടിനന്റ് ഹ്യൂഗസ്സിന്റെ അടുത്തിരുന്നു ബീർ കുടിക്കുന്നതിനിടക്ക് സംഭാഷണത്തിലേപ്പെട്ടു. അദ്ദേഹത്തിന്റെ മുങ്ങിത്തപ്പലുദ്യോഗം അറിഞ്ഞിരുന്ന ഞാൻ ചോദിച്ചു: "നിങ്ങൾക്ക് ആ പ്ലേനിലേയ്ക്കിറങ്ങാമായിരുന്നില്ലൊ; എന്നാൽ എത്രപേർ അ

തിനകത്തുനിന്നും രക്ഷപ്പെട്ടുന്നറിയാമല്ലൊ.'' കപ്പൽ, ജീവിച്ചിരിപ്പുള്ളമറ്റുപേരെ അന്വേഷിച്ചുതീരുന്നതുവരെ അവിടെകിടക്കണം; അതിനിടക്കു മറ്റുള്ളവരുടെ ഗതി അറിയാറാവും! എന്റെ ചോദ്യത്തിനദ്ദേഹം ചിരിച്ചുകൊണ്ടുത്തരം പറഞ്ഞു: ''ഞങ്ങളും അതേപ്പറ്റിയാ നേരത്തെതന്നെ ആലോചിച്ചു. പക്ഷെ മുങ്ങിത്തപ്പുലിനു് അനുവാദം ഇന്തോനേഷ്യൻ ഗവൺമേണ്ടു് നൽകിയില്ല അവ ഇന്തോനേഷ്യൻ സമുദ്രങ്ങളായതിനാൽ ആ ഗവൺമേണ്ടിന്റെ അനുവാദം അത്യാവശ്യമാണ്. പക്ഷെ, വീണ്ടും അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഒരുപക്ഷെ ഇത്തവണ അവർ തടസ്ഥം ചെയ്കയില്ലെന്നു വിശ്വസിക്കുന്നു എന്നും പറകയുംചെയ്തു.

പ്ലേനിനെപ്പറ്റിയുള്ള സംഭാഷണം വിട്ടു കടൽക്കഥകളും, നാവികർ, കപ്പലുകളും, മുതലായവയിലേക്കു ഞങ്ങളുടെ വർത്തമാനം തിരിഞ്ഞു.

ആരൊ പെട്ടന്നു് ആ മുറിയിലേക്കു കടന്നുവന്നു, സമ്മതമനുവദിച്ചിട്ടുണ്ടെന്നു ലഫ്ടിനൻറ് ഹ്യൂസിനോടറിയിച്ചു, മറയുകയുംചെയ്തു. ഹ്യൂഗസ്സും ഞൊടിയിടയിൽ മറഞ്ഞു. ഒന്നൊന്നായി എല്ലാവരും വാർഡുറൂം വിട്ടു. അവർ മുങ്ങിത്തപ്പാൻ തയ്യാറെടുക്കയാണെന്നു ഞാൻ മനസ്സിലാക്കി മണി പതിനൊന്നായി. പകുതിദിവസം കഴിഞ്ഞു. അന്വേഷണപാർട്ടികൾ സന്ധ്യക്കു തിരികെയെത്തിയാൽ താമസിയാതെ സിങ്കപ്പൂർ പുറപ്പെടേണ്ടിവരുമെന്നു മനസ്സിലായി. മുങ്ങിത്തപ്പൽ തുടങ്ങുമ്പോൾ മണി രണ്ടാവും; ശേഷിച്ചസമയം മൂന്നരനാലു മണിക്കൂർ മാത്രം! ലഫ്ടിനൻറ് ഹ്യൂഗസ് മടങ്ങിവരുമെന്നു ഞാനാശിച്ചു; പോകുന്നതിനുമുമ്പു് അദ്ദേഹവുമായി ഒരുവാക്കു പറയാൻ സൌകര്യപ്പെടണമെന്നുഞാൻ വിചാരിച്ചു. എനിക്കവരെ അവരുടെ പരിശ്രമത്തിൽ കഴിയുന്നത്ര സഹായിക്കണമെന്നാശയുണ്ടായിരുന്നു. ഹ്യൂഗസിനു 'കാൺസ്റ്റുല്ലേഷ'ന്റെ നീർമ്മാണത്തെപ്പറ്റി അറിവുണ്ടായിരുന്നില്ല. അതിലെ ചില സംഗതികളറിഞ്ഞിരുന്നാൽ അതു ഹ്യൂഗസിനെ സഹായിക്കും; വെള്ളത്തിനടിയിൽ കുറച്ചുസമയമല്ലെ കിടക്കാൻ

കഴികയുള്ള. വാതിലുകളെവിടെയെന്നറിയുന്നതിനും അവ തുറക്കുന്നതിനും മറവും വളരെ ബുദ്ധിമുട്ടുള്ള പണിയാണ്; നേരത്തെ അറിവുകൊടുത്താൽ എളുപ്പമാണല്ലൊ!

അരമണിക്കൂർ കാത്തശേഷം അക്ഷമനായി ഞാൻ ഡെക്കിലേക്കു ഞൊണ്ടിച്ചെന്നു. കമാണ്ടർ റോവ് ഒറക്കവിടെ നില്ക്കുന്നതു കണ്ടു സന്തോഷിച്ചു. ഒരു നല്ല തടിച്ചുകുറിയ മനുഷ്യൻ, ഒരു ചെറിയ പുഞ്ചിരിയുണ്ട്; ഒരു നാവികസേനാനിയുടെ മാതൃകതന്നെ; "പ്ലെയേഴ്സ്" സിഗററുകൊണ്ട് അദ്ദേഹത്തിന്റെ പടം വളരെ യോജിച്ചതായിരിക്കും സമാധാനത്തോടുകൂടി അദ്ദേഹം മുമ്പിൽ കിടക്കുന്ന പെരുവെള്ളം നോക്കി നിശ്ചലനായി നില്ക്കുന്നു! ഞാൻ ചെന്നു അദ്ദേഹത്തെ വന്ദിച്ചു പറഞ്ഞു: "എനിക്കു ലഫ്ടിനൻറ്ഹ്യൂഗസ് മുങ്ങിത്തപ്പൽ തുടങ്ങുന്നതിനുമുമ്പ് അദ്ദേഹത്തോടു കുറച്ചു സംസാരിക്കാനുണ്ട്. അതുപയോഗപ്രദമായിരിക്കും." ചിരിച്ചുകൊണ്ടദ്ദേഹം മറുപടി പറഞ്ഞു. "വാർഡുറൂമിലിരിക്കാം; ഞാൻ അദ്ദേഹത്തെ ആളയച്ചു വിളിക്കാം." താമസിയാതെ ക്യാപ്റ്റനും ഹ്യൂഗസും അവിടെവന്നു. ഒരു കടലാസ്സെടുത്തു വേണ്ടതെല്ലാം ഞാനദ്ദേഹത്തെ വരച്ചുകാണിച്ചു വിവരിച്ചുകൊടുത്തു. അവർ ധൃതിയിൽ തങ്ങളുടെ ജോലിക്കു പോവുകയുംചെയ്തു.

മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു ഞാൻ ഒരു കസേരയിൽ കിടന്നുറങ്ങി. ഉണർന്നു നോക്കിയപ്പോൾ ഡാക്ടർ കോണ്ണെ നിൽപുണ്ട്! "നിങ്ങൾ ഒരു കിടക്കയാവശ്യപ്പെടേണ്ടതായിരുന്നു." എന്നു ദുഃഖസ്വരത്തിൽ അദ്ദേഹം പറഞ്ഞു. അങ്ങിനെ കിടന്നുറങ്ങിയതു് അദ്ദേഹത്തിനു തീരെ ഇഷ്ടമായില്ലെന്നു മാത്രമല്ല, അതദ്ദേഹത്തെ വിഷമിപ്പിക്കുകയുംചെയ്തു. ഞാൻ അദ്ദേഹത്തെ സമാധാനിപ്പിച്ചു "ഞാൻ ഉറങ്ങണമെന്നു കരുതിയല്ലകിടന്നതു്, ഉറങ്ങിയതു് ഞാനറിഞ്ഞില്ല."

വൈകുന്നേരത്തെ ചായ വാർഡുറൂമിൽ വച്ചു കഴിച്ചു

ഞാൻ ദീക്ഷിത്തിനോടും പതാക്കിനോടും സംസാരിക്കാൻ ആസ്പത്രിമുറിയിൽ പോയി. പതാക്ക് രണ്ടു ഫോണുകളും ചെവിയിൽ ഘടിപ്പിച്ച റേഡിയോ കേട്ടാനന്ദിക്കയാണ്. കൂടാതെ റേഡിയോവിൽ വരുന്ന പ്രധാനവർത്തമാനങ്ങളും ദീക്ഷിത്തിനെ അറിയിക്കയും ചെയ്യും. ഞങ്ങളും ഇരുട്ടാവുന്നതുവരെ സംസാരിച്ചുകൊണ്ടിരുന്നു.

ലഫ്ടിനൻറ് ഹ്യൂഗസ് മുറിയിലേക്കു വന്നുകയറി. അദ്ദേഹം ജോലിചെയ്ത വളരെ ക്ഷീണനായി തോന്നി. കായികക്ലേശത്തിൻെറ തെളിവു പൊങ്ങിനില്ക്കുന്ന സിരകളും. ക്ഷീണനായിരുന്നെങ്കിലും മുഖത്തു തൃപ്തി സ്പുരിക്കുന്നുണ്ട്. കായ്സാദ്ധ്യമുണ്ടായതിലുള്ള സംതൃപ്തിയായിരിക്കണം.

ഉച്ചതിരിഞ്ഞുള്ള തൻെറ പ്രവർത്തി അദ്ദേഹം വിവരിച്ചു. "ഞങ്ങളും താഴെയെത്തി പ്ലേനിൻെറ ചില ഭാഗങ്ങളും തപ്പിയപ്പോൾ മൂന്നു മൃതശരീരങ്ങളും ആ പ്ലേനിൻെറ അവശിഷ്ടത്തിൽ നിന്നും മാറിക്കിട്ടി. മൂവർക്കും കാറുനിറച്ച രക്ഷാബൽട്ടുകളുണ്ടായിരുന്നു. ഒരാളുടെ ദേഹത്തു പാസ്പോർട്ടുണ്ട്. അതു ഡിക്കൂഞ്ഞയാണ്. മറെറാരാൾ ധരിച്ചിരുന്ന സ്വർണ്ണമോതിരത്തിലെ അടയാളാക്ഷരങ്ങളും അദ്ദേഹം പിമെൻറയാണെന്നു കാണിച്ചു. മൂന്നാമത്തെദേഹം തിരിച്ചറിയാൻ നിവൃത്തിയില്ല. അവശിഷ്ടങ്ങളിൽ ഒരു പുസ്തകം കിട്ടി; അതിന്മേൽ 'ചൌഎൻലായ്' എന്നു പേരെഴുതിയിട്ടുണ്ട്. ഞാൻ അതു കയ്യിലെടുത്തപ്പോൾ അതു വേർതിരിഞ്ഞു കഷണമായിപ്പോയി. പ്ലേൻ പലഭാഗത്തും പൊളിഞ്ഞിട്ടുണ്ട്." അദ്ദേഹം തുടർന്നു: "ഒരുദിവസംകൂടി കിട്ടുമെങ്കിൽ, ക്യാബിനിലെ സ്ഥിതിഗതികൾകൂടി അറിയാമായിരുന്നു."

അന്വേഷണത്തിനുപോയിരുന്ന എല്ലാ ബോട്ടുകളും വൈകുന്നേരം താമസിച്ചു തിരിച്ചെത്തി. ഒമ്പതാംദിവസമെയുള്ള അന്വേഷണംകൊണ്ട് ഫലമൊന്നുമുണ്ടായില്ല. ഒരാളെപ്പോലും കണ്ടുകിട്ടിയില്ല; ഇനി കണ്ടുകിട്ടുമെന്നവർക്ക് ആശയുമില്ല. ജീവനോടുകൂടി

ഇനി ആരുമുണ്ടായിരിക്കുമെന്നവക്കു വിശ്വസിക്കാൻ വയ്യ. ദ്വീപുകളിൽ മിക്കവാകളിലും ആളും താമസമുണ്ട്; വല്ലവരും ജീവനോടെയുണ്ടായിരുന്നാൽ അവർ രക്ഷിക്കുമായിരുന്നു. എല്ലാ ദ്വീപുകളും ചുറ്റി അന്വേഷണം നടത്തിക്കഴിഞ്ഞു.

പൊങ്ങിക്കിടക്കുന്നതായി ഞങ്ങൾ കണ്ട രണ്ടുപേരും ഭയങ്കര മരണത്തിലവസാനിച്ചിരിക്കണം; അവരെ കാണാനേയില്ല. ഒരു വെറിയ ഭാഗ്യമില്ലായിരുന്നെങ്കിൽ ഞങ്ങൾ മൂന്നുപേരും അതുപോലെ മൃതിയടയുമായിരുന്നു. എട്ടടി നീളമുള്ള ഷാർക്കുകളും ബാരക്കുഡാസുകളും ഞങ്ങളെ നിഷ്ക്കരുണം ഒരു ലഘുഭക്ഷണമാക്കുമായിരുന്നു!

ബുധനാഴ്ചയായതുകാരണം കപ്പലിൽ ചലച്ചിത്രപ്രദർശനമുണ്ട്. എനിക്കതുകാണണമെങ്കിൽ ഡാക്ടരുടെ അനുവാദം വേണം.

രാത്രി ആഹാരംകഴിഞ്ഞു ഞാൻ ഡക്കിൽ റയിലിനരുത്ത് ചാരിനില്ക്കുകയായിരുന്നു! ഡക്കിന്റെ അറ്റത്തു് ഒരു കറുത്ത സ്ക്രീൻ തൂക്കിയിട്ടിരിക്കുന്നു അതെന്തിനെന്നു മനസ്സിലായില്ല, അതിന്റെ ആവശ്യം? ഞാൻ കപ്പലിലെ ഏറ്റവും ചെറുപ്പക്കാരനായ ഓഫീസറുമായി സംഭാഷണം ചെയ്തുകൊണ്ടിരിക്കയായിരുന്നു. ആയാളുടെ മുഖം ഒരു സ്ത്രൈണക്കുട്ടിയുടെ മാതിരി! അത്ര ചെറുപ്പം! സംഭാഷണമേതാണ്ടവസാനിക്കാറായപ്പോൾ ഞാൻ എവിടെയാണുറങ്ങുന്നതെന്നയാൾ ചോദിച്ചു. കഴിഞ്ഞരാത്രി ഡെക്കിലാണ് കഴിച്ചുകൂട്ടിയതു്; അന്നും അതുമതിയാകുമെന്നു ഞാനുത്തരം പറഞ്ഞു. കൂടാതെ, കപ്പൽയാത്രയാരംഭിച്ചിരിക്കെകൊണ്ട് ചില്ലറ സുഖമായ കാറ്റുകൊടിയുണ്ടാകുമല്ലൊ! എവിടെയാണ് കിടക്കുന്നതെന്നു ചോദിച്ചതിന്റെ ഉദ്ദേശം അദ്ദേഹം പറഞ്ഞു: "ശബ്ദം ആസ്ക്രീനിന്റെ പിന്നിലാണ് വെച്ചിട്ടുള്ളതു്. അതു നിന്നെ അസ്വസ്ഥനാക്കുമോ, എന്നു ഭയന്നാണ്." "സാരമില്ല; ഞാനിവിടെതന്നെ ഉറങ്ങിക്കൊള്ളാം." എന്നു ഞാൻ അയാളെ അറിയിച്ചു.

ഡാക്ടർ കോണ്ടന്റ് ഞങ്ങളുടെ അടുത്തേക്ക് വന്നു. ഞാനുവിടെതന്നെ കിടക്കാനാണുദ്ദേശിക്കുന്നതെന്ന് അയാൾ ചെറുപ്പക്കാരൻ അദ്ദേഹത്തെ അറിയിച്ചു. ഡാക്ടർ എന്നെ വിളിച്ചു് സ്വകാര്യമായി പറഞ്ഞു: "നിനക്ക് ഒരു ക്യാബിൻ താഴെ ശരിപ്പെടുത്തിയിട്ടുണ്ട്. ഈ മൃതശരീരങ്ങളുടെ ചിന്ത ഒരുപക്ഷെ നിന്നെ അലട്ടിയേക്കാം. എന്തായാലും നിൻറെ സൌകര്യംപോലെ." ഞാൻ തുടന്നു് ആലോചിക്കാൻതുടങ്ങി. മുപ്പതു മണിക്കൂറുകൾക്കു മുമ്പു് ഞങ്ങളം ഒത്തൊരുമിച്ചാഹ്ലാദിച്ചിരുന്നവർ ഇപ്പോളം അടുത്തുതന്നെ ശവപ്പെട്ടികളിൽ! ഞാനും അതുമായിരി ക്കുന്നിലാവാൻ വിഷമമില്ലായിരുന്നു! ഞാൻ അതാ അവരുടെ അടുത്തുതന്നെ കിടക്കാൻ സ്ഥലമന്വേഷിക്കുന്നു! സ്വപ്നങ്ങളും മറവും കൊണ്ടുറങ്ങാൻ സാധിക്കാതെവരും. ഞാൻ ക്യാബിനിലുറങ്ങിക്കൊള്ളാമെന്നു ഡാക്ടരോടു പറഞ്ഞു.

ഞങ്ങളം വാർഡ്റൂം കടന്നു പോകുമ്പോൾ സിനിമാചാർജ്ജുള്ള ഓഫീസർ ഡാക്ടരോടു് എന്നെ സിനിമാ കാണാനനുവദിക്കണമെന്നാവശ്യപ്പെട്ടു. "ഞാൻ അദ്ദേഹത്തിനു് സ്വസ്ഥതയാണു് തീച്ചയാക്കുന്നതു്" എന്നു ഡാക്ടർ ദൃഢമായി പറഞ്ഞു. ഒരു ശ്രുപാശ്, ഉത്തരവുപോലെ കലാശിച്ചു. അവിടന്നു ഞങ്ങളം എൻറെ ക്യാബിനിലേക്കു പോയി.

ഡാക്ടർ എന്നെ ക്യാബിൻ കാണിച്ചുതന്നു. പല്ലുതേക്കുന്ന സാമഗ്രികളുണ്ടവിടെ. "ഞാൻ നിങ്ങളുറങ്ങിയോ എന്നറിയാൻ വരും. അതിരാവിലെ എഴുനേല്ക്കുണ്ടയാവശ്യമില്ല." എന്നു പറഞ്ഞു. "ഗുഡ്നൈറ്റ്" പറഞ്ഞു ഞാൻ കിടന്നു.

വളരെ സ്വസ്ഥതയോടെയല്ലെങ്കിലും ഞാൻ ഉറങ്ങി. അതിരാവിലെ ഉണർന്നു. കൂടുതൽ ഉറങ്ങാൻ എനിക്കു കഴിഞ്ഞില്ല. ഡാക്ടർക്ക് ഇഷ്ടപ്പെടുകയില്ലെന്നു കരുതി ഞാൻ പുറത്തേക്കു പോയില്ല. ഒരു കസേരയിലിരുന്നു; എന്തുചെയ്യണമെന്നാലോചിച്ചു. താമസിയാതെ ഡാക്ടർ വന്നു സുഖമായുറങ്ങിയോ എന്നന്വേഷിച്ചു.

ഞാനതിശയിച്ചുപോയി. കഴിഞ്ഞരാത്രി നേരത്തെ എഴുന്നേല്ക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞ അദ്ദേഹം ഞാൻ എഴുന്നേറ്റപ്പോഴേക്കും എത്തിക്കഴിഞ്ഞു. അദ്ദേഹം ഞങ്ങൾക്കു വേണ്ടി എത്രത്തോളം ബുദ്ധിമുട്ടുന്നുണ്ടെന്നു് അപ്പോഴാണു് എനിക്കു ബോദ്ധ്യംവന്നതു്. ഞാനെഴുന്നേല്ക്കുമ്പോളെല്ലാം അദ്ദേഹമവിടെയുണ്ടു്. അദ്ദേഹത്തിന്റെ രോഗികളുടെ അടുക്കൽ അദ്ദേഹം പലതവണ നടന്നുകൊണ്ടിരിക്കയാണു്.

കുളികഴിഞ്ഞു എന്റെ മുറിവുകളെല്ലാം വീണ്ടും മരുന്നുവെച്ചു കെട്ടി. ഇതിനിടക്കു് അദ്ദേഹത്തിന്റെ അസിസ്റ്റന്റ് ഒരു വടികൊണ്ടുവന്നു. അതെന്തിനുള്ളതാണെന്നു ഞാൻ മനസ്സിലാക്കി. അദ്ദേഹം അതു പരിശോധിച്ചു കുറച്ചു നീളം കൂട്ടുന്നതുനെന്നഭിപ്രായപ്പെട്ടു; മുന്നിഞ്ചു ചെറുതാക്കാൻ പറഞ്ഞു. "പക്ഷെ, ഡാക്ടർ എനിക്കൊരു വടി ആവശ്യമുണ്ടെന്നു തോന്നുന്നില്ല." എന്നുഞാൻ പറഞ്ഞു. ഗൗരവത്തിൽ അദ്ദേഹം അമർത്തി പറഞ്ഞു. "അതെന്തുകൊണ്ടാണെന്നറിയാമോ? നിനക്കതുപയോഗിക്കാൻ ഇഷ്ടമില്ലാത്തതുകൊണ്ടു്." അദ്ദേഹം മൃദുസ്വരത്തിൽ തുടർന്നു "ഈ വടിയുപയോഗിച്ചാൽ നിന്റെ വലംകാലിന്റെ ശക്തിയായ അദ്ധ്വാനം കുറക്കുകയും മുറിവു് കൂടുതൽവേഗത്തിലാറുകയുംചെയ്യും." ഞാൻ അനുസരിച്ചു. മുറിവിട്ടുപോകുമ്പോൾ വടി ഞാൻ ഉപയോഗിക്കുമെന്ന നിശ്ചയം അദ്ദേഹത്തിനുണ്ടായിരുന്നു.

അന്നു് അദ്ദേഹം പതാക്കിനേയും ദീക്ഷിത്തിനേയും ഇറങ്ങിനടക്കുന്നതിനനുവദിച്ചു. വളരെ വലുപ്പംകുടിയ ഷർട്ടുകളും ചെറുടൌസറുകളുമാണു് ഞങ്ങളുടെ വസ്ത്രം. തന്റെ കണ്ണടയില്ലാതിരുന്നതിനാൽ പതാക്കിനു് ഒരുപ്രത്യേകരൂപമാണു് തോന്നിയതു്. ദീക്ഷിത്തിനു ഷർട്ടു് ധരിക്കാൻ സാദ്ധ്യമല്ല. അയാൾ ഷർട്ടു് തോളിലിട്ടു നടന്നു. രണ്ടുപേരുടേയും കൈകൾ സ്ലിംഗിലാണു്. ബമ്മയുടെ രാജകീയ കിന്നരംപോലൊരുകെട്ടു് എന്റെ തലയിലുണ്ടായിരുന്നു. ഞങ്ങളുടെ അപേക്ഷയനുസരിച്ചു ഞങ്ങളെ കപ്പ

ലിന്റെ കൺ ട്രോൾ ബ്രിഡ്ജ് കാണാൻ പോകുന്നതിനദ്ദേഹം സമ്മതിച്ചു

'ഡാംപിയർ' പിന്നാലെ പതുള്ളിവിട്ടുകൊണ്ട് രാജപദവിയോടുകൂടി ഗ്രേവണ്ണാരിയായി സിങ്കപ്പൂർ കടലിലേക്കുകയറി. സൂര്യൻ തന്റെ ഉച്ചംവിട്ട പടിഞ്ഞാട്ട ചാഞ്ഞുകഴിഞ്ഞിട്ട് അധികംനേരമായി. ഇരുഭാഗങ്ങളിലും കര—കടംപച്ചപിടിച്ച പ്രദേശം; മനോഹരം! കണ്ടാമാനം കപ്പലുകളങ്ങുമിങ്ങും അടുത്തടുത്തായി കിടക്കുന്നു! ചിലതു് അങ്ങുമിങ്ങുമോടുന്നുമുണ്ട്.

ഡാക്ടർ കോണ്ണെയൊരുമിച്ചു ഞങ്ങളും മൂവരും കപ്പലിന്റെ വലത്തുവശത്തു വഴിയരികെയിരിക്കയായിരുന്നു പാലം അടുത്തതോടുകൂടി നൂറോളം ക്യാമറകളും ഞങ്ങളെ പടംപിടിക്കുന്നതിനു കാത്തുനിൽപുണ്ട്. വെള്ളിത്തിരയിൽ ഈമാതിരി സംഭവങ്ങളും ഞാൻ കണ്ടിട്ടുണ്ട്; എനിക്കു കുറഞ്ഞൊരു വിഷമംതോന്നി. പാലം അടുക്കുന്നതിനുമുമ്പു ഞങ്ങളും കമാണ്ടർ റോവിന്റെ മുറിയിലേക്കാനയിക്കപ്പെട്ടു. മുറിയിൽ മേശ കസേരകളും മറ്റു പലവിധസൌകര്യങ്ങളുമുണ്ടായിരുന്നു ചുവരിലെ ചീനചിത്രങ്ങളും മുറിക്കു കൂടുതൽ അലങ്കാരമായിരുന്നു.

കമാണ്ടർ റോവു് ഡെക്കിലേക്കു പോയിക്കഴിഞ്ഞിരുന്നു! ഡോക്ടർ കോണ്ണെ ഞങ്ങളെ മുറിയിലേക്കു കടത്തിവിട്ടു പുറത്തുപോകയുംചെയ്തു. അവിടന്നു പുറത്തേക്കു നോക്കുന്നതിനു നിവൃത്തിയില്ല. പുറത്തു നടക്കുന്നതെന്തെന്നറിയാൻ ഞങ്ങൾക്കു യാതൊരു വഴിയുമില്ല.

വാർത്താശകലങ്ങൾ.

സിങ്കപ്പൂർ, ഏപ്രിൽ 14, 1955.

എയർഇന്ത്യ ഇൻറർനാഷനലിന്റെ ഡിവിഷനൽ ഓപ്പറേഷൻസ് മാനേജർ, ക്യാപ്റ്റൻ വിശ്വനാഥൻ കൊച്ചിങ്ങിൽനി

ന്നു തിരികെ വന്നശേഷം, ബോംബെയിൽ നിന്നും ഹോങ്ങ്കോ ങ്ങിലേക്കുള്ള ഒരു യാത്രക്കാരനായിരുന്ന മി: പിരോള സ്ഥലത്തെ ഒരു പത്രത്തിൽ കൊടുത്ത സ്റ്റേറ്റുമെൻറ് കണ്ടു് അതിശയിക്കുന്നതായി പറഞ്ഞു. ഗ്രൌണ്ടു് എഞ്ചിനിയറും ക്രൂവും തമ്മിൽ രണ്ടു മണിക്കൂർനേരം ക്രൂരമായ ഒരു സംസാരമുണ്ടായെന്നു് സ്റ്റേറ്റുമെൻറ് പറയുന്നു. "ഇതു ശുദ്ധമെ അവാസ്തവമാണു്. സാധാരണയുള്ള ഒരു സംഭാഷണമല്ലാതെ അതിൽ തർക്കമൊന്നുമുണ്ടായിരുന്നില്ല. യഥാർത്ഥവിവരങ്ങളറിയാതെ സ്റ്റേറ്റുമെൻറുകൾ കൊടുക്കുന്നതു് മര്യാദകേടാണു്" എന്നദ്ദേഹം പറഞ്ഞു.

സിങ്കപ്പൂർ സ്റ്റാൻറേർഡ്.

★

സിങ്കപ്പൂർ, ഏപ്രിൽ 14, 1955.

ഏയർഇന്ത്യാ ഇൻറർനാഷനൽകോൺസ്റ്റല്ലേഷൻ "കാഷ്മീർ പ്രിൻസ്സ്" തകർന്നവീണതിൽനിന്നു രക്ഷപെട്ട മൂവരേയുംകൊണ്ടു ഇന്നു് എച്ചു്. യം. എസ്. ഡാംപിയർ എന്ന ബ്രിട്ടീഷ് പടക്കപ്പൽ സിങ്കപ്പൂർ വന്നുചേർന്നു.

അപായം അതിജീവിച്ച മൂവർക്കും— കൂട്ടുപൈലറ്റു ക്യാപ്റ്റൻ യം. സി. ദീക്ഷിത്തു്, നാവിഗേറ്റർ മി: ജെ. സി. പാക്കു്, മെയിൻറനൻസ് എഞ്ചിനീയർ എ. എ സ്. കാണ്ട്ലിക്കു്— മുറിവുകളും പറ്റിയിട്ടുണ്ടായിരുന്നെങ്കിലും കപ്പലിൽ നിന്നിറങ്ങി കാത്തുനിന്നിരുന്ന ആമ്പുലൻസുകളിലേക്കു് നടക്കാമായിരുന്നു. മരിച്ചുപോയ പതിന്നാലുപേരിൽ മൂവരുടെ മൃതശരീരങ്ങളുംകൂടി 'ഡാംപിയർ' കൊണ്ടുവന്നു. മൃതശരീരങ്ങളും എഞ്ചിനീയർ ഡികുഞ്ഞയുടേയും, അസിസ്റ്റൻറ് പർസർ പിമെൻറയുടേയും മൃതശരീരങ്ങളും തിരിച്ചറിയാൻവയ്യാത്ത ഒന്നും ആയിരുന്നു.—

യു പി. എ യും 'ടൈംസ' ഓഫ് ഇന്ത്യ'

ന്യൂസ് സർവ്വീസ്.

വീട്ടിലേക്കുള്ള യാത്ര.

ഞങ്ങൾക്കു പരിചയമുള്ള സ്ഥലമാണ് സിങ്കപ്പൂർ. ഞങ്ങളുടെ സവ്വീസ്‌യാത്രയിൽ പലതവണ ഞങ്ങൾ ഇവിടെ വന്നിട്ടുണ്ട്. ആ പരിചയത്തോടുകൂടിയല്ലായിരിക്കും ഇപ്പോൾ ഞങ്ങൾ ഇവിടെ വരുന്നതു്. ഇത്തവണ ഹോട്ടലിലേക്കല്ല, ആശുപത്രിക്കാണ് പോകുന്നതു്. അന്ന് ഒരു വ്യാഴാഴ്ചയായിരുന്നു; വീട്ടിലേക്കുള്ള അടുത്ത സവ്വീസ് ഞായറാഴ്ചയായിരിക്കും. അതുവരെയും പുതുപരിസരങ്ങളും ജനങ്ങളുമായി പഴകണം. ഒരുവിധത്തിൽ വീക്ഷിച്ചാൽ ഞങ്ങൾതന്നെ പുതിയ ആളുകളായി തീന്നിരിക്കയാണ്.

ഞങ്ങൾ മൂവരും മുറുകിയ നിശ്ശബ്ദതയിലാണ്ടിരിക്കയാണ്; ഇടയ്ക്കിടക്കൊരു വാക്കുമാത്രം ഡാക്ടർ കോണ്ണ്ണ മുറിവിട്ടുപോയിട്ടു വളരെയധികം സമയം കഴിഞ്ഞപോലെ തോന്നി; ആരോ മുറിവാതിലിനു തട്ടി വാതിൽതുറന്നു. കമാൻറർ റോവു് കടന്നുവന്നു; പുറകെ സിങ്കപ്പൂർ ബ്രിട്ടീഷ് നാവികവിഭാഗത്തിന്റെ അഡ്മിറൽ—ഇൻ—ചാജ്ജ്; ബഹുമാനപ്പെട്ട ശ്രീ: താണ്ടൻ, മലയയിലെ ഇന്ത്യൻഹൈക്കമീഷണർ; ഏയർഇന്ത്യഇൻറർനാഷനലിന്റെ ഡിവിഷണൽ ഓപ്പറേഷൻസ് മാനേജരും, ഒരു വിശേഷപൈലറ്റുമായ ക്യാപ്റ്റൻ വിശ്വനാഥ്; എ. ഐ. ഐ. യുടെ സിങ്കപ്പൂർ ട്രാഫിക്ക് ആഫീസിലെ മി: കാം; അവസാനമായി ഡാക്ടർ കോണ്ണ്ണ. പുതുതായി വന്നവർ ഞങ്ങളെ സല്ലപിച്ചു, അഭിനന്ദിച്ചു. ഞങ്ങൾ കമാൻറർ റോവിനോടും, ഡാക്ടർ കോണ്ണ്ണേയോടും, ലഫ്ടിനൻറ് ഹ്യൂഗസ്സിനോടും മറ്റു സന്നിഹിതരായിരുന്ന എല്ലാവരോടും നന്ദി പ്രകടിപ്പിച്ചു് യാത്രപറകയുണ്ടായി. ഞങ്ങൾക്കുവേണ്ടി ബുദ്ധിമുട്ടുകൾ കൈക്കൊണ്ടു ഞങ്ങളുടെ സുഖസൌകര്യങ്ങളിൽ ശ്രദ്ധിച്ചതിനു് ഞങ്ങൾ എല്ലാവരോടും കൃതാർത്ഥരാണെന്നറിയിച്ചു; പ്രത്യേകിച്ചും ഡാക്ടർ കോണ്ണ്ണക്കു. പരിചയപ്പെട്ടകാലം ഞങ്ങളെ കാണാനനുവദിക്കാതിരിക്കാൻ ഞങ്ങൾ എ

പ്പുടച്ചെയ്തു എന്നാലും കപ്പലിറങ്ങുന്നതുമുതൽ ആമുലൻസിൽ കയറുന്നതുവരെ ക്യാമറകളും ഞങ്ങളെ നോക്കി മിഴിച്ചുകൊണ്ടിരുന്നു!

വ്യാഴാഴ്ച വൈകുന്നേരംമുതൽ ഞായറാഴ്ച രാവിലെവരെ ഞങ്ങളും സിങ്കപ്പൂരിൽ താമസിച്ചു. ആ ചുരുങ്ങിയസമയത്തിൽ ഞങ്ങളുടെ രാജ്യം വളരെ സുഖപ്രദമാക്കിത്തരുന്നതിനു ശ്രീ: ടാണ്ടനും, ക്യാപ്റ്റൻ വിശ്വനാഥും, മി: കാളും അതിപരിശ്രമം ചെയ്തിരുന്നു; ഈ ശ്രമത്തിൽ ക്യാപ്റ്റൻ വിശ്വനാഥ് തന്നെ ക്ഷീണനായിത്തീരുമെന്നുള്ള ആശങ്കഞങ്ങളും അദ്ദേഹത്തെ അറിയിക്കേണ്ടിയിരുന്നു.

ഏപ്രിൽ 17, 1955—രാവിലെ. എ. ഐ. ഐ. കാൺസ്റ്റല്ലേഷൺ "മറാത്ത രാജകുമാരി"യിൽ, വീട്ടിലേക്കു തിരിച്ചുള്ള യാത്രക്കു, കയറാൻപോയപ്പോഴും, അതെ ഭംഗിയോടും രാജകീയ പ്രൗഢിയോടും ഹോംകോങ്ങിൽ കൈട്ടാക്ക് വിമാനത്താവളത്തിൽ ആറുദിവസംമുമ്പ് "കാഷ്മീർ രാജകുമാരി" നിന്നിരുന്നതു് ഞാനാലോചിച്ചുപോയി. അതിലെ വൈമാകരെല്ലാം ചൊറചൊറപ്പോടെ സന്തോഷമുള്ളവരായിരുന്നു. ഇപ്പോളതിൽ രണ്ടുപേർ മരിച്ചുപോയി; മറവുള്ളവരുടെ ഗതിയറിയാൻ നിവൃത്തിയില്ല; സുന്ദരിയായ "കാഷ്മീർരാജകുമാരി"യൊ, തകർന്നുവങ്ങി കടലടിയിൽ കിടക്കുന്നു!


കമാണ്ടർ പതിയുടെ മേൽനോട്ടത്തിൽ സുഖമായ ഒരു യാത്രകഴിഞ്ഞു, പ്ലേൻ ബോംബെയിലെ സാൻറാക്രൂസ് വിമാനതാവളത്തിലിറങ്ങി. ഞങ്ങളെല്ലാവരും ജീവിതത്തിൽ ഒരു പുതിയ ഘട്ടം നേരിടുന്നതിനൊരുമ്പെട്ടു. പ്ലേൻ നവുങ്ങിയ വത്തമാനം കിട്ടിയശേഷം ഞങ്ങളുടെ സ്വന്തക്കാരും സ്നേഹിതന്മാരും മറവും വേദനയേറിയ നിമിഷങ്ങളാണ് കഴിച്ചുകൂട്ടിയിരുന്നതു് ഞങ്ങളും തിരികെ വരുന്നതിനുള്ള സാദ്ധ്യത തുലോം കുറവായിരുന്നു. പ്ലേനിന്റെ ചിറകു് വെറും കടലാസ്സുമാതിരി കത്തുന്നതുകണ്ട

പ്പോഴും മരണത്തിൽനിന്നു രക്ഷപ്പെടുന്നതിനുള്ള സാദ്ധ്യതകളില്ലെന്നു ഞാനുറച്ചു. പ്ലേൻ കത്തി നുറുങ്ങിവീണതിൽനിന്നു രക്ഷപ്പെട്ടാലും അനന്തരമുണ്ടാകാവുന്ന നൂറായിരം ഭയങ്കരകാര്യങ്ങളും എന്നെ വിഴുങ്ങിക്കളയുമെന്നെനിക്കറിയായിരുന്നു. ഇരുവലിയ ഒർ പകടത്തിൽനിന്നു് അവിചാരിതവും ന്യായീകരിക്കാൻ നിവൃത്തിയില്ലാത്തതുമായ എന്തെങ്കിലുംമാത്രമെ ഞങ്ങളെരക്ഷിക്കാൻസാധിക്കയുള്ളു, എന്നിട്ടും അതു സംഭവിച്ചു. ഞാൻ ജീവനോടെ തന്നെയുണ്ടു്; ഞാൻ സുഖമായി ഇന്ത്യയിലേക്കുതന്നെ തിരികെ വരുമല്ലോ.

മറ്റു യാത്രക്കാരിറങ്ങിയശേഷം ടീക്ഷിത്തു് പുറത്തിറങ്ങി പുറകെ പതാക്കു്; പിന്നിൽ ഞാൻ. എന്റെ അമ്മയും അച്ഛനും കമലവും അവിടെയുണ്ടു്; ഒരുകൂട്ടം സ്നേഹിതന്മാരും! എയർ ഇന്ത്യാ ഇൻറർനാഷനലിലെ കുറെ ഉയന്ന ഉദ്യോഗസ്ഥന്മാർ ഞങ്ങളെ അഭിവാദ്യംചെയ്തു.

തിരിച്ചെത്തുന്നതിൽ ഒരു പ്രത്യേക മന.സന്തോഷമുണ്ടു്. ഒരാഴ്ചമുമ്പു് ഞാൻ അതെസ്ഥലത്തു നിന്നിരുന്നു. ഒരു ചെറിയ സമയത്തിനുള്ളിൽ അതിദീർഘമായ ഒരു യാത്രകഴിഞ്ഞു! തെക്കൻ ചൈനാകടൽവരെയുമോ നാത്തുണദ്വീപുകൾ വരെയൊ അല്ല ഞങ്ങൾ പോയതു്; ഞങ്ങൾ യഥാർത്ഥത്തിൽ 'മരണ'ത്തിന്റെ അതിർത്തിവരെ യാത്രചെയ്തുകഴിഞ്ഞു! ഞങ്ങളിൽ അഞ്ചുപേർ—നാലു ധീരപുരുഷന്മാരും ഒരു ധീരവനിതയും—മടങ്ങിവന്നിട്ടില്ല; ഒരിക്കലും തിരികെ വരികയുമില്ല!





വാർത്താശകലങ്ങൾ.

സിങ്കപ്പൂർ, ഏപ്രിൽ 13, 1955.

തെക്കൻചൈനാസമുദ്രത്തിൽ നഷ്ടമിവീണ എയർ ഇന്ത്യാ എയർലൈൻ "കാശ്മീർ രാജകുമാരി"യിൽ യാത്രചെയ്തിരുന്ന ഒഗ്രൗണ്ട് എഞ്ചിനീയർ മി: എ എസ്. കാണ്ണിക്ക് പ്ലേനിന്റെ വലതുചിറകിന്റെ ഹൈഡ്രോളിക്ക് സിസ്റ്റത്തിനു് അഗ്നിബാധയുണ്ടായതുമൂലമാണു് പ്ലേൻ നഷ്ടമിവീണതെന്നു് ഒരു സ്റ്റേറ്റുമെന്റിൽ പറകയുണ്ടായി.

—റായിറർ.

★

ബോംബെ, ഏപ്രിൽ 17, 1955.

എയർഇന്ത്യാ ഇൻറർനാഷനലിന്റെ "കാശ്മീർ പ്രിൻസസ്സി"ൽനിന്നു രക്ഷപെട്ട ജീവിച്ചിരിക്കുന്ന മൂന്നുപേരുടേയും അഭിപ്രായത്തിൽ "പ്ലേനിലുണ്ടായ ഒപൊട്ടിത്തെറിക്കലും തീയും പ്ലേനിലെ നിർമ്മാണത്തിന്റെ യാതൊരു ഭാഗത്തിന്റേയും തെറ്റുകൊണ്ടോ, എഞ്ചിന്റെ കേടു് മൂലമായ പ്ലേനിലെ സാമഗ്രികളെ സംബന്ധിച്ചുള്ളതൊ അല്ലെന്നും അഗ്നി പുറത്തുനിന്നുമുള്ള ഏതോ സംഗതിയിൽനിന്നുമുണ്ടവിച്ചതാണെന്നുമാകുന്നു."

—ഇന്ത്യൻ എക്സ്പ്രസ്.

ബോംബെ ഏപ്രിൽ 25, 1955.

".....അതിജീവിച്ച മൂവർ, എല്ലാം ഇന്ത്യക്കാർ, കടലിൽനിന്നും പെറുക്കിയെടുക്കപ്പെട്ട. എഞ്ചിനീയർ എ. എസ്. കാണ്ണിക്കിനെ ബ്രട്ടീഷ് ഫ്രിഗേറ്റ് 'ഡാംപിയറി'ൽ കയറ്റി; അദ്ദേഹമാണ് അപകടത്തെപ്പറ്റി വിശ്വാസയോഗ്യമായ ആദ്യത്തെ അറിവ് നൽകിയത്; വലത്തുചിറകിൽ തീപിടിച്ച പ്ലെൻ വീണ കടലിലടിച്ചപ്പോഴം മൂന്നുകഷ്ണങ്ങളായി പൊളിഞ്ഞുപോയി. ഇതു നശീകരപ്രവൃത്തിയേക്കാഠം ഒരു സാധാരണയുണ്ടാകാവുന്ന ആപത്തായാണ് തോന്നപ്പെട്ടത്."

"ടൈം — ന്യൂയോക്ക്."

★

"ടൈംസ് ഒഫ് ഇന്ത്യ" പത്രാധിപക്കയച്ച ഒരു കത്തിൽ എ. എസ്. കാണ്ണിക്ക് ഇപ്രകാരമെഴുതി:—

"ഡാംപിയറി"ൽനിന്നും ഏപ്രിൽ 14–ാംനു- ഞാൻ ഇറങ്ങിയപ്പോഠം ക്യാപ്റ്റൻ വിശ്വനാഥ് എന്നെ പേരിലായി റിപ്പോർട്ടുചെയ്തിട്ടുള്ള "വലത്തുചിറകിൽ തീ" എന്നതിനെപ്പറ്റി ചോദിക്കയുണ്ടായി ഞാൻ ചോദ്യംകേട്ടതിശയിച്ചുപോയി. എന്നെറ ദേഹസുഖത്തെ കുറിച്ചുള്ള രണ്ടു സന്ദേശങ്ങളല്ലാതെ ഞാൻ മറ്റു യാതൊരുസന്ദേശവും കൊടുത്തിട്ടില്ലെന്നു പറഞ്ഞു. ഞാൻ അതെഴുതി ഒപ്പുവെച്ചുകൊടുക്കാമെന്നും അദ്ദേഹത്തിനു് ആ റിപ്പോർട്ട് കളവാണെന്നു പ്രസിദ്ധപ്പെടുത്താമെന്നും പറകയുണ്ടായി പിന്നീട്, ബോംബെയിൽ ഏയർ ഇന്ത്യഇൻറർനാഷലിന്റെ ഓപ്പറേഷൻസും എഞ്ചിനീയറിങ്ങ് മാനേജരോട് അസത്യവും അന്ധാരഹിതവുമായി എന്നെറപേരിൽ കൊടുത്തിരിക്കുന്ന ഈ വാത്തയെപ്പറ്റി പറഞ്ഞു .....

"ഞാൻ യാതൊരുസമയത്തും അങ്ങിനെ ഒരു സ്റ്റേറ്റുമെൻറ് കൊടുക്കുകയുണ്ടായിട്ടില്ല."

എ. എസ്. കാണ്ണിക്ക്
ബോംബെ, മേയ് 18, 1955.

മാനില, മേയ് 14, 1955.

ഡാക്ടർ ഇമാവാൻ, ഇന്തോനേഷ്യൻ അന്വേഷണ സംഘത്തിന്റെതലവൻ, 'കാഷ്മീർരാജകുമാരി'നശീകരണപ്രവർത്തനത്തിൽ നശിച്ചതാണെന്ന വാർത്ത നിഷേധിച്ചിരിക്കുന്നു. സംഘത്തിന്റെ കണ്ടുപിടുത്തങ്ങളും തൃപ്തികരമാണെന്നും, പ്ലേൻ നശിച്ചതു് വെറും ഒരു സാധാരണ സംഭവമാണെന്നും അദ്ദേഹം പറഞ്ഞു.

അമേരിക്കൻ ന്യൂസ്ഏജൻസി റിപ്പോർട്ട്.

★

ഹോങ്കോങ്ങ്, മേ 14, 1955.

ഏയർഇന്ത്യാ ഇൻറർനാഷനൽ കോൺസ്റ്റല്ലേഷൻ "കാഷ്മീർരാജകുമാരി" നശിച്ചു വീണതിനെപ്പറ്റി അന്വേഷണം നടത്തിയ ഇന്തോനേഷ്യൻ കമീഷന്റെ തലവൻ മി. ഐ. ഇമാവാൻ ഇന്നു "പ്ലേൻ നശിച്ചുവീണതു് ഒരു സാധാരണ സംഭവിക്കാവുന്ന അപായം മാത്രമാണെന്നും അതേവരെ അന്വേഷണങ്ങളും തൃപ്തികരമാണെന്നു"മുള്ള മാനില റിപ്പോർട്ടിനെ അടിസ്ഥാനരഹിതമെന്നു തള്ളിക്കളഞ്ഞിരിക്കുന്നു. —റായിറർ.

★

ന്യൂഡൽഹി, മേ 26, 1955.

ഏയർഇന്ത്യാ ഇൻറർനാഷലിന്റെ 'കാഷ്മീർ രാജകുമാരി' തകർന്നുവീണു നശിച്ചതിനെപ്പറ്റി അന്വേഷണംനടത്തിയ ഇന്തോനേഷ്യൻ അന്വേഷണകമ്മറ്റി, ആ ആപത്തുണ്ടായതു് അതിന്റെ വലത്തുവശത്തെ ചിറകിൽ ഒരു 'ബോംബു' വെച്ചിരുന്നതു് പൊട്ടിത്തെറിച്ചതുമൂലമാണെന്നു തീരുമാനിച്ചിരിക്കുന്നു.

ഹോങ്ങ്കോങ്ങ്; മേയ് 27, 1955.

ചൈനീസുദ്യോഗസ്ഥന്മാരെ ബാൻറങ്ങിലെ ആഫ്രോ ഏഷ്യൻകാൺഫറൺസിനു കൊണ്ടുപോയ ഇന്ത്യൻപ്ലേൻ നശിപ്പിച്ചതു് ബോംബു, ഹോങ്ങ്കോങ്ങിൽവച്ചു പ്ലേനിൽ നിക്ഷേപിച്ചതാണെന്നു വിശ്വസിക്കാൻ സവ്വ ന്യായങ്ങളുമുണ്ടെന്നു വിശ്വസിക്കുന്നതായി ഇന്നു ഹോങ്ങ്കോങ്ങ് ഗവമ്മേണ്ടു് അറിയിച്ചിരിക്കുന്നു. —റായിറർ.

★

പ്ലേൻനാശത്തെക്കുറിച്ചുള്ള റിപ്പോർട്ടു്.

പൊട്ടിത്തെറിക്കൽ 3–ാംനമ്പു് എണ്ണടാങ്ക് ഓട്ടയാക്കി അടക്കാൻവയ്യാത്ത അഗ്നിബാധയുണ്ടാക്കിയതായി ഇന്തോനേഷ്യൻ അനേഷണകമ്മററി പറയുന്നു.

പ്ലേനിൻെറ അവശിഷ്ടങ്ങളുടെ പരിശോധന, വലത്തു ഭാഗത്തെ ചക്രകൂടിയിൽ ഒരു 'ടൈംബോംബു്' പൊട്ടിത്തെറി പ്രത്യക്ഷമായി വെളിപ്പെട്ടുത്തിയിരിക്കുന്നു; ബോംബിൻെറ അവശിഷ്ടങ്ങളും നശിച്ചു പ്ലേനിൽ കുടുങ്ങിക്കിടപ്പുണ്ടു്.

പ്ലേനിൻെറ നിർമ്മാണത്തിനോടു് യാതൊരു ബന്ധവുമില്ലാത്ത ഒരു ഘടികാരയന്ത്രത്തിൻെറ കരിഞ്ഞു വളഞ്ഞ ഭാഗങ്ങളും ആ പൊട്ടിത്തെറിക്കലുണ്ടായ പ്ലേനിൻെറ ഭാഗത്തു കടുങ്ങിക്കിടക്കുന്നതു്, ആ സ്ഥലത്തു് ഒരു ടൈംബോംബു് നിക്ഷേപിച്ചിരുന്നു എന്നുള്ളതിൻെറ എതിർപ്പില്ലാത്ത തെളിവാണെന്നവസാനമായി കമ്മററി തീർച്ചപ്പെടുത്തിയിരിക്കുന്നു.

കമ്മററിയുടെ മറവു തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. പ്ലേൻ, യാത്രക്കു പ്രാപ്തവും ശരിയായി നന്നാക്കപ്പെട്ടതുമായിരുന്നു.

2. ജോലിക്കാർ പരിചയമുള്ളവരും, വിലമതിക്കാവുന്ന ഒലൈസൻസുള്ളവരുമായിരുന്നു.

3. പ്ലേനിൽ ന്യായമായ ഭാരം കേറ്റിയിട്ടുള്ളതും യാത്രക്കു വേണ്ടതു എണ്ണയുണ്ടായിരുന്നതുമാകുന്നു.

4. ഹോങ്ങ്കോങ്ങിൽനിന്നുമുള്ള പറക്കലിന്റെതുടക്കം സാധാരണയുള്ള മാതിരിയിലായിരുന്നു; ആദ്യത്തെ അഞ്ചുമണിക്കൂർ നേരം സംഭവരഹിതമായ പറക്കൽ മാത്രമായിരുന്നു.

5. കടലിനുമീതെ 18,000 അടി ഉയരത്തിൽ പറക്കുമ്പോളാണ് പ്ലേനിൽ പൊട്ടിത്തെറിക്കലുണ്ടായതു്. വലതുചിറകിൽ ഒരു തീ പുറപ്പെടുകയും, അതിവേഗത്തിൽ ഹൈഡ്രാളിക്ക് സവ്വീസിനേയും വിദ്യുച്ഛക്തിയേയും നശിപ്പിക്കയുംചെയ്തു.

6. അതിവിഷമമായ പരിതസ്ഥിതികളിൽ കീഴോട്ടിറക്കം തുടങ്ങുകയും, ജോലിക്കാർ പ്രഫ്പ്പിയോടും സമാധാനത്തോടും കൂടി അടിയന്തിരനടപടികളും കയ്യേറ്റം നടത്തുകയും ചെയ്തു.

7. പക്ഷേ കൺടോം വിട്ടനിലയിൽ, വലതുചിറകാദ്യമായി, പ്ലേൻ വെള്ളത്തിലടിച്ചുവീഴുകയും, വീഴ്ചയുടെ ശക്തികൊണ്ടു വെള്ളമടിച്ചതോടെ പ്ലേൻ കഷണങ്ങളായി വേർപെടുകയുംചെയ്തു.

*

കമ്പിവാർത്ത.

ലണ്ടൻ, ജനുവരി 11, 1956.

കഴിഞ്ഞ ഏപ്രിൽമാസത്തിൽ ചൈനീസ് രാഷ്ട്ര പ്രതിനിധി ബാൻഡുങ്ങിലേക്കു കയറ്റിക്കൊണ്ടുപോയ എയർ ഇന്ത്യാനാഷനൽപ്ലേൻ ബുദ്ധിപൂർവ്വമായി നശിപ്പിച്ചതു് ഹാങ്ങ്കോങ്ങിലെ ഒരു ജോലിക്കാരനാണെന്നും അദ്ദേഹത്തിനും കുടുംബത്തിനും അമേരിക്കയിലേക്കു രക്ഷപ്പെട്ടിരിക്കുന്നു എന്നും ഇന്നു

ബ്രിട്ടീഷ് കൊളോണിയിൽ ആഫീസ് റിപ്പോർട്ടു ചെയ്തിരിക്കുന്നു.

അവനെ വിചാരണ ചെയ്യുന്നതിനു തിരികെ കൊടുക്കുവാൻ കോമിൻറാങ്ങ് അധികാരികളും വിസമ്മതിച്ചിരിക്കുന്നു.

ഹോങ്ങ്കോങ്ങ് ഏയർക്രാഫ്ട് കോർപ്പറേഷനിലെ ഒരു ജോലിക്കാരനായ ചൌ-ഡേ-മിങ്ങ് അഥവാ ചൌചു എന്നറിയപ്പെടുന്നവനാണ് ആ നാശകാരകൻ എന്നറിയപ്പെട്ടിരിക്കുന്നു.

ഇയാളെ കോമിൻറാങ്ങ് രഹസ്യാന്വേഷണസംഘടനയുടെ ആളുകളും ഒരു പാരിതോഷികം കൊടുക്കാമെന്നുള്ള അടിസ്ഥാനത്തിൽ ഈ കൃത്യത്തിനുവേണ്ടി ഏല്പിച്ചതാണെന്നും വ്യക്തമാക്കപ്പെട്ടതെളിവുകളും കിട്ടിയിട്ടുണ്ട്.

കൊലചെയ്യുന്നതിനുവേണ്ടി ബുദ്ധാലോചന നടത്തിയെന്ന കുറ്റത്തിനു് ഇയാളെ അറസ്റ്റ്ചെയ്യാൻ ഹോങ്ങ്കോങ്ങ് പോലീസ് സെപ്തംബർ 3-ാംനു- ഒരു വാറണ്ട് വാങ്ങിയിട്ടുണ്ട്.

"വാറണ്ട് പുറപ്പെട്ടയുടനെ ഇയാളെ വിചാരണക്കു് മടക്കി തരുന്നതിനു് ഫോർമോസയിലുള്ള കോമിൻറാങ്ങ് അധികാരികളോടാവശ്യപ്പെട്ടു. പലതവണ ഓർമ്മക്കുറിപ്പുകളയച്ചുശേഷം, ആ അപേക്ഷ നിയമപ്രകാരം സാധുകരിക്കത്തക്കതല്ലാത്തതിനാൽ അധികാരികൾക്കതിലൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നു് അവർ തങ്ങളുടെയിലുള്ള ബ്രിട്ടീഷ്കോൺസലിനെ ഡിസമ്പർ14-ാംനു- അറിയിച്ചു."

യു. പി എ. & ടൈംസ് ഓഫ് ഇന്ത്യ ന്യൂസ് സർവ്വീസ്.

പ്ലേൻ ജോലിക്കാരും യാത്രക്കാരും.

—:*:—

ജോലിക്കാർ.

1. ക്യാപ്റ്റൻ ഡി. കെ. ജഫ്രാർ—കമാൻറർ
2. ക്യാപ്റ്റൻ യം. സി. ഡീക്ഷിത്ത്—കൂട്ടുപൈലറ്റ്.
3. മി. ജെ. സി. പതാക്ക്—യാത്രനാവികൻ.
4. " കെ. എഫ്. ഡികൂഞ്ഞ—യാത്ര എഞ്ചിനീയർ.
5. " സി. ഡിസൂസ—യാത്ര പർസർ.
6. " ജെ. ജെ. പിമെൻറ—യാത്ര അസി. പർസർ.
7. മിസ്. ഗ്ലോറിയാബെറി—എയർഹോസ്റ്റസ്.
8. മി. എ. എസ്. കാൺസ്റ്റിക്—മേൻറനൻസ് എഞ്ചിനീയർ.

യാത്രക്കാർ.

1. ഡാക്ടർ ഫ്രിഡ്രിഷ് ജെൻസൻ—ആസ്ട്രിയൻ പത്രപ്രതിനിധി.
2. മി. ജെറിമിസ്റ്റാറെസ്—പോളിഷ് പത്രലേഖകൻ.
3. " പോങ്ങ് പിൻഹൂങ്ങ്—വൈറ്റ്മിൻ ഉദ്യോഗസ്ഥൻ.
4. " ഷിചിആംഗ്—ചൈനീസ് പ്രതിനിധി.
5. " ലൈചെയോ—ചി— "
6. " ചങ്ങ് പുയൻ— "
7. " ഷെൻചിയെൻ—ട— "
8. " വാങ്ങ് സോ—മേയ്— "
9. " തുഹങ്ങ്— "
10. " ലൈപിങ്ങ്— "
11. " ഹെയൊഹെങ്ങ്—കോ— "

ചെറുചിത്രങ്ങൾ.

****

വിമാന ജോലിക്കാർ

ക്യാപ്റ്റൻ ഡാമോദർ കാസിനാത്ത് ജത്താർ.

1914 ജനുവരി 10-ാംനു- ബീറാറിൽ ബുൽഡാനയിൽ ജനിച്ചു. സെക്കൻററി സ്കൂൾ വിദ്യാഭ്യാസം നാഗപ്പൂർ, പഞ്ചഗനി, പൂന ഇവിടങ്ങളിൽ കഴിച്ചു. രണ്ടുവർഷത്തെ കോളേജ് വിദ്യാഭ്യാസശേഷം പട്ടാളത്തിൽ ചേരണമെന്നാഗ്രഹിച്ചു. താല്ലാലികമായി സിലക്ട് ചെയ്യപ്പെട്ടെങ്കിലും സ്ഥിരമായ ഉത്തരവ് കിട്ടാത്തതിനാൽ 1935 ജൂണിൽ ബോംബെ ഫ്ളൈയിങ്ങ് ക്ലബ്ബിൽ ചേർന്നു. രണ്ടുവർഷം കഴിഞ്ഞു ടാറാ ഏയർലൈൻസിൽ ചേർന്നു.

1939 നവമ്പറിൽ വളരെ കൾനമായ കാലാവസ്ഥയിൽ തൻെറ പ്ലേൻനിർബ്ബന്ധമായി രെ വയലിൽ ഇറക്കേണ്ടിവന്നു. തൻെറ മെഷീനു വലിയ കേടുകൂടാതെ അതു വിദഗ്ധനിലയിൽ സാധിച്ചു. താൻ ഒരു നല്ല പൈലറാണെന്നു അതോടെ പേരു പൊന്തി.

1950ൽ ആല്പസിൽ നഷ്ടമിവീണ "മലബാർ രാജകുമാരി"യെ അനേഷിക്കുന്നതിൽ പങ്കെടുത്തു. ഏകദേശം ഇരുപതു പ്ലേനുകളും ഇതിൽ പങ്കെടുത്തെങ്കിലും രണ്ടുദിവസം മഴയും കാറും മഞ്ഞും വകവക്കാതെ പ്രയാസപ്പെട്ടു, താനാണു നഷ്ടമിയ വിമാനത്തിൻെറ അവശിഷ്ടങ്ങൾ കണ്ടുപിടിച്ചതു.

ഈ പറക്കുന്നജോലിയിൽ രാഷ്ട്രങ്ങളുടെ പ്രധാന വ്യക്തികളെ ലോകത്തിൻെറ പലഭാഗങ്ങളിലേക്കും കൊണ്ടുപോയിട്ടുള്ളതിൽ ശ്രീ. നെഹറുവും ഉൾപ്പെടുന്നു.

തന്റെ അച്ഛനമ്മമാർ പറക്കൽജോലിക്കു പോകുന്നതിൽ നിന്നു തന്നെ വിരമിപ്പിക്കുന്നതിനു പറഞ്ഞമറുപടിതന്നെ വിധി അദ്ദേഹത്തിന്റെ അവസാനത്തിനായി തീരുമാനിച്ചു. "മരണം ഒഴിച്ചുകൂടാൻവയ്യാത്ത കുന്നാണല്ലൊ. രോഗശയ്യയിൽകിടന്നു മരിക്കുന്നതിലും എനിക്കു കൂടുതൽ തൃപ്തികരം ഒരു പ്ലേനിൽ മരിക്കയാണു്" അദ്ദേഹം ഒരു ധീരന്റെ മരണമടഞ്ഞു. കൺട്രോൾചക്രത്തിൽ കയ്യുവെച്ചിരുന്നാണദ്ദേഹം മൃതിയടഞ്ഞതു്.

ഇന്ത്യൻപ്രസിഡണ്ടു്, വളരെ ബുദ്ധിമുട്ടുള്ള സന്ദർഭങ്ങളോടു കിടയറ്റയാലും പ്ലേൻ കടലിലിറക്കിയതിനു് അദ്ദേഹത്തിനു് മരണാനന്തരം "അശോകചക്രം ക്ലാസ് I", സമ്മാനിച്ചു. വിധവയും മൂന്നു കുട്ടികളുമുണ്ടു്

ക്യാപ്റ്റൻ മഹേശ് ചന്ദ്രദീക്ഷിത്തു്.

ജബൽപൂരിൽ 22—9—1910ൽ ജനിച്ചു. അപായം നിശ്ചയമെന്ന സന്ദർഭത്തിൽ പ്രത്യക്ഷമായ ധൈര്യം പ്രകടിപ്പിച്ചതിനു് ഇന്ത്യൻപ്രസിഡണ്ടു് അശോകചക്രം ക്ലാസ് II സമ്മാനിച്ചു.

ജഗദീശ് ചന്ദ്രപതാക്കു്.

ഇന്ത്യയിൽ മണിപ്പൂരി എന്നസ്ഥലത്തു് ജനിച്ചു. മണിപുരിഗവമ്മേണ്ടു് ഹൈസ്സ്കൂളിൽ പഠിച്ചു. 1945ൽ അലഹബാദിൽ നിന്നും സയൻസിൽ സർവ്വകലാശാല ബിരുദ സമ്പാദിച്ചു. അതെ കൊല്ലത്തിൽ ഇംഗ്ലണ്ടിൽ റായൽ നേവിടെയിനിങ്ങിൽ ചേന്നു. 1947ൽ ഹാമ്പിംപട്ടണത്തിലുള്ള എയർസർവ്വീസ് ടെയിനിങ്ങ് ലിമിറ്റഡിൽ ഒരു ഏയർ ക്രാഫ്ട്ട് ലൈസൻസസ് എഞ്ചിനീയറാവാൻ:വേണ്ടി ചേന്നു. 1949ൽ വിമാനനാവികനായി. 1950ൽ ഏയർഇന്ത്യാ ഇൻറർനാഷനലിൽ ചേന്നു.

1952ൽ കല്യാണംകഴിച്ചു. രണ്ടു കുട്ടികളിൽ പെൺകുട്ടിയെ പ്ലേൻ നാശത്തിനുശേഷം തിരികെ വന്നശേഷമാണു് 1955 മേയ് 1—ാംനു- പ്രസവിച്ചതു്.

അപായത്തിൽ അസാധാരണമായ ധീരത പ്രകടിപ്പിച്ചതിനു് ഇന്ത്യൻപ്രസിഡണ്ടു് അദ്ദേഹത്തിനു് അശോകചക്രം, ക്ലാസ് മൂന്നു് സമ്മാനിച്ചു.

കെന്നത്ത് ഡികുഞ്ഞ.

27—10—1928 ൽ ബോംബായിൽ ജനിച്ചു. ബോംബെ, പെഡാർറോഡിലുള്ള 'വില്ലുതെറൈസ'യിൽ വിദ്യാഭ്യാസമാരംഭിച്ചു; പിന്നീട് സെൻറതെറൈസ ഹൈസ്കൂളിൽനിന്നും മടിക്കുലേഷനും ജയിച്ചു. സെൻറ് സേവിയേഴ്സ് കാളേജിൽ ഇൻറർമീഡിയറും പൂർത്തിയാക്കി. സാൻറാക്രൂസ് വിമാനതാവളത്തിനടുത്തു് റിപ്പാകയാൽ പ്ലേനുകളുടെ ശബ്ദവും പ്രവർത്തനങ്ങളും ആകർഷിച്ചു. മാതാപിതാക്കന്മാരുടെ ഇഷ്ടത്തിനെതിരായി 1951 ആഗസ്റ്റിൽ എയർഇന്ത്യ ഇൻറർനാഷനലിൽ ചേർന്നു. വിമാന എഞ്ചിനീയറിംഗിനു് 1952 നവമ്പറിൽ ചേർന്നു. 1954 മേയ് 9—നു- ഡാക്ടർ ജോവാന ഫെരേരയെ വിവാഹംചെയ്തു.

ആത്മധൈര്യപ്രകടനത്തിൽ അതിധീരതകാണിച്ചതിനു് ഇന്ത്യൻ പ്രസിഡണ്ടു് അശോകചക്രം മൂന്നാംക്ലാസ് മരണശേഷം അദ്ദേഹത്തിനു സമ്മാനിച്ചു.

വിധവയും മരണശേഷം ജനിച്ച മകനും ഉണ്ടു്.

സെഡ്രിക്ക് ഡിസൂസ.

1932 സെപ്തമ്പർ 5—നു- പൂനയിൽ ജനിച്ചു. സെൻറ് സേവിയേർസ് ഹൈസ്കൂളിലും പിന്നീട് ഡാൺബാസ്കോ ഹൈസ്കൂളും, മാട്ടുങ്ക, ബോംബെയിലും പഠിച്ചു. ഒരുകൊല്ലത്തെ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു, ബാങ്ക് ഓഫ് ഇന്ത്യയിൽ ചേർന്നു. അടുത്തു കയറാനുള്ള മാർഗ്ഗമില്ലാഞ്ഞതിനാൽ ഒക്ടോബർ 1953 ൽ ഏയർ ഇന്ത്യ ഇൻറർനാഷനലിൽ ചേർന്നു. ഒരുവർഷം കഴിഞ്ഞു കല്യാണംകഴിച്ചു.

ഹോക്കികളിയിൽ തൻറെ സ്കൂളും, കോളേജും, ബാങ്ക് ഇവക്കു വേണ്ടി കളിച്ചിട്ടുണ്ടു്.

അപായത്തിൽ പ്രകടിപ്പിച്ച ധീരതക്കു് ഇന്ത്യൻപ്രസിഡണ്ടു് അശോകചക്രം ക്ലാസ് III. മരണാനന്തരം സമ്മാനിച്ചു.

വിധവതന്നെ അതിജീവിച്ചിട്ടുണ്ടു്.

ജോസഫ് പിമെന്റ.

ബോംബെയിൽ 1925 സെപ്തമ്പറിൽ ജനിച്ചു. ബോം ബെയിൽ സെന്റ് എലിസബെത്തിലും ഡോൺബോസ്കോ ഹൈസ്കൂളിലും പഠിച്ചു. വൈമാനിക ഫോട്ടോഗ്രാഫറായി ക ഴി ഞ്ഞ യുദ്ധത്തിൽ ഇന്ത്യൻ എയർഫോർസിന്റെകൂടെ ജോലിചെ യ്തു. യുദ്ധാനന്തരം 'ടൈംസ് ഓഫ് ഇന്ത്യ' പത്രത്തിൽ സ്റ്റാഫ് ഫോട്ടോഗ്രാഫറായി ജോലിചെയ്തു. 1953 ഒക്ടോബറിൽ ഏയർ ഇന്ത്യ ഇൻറർനാഷനലിൽ ചേർന്നു. ആപത്തിൽ ധീരതക്കു മരണാ നന്തരം അശോകചക്രം ക്ലാസ് III പ്രസിഡണ്ട് സമ്മാനിച്ചു.

അച്ഛനമ്മമാക്കും സഹോദരൻ എറിക്കിനും സഹോദരി അനിതക്കും ഒരു അപരിഹാര്യമായ നഷ്ടമാണദ്ദേഹത്തിന്റെ വി യോഗം.

മിസ് ഗ്ലോറിയാബെറി.

1932 ജൂലായി 25–ാംനു- ജബൽപൂരിൽ ജനിച്ചു. ക റാച്ചിയിൽ വിദ്യാഭ്യാസം തുടങ്ങി. സെക്കണ്ടറി വിദ്യാഭ്യാസം കതീഡ്രൽ ഹൈസ്കൂളിലും ജോൺ ഹൈസ്കൂളിലും ബോംബെ യിൽ കഴിച്ചു. 14–ാംവയസ്സിൽ സംഗീതബിരുദം നേടി. ചാ യ ചിത്രങ്ങൾ വരയ്ക്കുക, തുന്നൽപണി ഇവ പ്രത്യേക വാസനക ളായിരുന്നു. ഡിസമ്പർ 1950ൽ അച്ഛനമ്മമാരുടെ ഇഷ്ടത്തിനു വിപരീതമായി 'ഏയർഇന്ത്യ'യിൽ ചേർന്നു. ടാൻസ'വേൾഡ് ഏയർ ലൈൻസിൽ ലിസ്ബണിൽ ജോലിചെയ്യുന്ന ഒരാളെ ക ല്യാണംകഴിക്കാൻ തീച്ചയാക്കിയിരുന്നതാണ്.

ധീരതയ്ക്ക് മരണശേഷം അശോകചക്രം ക്ലാസ് II പ്രസി ഡണ്ട് സമ്മാനിച്ചു.

അച്ഛനമ്മമാക്കും സഹോദരൻ ടവർ, സഹോദരി സിൽ വിയാ ഇവക്ക് തീരാത്ത ഒരു നഷ്ടമാണവളുടെ വിയോഗം.

യാത്രക്കാർ.

ഷിമീ–ത്രുങ്ങ്.

1914ൽ ജനിച്ചു; ചൈനാ നാഷനൽ ഇമ്പോർട്ട് എക്സ് പോർട്ട് കോർപ്പറേഷന്റെ കിഴക്കൻചൈനാ ബ്രാഞ്ചു് കമ്പനിയുടെ മാനേജരായി പ്രവർത്തിച്ചിട്ടുണ്ടു്. ടി കോർപ്പറേഷന്റെ ബർലിനിലുള്ള പ്രതിനിധി; ടി കോർപ്പറേഷന്റെ ഡെപ്യൂട്ടി മാനേജർ.

ലൈചെയെ–ചീ.

1920ൽ ജനിച്ചു; 1951 മുതൽ വിദേശകാര്യാലയത്തിലെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെണ്ടിൽ ജോലിചെയ്തു.

ചങ്ങ്പുയുൺ.

1913ൽ ജനിച്ചു; പട്ടാളക്കാരൻ, സ്ക്വാഡ് നേതാവു്, സെക്ഷൻനേതാവു് മുതലായവയായി 1945ൽ മാതൃകാപ്രവർത്തകനായി തിരഞ്ഞെടുക്കപ്പെട്ടു.

ഷെൻചിയെൻ–ട്ടു.

1915ൽ ജനിച്ചു. ഹിൻഷ്വാ ന്യൂസ് ഏജൻസിയുടെ ഇംഗ്ലീഷ് ബ്രോഡ്കാസ്റ്റിങ്ങ് ഡിപ്പാർട്ടുമെണ്ടിന്റെ ഡയറക്ടർ. ഇന്റർനാഷ്നൽ ഇൻഫർമേഷൻ ബീറോവിന്റെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെണ്ടു് ഡയറക്ടർ; കൊറിയൻ സന്ധിസംഭാഷണ സമയത്തു് വടക്കൻകൊറിയൻഭാഗത്തെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെണ്ടു് തലവനായിരുന്നു.

വാങ്ങ്സോ–മേയ്.

1916ൽ ജനിച്ചു. ചൈനീസ് ജനകീയ വിപ്ലവസൈന്യത്തിന്റെ ഉക്കിയാങ്ങ് ഡിവിഷൻ പൊളിറ്റിക്കൽ കമ്മീഷണർ

ഓഫീസ് ഡയറക്ടറായി സേവനംചെയ്തു. ഹിൻഷുവാ ന്യൂസ് ഏജൻസിയുടെ ഹോങ്കോങ്ങ് ബ്രാഞ്ചാഫീസ് തലവൻ.

തുഹങ്ങ്.

1918ൽ ജനിച്ചു; വടക്കൻചൈന ഹിൻഷുവാ ദിനപത്രത്തിന്റെ പത്രാധിപർ; ഹിൻഷുവാ ന്യൂസ് ഏജൻസി തജ്ജിമകാംക്ഷ പത്രാധിപർ; ചീന ജനകീയ വിടുതൽസേനയുടെ രാഷ്ട്രീയവിഭാഗത്തിന്റെ റിപ്പോർട്ടിങ്ങ് വിഭാഗത്തിന്റെ തലവൻ; കേന്ദ്ര ജനകീയ റേഡിയോവിന്റെ വിദേശവാർത്താവിതരണ ഡിപ്പാർട്ടുമെണ്ട് ഡെപ്യൂട്ടി ഡയറക്ടർ; അഖില ചീനപത്ര പ്രവർത്തകസംഘം ഡെപ്യൂട്ടി സെക്രട്ടറി ജനറൽ.

ലൈപിങ്ങ്.

1929ൽ ജനിച്ചു. ഹിൻഷുവാ ന്യൂസ് ഏജൻസി ലേഖകൻ.

ഹോഫെങ്ങ്കോ.

1926ൽ ജനിച്ചു. ഒസൈനികലേഖകനും ഫോട്ടോഗ്രാഫറും കൂടാതെ ന്യൂസ്റീൽ ഡോക്യുമെന്ററി ഫോട്ടോഗ്രാഫർ.

ഡാക്ടർ ഫ്രെഡറിക്ക് ജെൻസെൻ.

ആസ്ട്രിയൻ പത്രപ്രവർത്തകൻ. ബിരുദധാരിയായ വൈദ്യൻ, എഴുത്തുകാരൻ, കവി; ഫ്രാങ്കോവിനെതിരായി, ഇൻറർനാഷനൽ ബ്രിഗേഡിൽ ചേർന്നു യുദ്ധംചെയ്തിട്ടുണ്ട്. മോചിതനായതിന്റെ മുറിവേറ്റ പട്ടാളക്കാർക്ക് വൈദ്യസഹായം ചെയ്തിട്ടുണ്ട്. നവീനചൈനയെപ്പറ്റി യൂറോപ്പിലെ പൊതുജനങ്ങൾക്ക് ഒരു യഥാർത്ഥവിവരണം കൊടുത്തിട്ടുണ്ട്.

മീ. ജെറെമീസ്റ്റാറെസ്.

മീ. വുഅൻങ്ങ്പിൻഫൂങ്ങ്.

ഇവരുടെ വിവരങ്ങൾ അച്ചടിക്കുന്നസമയത്തു് കിട്ടാൻ സാധിക്കാതെവന്നതിൽ വ്യസനിക്കുന്നു.

B.C. Mani Lah.

Engl I

" II

Mat. I

" II

Hindi

Social

Science

Maths